ധനകാര്യം

## 2014–2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

## ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി ശ്രീ. ഷിബു ബേബി ജോൺ, താങ്കൾക്ക് തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014–2015 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 3-2-2014-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക. | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ രൂപ. |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 287,73,73,000 | 48,03,33,000 | 575,47,46,000 | 96,06,67,000 | 671,54,13,000 |

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ

സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി യുടെ ശുപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പി ക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ - XXIV
## തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. ചന്ദ്രൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളി ച്ചിട്ടുള്ള 671,54,13,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (പ്രവാസി മലയാളികൾ നേരിടുന്നതായി പറയപ്പെടുന്ന യാത്രാപ്രശ്നം

പരിഹരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപ ക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജു: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 671,54,13,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ചുമട്ടു മേഖലയിലെ തൊഴിൽനഷ്ടവും പരിഹാരവും സംബന്ധിച്ചുള്ള സമിതി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ ഇൻഡ്യയിൽ ഏറ്റവും മാതൃകാപരമായ പങ്കുവഹിച്ചൊരു സംസ്ഥാനമാണ് കേരളം. വ്യത്യസ്ഥങ്ങളായിട്ടുള്ള തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുവേണ്ടി 1957-ൽ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ആരംഭിച്ച ക്ഷേമപദ്ധതികൾ പിന്നീട് മാറിമാറിവന്ന സംസ്ഥാന ഗവൺമെന്റുകൾ തുടരുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഇന്നത്തെ തൊഴിൽ മേഖലയിലെ ചില പ്രശ്നങ്ങൾ ഈ ചർച്ചയുടെ ഭാഗമായിട്ട് അവതരിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇന്ന് നമ്മുടെ സംസ്ഥാനത്ത് എല്ലാ മേഖലയിലും അന്യസംസ്ഥാന തൊഴിലാളികൾ വളരെയേറെ ജോലി ചെയ്യുന്നുണ്ട്. കൃത്യമായി പറഞ്ഞാൽ, 25 ലക്ഷം അന്യ സംസ്ഥാന തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ടെന്നാണ് ഗുലാത്തി

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ ഒരു പഠനത്തിൽ വ്യക്തമാക്കുന്നത്. പ്രതിവർഷം 17,500 കോടി രൂപ നമ്മുടെ സംസ്ഥാനത്തു നിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്നുണ്ട്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതൽ കൂലി നമ്മൾ കൊടുക്കുന്നു എന്നുള്ളതുകൊണ്ടാണ് അവരിവിടെവന്ന് ജോലി ചെയ്യുന്നത്. തൊഴിലാളിക ളുടെ സ്ഥിതി മെച്ചപ്പെടുത്താൻ തീർച്ചയായിട്ടും നമ്മുടെ സംസ്ഥാന ഗവൺമെന്റിന് ബാധ്യതയുണ്ട്. എന്നാൽ ആ ബാധ്യത പൂർണ്ണമായിട്ടും നിർവ്വഹിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്നുള്ളതാണ് വളരെ പ്രസക്തമാ യിട്ടുള്ള ചോദ്യം. ഇവിടെ അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി നമ്മൾ ക്ഷേമനിധി ഉണ്ടാക്കിയിട്ടുണ്ട്. 25 ലക്ഷം തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ടെങ്കിൽപോലും യഥാർത്ഥത്തിൽ 35,062 പേർ മാത്രമാണ് ക്ഷേമനിധിയിൽ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവർ വലിയ ചൂഷണത്തിന് വിധേയരാവുകയാണ്. പലപ്പോഴും മധ്യവർത്തികളുടെയും ഏജന്റുമാരുടെയും ചൂഷണത്തിന് വിധേയമായി ഈ തൊഴിലാളികൾ വളരെ ഗുരുതരമായിട്ടുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്. വളരെ മലീമസമായിട്ടുള്ള സാഹചര്യത്തിൽ ഇവർ താമസിക്കുകയാണ്. ഒറ്റമുറിയിൽ നിരവധി തൊഴിലാ ളികളെ കുത്തി നിറച്ച്, മതിയായ കക്കൂസോ, സൗകര്യങ്ങളോ ഒന്നുമില്ലാതെ അടച്ചിടപ്പെടുകയാണ്. ഇത് വലിയൊരു സാമൂഹ്യപ്രശ്നമായി മാറിയിട്ടുണ്ട്. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചപോലെ കേരളം വലിയ തോതിലുള്ള തൊഴിലാളി ക്ഷേമത്തിന്റെയും തൊഴിലാളി മുന്നേറ്റത്തിന്റെയും അടിത്തറ പാകിയ സംസ്ഥാനമെന്ന നിലയിൽ അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നത്തിനെതിരെ നമുക്ക് കണ്ണടയ്ക്കാൻ കഴിയില്ല. അതുകൊണ്ട് ഇവരുടെ

ക്ഷേമം ലക്ഷ്യമാക്കിയിട്ടുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്. അതുപോലെ ഇവർ ഉയർത്തുന്ന ചില സാമൂഹ്യ പ്രശ്നങ്ങളുണ്ട്. മുഴുവൻ ആളുകളും കുഴപ്പക്കാരാണെന്നല്ല പറയുന്നത്. പക്ഷേ ഒറ്റപ്പെട്ട ക്രിമിനൽ വാസനകളുള്ള ആളുകളുണ്ട്. കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. അത്തരം പ്രശ്നങ്ങളിൽ കൃത്യമായിട്ടുള്ള നടപടികൾ നമുക്ക് സ്വീകരിച്ചുപോകാനാകണം. അതോടൊപ്പം അവരുടെ ജീവിത സാഹചര്യങ്ങളും, തൊഴിൽ സാഹചര്യങ്ങളും മെച്ചപ്പെടുത്താനും കഴിയേണ്ട തുണ്ട്. പലപ്പോഴും ഇവർ ജോലി സമയത്ത് മരണപ്പെടുമ്പോൾ അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് കഴിയുന്നില്ല. ഈയിടെ എറണാകുളത്ത് 2 തൊഴിലാളികൾ മരണപ്പെട്ടു. ഇത്തരം സന്ദർഭങ്ങളിൽ അപകടമരണങ്ങളുണ്ടാ കുമ്പോൾ സംസ്ഥാന ഗവൺമെന്റ്തന്നെ ഇടപെട്ട് കാര്യങ്ങൾ ചെയ്യേണ്ട തുണ്ട് എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കുറെയേറെ കാര്യങ്ങൾ സംസ്ഥാനത്ത് തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ചെയ്തിട്ടുണ്ട്. പക്ഷേ ഇന്നും നമ്മുടെ തൊഴിൽമേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾ നേരിടുന്ന ഒരു പ്രശ്നമുണ്ട്. ഈയിടെ കോഴിക്കോട് പെൺകൂട്ട് എന്ന ഒരു സ്ത്രീ കൂട്ടായ്മയുടെ നേതൃത്വത്തിൽ ഒരു സമരം നടന്നു. വളരെ കൗതുകം തോന്നുന്നൊരു മുദ്രാവാക്യമാണ് അവർ ഉന്നയിച്ചത്. കൂലിവർദ്ധനവിനും ആനുകൂല്യം കൂടുതൽ കിട്ടാനും വേണ്ടിയല്ല അവർ സമരം ചെയ്തത്. അവർ മുന്നോട്ടുവച്ച മുദ്രാവാക്യം, “ഇരിക്കണം”–ഇരിക്കാനുള്ള അനുമതിക്കു വേണ്ടിയിട്ടാണ്. കാരണം രാവിലെ ടെക്സ്റ്റൈലിൽ ജോലിക്കെത്തിയാൽ രാത്രി 8 മണിക്ക് പോകുന്നതുവരെ ഇരിക്കാൻപോലും അനുമതിയില്ലാതെ നമ്മുടെ സഹോദരിമാർ ഈ സംസ്ഥാനത്ത് ജോലി ചെയ്യുന്നത് ഒരു

തരത്തിലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. പക്ഷേ ഇപ്പോഴും അതാണ് അവസ്ഥ. ഇതിനുവേണ്ടി നമ്മുടെ സഹോദരിമാർക്ക് സമരം ചെയ്യേണ്ടി വന്നു എന്നുള്ളത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യസനിപ്പിക്കുന്ന ഒരു കാര്യമായിട്ട് എനിക്ക് തോന്നുകയാണ്. തൊഴിലുറപ്പു പദ്ധതി വളരെ വലിയ മാതൃകാപരമായ ഒരു കാര്യമാണ്. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടി കൊണ്ടുവന്ന തൊഴിലുറപ്പു പദ്ധതി ഇന്ന് വലിയ തിരിച്ചടി നേരിടുകയാണ്. പശുപരിപാലനം, നീർത്തട പ്രോജക്ട് തുടങ്ങിയ പുതിയ മേഖലകളിലേയ്ക്ക് ഈ തൊഴിലുറപ്പുപദ്ധതി വ്യാപിപ്പിക്കണമെന്ന ആവശ്യം ശക്തമായിട്ട് നിൽക്കുകയാണ്. പക്ഷേ ഇതിനൊന്നും വേണ്ടത്ര നടപടികൾ ഉണ്ടായില്ല. അതുപോലെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് നഗരങ്ങളിൽ അയ്യൻകാളി തൊഴിലുറപ്പു പദ്ധതി ആരംഭിച്ചു. അതിനും സൈദ്ധാന്തികമായൊരു തുടർച്ച ഉണ്ടാക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല. വലിയ തോതിലുള്ള കൂലി കുടിശ്ശിക തൊഴിലുറപ്പ് പദ്ധതിയിൽ ഇപ്പോഴും ഉണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക്, പ്രത്യേകിച്ച് വീട്ടമ്മമാർക്ക് വലിയൊരു വരുമാന മാർഗ്ഗമായിട്ടുള്ള ഈ പദ്ധതി തകർക്കുന്ന അവസ്ഥയിലേക്ക് പോകാൻ പാടില്ല. വളരെ നല്ല പദ്ധതി എന്ന നിലയിൽ ഇത് പ്രോത്സാഹിപ്പിക്കുന്നതിനായിട്ട് കഴിയേണ്ടതുണ്ട്. നമ്മുടെ ക്ഷേമനിധികളുടെ പ്രവർത്തനം കഴിഞ്ഞ 3 വർഷമായിട്ട് വലിയ തകർച്ചയെ നേരിടുകയാണ്. പല ക്ഷേമനിധികളും അവതാളത്തിലാണ്. ക്ഷേമ പെൻഷനുകൾ പലതും കിട്ടുന്നില്ല. ക്ഷേമനിധി പ്രവർത്തനം തന്നെ അവതാളത്തിലാകുന്നു എന്നുപറയുമ്പോൾ അത് കേവലം ഒരു രാഷ്ട്രീയ പ്രസ്താവന

മാത്രമല്ല. ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ ഇക്കാര്യത്തിൽ വേണ്ടത്ര താൽപര്യം കാണിക്കുന്നി ല്ലെന്ന് ഐ.എൻ.റ്റി.യു.സി.യുടെ സംസ്ഥാന നേതൃത്വം ചൂണ്ടിക്കാണിക്കുന്നു. എസ്.റ്റി.യു. ഒരു സ്റ്റേറ്റ്മെന്റിൽ പറഞ്ഞത്, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിക്ക് ക്ഷേമനിധികളുടെ പ്രവർത്തനം കൈകാര്യം ചെയ്യാനല്ല താൽപര്യം അദ്ദേഹത്തിന് സ്വന്തം ബിസിനസ് നോക്കാൻ തന്നെ ഒരുപാട് സമയം വേണ്ടിവരുന്നു എന്നാണ്. വിദേശയാത്രകൾക്കു മാത്രമാണ് അദ്ദേഹ ത്തിനു താൽപര്യം. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ നോക്കുന്ന തിനും, തൊഴിൽ വകുപ്പിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും തൊഴിൽവകുപ്പ് മന്ത്രിക്ക് കഴിയുന്നില്ല എന്ന വിമർശനം ഉയരുന്നത് സംസ്ഥാന ഭരണകക്ഷിയു മായി ബന്ധപ്പെട്ട തൊഴിൽ സംഘടനകളിൽ നിന്നു തന്നെയാണ്. അതു കൊണ്ട് അദ്ദേഹം ആത്മപരിശോധന നടത്താൻ തയ്യാറാകണം. 3 വർഷം കൊണ്ട് തൊഴിൽ വകുപ്പിനെ ഇത്തരത്തിലുള്ള ഒരു അവസ്ഥയിലേക്ക് എത്തിച്ചതിന്റെ ഉത്തരവാദിത്തത്തിൽനിന്ന് അദ്ദേഹത്തിന് ഒഴിഞ്ഞുമാറാൻ കഴിയില്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇന്ന് ഇവിടെ പ്രവാസി ക്ഷേമം കൂടി ഈ ഡിമാന്റിന്റെ ഭാഗമായിട്ടുണ്ട്. ഇന്ന് ലോകത്ത് ഏറ്റവും വലിയ ചർച്ച ഇറാഖിലെ ആഭ്യന്തര യുദ്ധത്തെക്കുറിച്ചാണ്. തീവ്രവാദികൾ ബാഗ്ദാദിനോട് അടുത്തുകൊണ്ടിരിക്കുകയാണ്. ഏതു നിമിഷവും എന്തും സംഭവിക്കാം എന്ന പ്രക്ഷുബ്ദമായൊരു സാഹചര്യം അവിടെ ഉയർന്നു വന്നിരിക്കുകയാണ്. അവിടെ 40 ഇൻഡ്യക്കാരെ തട്ടിക്കൊണ്ടുപോയി എന്നാണ് ഏറ്റവും ഒടുവിലത്തെ വിവരം. 46 ഇൻഡ്യൻ നഴ്സുമാരുള്ളതിൽ 44 പേരും മലയാളികളാണ്. വലിയ അരക്ഷിതാവസ്ഥയാണ് അവരെ

സംബന്ധിച്ചുള്ളത്. ഇന്നലെയോ മിനിഞ്ഞാന്നോ ഗവൺമെന്റ് ഇതുസംബ ന്ധിച്ച് ശ്രമിക്കുന്നുണ്ടെന്ന് മന്ത്രി നിയമസഭയിൽ പറഞ്ഞു. കേന്ദ്രമിഷന്റെ വിദേശകാര്യ മന്ത്രാലയവും പറഞ്ഞു, അവരുമായി ബന്ധപ്പെടാൻ ശ്രമിക്കു ന്നുണ്ടെന്ന്. പക്ഷേ നമ്മുടെ ഇൻഡ്യൻ എംബസി ഈ കാര്യത്തിന്റെ ഗൗരവാവസ്ഥ വേണ്ടത്ര കണക്കിലെടുത്തില്ല എന്നതാണ് വസ്തുത. കാരണം ഈ തീവ്രവാദ ശക്തികളുടെ മുന്നേറ്റവും, അവരുടെ സൈനികമായിട്ടുള്ള പ്രശ്നങ്ങളും, ആഭ്യന്തര യുദ്ധവും ഇന്നലെയോ മിനിഞ്ഞാന്നോ തുടങ്ങിയതല്ല. കഴിഞ്ഞ ഒന്നുരണ്ട് ആഴ്ചകളായിട്ട് അവിടെ നടന്നുകൊണ്ടിരി ക്കുകയാണ്. മലയാളികൾ ഉൾപ്പെടെയുള്ള ഇൻഡ്യക്കാരുടെ സുരക്ഷിതത്വം കണക്കിലെടുക്കുന്നതിൽ ഇൻഡ്യാ ഗവൺമെന്റും നമ്മുടെ സംസ്ഥാന ഗവൺമെന്റും പരാജയപ്പെട്ടിരിക്കുന്നു എന്നതാണ് വസ്തുത. ഇറാഖിൽ മലയാളികൾ വളരെ നാമമാത്രമായിട്ടേയുള്ളൂ. അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും അടിയന്തര മായിട്ട് ഇടപെടേണ്ടതുണ്ട് എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. പ്രവാസികളുടെ പ്രശ്നങ്ങളെ സംബന്ധിച്ച്, തങ്ങൾ അവർക്കുവേണ്ടി നില കൊള്ളുകയാണെന്ന് രാഷ്ട്രീയപാർട്ടികളുൾപ്പെടെ എല്ലാവരും പറയാറുണ്ട്. നമ്മുടെ ഭരണാധികാരികളും നേതാക്കളും ഗൾഫിൽ പോകാറുണ്ട്, നിവേദന ങ്ങൾ ഏറ്റുവാങ്ങാറുണ്ട്, അവർക്ക് വാഗ്ദാനങ്ങൾ നൽകി തിരിച്ചുവരാറുണ്ട്. പക്ഷേ കാര്യമായിട്ടൊന്നും ഉണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം. കഴിഞ്ഞ 10 വർഷക്കാലം കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റ് ഭരിച്ചു. നമുക്ക് മലയാ ളികളായിട്ടുള്ള ഒരു കേന്ദ്ര പ്രവാസികാര്യ മന്ത്രിയും, വിദേശകാര്യ സഹ മന്ത്രിയുമുണ്ടായിരുന്നു. പക്ഷേ പ്രവാസികൾ നേരിടുന്ന മൗലികമായ

പ്രശ്നങ്ങളിൽ ഒന്നുപോലും പരിഹരിക്കുന്നതിന് നമ്മുടെ ഗവൺമെന്റുകൾക്ക് കഴിഞ്ഞിട്ടില്ല എന്ന് നമ്മുടെ പ്രവാസി സംഘടനകളെല്ലാം പറയുന്നൊരു കാര്യമാണ്. അവർക്ക് രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങളൊക്കെയുണ്ടാകാം. എന്നാൽ പ്രവാസി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഇൻഡ്യാ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും ഗുരുതരമായ കൃത്യവിലോപവും അലംഭാവവും കാണിച്ചു.

എന്താണ് അവരുടെ യാത്രാ പ്രശ്നം? നഗ്നമായ വിവേചനമല്ലേ അവരോട് കാണിക്കുന്നത്; ഗൾഫിലേയ്ക്ക് പോകുന്നവരിൽനിന്നും വലിയ തോതിലുള്ള കൊള്ള നടത്തുകയല്ലേ. എന്ത് ന്യായീകരണമാണ് പറയാനുള്ളത്. യൂറോപ്യൻ - അമേരിക്കൻ സെക്ടറിലേയ്ക്ക് പോകുന്നവരിൽനിന്നും വാങ്ങുന്നതിനേക്കാൾ കൂടുതൽ തുക ഗൾഫ് സെക്ടറിലേയ്ക്ക് പോകുന്നവരിൽ നിന്നും വാങ്ങുന്നതിന് എന്ത് ന്യായീകരണമാണുള്ളത്? അവിടേയ്ക്ക് കൂടുതൽ ആളുകൾ പോകുന്നുവെന്നതാണോ? ജൂൺ-ജൂലൈ മാസങ്ങളിൽ പ്രവാസി മലയാളികൾ ലീവിനായി നാട്ടിലേയ്ക്ക് വരുന്ന സന്ദർഭത്തിൽ വൻതോതിൽ എയർഫെയർ ഉയർത്തിയില്ലേ. അവർക്ക് തിരിച്ചുപോകുമ്പോൾ ചാർജ്ജ് വർദ്ധിപ്പിക്കാൻ പോവുകയാണ്. ഇതിന് എന്ത് ന്യായീകരണമാണ് പറയാനുള്ളത്. ഒരു നീതികരണവുമില്ല. ഗൾഫ് മലയാളികൾ ഗുരുതരമായ ചൂഷണത്തിന് ഇരയായിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ എംബസികളുടെ സമീപനമെന്താണ്? ഒരുപാട് തവണ ചർച്ചചെയ്ത വിഷയമാണിതെങ്കിൽപോലും ഇതിന്മേൽ വലിയ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. അവർ നേരിടുന്ന നിയമപ്രശ്നങ്ങളിൽനിന്നും അവരെ സഹായിക്കാനുള്ള ഒരു സംവിധാനം ഇന്ത്യ ഗവൺമെന്റിന്റെ എംബസികളിൽ നിന്നുണ്ടാകുന്നില്ല.

ആ വിവേചനം തുടരുകയാണ്. ഇവിടെ നിതാഖാത്തുമായി ബന്ധപ്പെട്ട പ്രശ്നം ഉണ്ടായപ്പോൾ ഇതിനായി ഒരു പാക്കേജ് പ്രഖ്യാപിച്ച് നടപ്പിലാക്കാൻ പോവുകയാണെന്നാണ് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ പറഞ്ഞത്. ഔദ്യോഗിക കണക്കനുസരിച്ച് ഇരുപതിനായിരം ആളുകൾ ഗൾഫിൽ നിന്നും തിരിച്ചെത്തി. ഇരുപതിനായിരം ആളുകൾ നോർക്കയിൽ രജിസ്റ്റർ ചെയ്തു. കേരള ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യം ലഭിച്ച എത്ര ആളുകളുണ്ട്. ഗവൺമെന്റിന്റെതന്നെ കണക്കനുസരിച്ച് സൗജന്യ വിമാനയാത്ര ആനു കൂല്യം ലഭിച്ചത് വെറും 200 ആളുകൾക്കാണ്. ഈയിടെ ശ്രീ. ഉമ്മർ മാസ്റ്ററിന്റെ ചോദ്യത്തിന് 206 പേർക്ക് മാത്രമാണ് ഈ വിമാനയാത്രാ സൗജന്യം ലഭിച്ചതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി കെ. സി. ജോസഫ് മറുപടി നൽകിയത്. 20,000 ആളുകൾ പുനരധിവാസ പാക്കേജിനുവേണ്ടി അപേക്ഷ കൊടുത്തിട്ട് എത്ര ആളുകൾക്കാണ് ആനുകൂല്യം കിട്ടിയത്. വെറും നൂറ്റി ചില്ലാനം ആളുകൾക്ക്. അവർക്ക് ലോണായി വാഹനം കൊടുത്തു. അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? കഴിഞ്ഞ ദിവസം കൊല്ലത്തുനിന്ന് ഒരു പ്രവാസി വിളിച്ചിട്ട് പറഞ്ഞത്, അവർക്ക് വാഹനം കിട്ടിയെങ്കിലും വലിയ തോതിലുള്ള ടാക്സ് അടയ്ക്കാൻ കഴിയുന്നില്ലെന്നാണ്. ഒന്നര ലക്ഷം രൂപ ടാക്സ് ഇനത്തിൽ അടക്കണം. സത്യത്തിൽ ഇരിപതിനായിരം ആളുകൾ ഈ സഹായത്തിന് അപേക്ഷിച്ചെങ്കിലും വളരെ ചുരുക്കം ആളുകൾക്കുമാത്രമേ ഈ ആനുകൂല്യങ്ങൾ കിട്ടിയുള്ളൂ. ബാക്കിയുള്ള ആളുകൾക്ക് എന്ത് സഹായമാണ് ഈ ഗവൺമെന്റ് നൽകിയത്. വാഗ്ദാനങ്ങൾ സുലഭമായി നൽകിയെന്നല്ലാതെ നിതാഖാത്ത് നിയമത്തിലൂടെ തിരിച്ചെത്തിയ ആളുകൾക്ക് കാര്യമായ യാതൊരാനുകൂല്യവും നൽകാൻ കഴിഞ്ഞിട്ടില്ല.

ഇവിടെ തിരിച്ചുവന്ന പ്രവാസികൾക്കുവേണ്ടി ക്ഷേമപദ്ധതി ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ സ്ഥിതി എന്താണ്? ദയനീയമായ പരാജയമാണ്. 30–35 ലക്ഷത്തോളം പ്രവാസികളുണ്ടെന്നാണ് അനൗദ്യോഗികമായ കണക്ക്. എന്നാൽ 16 ലക്ഷത്തോളം പ്രവാസികളുണ്ടെന്നാണ് ഗവൺമെന്റ് നടത്തിയ സർവ്വേയിൽ പറയുന്നത്. 16 ലക്ഷം ആളുകളുണ്ടെന്ന് ഔദ്യോഗികമായി കണക്കുകൾ പറയുമ്പോൾ നമ്മുടെ ക്ഷേമനിധിയിൽ ചേർന്നത് വെറും 1,20,000 ആളുകൾ മാത്രമാണ്. ഈ ആളുകളെ ആകർഷിക്കുന്ന എന്തെങ്കിലും ഈ ക്ഷേമനിധിയിലുണ്ടോ? പെൻഷൻ ലഭിക്കാൻ പോകുന്ന ഈ സമയത്ത് ക്ഷേമനിധിയിൽ ചേർന്ന ആളുകളോട് അടച്ചകാശ് തിരിച്ചുവാങ്ങിക്കോള്ളൂവെന്ന് പറയുകയാണ്. നിങ്ങൾ അടച്ച അംശദായം തിരിച്ചുവാങ്ങിക്കോള്ളൂ, നിങ്ങൾക്ക് പെൻഷനില്ല. അതിനുപറയുന്ന കാരണമെന്താണ്? അവർ ക്ഷേമനിധി ബോർഡിൽ ചേരുന്ന സമയത്ത് 55 വയസ്സുകഴിഞ്ഞുവെന്നാണ്. രണ്ടും മൂന്നും നാലും ദിവസത്തെ പ്രായവ്യത്യാസമുള്ള ആളുകളോട് അഞ്ച് വർഷം അംശദായമടച്ചിട്ട് പെൻഷൻ ലഭിക്കാൻ സമയമായപ്പോൾ പെൻഷനില്ലെന്ന് പറയുന്നതിന്റെ ന്യായീകരണമെന്താണ്? ഇതാണ് ഈ ഗവൺമെന്റിന്റെ സമീപനം. ക്ഷേമനിധിയിൽ ചേരുന്നതിനുള്ള പ്രായപരിധി 60 വയസ്സാക്കണമെന്ന് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ചെയർമാനായ നിയമസഭാ കമ്മിറ്റി ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രായപരിധി ഉയർത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞുവെങ്കിലും അതിന്മേൽ യാതൊരു നടപടിയുമുണ്ടായില്ല. കേരളത്തിലെ പ്രവാസികളുടെ പ്രശ്നങ്ങളോട് നിഷേധാത്മകമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അത് മാറ്റേണ്ടതുണ്ട്. പ്രവാസി

മലയാളികൾ നമ്മുടെ നാടിന് നൽകുന്ന സംഭാവനകൾ വളരെ വലുതാണ്. ഏറ്റവും ഒടുവിൽ വന്നിട്ടുള്ള കണക്കനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രവാസി പണം വരുന്ന സംസ്ഥാനം കേരളവും ലോക രാജ്യങ്ങളിൽവച്ച് ഇന്ത്യയുമാണ്. ഇതൊക്കെയാണെങ്കിലും പ്രവാസികളുടെ ക്ഷേമത്തിനു വേണ്ടി പണം മാറ്റിവയ്ക്കാൻ മടിയാണ്. പ്രവാസി ക്ഷേമനിധിയെന്ന സംവിധാനം പുഷ്ടിപ്പെടുത്തണമെന്നുണ്ടെങ്കിൽ സംസ്ഥാനവിഹിതം വർദ്ധിപ്പിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രവാസി ക്ഷേമപദ്ധതികൾക്കുവേണ്ടി കേന്ദ്രവിഹിതം നേടിയെടുക്കുമെന്ന് പ്രഖ്യാപിച്ചതാണ്. അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ എവിടെയെത്തി? കേന്ദ്ര ഗവൺമെന്റ് ഈ പ്രവാസി ക്ഷേമപദ്ധതികളോട് ശരി യായിട്ടുള്ള സമീപനം സ്വീകരിക്കുന്നുണ്ടോ? പ്രവാസി ക്ഷേമത്തിനുവേണ്ടി യുള്ള ക്രിയാത്മകമായ പദ്ധതികൾ മുന്നോട്ടുവയ്ക്കുന്നതിൽ സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകൾ പരാജയപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എം. പി. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ലോകസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം ചേരുന്ന ഈ സഭയിൽ വളരെ പ്രധാനപ്പെട്ട രണ്ട് വകുപ്പുകളുടെ ധനാഭ്യർത്ഥ നയിന്മേലുള്ള ചർച്ചയാണ് നടക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനം വിലയിരുത്തി അത് പ്രതിഫലിക്കുന്ന രീതിയിലായിരിക്കും ഇവിടെ തെരഞ്ഞെടുപ്പ് നടക്കുകയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പറഞ്ഞിരുന്നു. നല്ലരീതിയിലുള്ള റിസൾട്ട് ഉണ്ടാകാനും അതിനനുസരിച്ചുള്ള പ്രവർത്തനം ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാനും

മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കും കഴിഞ്ഞുവെന്നതിൽ വളരെയേറെ സന്തോഷമുണ്ട്. ഇന്നിവിടെ പ്രവാസിക്ഷേമവുമായി ബന്ധപ്പെട്ട ചർച്ച നടക്കുമ്പോൾ അതാത് വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാർക്ക് നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നതിന്റെ വ്യക്തമായ തെളിവുകളുണ്ട്. തൊഴിൽ പ്രവർത്തന രംഗത്ത് യാതൊരുവിധ തടസ്സങ്ങളോ സമരങ്ങളോ അടുത്തകാലത്തെങ്ങും വരാത്ത രീതിയിൽ ഈ വകുപ്പിനെ മുന്നോട്ടു കൊണ്ടുപോകാൻ തൊഴിൽ വകുപ്പുമന്ത്രിക്ക് കഴിഞ്ഞുവെന്നത് വളരെ നല്ലൊരു കാര്യമാണ്. കാരണം ഓണക്കാലമായാൽ ബോണസിനുവേണ്ടിയുള്ള സമരങ്ങൾ വ്യാപകമായി ഉണ്ടാകാറുണ്ട്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇത്തരം വിഷയങ്ങളിലൊക്കെ ഇടപെടാനും തൊഴിലാളികൾക്ക് ക്ഷേമം ഉണ്ടാകുന്ന വിധത്തിൽ പ്രവർത്തിക്കാനും ബഹുമാനപ്പെട്ട ഷിബു ബേബി ജോണിന് കഴിഞ്ഞുവെന്നത് വലിയൊരു യാഥാർത്ഥ്യമാണ്. അദ്ദേഹത്തിന് അഭിമാനിക്കാവുന്ന മറ്റൊരു കാര്യം കൂടിയുണ്ട്. അദ്ദേഹം മന്ത്രിയായി ഇവിടെ വരുമ്പോൾ ഈ വകുപ്പിന്റെ ചാർജ്ജ് അദ്ദേഹത്തിനുമാത്രമായിരുന്നു. എന്നാൽ ഇന്നിപ്പോൾ പാർട്ടി ഏകീകരണത്താൽ മൂന്ന് മന്ത്രിമാർ ഒരുമിച്ചുനിന്നുകൊണ്ട് ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യുന്നൊരു സ്ഥിതി വിശേഷമാണ് സംജാതമായിരിക്കുന്നത്. കേരളം തൊഴിൽ നിയമങ്ങൾക്ക് ഊന്നൽ നൽകുന്നൊരു സംസ്ഥാനമാണ്. സംസ്ഥാനത്ത് വിവിധ ട്രേഡ് യൂണിയനുകൾ പ്രവർത്തിച്ചുവരുന്നു. ട്രേഡ് യൂണിയനുകളെയും വ്യവസായികളെയും ശരിയായ രീതിയിൽ കോർത്തിണക്കുവാനുള്ള കർത്തവ്യം തൊഴിൽ വകുപ്പിൽ നിക്ഷിപ്തമാണ്. നിരവധി ക്ഷേമകാർഡുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

ഉൾപ്പെടെ വിശാലമായ ഒരു വകുപ്പായി തൊഴിൽ വകുപ്പ് മാറിയിട്ടുണ്ട്. അതു പോലെതന്നെ ഈ വകുപ്പ് നേരിടുന്ന വെല്ലുവിളിയും വലുതാണ്. കേരള ത്തിന്റെ തൊഴിൽ സംസ്കാരം, വരവേൽപ്പ് എന്ന സിനിമയിൽ കാണിച്ചതിനു സമാനമായി തൊഴിലുടമയ്ക്ക് സ്ഥാപനം നടത്താൻ ബുദ്ധിമുട്ട് നേരിടുന്ന ഒരു കാലമുണ്ടായിരുന്നു. അതിൽനിന്ന് കുറച്ചുകൂടി വ്യത്യസ്തമായി തൊഴിൽ സംഘടനകളുടെ പിൻബലവും സമരങ്ങളുമില്ലാത്ത നല്ല രീതിയി ലുള്ള ഒരു വ്യവസായ സംരംഭം സൃഷ്ടിച്ചുകൊണ്ട് അവരുടെ പ്രവർത്ത നങ്ങളുമായി മുന്നോട്ടുപോകാൻ ഇപ്പോഴത്തെ വകുപ്പിന് കഴിയുന്നുണ്ട്. അട്ടിമറിക്കൂലിയും, നോക്കുകൂലിക്കുമെതിരെ ശക്തമായ നടപടിയെടുക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന് വ്യവസായ പുരോഗതി ഉണ്ടാകത്തക്കവിധം ഒരു തൊഴിൽ സംസ്കാരമുണ്ടാകണം. ഗൾഫിൽ പോയി ക്യൂബ മുകുന്ദനെപ്പോലെ പണിയെടുക്കുന്ന ആളുകൾ അനാവശ്യസമരങ്ങളുടെ പേരിൽ ബലിയാടുകളാവുന്ന അവസ്ഥ പലപ്പോഴും കാണാൻ കഴിയുന്നുണ്ട്. തൊഴിലാളികളുടെ പഴയ വിപ്ലവ പാർട്ടിയായ സി.പി.ഐ.(എം) ഇന്ന് തൊഴിൽരഹിതരുടെ കൂട്ടമായി മാറിയിരിക്കുകയാണ്. സർക്കാരിനെതിരെ നിരന്തര സമരം നടത്തിയ തൊഴിലാളികളായ പ്രതിപക്ഷ മിന്ന് തൊഴിൽ നഷ്ടപ്പെട്ട് അവരുടെ പുനരധിവാസം തന്നെ എവിടെയാവണ മെന്ന ചർച്ചയിലാണ്. ബംഗാളിൽ ഭരണം നടത്തുന്ന സി.പി.ഐ. (എം) കഴിഞ്ഞ കാലഘട്ടങ്ങളിൽ സമരം നടത്തിയതിന്റെ ഫലമായി അവിടെ അനാഥരായ തൊഴിലാളികൾക്ക് കേരളത്തിൽ തൊഴിലവസരമൊരുക്കുന്നു ണ്ട്. അത്തരം രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുപോകുന്നില്ല. തൊഴിൽ രംഗവുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയം ഈ സഭയിൽ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തൊഴിൽ വകുപ്പുമന്ത്രി ഇത്തരം

കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അൺഎയ്ഡഡ് സ്കൂൾ ടീച്ചർമാരെ സംബന്ധിച്ചിടത്തോളം അവർ ചെയ്യുന്ന ജോലിക്കനുസരിച്ചുള്ള ശമ്പളം ലഭിക്കുന്നില്ല. മാനേജ്മെന്റിന്റെ ചൂഷണത്തിന് വിധേയമാകുന്ന ഇവരെ സഹായിക്കാൻ ഒരു നിയമം അത്യാവശ്യമാണ്. വലിയ തോതിൽ ഫീസ് വാങ്ങുന്ന ഇത്തരം അൺഎയ്ഡഡ് സ്കൂളുകൾ അതിനനുസരിച്ചുള്ള ശമ്പളം ടീച്ചേഴ്സിന് കൊടുക്കുന്നതിന് തയ്യാറാകണം.

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിലെ ധാരാളം അൺ-എയ്ഡഡ് സ്കൂളുകളിലെ ടീച്ചർമാർക്ക് ശമ്പളം കൊടുക്കണമെന്നുള്ള സർക്കാരിന്റെ നിർദ്ദേശം, അത് ലംഘിക്കുന്നതിനുവേണ്ടി അവരുടെ കയ്യിൽ നിന്നും വലിയ തുകയുടെ ചെക്ക് ഒപ്പിട്ട് വാങ്ങിക്കുകയും എന്നാൽ ആ ചെക്കിലെ പണം കൊടുക്കാതെ നിസ്സാരമായ തുക മാത്രം കൈപ്പറ്റി ജോലി ചെയ്യുന്ന ധാരാളം ടീച്ചർമാർ കേരളത്തിലുണ്ടെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. പി. വിൻസെന്റ്: സർ, മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. പലസ്ഥലത്തും ആ രീതിയിലുള്ള സംഭവങ്ങൾ നടക്കുന്നുണ്ട്. തൊഴിൽ വകുപ്പുമന്ത്രി എന്ന നിലയ്ക്ക് ഈ കാര്യത്തിൽ അടിയന്തരമായ ഒരു ശ്രദ്ധ അങ്ങേയ്ക്ക് ഉണ്ടാകണം. വിദ്യാഭ്യാസരംഗം നന്നാകേണ്ടതുണ്ട്. അവിടെ പഠിപ്പിക്കുന്ന ടീച്ചർമാർക്ക് ആവശ്യമായ രീതിയിലുള്ള ശമ്പളം ഉറപ്പു വരുത്തുന്ന കാര്യം അങ്ങ് ശ്രദ്ധിക്കണം. നഴ്സുമാരുടെ ശമ്പള വിഷയത്തിൽ ഇടപെട്ട് മാന്യമായ ഒരു തീരുമാനമെടുത്ത് കഴിവ് തെളിയിച്ച മന്ത്രിയും മുഖ്യ മന്ത്രിയുമാണ് കേരളത്തിലുള്ളത്. അതുകൊണ്ട് ജാതിമത ചിന്തകൾക്കും രാഷ്ട്രീയത്തിനും അതീതമായ ധീരമായ ഒരു നിലപാട് അൺ-എയ്ഡഡ്

സ്കൂൾ ടീച്ചർമാരുടെ ശമ്പള വർദ്ധനവിലും തൊഴിൽ സുരക്ഷയിലുമുണ്ടാക ണമെന്ന് ഞാൻ ഈ അവസരത്തിൽ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. കൂടാതെ ഒരു സമർദ്ദത്തിനും വഴങ്ങാതെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോ കാൻ കഴിയണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അങ്ങയോട് പറയു ന്നു. അവർക്ക് മതിയായ സുരക്ഷയും നല്ലൊരു തൊഴിൽ അന്തരീക്ഷവും സൃഷ്ടിച്ചുകൊടുക്കാൻ അങ്ങേയ്ക്ക് സാധിക്കണം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, അങ്ങ് ഇപ്പോൾ പറഞ്ഞുകൊണ്ടിരി ക്കുന്ന അൺ-എയ്ഡഡ് സ്കൂൾ ടീച്ചേഴ്സിന്റെ കാര്യം വളരെ ഗൗരവത്തോ ടുകൂടി ഈ സഭ പരിഗണിക്കേണ്ട ഒരു കാര്യമാണ്. ഇന്ന് കേരളത്തിലെ തോട്ടം തൊഴിലാളികൾ മുതൽ ബാർബർമാർ വരെയുള്ളവരുടെ പിരിച്ചുവിട ലിന് എന്തെങ്കിലും ഒരു മര്യാദ കാണും. പക്ഷേ ഇന്ന് കേരളത്തിലെ അൺ-എയ്ഡഡ് സ്കൂളുകളിൽ വർക്ക് ചെയ്യുന്ന ടീച്ചർമാർ, അവർക്ക് എത്ര വർഷത്തെ സേവനമുണ്ടെങ്കിലും ‘നാളെ മുതൽ വരണ്ട’ എന്നുപറഞ്ഞാൽ അതിനെ ചോദ്യം ചെയ്യാൻ ഒരു വേദിയുമില്ല. അതുകൊണ്ട് നിയമ നിർമ്മാണം നടത്തുമ്പോൾ ശമ്പളത്തെ സംബന്ധിച്ച് മാത്രമല്ല, അവരുടെ തൊഴിൽ സുരക്ഷിതത്വംകൂടി ഉറപ്പുവരുത്തണമെന്ന കാര്യത്തിൽ അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

ശ്രീ. എം. പി. വിൻസെന്റ്: സർ, തൊഴിൽ മേഖലയിലെ അത്തരം കാര്യ ങ്ങളൊക്കെ വളരെ ഭംഗിയായിത്തന്നെ മന്ത്രിയും ബഹുമാനപ്പെട്ട ഗവൺമെന്റും നോക്കുന്നുണ്ട്. ഈ പറഞ്ഞ കാര്യവും വളരെ ഗൗരവത്തോ ടുകൂടിത്തന്നെ കാണേണ്ടതാണ്. തൊഴിലാളിയെന്നുപറഞ്ഞാൽ അടിസ്ഥാന വർഗ്ഗത്തിൽപ്പെട്ടവരാണ്. അതുകൊണ്ട് അവരുടെ സംരക്ഷണം ലക്ഷ്യമാക്കി

അവരുടെ കാര്യത്തിൽ ഗുണപരമായ ഒരു തീരുമാനമെടുക്കാനായി എന്നും മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും വ്യാപൃതരായി നിൽക്കേണ്ടവ രാണ്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞ വിഷയത്തെ അതീവഗൗരവ ത്തോടെ കാണേണ്ടതാണ്. കാരണം, നമ്മുടെ തുണിക്കടകളിലും മറ്റു മൊക്കെ പണിയെടുക്കുന്ന പാവപ്പെട്ട സ്ത്രീകളുടെ അവസ്ഥ വളരെ ഗൗരവ ത്തോടെ കാണേണ്ടതാണ്. പത്തും പന്ത്രണ്ടും മണിക്കൂർ, രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ പണിയെടുക്കുന്ന പാവപ്പെട്ട സ്ത്രീകളുണ്ട്. അവർക്ക് കിട്ടുന്ന കൂലി വളരെ തുച്ഛമാണ്. അവരുടെ അവസ്ഥ വളരെ ദയനീയമാണ്. അവർക്ക് ഇരിക്കാൻ ഒരു കസേര പോലുമില്ല. ഇരുന്നാൽ അവരെ എഴുന്നേൽപ്പിച്ചുനിർത്തും. പ്രാഥമിക സൗകര്യങ്ങൾക്കുള്ള സമയംപോലും കൊടുക്കാതെ ഭക്ഷണത്തിനുമാത്രമായി ചെറിയൊരു സമയം നിശ്ചയിച്ചുകൊണ്ട് പോകുന്ന അവസ്ഥ നമ്മുടെ സമൂഹത്തിലുണ്ട്. അതു കൂടി അങ്ങ് ശ്രദ്ധിക്കണം. കൂടാതെ അത്തരം രംഗത്തുള്ള ചൂഷണം അവസാനിപ്പിക്കാനായി ഒരു സമിതിയെത്തന്നെ അടിയന്തരമായി നിയമിച്ച് അത് പഠിച്ച് നല്ല രീതിയിലുള്ള ഒരു തീരുമാനമുണ്ടാക്കാൻ അങ്ങേയ്ക്ക് കഴിയണമെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, തൊഴിൽ രജിസ്ട്രേഷൻ സ്ഥാപനങ്ങൾ എന്നീ ലെവലിൽ നിന്നും മാറ്റി എംപ്ലോയ്മെന്റ് പോർട്ടബിലിറ്റി സെന്ററുകളാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഓൺലൈൻ രജിസ്ട്രേഷനും കരാർ നിയമ നങ്ങളുടെ ചുമതലയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് നൽകണം. കേരളത്തിൽ ഐ.റ്റി.ഐ.-കൾ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വലിയ പങ്കുവഹിക്കുന്നുണ്ട്. 74 ഐ.റ്റി.ഐ.-കളുള്ള കേരളത്തിൽ, സാങ്കേതിക

വിദ്യാഭ്യാസം നൽകുന്നത് ഉൾപ്പെടെ വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന വർക്ക് പരിശീലനം നൽകേണ്ടതുണ്ട്. ഐ.റ്റി.ഐ.-കളിലെ കോഴ്സുകൾ കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ 14 ആർ.ഐ. സെന്ററു കൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ പ്രവർത്തനം വളരെ ശ്ലാഘനീയമാണ്. യു.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷം കേരള ത്തിലെ തൊഴിൽ മേഖലയിൽ ഒരു പുതിയ ഉണർവ്വ് ദൃശ്യമാണ്. തൊഴിലാളി കൾക്ക് ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തുന്നത് തൊഴിൽ ചൂഷണം തട യാൻ ഉപകരിക്കും. തൊഴിലാളികൾക്കുള്ള 'ഭവന പദ്ധതി' ഈ സർക്കാ രിന്റെ നേട്ടങ്ങളിൽ എടുത്തുപറയേണ്ട ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇവിടെ നേരത്തെ പ്രസംഗിച്ചപ്പോൾ അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ച് പറയു കയുണ്ടായി. അന്യസംസ്ഥാന തൊഴിലാളികളായ വളരെയധികംപേർ ഈ നാട്ടിലേക്ക് വരികയും ഇവിടെയുള്ള ആളുകളെ ജോലിക്കാര്യങ്ങളിൽ സഹാ യിക്കുകയുമൊക്കെ ചെയ്യുന്നത് ശരിയാണെങ്കിൽത്തന്നെയും കൺസ്ട്രക്ഷൻ രംഗത്ത് അവരുടെ താമസം, ടോയ്‌ലെറ്റ് ഫെസിലിറ്റി ഇതുപോലെയുള്ള പല പ്രധാനപ്പെട്ട കാര്യങ്ങളും സമൂഹത്തിൽ ഏറ്റവുമധികം ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നായി മാറുന്നു. ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധയോടുകൂടി തൊഴിൽ വകുപ്പ് ഇടപെട്ട് കൺസ്ട്രക്ഷൻ രംഗത്ത് പ്രവർത്തിക്കുന്ന അവരുടെ ക്യാമ്പു കളിൽ മിന്നൽപ്പരിശോധന നടത്തുകയും അവിടെ ആവശ്യമായ സൗകര്യ മില്ലെങ്കിൽ അതിന് നടപടിയെടുക്കുകയും വേണം. ഇവിടെനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട മലമ്പനി പോലെയുള്ള പല രോഗങ്ങളുടെയും പ്രധാന ഉറവിടം നഗരപ്രദേശങ്ങളാണ്. അവിടെനിന്നും മറ്റ് സ്ഥലങ്ങളിലേക്ക്

ആ രോഗങ്ങൾ വ്യാപിക്കാനുള്ള സാദ്ധ്യത വളരെക്കൂടുതലായതുകൊണ്ട് തൊഴിൽ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് അന്യ സംസ്ഥാന തൊഴിലാളികളുടെ കാര്യത്തിൽ അതീവ ശ്രദ്ധയുണ്ടാകേണ്ടതുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസിന്റെ ഭാഗമായി 'എംപ്ലോയബലിറ്റി സെന്റർ' പദ്ധതിപ്രകാരം 6 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ 'നൈപുണ്യ' കേന്ദ്രങ്ങളായിക്കഴിഞ്ഞിട്ടുണ്ട്. ഇത് ശ്ലാഘനീയമായ തീരുമാനമാണ്. 10-ാം ക്ലാസ് കഴിയുന്ന എല്ലാ കുട്ടികൾക്കും തൊഴിൽ പരിശീലനം നൽകത്തക്കവിധത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മാറേണ്ടതുണ്ട്. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഇത് സാധ്യമാക്കണം. നൈപുണ്യ ഇന്റർ നാഷണൽ സ്കിൽ പാർക്ക്, **കുശലേന്ദ്ര കമ്മ്യൂണിറ്റി സ്വിസ് പാർക്ക്**, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻറ് കൺസ്ട്രക്ഷൻ, സെന്റർ ഫോർ എക്സലൻസ് ഇൻ നേഴ്സിംഗ്, കണ്ണൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഏവിയേഷൻ അക്കാദമി തുടങ്ങിയവ യാഥാർത്ഥ്യമാകുന്നതോടെ കേരളത്തിറപ തൊഴിൽരംഗത്ത് ഒരു വൻവിപ്ലവംതന്നെയുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്കുള്ള വേതനം വർദ്ധിപ്പിച്ച തൊഴിൽ വകുപ്പിന്റെ ധീരമായ നടപടി രാജ്യത്തിനാകെ മാതൃകയാണ്. ആ കാര്യത്തിൽ മന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഐ.ടി.ഐ.-കൾ കമ്പനികളുമായി സഹകരിച്ച് നടത്തുന്ന പുത്തൻ സാങ്കേതിക വിദ്യയിലുള്ള പരിശീലനം വിജയമായിക്കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനായുള്ള 'കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്' രാജ്യത്തിന്റെ വികസനത്തിലെ ഒരു നാഴികക്കല്ലാണ്. നിർമ്മാണത്തൊഴിലാളികൾക്ക് പുതിയ സാങ്കേതിക വിദ്യ പകർന്നുനൽകിയ 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ' പദ്ധതി വൻ വിജയമായിക്കഴിഞ്ഞിട്ടുണ്ട്. സെക്യൂരിറ്റി തൊഴിലാളി രംഗത്ത് നാഷണൽ ഒക്യുപ്പേഷൻ സ്റ്റാന്റേർഡ്സ് അനുസരിച്ചുള്ള തൊഴിലാളികളെ വാർത്തെടുക്കുന്നതിനുള്ള പദ്ധതി ശ്ലാഘനീയമായിത്തന്നെ തുടരുന്നു. നോക്കുകൂലി, അമിതകൂലി ഇവ തടയുന്നതിന് ഹെൽപ്പ് ലൈൻ സ്ഥാപിച്ചതുവഴി സാധാരണക്കാർക്ക് വലിയ സംരക്ഷണം നൽകാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളാക്കി മാറ്റാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ വിജയ പദ്ധതികളിലൊന്നാണ്. വാടകവീട് ഒഴിയുന്ന ആളുകളും ചെറിയ വീടുവയ്ക്കുന്ന ആളുകളും മുതൽ വൻ വ്യവസായികൾവരെ നോക്കുകൂലിയുടെ ഇരകളായിക്കൊണ്ടിരിക്കുകയാണ്. അത്തരം രംഗങ്ങളിൽ വ്യക്തമായ തീരുമാനങ്ങളെടുക്കാൻ നമ്മുടെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്, അത് കഴിയണമെന്നുതന്നെയാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിച്ചതുൾപ്പെടെയുള്ള ആശ്വാസകരമായ പല തീരുമാനങ്ങളും ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. സർവ്വകലാശാലകൾ വളരെയധികമുണ്ടെങ്കിലും ഐ.ടി.ഐ.യും പോളിടെക്നിക്കും എഞ്ചിനീയറിംഗ് കോളേജുമൊക്കെ ഇന്ന് വ്യാപകമായിരിക്കുകയാണ്. അതുകൊണ്ട് അത്തരം കോളേജുകളുടെ നിയന്ത്രണത്തിനും നേരിട്ടുള്ള നടത്തിപ്പിനുമായി തൊഴിൽ വകുപ്പിന്റെ കീഴിൽ ഒരു സാങ്കേതിക സർവ്വകലാശാല വേണ്ടതാണെന്ന കാര്യംകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇത് മാനവശേഷി രംഗത്ത് കൂടുതൽ കരുതലുണ്ടാക്കാനും നല്ല രീതിയിൽ വിവര സാങ്കേതിക രംഗത്തെ വളർത്തിയെടുക്കുന്നതിനും ഉപയുക്തമാകും. എന്റെ നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ

കുറവാണ്. അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയും അതുപോലെയുള്ള കുറച്ചു വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒല്ലൂരിൽ ഉണ്ടെങ്കിലും ഒരു ഐ.ടി.ഐ. വേണമെന്ന അഭ്യർത്ഥന എനിക്കുണ്ട്. ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിൽ നല്ല നിലപാടെടുത്ത് മുന്നോട്ടുപോകുന്ന തൊഴിൽ വകുപ്പുമന്ത്രിയെയും അതിന് പര്യാപ്തമായ രീതിയിൽ കാര്യങ്ങൾക്ക് നേതൃത്വം നൽകി ഭരിക്കുന്ന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെയും വളരെയധികം പ്രശംസിക്കുന്നു. കേരളത്തിലെ സമ്പദ് വ്യവസ്ഥയുടെ ഏറിയ പങ്കും സംഭാവന ചെയ്യുന്നത് പ്രവാസികളാണ്. വിദേശ രാജ്യങ്ങളിൽ കുടുംബം പോറ്റാൻ പാടുപെടുന്ന പ്രവാസി ഇൻഡ്യക്കാരിൽ ഏറിയ പങ്കും മലയാളികളാണ്. പ്രവാസികളിൽ ഏറിയ പങ്കും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നിരവധിയാണ്. മതിയായ യാത്രാരേഖകളില്ലാതെ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന പ്രവാസികളായ ഇൻഡ്യാക്കാർക്കുള്ള ആനുകൂല്യങ്ങൾ നിയമാനുസൃതമായി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി ആവശ്യമാണ്. ഇവിടെ മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും പ്രത്യേകമായ ഇടപെടലുകളുടെ ഭാഗമായി അനവധി നല്ല കാര്യങ്ങൾ ചെയ്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇറാഖിലെ ആഭ്യന്തര കലാപംമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന പാവപ്പെട്ട ആളുകളെ കൊണ്ടുവരാനുള്ള നടപടി എന്നും മറുപടിയിൽമാത്രം ഒതുക്കിനിർത്താതെ ഇക്കാര്യത്തിൽ ആക്ഷേപം കാണാതെ, ഇത് സഭയുടെ മൊത്തം ഒരു കാര്യമായി, ഈ നാടിന്റെ ഒരു ആവശ്യമായെടുത്ത് അതീവ ഗൗരവമായിത്തന്നെ കാണുകയും ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് വേണ്ട തീരുമാനങ്ങൾ എടുക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ഗവൺമെന്റിന്റെ 3 കൊല്ലത്തെ പ്രവർത്തനകാലഘട്ടത്തിന്റെ വിജയം

ആവർത്തിച്ചുകൊണ്ടുവരുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന മുഴുവൻ ആളുകളെയും അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ബഹുമാന്യനായ എം. പി. വിൻസെന്റ് ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ 10 മിനിട്ട് പ്രസംഗത്തിൽ ഏറ്റവും കൂടുതൽ പ്രാവശ്യം ആവർത്തിച്ചത് ശ്രദ്ധ വേണം, ജാഗ്രത വേണം, ഗവൺമെന്റിന്റെ ഇടപെടൽ വേണം, സമ്മർദ്ദത്തിന് വഴങ്ങരുത് എന്നീ കാര്യങ്ങളാണ്. അദ്ദേഹം ഭരണ പക്ഷമായതുകൊണ്ട് ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു എന്നതിനപ്പുറം മനസ്സുകൊണ്ട് ഈ ധനാഭ്യർത്ഥനയോടൊപ്പമുണ്ടോയെന്ന് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ നമുക്ക് സംശയം തോന്നത്തക്കവിധത്തിലാണ് പ്രസംഗം അവസാനിപ്പിച്ചിട്ടുള്ളത്. ഒരു സമിതിയെ നിയോഗിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. സമിതിക്കൊന്നും ഇവിടെ ഒരു കുറവുമില്ല. ഇഷ്ടംപോലെ സമിതികളുടെ കോലാഹലവും കൊട്ടിഘോഷവുംതന്നെ ഇവിടെ നടക്കുന്നുണ്ട്. സമിതി നടത്തിയ ശുപാർശകളൊന്നും വേണ്ടവണ്ണം നിർവ്വഹിക്കാൻ വകുപ്പിന് നേതൃത്വം നൽകുന്ന മന്ത്രിക്ക് കഴിയുന്നില്ലായെന്ന നിസ്സഹായ വസ്ഥയുണ്ട്. ഉദാഹരണത്തിന് പി. & എ.ആർ.ഡി. സമർപ്പിച്ചിട്ടുള്ള 66 ശുപാർശകൾ ധനകാര്യ വകുപ്പിന് മുന്നിലിരിക്കുകയാണ്. മന്ത്രിക്ക് ഇടപെടാനേ കഴിഞ്ഞിട്ടില്ല. ഒരു നിസ്സഹായവസ്ഥയിൽ മന്ത്രി നിൽക്കുന്ന സാഹചര്യമുണ്ട്. 32 തൊഴിൽ നിയമങ്ങളും ചട്ടങ്ങളും, വിവിധ തൊഴിൽ മേഖലകളിൽ തൊഴിലുടമയും തൊഴിലാളികളും തമ്മിലുള്ള അന്തരീക്ഷം മെച്ചപ്പെട്ട നിലയിൽ കൊണ്ടുപോകുക, ഇടപെടുക, തൊഴിൽ ഉറപ്പുവരുത്തുക, മികച്ച അന്ത

രീക്ഷം സൃഷ്ടിക്കുക എന്നിവയൊക്കെ ഈ വകുപ്പിന്റെ ഇടപെടലിന്റെ ഭാഗമായി നടക്കുന്നതാണെങ്കിൽ ഒരു ഐ.എ.എസ്.–കാരൻ ലേബർ കമ്മീഷണറായി, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു ലേബർ കമ്മീഷണറേറ്റുതന്നെ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടത്തെ പ്രവർത്തനങ്ങൾ നിർജ്ജീവമാണ്. പല വകുപ്പുകളും ഒഴിഞ്ഞ് കിടക്കുന്നു. പല വകുപ്പുകളിലേക്കും ആളുകളെ പോസ്റ്റ് ചെയ്യാൻ കഴിയുന്നില്ല. ഒരു ജില്ലയുടെതന്നെ ചാർജ്ജ് മറ്റ് പല ഓഫീസർമാർക്കും കൊടുക്കുന്ന സാഹചര്യവും നിലനിൽക്കുകയാണ്. 284 പോസ്റ്റ് ക്രിയേറ്റ് ചെയ്ത് ലേബർ കമ്മീഷണറേറ്റിനെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പി. & എ.ആർ.ഡി. സമർപ്പിച്ചിട്ടുള്ള ശുപാർശകളിൽ നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് ബഹുമാന്യനായ മന്ത്രി പറയേണ്ടതുണ്ട്. ഒരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ ഏതാണ്ട് 66 ശുപാർശകൾ ധനകാര്യ വകുപ്പിന്റെ മുന്നിലുണ്ട്. തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തണമെന്നുണ്ടെങ്കിൽ, ഇടപെടൽ നടക്കണമെന്നുണ്ടെങ്കിൽ ഈ ശുപാർശകൾ ഭംഗിയായി നടപ്പിലാക്കിയെങ്കിൽ മാത്രമേ കഴിയുകയുള്ളൂ. പലപ്പോഴും ഇതിന്റെ അപര്യാപ്തത പല മേഖലയിലും ഉണ്ടാകുന്നുണ്ട്. അതിന്റെയൊരു നിസ്സഹായവസ്ഥയുമുണ്ട്. തൊഴിലാളിക്ഷേമ ബോർഡിന് ഗവൺമെന്റ് ഊന്നൽ നൽകുന്നുവെന്ന് പറയുന്നതിൽ തെറ്റില്ല. ആ കാര്യത്തിൽ നമുക്ക് ശ്രദ്ധ ചെലുത്തണം. അത് ഗവൺമെന്റുകളുടെ ഉത്തരവാദിത്വമാണ്. എന്നാൽ അതിനപ്പുറത്ത് ക്ഷേമത്തോടൊപ്പംതന്നെ എൻഫോഴ്സുമെന്റും ഉറപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ, ആ എൻഫോഴ്സുമെന്റിലുണ്ടാകുന്ന പരാജയമാണ് ഇവിടെ ബഹുമാനപ്പെട്ട എം. പി. വിൻസെന്റ് ചൂണ്ടിക്കാണിച്ച ജാഗ്രത

വേണം, ശ്രദ്ധ വേണം, ഇടപെടൽ വേണം, സമ്മർദ്ദത്തിന് വഴങ്ങരുത് എന്നീ ഒട്ടനവധി വിഷയങ്ങൾ സൂചിപ്പിക്കുന്നത്. അൺ-എയ്ഡഡ് സ്കൂൾ ടീച്ചേഴ്സിന്റെ മിനിമം വേജസ് ഉറപ്പുവരുത്തുന്നത് അടക്കമുള്ള വിഷയങ്ങളിൽ എൻഫോഴ്സുമെന്റിന്റെ ഇടപെടൽ വേണമെന്ന് അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു. ഇവിടെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ സംസാരിച്ചപ്പോഴും അത് പലവട്ടം ആവർത്തിച്ചു. ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം. സമിതിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതിലും, ഗവൺമെന്റിന്റെ ഉത്തരവുകൾ നടപ്പിലാക്കുന്നതിലും ഈ പറയുന്ന എൻഫോഴ്സുമെന്റിന്റെ ഇടപെടലുണ്ടാകാത്തതുകൊണ്ടാണ് പലപ്പോഴും ഈ കാര്യങ്ങളിൽ പരാജയമുണ്ടാകുന്നത്. മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ പ്രവർത്തനം കുറച്ചുകൂടി ശക്തമാക്കണം. അഡ്വൈസറി ബോർഡ് മിനിമം വേജസ് പുതുക്കി നിശ്ചയിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികളിലടക്കം, ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുള്ള കേസ്സുകളിൽപ്പോലും ഈ ഉത്തരവുകൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ആളുകൾ തയ്യാറാകുന്നില്ല. ഗാർഹിക തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇവിടെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ സൂചിപ്പിച്ചു. ഗൗരവകരമായ ഇടപെടലും പെൺകൂട്ടായ്മയും അതിന്റെ സമരവും മറ്റുമൊക്കെ വന്നതിനുശേഷം, ഐ.എൽ.ഒ.-യുടെ 189-ാം കൺവെൻഷന്റെ പ്രമേയം പാസ്സാക്കി പറഞ്ഞത് - ഈ വിഷയത്തിൽ ഗവൺമെന്റുകളുടെ ഒരു ഇടപെടലുണ്ടാകണം, ഭരിക്കുന്ന ആളുകൾ ഇടപെടണം, ഇതുമായി ബന്ധപ്പെട്ട് ഒരുപാട് അനോമലികൾ നിലനിൽക്കുന്നുണ്ട് എന്നുള്ളതുകൊണ്ട് ഗാർഹിക മേഖലയിലെ തൊഴിലാളികളുടെ വർക്കിംഗിനും.... 99 ശതമാനവും ഈ മേഖലയിൽ പണിയെടുക്കുന്നത് സ്ത്രീകളാണ്. സ്ത്രീകൾ ജോലിയെടു

ക്കുന്ന മേഖലയിലാണ് ഏറ്റവും കുറവ് ശമ്പളം ലഭ്യമാകുന്നത്, വേണ്ടത്ര പരിഗണന കിട്ടാതെ പോകുന്നത്, ജോലി സ്ഥലങ്ങളിൽ വിശ്രമിക്കുന്നതിനോ ഇരിക്കുന്നതിനോപോലും സൗകര്യമില്ലാത്തത്, വൃത്തിഹീനമായ അന്തരീക്ഷത്തിൽ ജോലി ചെയ്യേണ്ടിവരുന്നത്, ജോലിക്ക് സുരക്ഷിതത്വമില്ലാതെ വരുന്നത് എന്നിങ്ങനെയുള്ള ഒട്ടനവധി വിഷയങ്ങൾ ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. സി.സി.ടി.വി. ക്യാമറയുടെ 24 മണിക്കൂർ നിരീക്ഷണത്തിൽ സ്വകാര്യമായി ഒന്നിരിക്കാനോ നിൽക്കാനോ മറ്റ് ആവശ്യങ്ങൾ നിർവ്വഹിക്കാനോ നിവൃത്തിയില്ലാത്ത ഗതികെട്ട ഒരു സാഹചര്യത്തിൽ പ്രവർത്തിക്കുന്നുവെന്നുള്ളതുകൊണ്ട് മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ ശുപാർശകളും ഗവൺമെന്റിന്റെ ഉത്തരവുകളും മാത്രംപോരാ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾ ഈ മേഖലയിലും ശക്തമാക്കണമെന്ന അഭിപ്രായമാണ് ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് പറയുവാനുള്ളത്. ഗവൺമെന്റ് ശക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ഏറ്റവും കൂടുതൽ പത്രത്തിൽ പരസ്യം വരുന്നതുമാണ് ആർ.എസ്.ബി.വൈ.-യുമായി ബന്ധപ്പെട്ട വിഷയങ്ങൾ. അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ എന്താണ് സംഭവിച്ചിട്ടുള്ളതെന്ന് പറയണം? ഒരു പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയെ മാറ്റി റിലയൻസുപോലയുള്ള സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയിലേയ്ക്ക് ആർ.എസ്.ബി.വൈ.-യുടെ ഇൻഷ്വറൻസ് പ്രീമിയം മാറ്റിയതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ തന്ന മറുപടി നമ്മുടെ മുന്നിലുണ്ടെങ്കിലും ആളുകൾക്ക് അത് വായിക്കുമ്പോൾ തൃപ്തികരമായിട്ടുള്ള പ്രവർത്തനം നടത്തുന്നുവെന്ന ഒരു തോന്നലില്ല. തൊഴിൽ വകുപ്പിന് ഏറ്റവും നന്നായി ഇടപെടാൻ കഴിയുന്നത് ക്ഷേമനിധിയുമായി ബന്ധപ്പെട്ടാണെങ്കിൽപ്പോലും എല്ലാ മേഖല

കളിലും കുടിശ്ശിക നിലനിൽക്കുകയാണ്. ക്ഷേമനിധി ബോർഡിന്റെ 32-ാ മത്തെ മിനിട്ട്സ് റിപ്പോർട്ടിൽ അവർതന്നെ പറഞ്ഞിരിക്കുന്നു, യാതൊരുവിധ ധനസഹായവും സർക്കാരിൽനിന്ന് ലഭിച്ചിട്ടില്ലായെന്ന്. ബോർഡിന്റെ വരവു മായി ബന്ധപ്പെട്ട് ബോർഡുതന്നെ ഇറക്കിയിട്ടുള്ള അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്, നാളിതുവരെ സർക്കാരിന്റെ ധനസഹായ മൊന്നും ലഭിച്ചിട്ടില്ലെന്നാണ്. മന്ത്രി കൊടുത്തിട്ടുള്ള ഉത്തരത്തിൽ പറയുന്നത് ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട അംശാദായ ഇനത്തിൽ 16,09,200 രൂപ...........

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങും തോട്ടം മേഖലയെ പ്രതിനിധീകരി ക്കുന്ന ഒരംഗമാണ്. ഏറ്റവും കുറഞ്ഞ കൂലി തേയില തോട്ടത്തിലെ തൊഴിലാ ളികൾക്ക് മാത്രമാണുള്ളത്. അതും ഇപ്പോൾ പ്രതിസന്ധിയിലാണ്. ഈ തോട്ടം മേഖലയിലുള്ള തൊഴിലാളികളെ രക്ഷിക്കാൻ അല്ലെങ്കിൽ തൊഴിലിൽ നിരന്തരമായി ഏർപ്പെടുത്താൻ എന്ത് നിർദ്ദേശങ്ങളും പദ്ധതികളുമാണ് ഗവൺമെന്റിന്റെ മുന്നിലുള്ളതെന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, തോട്ടം മേഖലയിലേയ്ക്ക് വരുന്ന തിനുമുമ്പ് ഞാൻ ഇതൊന്ന് പറഞ്ഞ് തീർത്തോട്ടെ. ക്ഷേമനിധി ബോർഡു കളിലെ ആനുകൂല്യങ്ങളൊം കുടിശ്ശികയായി നിൽക്കുകയാണ്. കോടിക്കണ ക്കിന് രൂപയുടെ കുടിശ്ശികയാണുള്ളത്. ഇതിനിടയിലാണ് ക്ഷേമനിധി ബോർഡിൽനിന്നുപോലും വായ്പ എടുക്കാൻ ഗവൺമെന്റ് ആലോചിക്കുന്ന ത് എന്നുപറയുന്നത്. ഈ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾക്കെ

ങ്കിലും അർഹമായ തുക സംസ്ഥാന ഗവൺമെന്റിന്റെ കയ്യിൽനിന്നും വാദിച്ച് വാങ്ങിക്കുവാനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. തോട്ടം മേഖലയുമായി ബന്ധപ്പെട്ട് ശ്രീ. എം. പി. വിൻസെന്റ് വേണ്ടത്ര ആ വിഷയത്തെ സംബന്ധിച്ച് പഠിക്കണം. തോട്ടം മേഖലയുമായി ബന്ധപ്പെട്ട പ്രശ്നം ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതാണ്. സംഘടിത വിഭാഗമായിരുന്നു തോട്ടം തൊഴിലാളികളെങ്കിലും  അവർക്ക് മാന്യമായ കൂലി നൽകുന്ന ഒരവസ്ഥയുണ്ടാകണം. ഇപ്പോഴത്തെ നിലവിലുള്ള ജീവിത സാഹചര്യങ്ങളും സാധനങ്ങളുടെ വിലവർദ്ധനവും കമ്പോളത്തിന്റെ വില വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ മാന്യമായ കൂലി തോട്ടം തൊഴിലാളികൾക്ക് നൽകുന്നുണ്ടെന്ന് നമുക്ക് പറയാൻ  കഴിയില്ല. ബഹുമാന്യനായ മന്ത്രിയടക്കം പി.എൽ.സി.-യിൽ വന്നിരുന്ന് നിരവധി തവണ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഒരു ചെറിയ ശതമാനം വർദ്ധനവ് തോട്ടം മേഖലയിലെ കൂലിയിൽ ഉണ്ടാക്കാൻ കഴിഞ്ഞതെങ്കിൽ കാര്യമായ ചർച്ചകൾ ആ രംഗത്തുണ്ടാകണം, കാര്യമായ പഠനങ്ങൾ ആ രംഗത്തുണ്ടാകണം. ഗവൺമെന്റിന്റെ കാര്യമായ ഇടപെടലുണ്ടെങ്കിൽ മാത്രമേ നമുക്ക് ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. ഏതാണ്ട് 25 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് മാറ്റിവച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി വിവിധ വർഷങ്ങളിലായി മാറ്റിവച്ചതാണ്. തോട്ടം  മേഖലയിലെ തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ ഒരു രൂപപോലും ചെലവഴിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെ 676 മിഷൻ എന്ന പദ്ധതി ഡിക്ലയർ ചെയ്തിട്ടുണ്ട്. ഇപ്പോൾ 32 ദിവസം കഴിഞ്ഞു. അപ്പോൾ മിഷൻ 644 എന്ന് പേരുമാറ്റേ

ണ്ടിവരും. ഓരോ ദിവസം കഴിയുമ്പോഴും മിഷന്റെ പേര് ഇങ്ങനെ മാറിക്കൊണ്ടേയിരിക്കുകയാണ്. സമയവും പോയിക്കൊണ്ടിരിക്കുകയാണ്. ഒട്ടനവധി കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇടപെടാൻ കഴിയുമെന്നിരിക്കേ അങ്ങ് വേണ്ടത്ര ഇടപെടുന്നില്ലായെന്ന ആക്ഷേപം ഈ സംസ്ഥാനത്താകെയുണ്ട്. വിവിധ വിഷയങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ അങ്ങേയ്ക്ക് കഴിയുമെന്നുള്ളതുകൊണ്ട്, ശ്രീ. ഷിബു ബേബി ജോണിന് എന്താണ് സംഭവിച്ചതെന്ന സംസാരം ആളുകളുടെ ഇടയിലെല്ലാമുണ്ട്. ഗവൺമെന്റിൽ എൽ.ഡി.എഫ്. -ന്റെ ഭാഗമായിനിന്ന രണ്ടുപേരെ ചാക്കിട്ട് പിടിച്ചുകൊണ്ടുപോയ കാര്യത്തിലൊക്കെയുള്ള അങ്ങയുടെ വൈദഗ്ദ്ധ്യത്തെ ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ ഇവിടത്തെ പ്രശ്നമെന്ന് പറയുന്നത്, മന്ത്രിയെന്നുള്ള നിലയിൽ അങ്ങയുടെ ക്രിയേറ്റിവിറ്റി, അങ്ങയുടെ സ്വപ്നം ഒന്നും ഈ പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്നില്ലായെന്ന് മാത്രമല്ല, ഈ നിലയിൽ തുടർന്നുപോയാൽ പരമദയനീയമായി ചിത്രം മാറും. ഈ മന്ത്രി എന്നുപറയുന്നത് ബഹുമാന്യനായ, പ്രഗൽഭനായ ബേബി ജോൺ സാറിന്റെ മകനാണ്. അച്ഛന്റെ പേര് കളയരുതെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് നിർത്തുകയാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. കേരള രാഷ്ട്രീയത്തിലും തന്റെ വകുപ്പിലും വളരെ ക്രിയാത്മകമായി ഇടപെട്ട് വിജയംവരിച്ച മന്ത്രി ശ്രീ. ഷിബു ബേബി ജോണിനെ ഞാനാദ്യമായി അഭിനന്ദിക്കുകയാണ്. ഒരു പ്രവാസിയുടെ കിതപ്പും കുതിപ്പും നേരിട്ടനുഭവിച്ചവനാണ് ഞാൻ. കേരളത്തിലെ സാമൂഹ്യ മാറ്റത്തിനു പിന്നിൽ ചാലകശക്തിയായി മാറിയത് പ്രവാസമാണ്. ഭൂപരിഷ്ക്ക

രണവും സാക്ഷരതയും മറ്റ് സംസ്ഥാനങ്ങളിലും ഉണ്ടായിട്ടുണ്ട്. പക്ഷേ, അവിടെയൊന്നുമില്ലാത്ത ഉയർത്തെഴുന്നേൽപ്പിന് കേരളത്തെ പ്രാപ്തമാക്കി യതും ഫ്യൂഡലിസത്തിന്റെ അടിമത്വത്തിൽനിന്ന് കേരളത്തെ മോചിപ്പിച്ചതും പ്രവാസമാണ്. പ്രവാസം രാജ്യത്തിന്റെ രാഷ്ട്രീയ ഗതിവിഗതികൾ നിർണ്ണയി ച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സ്വാതന്ത്ര്യപോരാട്ടത്തിന് വഴിയൊരുക്കിയത് ദക്ഷിണാഫ്രിക്കയിലെ പ്രവാസ ജീവിതമാണ്. 1920-കളിൽ കമ്മ്യൂണിസ്റ്റ് ചിന്തയെ ഇൻഡ്യയിലെത്തിച്ചത് എം.എൻ. റോയിയുടെ താഷ്ക്കന്റിലെ പ്രവാസി ജീവിതമാണ്. ഏകദേശം 22 ലക്ഷത്തോളം മലയാളികൾ വിവിധ രാജ്യങ്ങളിലും തൊഴിലെടുക്കുന്നവരാണ്. അതിലേറ്റവും കൂടുതൽ യു.എ.ഇ. -യിലും രണ്ടാം സ്ഥാനം സൗദി അറേബ്യയിലുമാണ്. നമ്മുടെ സംസ്ഥാന ത്തിന്റെ മൊത്തം നിക്ഷേപത്തിന്റെ 34 ശതമാനം പ്രവാസികളുടെ സംഭാവന യാണ്. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയുടെ അവലോകന റിപ്പോർട്ടനുസ രിച്ച് 2013 ഡിസംബർ 31-വരെ 90,333 കോടി രൂപയാണ് പ്രവാസി നിക്ഷേപം. ഇപ്പോൾ അത് ഒരുലക്ഷം കോടിരൂപ കവിഞ്ഞിരിക്കുന്നു. രാജ്യത്തിന്റെ വരു മാനമാകട്ടെ 99.15 ബില്ല്യൻ ഡോളറാണ്. ഇത്രയും തുക വിദേശനിക്ഷേപ മായി സ്വീകരിക്കുകയാണെങ്കിൽ വായ്പയാണെങ്കിൽ പലിശയിനത്തിലും നിക്ഷേപമാണെങ്കിൽ ഇളവുകൾ നൽകിയും നാം നീക്കിവയ്ക്കേണ്ടി വരുന്ന തുകയുടെ പത്തിൽ ഒരംശംപോലും പ്രവാസി സമൂഹത്തിന്റെ ക്ഷേമ ത്തിനായി വിനിയോഗിക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഭാരതീയ പ്രവാസി ദിവസ് ഇവിടെ നടക്കുന്നുണ്ട്. അത് സാധാരണ പ്രവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ബി.പി.ഡി. നടത്തുന്നതുപോലെ ഒരു കെ.പി.ഡി. കൂടി നടത്ത

ണം. കേരള പ്രവാസി ദിവസം സംഘടിപ്പിച്ചുകൊണ്ട് ലക്ഷക്കണക്കിന് പ്രവാസികളുടെ സാമ്പത്തികമായ നേട്ടങ്ങളെല്ലാം എങ്ങനെ നമ്മുടെ സ്റ്റേറ്റിന് ഉപയോഗപ്പെടുത്താൻ കഴിയും; നിക്ഷേപ സാധ്യതകൾ എങ്ങനെ ഉപയോഗ പ്പെടുത്താൻ കഴിയും എന്നതിനെക്കുറിച്ചൊക്കെ ആലോചിക്കണം. കേന്ദ്ര ത്തിലൊരു പുതിയ സർക്കാർ രൂപീകരിച്ചപ്പോൾ പോലും പ്രവാസികാര്യ വകുപ്പിനെ പാർശ്വവൽക്കരിക്കപ്പെട്ടു. അപമാനകരമായ അവസ്ഥയുണ്ടായി. കേരളത്തിലെ പ്രവാസികാര്യ വകുപ്പ് അടുത്തകാലത്തുണ്ടായ നിതാഖാത്ത് പോലുള്ള പ്രശ്നങ്ങൾ നിദാന്ത ജാഗ്രതയോടെ പ്രവർത്തിച്ചതിന് അവരെ അഭിനന്ദിക്കാതിരിക്കാൻ ആവില്ല. ഏകദേശം അഞ്ചുലക്ഷം വിദേശ രാജ്യങ്ങ ളിൽ നിൽക്കുന്ന രാജ്യത്തിന്റെ ദേശീയ വിമാന കമ്പനിയായ എയർ ഇന്ത്യ യുടെ കാര്യം ഇവിടെ പറഞ്ഞു. എയർ ഇന്ത്യ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചു കൊണ്ട് ഡിമാന്റിന്റെ പേരിൽ വിലപേശുന്നത് ഈ നാടിന് ഏറ്റവും അധികം വിദേശ നാണ്യം നേടിത്തരുന്ന പ്രവാസികളോടുള്ള ഒരു വെല്ലുവിളിയാണ് എന്നത് വളരെ ഖേദകരമണ്. കേരളത്തിന് സ്വന്തമായി ഒരു വിമാന സർവ്വീസ് എന്ന ആശയം ഇനി നമുക്ക് സ്വപ്നമായിത്തന്നെ നിലനിൽക്കേണ്ടി വരും. ആ സ്വപ്നത്തിന് ചിറക് മുളപ്പിക്കാനുള്ള പരിശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുതന്നെ തുടങ്ങണം. എയർ ഇൻഡ്യയുടെ അനീതിക്കെതിരെ ഒരു സർവ്വകക്ഷിസംഘം കേന്ദ്രസർക്കാരിനെ സമീപിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഏകദേശം അഞ്ചുലക്ഷത്തോളം പ്രവാസികളെ ബാധിക്കുമായിരുന്ന നിയമമാണ് നിതാഖാത്ത് നിയമം. ആ നിയമം വന്നസമ യത്ത് അന്നത്തെ പ്രവാസികാര്യമന്ത്രിയും വിദേശകാര്യ മന്ത്രിയുമൊക്കെ ഇടപെട്ടത് നമുക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. 20835 പേർ

മാത്രമാണ് മടങ്ങിയെത്തിയത്. ബാക്കിയുള്ള അഞ്ചു ലക്ഷത്തോളം പേർ മടങ്ങേണ്ടതായിരുന്നു. അവബോധമില്ലായ്മ കൊണ്ടുമാത്രമണ് 266 പേർക്കുമാത്രം സൗജന്യ ടിക്കറ്റിനെ ലഭിച്ചിട്ടുള്ളു എന്ന് ഇവിടെ പരാമർശിച്ചത്. അതിനെ ആശ്രയിക്കേണ്ടിവന്നു. 266 പേരിൽ 206 പേർ മാത്രമേ അത് ഉപയോഗിച്ചിട്ടുള്ളു. ടിക്കറ്റ് കിട്ടാത്തത് കൊണ്ടല്ല അവർക്ക് അവിടെത്തന്നെ നിൽക്കാനുള്ള സാധ്യത പരിശോധിച്ചുകൊണ്ടാണ് പലരും എംബസിയിലേക്ക് വരാതിരുന്നത്. അതുപോലെ ജയിലിൽ കഴിയുന്ന ഏറെക്കുറെ മലയാളികളുണ്ട്. ഏകദേശം രണ്ടായിരത്തോളം മലയാളികൾ ഇന്നും വിവിധ ജയിലുകളിൽ ഉണ്ടന്നാണ് അറിയാൻ സാധിക്കുന്നത്. അവരെ മോചിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന കാര്യത്തെക്കുറിച്ചാണ് ആലോചിക്കേണ്ടത്. മത്സ്യത്തൊഴിലാളികളെ വെടിവെച്ചു കൊന്ന ഇറ്റാലിയൻകാരെ രക്ഷിക്കാൻ വിദേശകാര്യ മന്ത്രിമാർ ഇൻഡ്യയിലെത്തിയത് നമ്മുടെ മുന്നിലുണ്ട്. നമ്മുടെ രാജ്യത്തിന്റെ പൗരന്മാർ വർഷങ്ങളായി ജയിലിൽ കിടക്കുമ്പോൾ അവരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള വലിയ പരിശ്രമം നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. 1930-കളിൽ സിംഗപ്പൂരിലേക്കും മലേഷ്യയിലേക്കും തുടക്കംകുറിച്ച നമ്മുടെ പ്രവാസി ജീവിതം 60-കളിൽ ഗൾഫിലേക്ക് മാറുകയും 70-കളിൽ മഹാപ്രവാഹമായി പരിണമിക്കുകയും ചെയ്തു. 2011-ലെ ആഗോള സാമ്പത്തികമാന്ദ്യത്തിൽ ചെറിയ തോതിൽ ഒരു മടങ്ങിവരവ് ഉണ്ടായെങ്കിലും ഇപ്പോഴും അതിനെ അതിജീവിച്ചുകൊണ്ടിരിക്കുകയാണ്. ഗൾഫിലെ പ്രവാസികളുടെ തൊഴിൽ മേഖല സാങ്കേതിക വൈദഗ്ദ്ധ്യമുള്ളതായിരുന്നില്ല. പാചകക്കാരനും റൂം ബോയിയും ഡ്രൈവറുമായി ജോലി ചെയ്തിരുന്നവർ ഇപ്പോൾ

ഒരു തിരിച്ചുവരവിന്റെ പാതയിലാണ്. അവർ ചെയ്തിരുന്ന ജോലി കുറഞ്ഞ വേതനത്തിന് ചെയ്യുവാൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് തൊഴിലന്വേഷകർ ഒഴുകിവരികയാണ്. സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരെ കണ്ടെത്തി ഈ മേഖലയെ സമ്പന്നമാക്കാൻ നമുക്ക് ആകണം. ഒരേ കമ്പനിയിൽ നിർമ്മിച്ച കളി കോപ്പുപോലെ രൂപസാദൃശ്യവും ഭാഷാ പരിജ്ഞാനവുമുള്ള ഫിലിപ്പൈൻസ് പോലുള്ള രാജ്യങ്ങളിൽനിന്ന് വരുന്നവരുടെ മുന്നിൽ നമുക്ക് പിടിച്ചു നിൽക്കാൻ കഴിയുന്നില്ല. തൊഴിൽ വകുപ്പ് ആരംഭിക്കുന്ന ഇന്റർനാഷണൽ സ്കിൽ പാർക്കും കമ്മ്യൂണിറ്റി സ്കിൽ പാർക്കും ഏവിയേഷൻ അക്കാഡമിയും സിവിൽ അക്കാഡമി ഫോർ ഓയിൽ ആന്റ് റിഗ്ഗ് – മൊക്കെ ഗുണനിലവാരമുള്ള തൊഴിലന്വേഷകരുടെ സാധ്യത ഉറപ്പുവരുത്തണം. കേരളത്തിലെ സർക്കാർ ഐ.റ്റി.ഐ. കളെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നിലവാരത്തിലേക്ക് ഉയർത്തുവാനുള്ള നീക്കത്തെ അഭിനന്ദിക്കാതിരിക്കരുത്. വിദ്യാർത്ഥികൾക്ക് മൂന്ന് ആഴ്ചയിൽ മൂന്നുദിവസം മുട്ടയും പാലും നൽകാനുള്ള ഒരു നീക്കമുണ്ടെന്ന് അറിഞ്ഞു. ഇത് സ്വാഗതാർഹമാണ്. ഇപ്പോൾ മെക്കാനിക്കൽ ട്രേഡിന് മാത്രം നൽകിയ ഈ ആനുകൂല്യം മറ്റ് ട്രേഡിലെ വിദ്യാർത്ഥികൾക്കുകൂടി നൽകണം. ഒരേ പന്തിയിൽ രണ്ടുവിളമ്പ് ഒരു സ്ഥാപനത്തിൽ പാടില്ല – ഇത് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്. കേരളത്തിലെ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നിയമം കൊണ്ടുവരാനുള്ള നീക്കം സ്വാഗതാർഹമാണ്. ഇത്തരം സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ഒരു ആധികാരിതയുമില്ല. 2012–ൽ ഇതേ സഭയിൽ ഇത്തരം സ്ഥാപനങ്ങൾക്കായി റെഗുലേഷൻ ബിൽ സ്വകാര്യ ബില്ലായി കൊണ്ടുവന്നപ്പോൾ സർക്കാർ ബിൽ കൊണ്ടുവരു

മെന്ന് ബഹുമാനപ്പെട്ട മന്ത്രി അന്ന് ഉറപ്പ് നൽകിയതാണ്. പ്രസ്തുത നിയമ നിർമ്മാണം അടിയന്തരമായി നടപ്പിലാക്കണമെന്ന് അങ്ങയോട് ആവശ്യപ്പെടുകയാണ്. 2022 ആകുമ്പോഴേക്കും 500 ദശലക്ഷം യുവതീ-യുവാക്കളാണ് നമ്മുടെ രാജ്യത്തിനാവശ്യമായി വരുന്നത്. ഒരു കാലഘട്ടത്തിൽ ജനസംഖ്യാ വർദ്ധനവ് ഒരു വലിയ ഭീഷണിയായയാണ് ലോകം കണ്ടതെങ്കിൽ മനുഷ്യ വിഭവശേഷികൊണ്ട് പുരോഗതി കൈവരിക്കാനാകുമെന്ന് ചൈനപോലുള്ള രാഷ്ട്രങ്ങൾ ഇപ്പോൾ തെളിയിക്കുകയാണ്. ചൈനപോലുള്ള രാഷ്ട്രങ്ങൾ തെളിയിക്കുന്നത് മനുഷ്യന്റെ ജനസംഖ്യാശക്തികൊണ്ടുതന്നെ ഒരു രാഷ്ട്രത്തെ സമ്പന്നമാക്കാൻ കഴിയുമെന്നതാണ്. നമുക്കും ഈ മാതൃക കൊണ്ടുവരണം. ഈ രംഗത്ത് കേരളത്തിലെ വിദഗ്ദ്ധ തൊഴിലാളികളെ സൃഷ്ടിക്കുന്നതിന് നിർമ്മാണ മേഖലയിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് വരുന്നു എന്നത് സ്വാഗതാർഹമാണ്. അത് അന്താരാഷ്ട്ര നിലവാരത്തിലുള്ളതായിരിക്കണം. ലോകത്തിന്റെ ഏത് കോണിലുംപോയി മലയാളിക്ക് ജോലി ചെയ്യാൻ കഴിയുന്നവിധം അവരെ വളർത്തിക്കൊണ്ടുവന്ന് ഈ മനുഷ്യവിഭവശേഷികൊണ്ട് നേടാവുന്നതൊക്കെ നേടണം. മനുഷ്യവിഭവശേഷികൊണ്ട് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടുന്ന ഒന്നാമത്തെ രാജ്യം ഇൻഡ്യയാണ്. രണ്ടാം സ്ഥാനത്താണ് ചൈന നിൽക്കുന്നത്. പക്ഷേ, ഈ മനുഷ്യ വിഭവശേഷിയെ നന്നായി വിനിയോഗിച്ചാൽ നമ്മുടെ രാഷ്ട്രത്തിന് പിടിച്ചുനിൽക്കാൻ കഴിയുന്ന വലിയ സാമ്പത്തിക ശക്തിയായി ഈ പ്രവാസത്തെ മാറ്റാൻ നമുക്കാകും. തൊഴിലാളി കേരളീയനായാലും മറുനാടനായാലും അവർക്കാവശ്യമായ സുരക്ഷ ഉറപ്പാക്കാൻ കഴിയണം. അന്യസംസ്ഥാന തൊഴിലാളികളുടെ ഒരു പ്രവാഹമാണ് ഇപ്പോൾ കേരളത്തിലുള്ളത്. കേരളത്തിൽനിന്ന് ആസ്സാമി

ലേക്ക് റോഡ് പണിക്കുപോയ മലയാളിയെക്കുറിച്ച് 'ആസാംപണിക്കാ'ർ എന്ന പേരിൽ ഒരു കവിതതന്നെ വൈലോപ്പള്ളി രചിച്ചിട്ടുണ്ട്. ആ കാലഘട്ടം അതായിരുന്നു. അന്നത്തെ മലയാളിയുടെ സ്ഥാനത്ത് ഇന്ന് കേരളത്തിലേക്ക് ഒഴുകുന്നത് ബംഗാളിയും ബീഹാറിയുമാണ്. ഇവർക്കായി ബി.ഒ.റ്റി. മാതൃക യിൽ ഒരു പാർപ്പിട സൗകര്യമൊരുക്കാൻ സർക്കാർ ക്ഷേമനിധി ബോർഡു മായി ആഗ്രഹിക്കുന്നു എന്നത് അഭിനന്ദനാർഹമാണ്. ഇത്തരം തൊഴിലാളിക ളിൽ ക്രിമിനൽ സ്വഭാവമുള്ളവരല്ലെന്ന് തെളിയിക്കാൻ മതിയായ രേഖ കളോടുകൂടിയ ഒരു രജിസ്ട്രേഷൻ നിർബന്ധമാണ്. തൊഴിലാളിയുടെ വേത നംതന്നെ ഇൻഡ്യയിൽ ഏറ്റവും മികച്ചത് ഇപ്പോൾ കേരളത്തിലാണ്. കേരള ത്തിൽ 345.14 രൂപയാണ് ശരാശരി വേതനം, എന്നാൽ ഗുജറാത്താകട്ടെ നിൽക്കുന്നത് 26–ാം സ്ഥാനത്താണ് – 115.7 രൂപ മാത്രം. അതുകൊണ്ടാണ് കേരളത്തിലേക്ക് ഈ ഒഴുക്കുണ്ടാകുന്നത്. 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിലുണ്ട്. പ്രതിവർഷം 235000 പേരാണ് ഒരു വർഷ മെത്തുന്നത്. 235000 –ത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തി ലെത്തുന്നു. ഇപ്പോൾ 25 ലക്ഷം പേരുണ്ട്. ഇവരിൽ നേരത്തെ പറഞ്ഞതു പോലെ നിയമാനുസൃതം ഇതുവരെ പേര് രജിസ്റ്റർ ചെയ്തവർ 35062 പേർ മാത്രമാണ്. ഏകദേശം ഇരുപത്തിനാലര ലക്ഷത്തോളം അന്യ സംസ്ഥാന തൊഴിലാളികൾ പേര് രജിസ്റ്റർ ചെയ്യുകയോ അവരാരാണെന്നോ അവർ എവിടെയൊക്കെ താമസിക്കുന്നുവെന്നോ ഉള്ള യാതൊരു വിവരവും നമ്മുടെ കയ്യിലില്ല എന്നതാണ് ഏറ്റവും ഖേദകരമായ യാഥാർത്ഥ്യം. ഒരു അന്യ സംസ്ഥാന തൊഴിലാളി പ്രതിവർഷം 70,000 രൂപ കൈപ്പറ്റുന്നു എന്നാണ്

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ഒരു പഠനത്തിലൂടെ തെളിയിച്ചത്. ഇവർക്കായി ഒരു നിയമനിർമ്മാണം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്. അതോടൊപ്പംതന്നെയാണ് ഒരു കാലാവസ്ഥാ വ്യതിയാനം – വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളിൽ ഉണ്ടാകുന്ന ആഘാതം വളരെ വലുതാണ്. ഈ ആഘാതത്തിൽനിന്ന് വിദേശ രാഷ്ട്രങ്ങളിൽ തൊഴിൽ സമയങ്ങളിൽ വളരെ വലിയ മാറ്റങ്ങൾ വരുത്തിക്കഴിഞ്ഞു. കേരളത്തിലും കൊടുംചൂടിനെ അതിജീവിക്കാനാകും വിധം തൊഴിൽ സമയങ്ങളിൽ ക്രമീകരണമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. ബംഗാളിലും ബീഹാറിലും ത്രിപുരയിലുമൊക്കെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ ഭരിച്ചിട്ടുപോലും പാവപ്പെട്ട തൊഴിലാളികളടക്കമുള്ള അടിസ്ഥാന വിഭാഗത്തിന്റെ ജീവിതനിലവാരം ഉയർത്താൻ സാധിച്ചിട്ടില്ല. സി.പി.ഐ. (എം.) അടക്കമുള്ള കക്ഷികളോടുള്ള ജനങ്ങളുടെ വിദ്വേഷമായിരിക്കാം ഈ സംസ്ഥാനങ്ങളിലൊക്കെ അപകടകരമയ പ്രതികരണങ്ങളുണ്ടാക്കിയത്. ബി.ജെ.പി.യുടെ നേതൃത്വത്തിൽ ഒരു സർക്കാർ അധികാരത്തിൽ വന്നത് മതേതര ഇൻഡ്യയ്ക്ക് ഒരിക്കലും ഗുണകരമല്ല നമുക്കെല്ലാവർക്കുമറിയാം. കേരളത്തിന്റെ രാഷ്ട്രീയ മാതൃക കൈക്കൊള്ളാൻ നമുക്ക് ഈ രാജ്യത്ത് മറ്റു സംസ്ഥാനങ്ങളിലുണ്ടായിരുന്നു എങ്കിൽ ഈ ദുർഗതി ഭവിക്കുമായിരുന്നില്ല. എന്താണ് കേരളത്തിലെ മാതൃക? കേരളത്തിലാകെ ജനസംഖ്യയോളം മുസ്ലീം ന്യൂനപക്ഷമുള്ള യു.പി.യിൽ ബി.ജെ.പി. തൂത്തുവാരി. കാരണം അവിടത്തെ ന്യൂനപക്ഷ രാഷ്ട്രീയത്തിന് കൃത്യമായ ദിശാബോധമുണ്ടായില്ല. കേരളത്തിലെ മതേതരശക്തികൾക്ക് മധുരമായ മന്ദസ്മിതം പൊഴിക്കാൻ ആയത് കേരളത്തിലെ ന്യൂനപക്ഷ വോട്ടുകളുടെ ബുദ്ധിപരമായ വിനിയോഗം ഒന്നുകൊണ്ടുമാത്രമാണ്. അതിന് ഇൻഡ്യൻ

യൂണിയൻ മുസ്ലീംലീഗിനോടാണ് കേരളീയജനത കടപ്പെടേണ്ടത് എന്നേ എനിക്ക് പറയാനുള്ളൂ. ബുദ്ധിപരമായി കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ മതേതര വോട്ടുകളെ ഏകോപിപ്പിച്ച് അത് മതേതരകക്ഷികൾക്ക് നൽകാൻ കഴിയുന്ന തരത്തിലുള്ള ഒരു രാഷ്ട്രീയ അവബോധം കേരളത്തിൽ ഉണ്ടാക്കി നേട്ടങ്ങളുണ്ടാക്കി. തൊട്ടടുത്ത തമിഴ്നാട്ടിൽ അല്പം മെച്ചപ്പെട്ട അവസ്ഥയുണ്ടാക്കി അവിടെയും നമുക്കറിയാം മതേതര കക്ഷിയുടെ കയ്യിൽത്തന്നെയാണ് സംസ്ഥാനം നിൽക്കുന്നത്. ഈ നേട്ടത്തെ ചെറുതായി കാണാൻ കഴിയില്ല. ഇൻഡ്യയിലെ മഹാഭൂരിപക്ഷംവരുന്ന മതേതരശക്തികളോടൊപ്പം ചേർത്തുനിർത്തി സുരക്ഷിതബോധം ഉണ്ടാക്കുന്നതിനുപകരം ന്യൂനപക്ഷങ്ങളെ വികാരജീവികളാക്കി മാറ്റി തീവ്രവാദവും വർഗ്ഗീയതയും അവരിൽ സന്നിവേശിപ്പിക്കുവാൻ ശ്രമിക്കുന്ന ശക്തികളുടെ കയ്യിലേക്ക് ഉത്തരേൻഡ്യയിലെ ന്യൂനപക്ഷങ്ങളെ നൽകാതിരിക്കാനുള്ള മതേതരശക്തികളുടെ ജാഗ്രതയാണ് ഇൻഡ്യയ്ക്കാവശ്യം.

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട രണ്ടത്താണി ഇങ്ങനെ നോൺ സ്റ്റോപ്പായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഞാൻ അദ്ദേഹത്തോട് ചോദിക്കാനുദ്ദേശിച്ചത് പ്രവാസികളുടെ കാര്യത്തെക്കുറിച്ചാണ്. കേന്ദ്ര പ്രവാസികാര്യ വകുപ്പുമന്ത്രിയായി ക്യാബിനറ്റ് റാങ്കുള്ള ശ്രീ. വയലാർജിയും വിദേശകാര്യ സഹമന്ത്രിയായി ശ്രീ. ഇ. അഹമ്മദ് സാഹിബും ഡൽഹിയിലുണ്ടായിരുന്നു. ശ്രീ. എ.കെ. ആന്റണിയുടെ കൈത്താങ്ങും ഉണ്ടായിരുന്ന ആ കാലഘട്ടത്തിൽ നടക്കാത്ത കാര്യങ്ങൾ ബഹുമാനപ്പെട്ട കെ.സി. ജോസഫിനോടുപറഞ്ഞ് നടപ്പാക്കാൻ കഴിയുമെന്ന് അങ്ങ് വിചാരിക്കുന്നുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ആ കാലഘട്ടത്തിലും വളരെ കൃത്യമായി കാര്യങ്ങൾ നടത്താൻ കഴിഞ്ഞു എന്നാണ് ഞാനിവിടെ പറഞ്ഞത്. നിതാഖത്ത് പോലെയുള്ള കാര്യങ്ങളിൽ അന്ന് ഇടപെട്ടതു പോലെ, ഇപ്പോൾ ഇറാഖിൽ യുദ്ധം നടക്കുന്നു. അവിടത്തെ സർക്കാർ വിരുദ്ധ ശക്തികളാണ് ഇന്ന് രാജ്യത്തിന്റെ ഭരണവുമായി മുന്നോട്ടു പോകുന്നത്. ഇറാഖിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലങ്ങൾ, പെട്രോളിയം ഫാക്ടറി അടക്കം പിടിച്ചുകഴിഞ്ഞു. അവർമുന്നോട്ടു നീങ്ങി തലസ്ഥാന നഗരിയിലേയ്ക്ക് എത്തുകയാണ്. നമ്മുടെ രാജ്യം ഇറാഖി ഗവൺമെന്റിന് അനുകൂലമായ നയമാണ് എടുത്തിരിക്കുന്നത്. അവിടെ 18000 ഇന്ത്യാക്കാരുണ്ട്. ഇന്ന് ഔദ്യോഗികമായി വന്ന കണക്ക് 18000 എന്നാണ്. 50,000 എന്നും പറയുന്നു. എണ്ണം എത്രയോ ആകട്ടെ. അതിൽ മഹാഭൂരി പക്ഷവും നഴ്സുമാരടക്കമുള്ള മലയാളികളാണ്. മുൻ അംബാസിഡർ ശ്രീ. സുരേന്ദ്രറെഡ്ഡി ഇന്ന് ഇറാഖിലേയ്ക്ക് പോയിട്ടുണ്ടെന്നാണ് അറിയുന്നത്. പക്ഷേ ഈ വിഷയയത്തിൽ ഏറ്റവും കൂടുതൽ ഇടപെടേണ്ടത് കേരളമാണ്. അന്ന് ശ്രീ. ഇ. അഹമ്മദ് സാഹിബും, ശ്രീ. വയലാർ രവിയുമൊക്കെ കേന്ദ്രത്തിൽ ഉണ്ടായിരുന്നതുകൊണ്ട് ഇവിടെ നമുക്കൊരിക്കലും വലിയ പ്രയാസങ്ങളുണ്ടാകുമായിരുന്നില്ല. അവർ സന്ദർഭത്തിനൊത്തുയർന്ന് പ്രവർത്തിച്ചിരുന്നു എന്നതാണ് നിതാഖത്ത് പോലെയുള്ള വിഷയങ്ങളിൽ നമുക്ക് കാണാൻ സാധിച്ചത്. ഇപ്പോൾ കേരള സർക്കാർ പ്രത്യേകമായി ഇക്കാര്യം ശ്രദ്ധിക്കണമെന്ന് പറയാനുള്ള കാരണവുമതാണ്. എന്റെ

പ്രസംഗത്തിലേയ്ക്ക് വരികയാണ്. പ്രവാസികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ് പ്രൊഫഷണൽ കോളേജുകളിൽ പ്രവാസികൾക്കുവേണ്ടി സംവരണ സീറ്റുകൾ നല്കിയത്. പ്രൊഫഷണൽ കോളേജുകളിൽ പ്രവാസികൾക്കായി സംവരണം ചെയ്ത സീറ്റുകളിൽ അമിത ഫീസാണ് ഈടാക്കുന്നത്. പ്രവാസികൾ വലിയ കോടീശ്വരന്മാരല്ല. കേരളത്തിലെ ഒരു ഹയർ സെക്കണ്ടറി ടീച്ചർ വാങ്ങുന്ന ശമ്പളംപോലും ഒരു പ്രവാസി വാങ്ങുന്നില്ല. ഈ പ്രവാസിക്കെങ്ങനെയാണ് സംവരണം എന്നുപറഞ്ഞ് ഭീമമായ തുക നൽകാൻ കഴിയുന്നത്. അതുകൊണ്ട് സംവരണം എന്ന പേരിൽ അവരിൽനിന്നും അമിത ഫീസ് ഈടാക്കുന്നത് നിർത്തണമെന്ന് കേരള സർക്കാരിനോട് ആവശ്യപ്പെടുകയാണ്. അതോടൊപ്പംതന്നെ ഭവന നിർമ്മാണ പദ്ധതികൾ – മക്കളുടെ വിദ്യാഭ്യാസ സുരക്ഷ, അടിസ്ഥാന സൗകര്യങ്ങൾ ഇതിനൊക്കെ സാഹചര്യമുണ്ടാകുന്ന വിധം പ്രവാസികൾക്കു മാത്രമുള്ള ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ഞാൻ ചുരുക്കുകയാണ്. നമ്മുടെ സംസ്ക്കാരവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിഷയമാണ് അടുത്ത തായി പറയാനുള്ളത്. ഈ അടുത്ത കാലത്ത്, നിയമസഭയുടെ പ്രവാസി ക്ഷേമ സമിതി വിവിധ സ്റ്റേറ്റുകളിൽ സന്ദർശനം നടത്തിയപ്പോൾ ആൻഡമാനിൽ വച്ചുണ്ടായ ഒരനുഭവം പറയാം. ആൻഡമാനിലെ മലയാളികൾ എന്നുപറയുന്നത് രാജ്യത്തിന്റെ സ്വാതന്ത്ര്യ സമര പോരാട്ടത്തിൽ നാടുകടത്തപ്പെട്ടവരാണ്. ഇന്ന് മലയാള ഭാഷ സംസാരിക്കാൻ കഴിയാത്തവരായി പുതിയ തലമുറ മാറിക്കൊണ്ടിരിക്കുന്നു.

അവർ മലയാള ഭാഷ പഠിക്കുന്നത് മദ്രസാ വിദ്യാഭ്യാസത്തിലൂടെ മാത്രമാണ്. 'ഞങ്ങൾക്ക് നിങ്ങൾ ഒന്നും നല്കേണ്ട, ഞങ്ങൾക്കിവിടെ ജീവിക്കാനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ട്. പക്ഷേ ഞങ്ങളുടെ പ്രിയപ്പെട്ട ഭാഷ ഞങ്ങൾക്ക് നഷ്ടപ്പെടുകയാണ്. പുതിയ തലമുറയ്ക്കത് പഠിക്കാൻ കഴിയുന്നില്ല. കേരള സർക്കാർ ഇടപെട്ട് ഞങ്ങൾക്ക് മലയാള ഭാഷ പഠിക്കാനുള്ള ഒരവസരം ഒരുക്കിത്തരണമെന്നാണ്' അവർ പറഞ്ഞത്. അവിടത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുപോലും മലപ്പുറത്തുനിന്ന് പഴയകാലത്ത് നാടുകടത്തപ്പെട്ട കുടുംബത്തിലെ ഒരു പെൺകുട്ടിയാണ്. ഞാൻ പറയുന്നത്, ഈ രംഗത്തെല്ലാം ഇടപെടാൻ സാധിക്കണം. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. പ്രവാസി മലയാളികളുടെ കാര്യത്തിൽ വളരെയേറെ ഇടപെടലുകൾ നടത്താൻ നമ്മുടെ നിയമസഭയ്ക്കും നിയമസഭാ സമിതിക്കും കഴിയുന്നുണ്ട്. പക്ഷേ പ്രവാസി മലയാളികളുള്ള വിദേശ രാജ്യങ്ങളിൽപോയി അവിടെയുള്ള മലയാളി സംഘടനകളുമായി ആശയവിനിമയം നടത്തി അവരുടെ വിഷയങ്ങൾ എന്താണെന്ന് പഠിച്ച് നിയമസഭയിൽ സമർപ്പിക്കാൻ കഴിയുന്ന ഒരന്തരീക്ഷം നിയമസഭാ കമ്മിറ്റിക്കില്ല. ആ കമ്മിറ്റിക്ക് സാമ്പത്തിക സഹായം നല്കണമെന്ന് പറയുന്നില്ല. അതിനുള്ള മുഴുവൻ സാമ്പത്തികച്ചെലവും വഹിക്കാൻ വിദേശത്തുള്ള മലയാളി സംഘടനകൾ തയ്യാറാണ്. പക്ഷേ ഔദ്യോഗിക മായി വരാനുള്ള ഒരനുമതി നൽകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം എന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട മന്ത്രിയോട് ആദ്യം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, എന്റെ മണ്ഡലമായ വടകര തൊഴിലാളികൾ വളരെയേറെയുള്ള ഒരു പ്രദേശമാണ്. കെട്ടിട നിർമ്മാണത്തൊഴിലാളികൾ, അവരുടെ വിവിധ സംഘടനകൾ, റൂറൽ എസ്.പി. ഓഫീസ്, റൂറൽ ആർ. ടി. ഓഫീസ് ഇതെല്ലാമുള്ളൊരു പ്രദേശത്ത് ഇ.എസ്.ഐ.- യുടെ സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുന്നതിനായി അവിടെ ഒരു ആശുപത്രി പ്രവർത്തനമാരംഭിക്കാൻ മന്ത്രി അനുവാദം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. സാധാരണയുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നം, നമ്മുടെ നാട്ടിൽ ഇന്ന് നാളികേരത്തിന് സാമാന്യം നല്ല വിലയുണ്ട്. പക്ഷേ തേങ്ങയിടാൻ ആളെ കിട്ടുന്നില്ല. അതിനൊരു കാരണം തേങ്ങയിടാൻ പോകുന്ന അവസരത്തിൽ അപകടമുണ്ടായാൽ ആ ആളിന് എന്ത് സംരക്ഷണമാണ് കിട്ടുന്നത്; ജീവിതകാലം മുഴുവൻ ആ തൊഴിലാളി അപകടത്തിൽതന്നെയാണ്. വിവാഹം കഴിച്ച ആളാണെങ്കിൽ ഭാര്യയും മക്കളുമെല്ലാം ജീവിതാവസാനംവരെ അദ്ദേഹത്തെ ശുശ്രൂഷിക്കേണ്ടതായി വരുന്നു. ഇത് മറ്റൊരു മേഖലയിലും ഇല്ല. അപ്പോൾ അത് മനസ്സിലാക്കി ജീവിതകാലം മുഴുവൻ അവരെ രക്ഷിക്കാനാവശ്യമായ സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. നമ്മുടെ നാട്ടിലുള്ള പഴയകാല തൊഴിലാളികൾ - ചുരുട്ട് തൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ എന്നിവർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. ഒരു മാസം പെൻഷൻ ലഭിച്ചില്ലെങ്കിൽ ചായ കുടിക്കാൻ ബുദ്ധിമുട്ടുന്ന ചുരുട്ട് തൊഴിലാളികളുണ്ട്. ചുരുട്ട് തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നതിനുവേണ്ടി പരിശ്രമിച്ച ഒരാളായിരുന്നു ഞാൻ. പക്ഷേ ഒന്നോ രണ്ടോ മാസം പെൻഷൻ ലഭിക്കാതിരുന്നാൽ എങ്ങനെയെങ്കിലും എന്റെ വീട്ടിൽവന്ന് എന്നെ

കണ്ടുപിടിച്ച് ഞങ്ങൾക്ക് പെൻഷൻ ലഭിക്കുന്നില്ല എന്നുപറയുന്ന പാവങ്ങളേയും എനിക്കറിയാം. നമ്മുടെ നാട്ടിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുണ്ട്. ആ കുട്ടികളുടെ അമ്മമാർ വല്ലാതെ അവഗണിക്കപ്പെടുന്നുണ്ട്. എന്നോട് ഒരമ്മ വന്നു പറഞ്ഞു, അവർക്ക് ബുദ്ധിമാന്ദ്യമുള്ള ഒരു കുട്ടിയാണ് ജനിച്ചത്. ഭർത്താവും ഭർത്താവിന്റെ കുടുംബവും ഇവരെ ശ്രദ്ധിക്കുന്നില്ല, ആ അമ്മ ആകെ നിരാശയിലാണ്. ഗ്രാഡ്വേറ്റാണ്. അവർക്ക് ഒരു തൊഴിലുവേണം. അവർക്ക് ജീവിക്കാൻ വേറൊരു മാർഗ്ഗവുമില്ല. സാധാരണ തൊഴിലാളി കുടുംബത്തിൽപ്പെട്ട പാവങ്ങളാണ്. അപ്പോൾ വികലാംഗർക്ക് നൽകുന്ന പരിഗണന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ അമ്മമാർക്ക് നൽകാൻ നമ്മൾ സന്നദ്ധമാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട രണ്ടത്താണി പറഞ്ഞ ഒരു കാര്യം, അങ്ങനെ ഒരു സമീപനം വേണോ; നമ്മൾ ഇന്ത്യാരാജ്യത്ത് കഴിഞ്ഞകാലത്ത് ഭൂരിപക്ഷ വർഗ്ഗീയതയെ ശക്തമായി എതിർത്തിരുന്നു. ഉദാഹരണത്തിന്, ബാബ്റി മസ്ജിദ് തകർക്കപ്പെട്ട സംഭവം വന്നപ്പോൾ വി.പി.സിംഗ്, ശ്രീ. ഹർകിഷൻ സിംഗ് സുർജിത്, ശ്രീ. എ. ബി. ബർദാൻ എന്നിവരുടെ നേതൃത്വത്തിലാണ് വലിയ പ്രക്ഷോഭങ്ങൾ നടത്തിയത്. ഇവരുടെ നേതൃത്വത്തിൽ ലഖ്നൗവിൽ നിന്ന് ഫൈസാബാദിലെത്തി സമരം നടത്തിയതിന് അവരെ അറസ്റ്റുചെയ്തു. ബാബ്റി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ വി. പി. സിംഗിന്റെ ഗവൺമെന്റ് പോയി. മതസൗഹാർദ്ദം സംരക്ഷിക്കുന്നില്ലെങ്കിൽ ഒരു ഗവൺമെന്റിനെ സംരക്ഷിക്കാമായിരുന്നു. നമ്മൾ ഇത്തരം സമീപനമെടുക്കുമ്പോൾ ഇന്ത്യയിലിന്ന് അധികാരത്തിൽ വന്ന ഗവൺമെന്റ് ന്യൂനപക്ഷ വിരുദ്ധ നിലപാടുകൾ സ്വീകരിക്കുമെങ്കിൽ ഈ രാജ്യത്തിലെ സാമാന്യ ജനങ്ങളെ അണിനിരത്തിക്കൊണ്ട് ഇവിടത്തെ

ജനാധിപത്യ പ്രസ്ഥാനങ്ങളാണ് അതിനെതിരായിട്ടുള്ള പോരാട്ടങ്ങളുടെ മുൻപന്തിയിൽ നില്ക്കേണ്ടത്. ആ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ നമ്മുടെ രാജ്യത്തെ ന്യൂനപക്ഷങ്ങളെ എങ്ങനെ അണിനിരത്താൻ സാധിക്കും എന്നതാണ് പ്രശ്നം. അല്ലാതെ വേറൊരു തരത്തിൽ ആ പ്രശ്നത്തെ സമീപിക്കേണ്ട ആവശ്യമില്ല. കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇപ്പോൾ ഇറാഖിലുള്ളതുപോലെ മുമ്പ് വിദേശ മലയാളി കൾക്ക് പ്രശ്നം വന്നിരുന്നു. അന്ന് ബഹുമാനപ്പെട്ട മന്ത്രി കെ.സി. ജോസഫ് വിദേശത്ത് പോയിരുന്നു. താങ്കൾ പോകേണ്ട ഒരവസരം വീണ്ടും വന്നിരിക്കുന്നു. ഇപ്പോൾ ശ്രീ. രണ്ടത്താണി പറഞ്ഞു ധാരാളം മല യാളികൾ അവിടെ ഭീഷണിയിലാണെന്ന്. എവിടെ പോകുന്നു എന്നല്ല....... അതിന്റെ ചുമതല വഹിക്കുന്ന മന്ത്രി എന്നുള്ള നിലയ്ക്ക് കടമകൾ നിറവേറ്റാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധനാകേണ്ട അവസരമാണ്. താങ്കൾ ഇറാഖിലാണെങ്കിൽ അവിടെ പോയി മലയാളികളെ സംരക്ഷിക്കാനുള്ള നടപടികൾക്ക് നേതൃത്വം കൊടുക്കാനുള്ള അവസരമായി. ചുമതല വഹിക്കുന്ന മന്ത്രിയോടാണ് പറയുന്നത്. ഇത് തമാശയ്ക്കെടുക്കാൻ സാധിക്കില്ല. നഴ്സുമാർ ജോലിയെടുക്കുന്ന മുറിയിൽ നിന്നാണ് മറ്റ് പ്രദേശങ്ങൾ കാണാൻ കഴിയുന്നില്ല എന്ന നിലയിലുള്ള അഭിപ്രായങ്ങൾ പത്രത്തിൽ വന്നത്. ആളുകളെ തട്ടിക്കൊണ്ടുപോയതിൽ മലയാളികളുണ്ടോ എന്നുള്ളത് പറയാൻ സാധിക്കില്ല. അവരെ രക്ഷിക്കണ്ടേ; ഇന്ത്യക്കാരുടെ കൂട്ടത്തിൽ നിശ്ചയമായും മലയാളികൾ ഉണ്ടാകും. സാധാരണ നിലയിലുള്ള അംഗീകാരമില്ലാതെ ഇറാഖിലേയ്ക്ക് കടന്നവരുണ്ട്. അവരെയും രക്ഷിക്കാൻ നമുക്ക് സാധിക്കണം. അതൊരു ചെറിയ പ്രശ്ന മെന്നുള്ള നിലയിൽ കൈകാര്യം ചെയ്താൽ .......

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, മന്ത്രി പോകുന്ന കാര്യം തീർച്ചയാണ്. മന്ത്രിയോടൊപ്പം അങ്ങുൾപ്പെടെയുള്ള അസംബ്ലി കമ്മിറ്റി പോകുന്നതിനെക്കുറിച്ച് എന്താണഭിപ്രായം?

ശ്രീ. സി.കെ. നാണു: ഞാൻ ഇക്കാര്യം തമാശയ്ക്ക് പറഞ്ഞതല്ല. സൗദിയിൽ ഒരു പ്രശ്നമുണ്ടായപ്പോൾ ഇവിടെയൊരു ആക്ഷേപമുണ്ടായി. നിങ്ങൾ അത് ഓർക്കുന്നുണ്ടാകും. സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധി പോയില്ല എന്നുപറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടാകും. സൗദിയിൽ പോകുന്നതിനുമുമ്പ് ഒരു സ്ഥലത്തുപോയി പിറ്റേ ദിവസം സൗദിയിൽ വന്നു. ഇറാഖിലെ മലയാളികൾ ഭീഷണിയിലാണ്. അവിടത്തെ മലയാളികളെ സംരക്ഷിക്കാൻ നിയമസഭയിൽ പറയാൻ സാധിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയോട് മാത്രമാണ്. ഇക്കാര്യത്തിൽ താങ്കൾ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇപ്പോൾ വിദേശത്ത് ജോലി ചെയ്തുകൊണ്ടിരുന്ന ഗൾഫ് മലയാളികൾ നാട്ടിൽ വരുമ്പോൾ പറയുന്നത് അവർക്ക് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന വരുമാനമല്ല ഇപ്പോൾ കിട്ടുന്നത് എന്നാണ്. വരുമാനം കുറവായതുകൊണ്ടാണ് അവർ നാട്ടിലേക്ക് മടങ്ങുന്നത്. ആ അവസരത്തിൽ വിമാന കമ്പനികൾ യാത്രാ ചാർജ് വർദ്ധിപ്പിച്ചു. ആ ചാർജ് കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. സമയമില്ലാതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. നമ്മുടെ നാട്ടിലെ പട്ടിണി മാറ്റുന്നതിൽ ഒരു പ്രധാന പങ്ക് തൊഴിലുറപ്പ് പദ്ധതി വഹിക്കുന്നുണ്ട്. അതിൽ അവർക്ക് ലഭിക്കുന്ന ദിവസ വരുമാനം വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. അതുപോലെ തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരുന്നതായി ചില മീറ്റിംഗുകളിൽ

പരാതികൾ വന്നിട്ടുണ്ട്. തൊഴിൽ ദിനങ്ങൾ മിനിമം 200-ലെങ്കിലും എത്തിക്കാനായാൽ സാമാന്യം നല്ല വരുമാനം അവർക്ക് ലഭിക്കും. ആ നിലയിൽ അതിനെ കൊണ്ടുപോകാൻ സാധിക്കും. ഞാൻ പ്രസംഗം കൂടുതൽ ദീർഘിപ്പിക്കുന്നില്ല. വെറൊരു കാര്യം, കെ.എസ്.ആർ.ടി. ജീവനക്കുടെ പെൻഷനെ സംബന്ധിച്ചാണ്. അതൊരു പ്രധാന പ്രശ്നമാണ്. അതിനെ കുറച്ചുകാലമായി നമ്മൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനുള്ള പരിഹാരമാർഗ്ഗം എങ്ങനെ കാണും. മറ്റുള്ള സംസ്ഥാനങ്ങളിൽ 3 മാസം ചേരുന്ന അവസരത്തിൽ സർക്കാരിനുവേണ്ടി കെ.എസ്.ആർ.ടി.സി. ബസിൽ സൗജന്യയാത്ര അനുവദിക്കുന്നതിന്റെ ചാർജ് സ്റ്റേറ്റ് ഗവൺമെന്റ് കെ.എസ്.ആർ.ടി.–ക്ക് കൊടുക്കുന്നു. ഇവിടെ അത് കൊടുക്കുന്നില്ല. സംസ്ഥാന ഗവൺമെന്റ് കെ.എസ്.ആർ.ടി..സി.യിലെ ജീവന ക്കാർക്ക്..................

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കേരളത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും ഒരു പോലെ കൺസേൺഡായിട്ടുള്ള ഒരു ഇഷ്യൂ ആണിത്. അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നുകൊണ്ട് പ്രശ്നങ്ങൾ അറിയാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഗതാഗതവകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ ഇത് പറഞ്ഞാൽ പോരെ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇത് ധനാഭ്യർത്ഥന ചർച്ചയല്ല, പ്രസംഗത്തിനിടയിലുള്ള പരാമർശമാണ്. ധനാഭ്യർത്ഥന ചർച്ചയ്ക്കായി ഈ വിഷയം വേറൊരു ദിവസം ഉണ്ടാകും. നമ്മൾ അതിനുവേണ്ടി എല്ലാ

ശ്രമങ്ങളും നടത്തുന്നുണ്ട്. ഏകദേശം വിജയത്തിന്റെ വക്കിൽ വന്നു നിൽക്കുകയാണ്. അതിൽ അങ്ങയുടെ കൂടി സഹകരണമുണ്ടായാൽ മതിയാകും. നമുക്ക് ആ വകുപ്പിനെ നന്നാക്കിയെടുക്കാൻ സാധിക്കുന്നതാണ്.

ശ്രീ. സി.കെ. നാണു: ഞാൻ പറയുന്നത് പെൻഷന്റെ കാര്യത്തിൽ... ............കാരണം എന്റെ സഹോദരി ഭർത്താവ് ഒരു കെ.എസ്.ആർ.ടി.സി. പെൻഷണറായതുകൊണ്ട് എന്റെ കുടുംബത്തെ ബാധിക്കുന്ന പ്രശ്നമാണ്. ഒരു മാസം പെൻഷൻ ലഭിച്ചില്ലെങ്കിൽ ഇതുപോലെ ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളുണ്ട്. അവർക്കും പെൻഷൻ കൊടുക്കണം. കുറേ കാലമായി ഞാനടക്കം നമ്മൾ എല്ലാം പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ വിമുഖത കാണിക്കുന്നുണ്ട്. അതിന് സംസ്ഥാന ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ടുന്ന ഫണ്ട് ലഭിക്കണം. ഒരു വലിയ പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് പെൻഷൻ കൊടുക്കാനുള്ള ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിനുണ്ട്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രിയടക്കം ആ നിർദ്ദേശം നൽകാനും അതിനുവേണ്ടി പരിശ്രമിക്കാനുമുള്ള ചുമതലയുണ്ട്. അനേകം തൊഴിലാളികളുടെ കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നമെന്നുള്ള നിലയിൽ തൊഴിൽ വകുപ്പുമന്ത്രിക്കും ഇക്കാര്യത്തിൽ പ്രധാന പങ്കുണ്ട്. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പി.സി. ജോർജ്: സർ, ഇവിടെ സംസാരിച്ച പ്രതിപക്ഷ അംഗങ്ങൾ പോലും അനുകൂലിച്ച് പ്രതികൂലിച്ച ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കാതിരിക്കേണ്ട കാര്യമില്ലയെന്നുതന്നെയാണ് എന്റെ അഭിപ്രായം. കാരണം ഇവിടെ സംസാരിച്ച ശ്രീ. സി.കെ. നാണു എത്രയോ സൗമ്യമായാണ് സംസാരിച്ചത്. അദ്ദേഹം തുടങ്ങിവച്ചത് തൊഴിലാളികളുടെ പെൻഷന്റെ

കാര്യംപറഞ്ഞാണ്. 5 വർഷം കൊണ്ട് തൊഴിലാളികളുടെ പെൻഷൻ 150 രൂപയായിരുന്നതിനെ 300 രൂപ ആക്കിയത് ശ്രീ. എ.കെ. ബാലന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ തൊഴിൽ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മൂന്നു കൊല്ലം കൊണ്ട് ആ പെൻഷൻ 600 രൂപ ആക്കി എന്ന കാര്യം അറിയാമായിരുന്നിട്ടും ശ്രീ. സി.കെ. നാണു മിണ്ടാതിരുന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നു. ആ പെൻഷൻ കൃത്യമായി കൊടുക്കുന്നുമുണ്ട്. അതുകൊണ്ടാണ് പ്രതിപക്ഷത്തു നിന്ന് ഒരു അറ്റാക്ക് ഇല്ലാതെ ഈ വകുപ്പുകളെപ്പറ്റി സംസാരിക്കുന്നത്. അതും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ ചരിത്രമെടുത്തു പരിശോധിച്ചാൽ നമ്മുടെ തെരുവുകളിൽ വാഹനാപകടങ്ങളൊക്കെ ഉണ്ടാകുന്നുണ്ട്, ഇല്ലെന്ന് പറയുന്നില്ല. പക്ഷെ അവിടെ തൊഴിൽ സമരങ്ങൾ കാണാനില്ല. തൊഴിൽ സമരങ്ങളുടെ പേരിൽ പ്രത്യേക സാഹചര്യങ്ങളും കേരളത്തിൽ ഉത്ഭവിക്കുന്നില്ല. അപ്പോൾ തൊഴിൽ വകുപ്പിന്റെ ഭരണത്തിന്റെ ഒരു നല്ല പ്രവർത്തനമായി മാത്രമേ അതിനെ കാണാൻ കഴിയുകയുള്ളു. ആ നിലയ്ക്ക് കേരളത്തിലെ തൊഴിൽ മേഖലയിൽ ഇതുപോലെ സമാധാനപരമായ അന്തരീക്ഷമുണ്ടാക്കാൻ കഴിയുന്നുവെന്നത് വളരെ നല്ല കാര്യമാണ്. ഇ.എസ്.ഐ. ആശുപത്രിയിൽ ഡോക്ടമാർ ഇല്ല എന്ന പരാതിയുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. പാവപ്പെട്ട തൊഴിലാളികൾ അവിടെ ചികിത്സയ്ക്കായി പോകുമ്പോൾ ഡോക്ടർമാരില്ല എന്ന പരാതി ഉണ്ടാകാതിരിക്കാൻ പ്രത്യേകമായ ശ്രദ്ധ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നു ഞാൻ അഭ്യർത്ഥി

ക്കുകയാണ്. കേരളത്തിലെ തൊഴിൽ മേഖല പ്രധാനമായും കർഷക ത്തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗതത്തൊഴിലാളികൾ, എസ്റ്റേറ്റ് തൊഴിലാളികൾ എന്നീ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഉണ്ട്. എസ്റ്റേറ്റ് മേഖലയിലെ തൊഴിലാളികൾക്ക് ശമ്പളം ഉണ്ട് എങ്കിൽ പോലും ഒരു ചെറുകിട തോട്ടമുടമകൾ കൊടുക്കുന്ന ശമ്പളമെടുത്തു പരിശോധിച്ചാൽ എസ്റ്റേറ്റ് മേഖലയിലെ തൊഴിലാളികൾക്ക് ശമ്പളം കുറവാണ്. അവരുടെ ജീവിത നിലവാരം ഉയർത്തികൊണ്ടുവരാൻ കഴിയുമെന്ന കാര്യം കൂടി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. തൊഴിൽ വകുപ്പിൽ ഏറ്റവും വലിയ മഹത്വമായി ഞാൻ കാണുന്നത് നേഴ്സിംഗ് മേഖല, ആ മേഖലയിൽ ബൽറാം കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ....നമ്മുടെ പാവപ്പെട്ട പെൺകുട്ടികൾ ജനറൽ നേഴ്സിംഗ് പാസായി 2000 രൂപ ശമ്പളത്തിനുവേണ്ടി തൊഴിൽ ചെയ്യേണ്ട ഗതികേടാണ് ഇന്ന് കേരളത്തിൽ ഉണ്ടായിരുന്നത്. അത് അതുമാറ്റിയെടുക്കാൻ കഴിഞ്ഞു വെന്ന് മാത്രമല്ല, ബൽറാം കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുരുങ്ങി യത് 10,000 രൂപയെങ്കിലും നമ്മുടെ സഹോദരിമാർ, നമ്മുടെ പെൺകുട്ടി കൾക്ക് കിട്ടുന്നുവെന്നത് നിസാരകാര്യമായി കരുതേണ്ടതില്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി ഞാൻ അഭിനന്ദിക്കുകയാണ്. ഒരു കാര്യം കൂടി പറയാനുണ്ട്. അൺ എയ്ഡഡ് സ്കൂളുകളിൽ എം.എ.യും , എം.എസ്.സി.യും പാസായ കുട്ടികൾ ഇന്ന് 2000-3000 രൂപ ശമ്പളത്തിന് ജോലി ചെയ്യേണ്ട ഗതികെട്ട സാഹചര്യമാണുള്ളത്. എന്തുകൊണ്ട്? അതിനെ മാറ്റിയെടുക്കാൻ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിക്ക് എന്തുകൊണ്ട്

കഴിയുന്നില്ല എന്നത് വളരെ സീരിയസ്സായി കാണുന്നു. അൺ എയ്ഡഡ് മേഖലയിലും അതിനെ മാറ്റിയെടുക്കാനുള്ള നീക്കമുണ്ടാകണമെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. പ്രവാസി കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ.സി. ജോസഫിനോട് പറയാനുള്ളത് ഇറാഖിലെ തിക്രിത്ത് ആശുപത്രിയിൽ 40 പേരെ തീവ്രവാദികൾ കസ്റ്റഡിയിലെടുത്തെന്നാണ് മനസ്സിലാകുന്നത്. 44–ൽ 40 പേരെങ്കിലും മലയാളികളാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിൽ ആശുപത്രി നേഴ്സുമാരുമുണ്ട്. വിദേശ രാജ്യങ്ങളിൽ പോയി ജോലി ചെയ്തിട്ട് ഒന്നുമില്ലാതെ തിരികെ വരേണ്ടി വരുന്ന ജനങ്ങളെ എങ്ങനെ സംരക്ഷിക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ പ്രത്യേകം ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. കാരണം അറേബ്യൻ രാജ്യങ്ങളിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്ന് ചോദിച്ചാൽ ബഹുമാനപ്പെട്ട മന്ത്രി 14 ലക്ഷമെന്ന് ഒരു കണക്കുപറയും. ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു കണക്കുണ്ട് അതെനിക്ക് അറിയാം. അതുകൊണ്ടാണ് ഞാൻ അത് പറഞ്ഞത്. ഏകദേശക്കണക്കെന്ന് പറയുന്നത് 25 ലക്ഷത്തോളം മലയാളികളാണ് അറേബ്യൻ രാജ്യങ്ങളിൽ മാത്രമായി ജോലി ചെയ്തു കൊണ്ടിരിക്കുന്നത്. അവരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ നമുക്ക് ഉണ്ട്. അവർ ഇങ്ങോട്ടു വരുന്ന സമയത്ത് വിമാനക്കമ്പനികളെല്ലാം ചാർജ് വർദ്ധിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട പ്രവാസി കാര്യമന്ത്രി പേഴ്സണലായി മുഖ്യമന്ത്രിയുമായി ഇടപെട്ട് സംസാരിക്കേണ്ട ഒരു വിഷയമാണ്. വിമാനചാർജ് വർദ്ധിപ്പിക്കുക, വിദേശ മലയാളികൾ വിദേശത്തുപോയി ജോലി ചെയ്യുന്ന കാശ് മുഴുവൻ വിമാനക്കമ്പനിക്കാർ തട്ടികൊണ്ടുപോകുക യാണ്. ഈ നടപടി അവസാനിപ്പിച്ചെടുക്കണം. മറ്റു രാജ്യങ്ങളിൽ

പോകുമ്പോൾ വിമാനക്കൂലിയിൽ വ്യത്യാസമാണ്. നമ്മുടെ മലയാളികൾ ഇങ്ങോട്ടുവരുമ്പോൾ അവരെ കൊന്നൊടുക്കുന്ന, ചാർജ് ഈടാക്കുന്ന വിമാനക്കമ്പനികളെ വളരെ വ്യക്തമായ കാഴ്ചപ്പാടോടുകൂടി ഗവൺമെന്റ് കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. വിദേശത്തുനിന്നും തിരിച്ചു നാട്ടിലേക്കു വരാൻ ആളുകൾ ശ്രമിച്ചാൽ വിസ കൊടുക്കില്ല. എന്നുമാത്രമല്ല കൊണ്ടുപോയതിന്റെ കാശുകൂടി അങ്ങോട്ട് കൊടുക്കേണ്ടിവരും. എങ്ങനെ കൊടുക്കാൻ കഴിയും. അവർക്ക് തിരിച്ചുവരാൻ കഴിയാത്ത സാഹചര്യ മാണുള്ളത്. ആ കാര്യങ്ങളിലൊക്കെ ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയു മെന്ന് ശക്തമായി ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

നമ്മുടെ പ്രിയങ്കരനായ തൊഴിൽ വകുപ്പുമന്ത്രിയോട് ഒരു കാര്യം കൂടി പറയാനുണ്ട്. കേരളത്തിൽ അന്യസംസ്ഥാന തൊഴിലാളികൾ 25 ലക്ഷത്തിൽ കൂടുതലുണ്ടെന്നാണ് പറയുന്നത്. കേരളത്തിൽനിന്ന് 25 ലക്ഷത്തോളം ആളുകൾ അറേബ്യൻ രാജ്യങ്ങളിലേയ്ക്ക് പോയപ്പോൾ നമ്മുടെ സംസ്ഥാന ത്തേയ്ക്ക് വരുന്ന അന്യസംസ്ഥാന തൊഴിലാളികൾ 25 ലക്ഷത്തിൽ കൂടുതലാണ്. ഇവിടെ വന്ന് താമസിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളെ സംരക്ഷിക്കാൻ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? അവർ താമസിക്കുന്ന ലോഡ്ജുകളിൽ അവർക്ക് യാതൊരുവിധ സൗകര്യങ്ങളുമില്ല. എന്തുകൊണ്ടാണ് ഇക്കാര്യത്തിൽ ഗവൺമെന്റിന് തീരുമാനമെടുക്കാൻ കഴിയാത്തത്? അന്യസംസ്ഥാന തൊഴിലാളികൾക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ട ചുമതല അവരെ ഇവിടെ എത്തിക്കുന്നവർക്കുണ്ട്.

അക്കാര്യത്തിൽ ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ശക്തമായ നടപടിയുണ്ടാകണം. കേരളത്തിൽ അന്യസംസ്ഥാന തൊഴിലാളികൾ 25 ലക്ഷത്തിൽ കൂടുതൽ വരുമെന്നാണ് ഞാൻ മനസിലാക്കുന്നത്. അതുപോലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാരില്ലാത്ത 12 ഓളം താലൂക്കുകളുണ്ട്. 12 താലൂക്കുകളിലും അവരെ നിയമിക്കണം. എനിക്ക് കിട്ടിയ കണക്ക് പ്രകാരം 7 ലേബർ ഓഫീസുകൾ വേണമെന്നാണ്. അത് ശരിയാണോയെന്ന് പറണ്ടേത് മന്ത്രിയാണ്. അക്കാര്യത്തിൽ ശ്രദ്ധിക്കേണ്ട തായിട്ടുണ്ട്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ പഠനത്തിൽ കേരളത്തിൽ 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളി കളുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ശരിയാണോയെന്ന് മന്ത്രിയാണ് പറയേണ്ടത്. അവരും ഇന്ത്യാക്കാരാണ്. ഇന്ത്യയിലെ ജനങ്ങൾ നമ്മുടെ സഹോദരങ്ങളാണ്. അവരെക്കൂടി സംരക്ഷിക്കാൻ കഴിയുന്ന രീതിയിൽ കാര്യങ്ങൾ പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. വളരെ നല്ല രീതിയിൽ നടക്കുന്ന രണ്ട് വകുപ്പുകളാണ് പ്രവാസികാര്യവും തൊഴിൽ വകുപ്പും എന്ന് പറയുന്നതിൽ സന്തോഷമുണ്ട്. ഇക്കാര്യത്തിൽ പ്രിയങ്കരനായ കെ.സി ജോസഫിനെയും ഷിബു ബേബിജോണിനെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. തൊഴിൽ വകുപ്പുമന്ത്രി അച്ഛന്റെ പേര് കളയരുതെന്ന് ശ്രീമതി ഇ.എസ്. ബിജിമോൾ പറയുന്നതുകേട്ടു. അച്ഛന്റെ പേര് കളയുന്നില്ല എന്ന് മാത്രമല്ല അച്ഛനെക്കാൾ പ്രഗത്ഭനാണ് മകനെന്ന് തെളിയിക്കുന്ന രീതിയിലുള്ള ഭരണമാണ് തൊഴിൽ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ അദ്ദേഹത്തെ

പ്രത്യേകമായി അഭിനന്ദിക്കുന്നു. നല്ല രണ്ട് വകുപ്പുകൾക്കുവേണ്ടി കൊണ്ടു വന്നിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. എ.റ്റി. ജോർജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഈ ധനാഭ്യർത്ഥനകളെ സഭ ഐകകണ്ഠമായി പിന്താങ്ങണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എല്ലാ മേഖലകളിലും വികസനോന്മുഖമായ പാരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന ഈ സർക്കാരിനെ ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. തൊഴിൽ, പ്രവാസികാര്യം, തൊഴിലാളി ക്ഷേമം എന്നീ മേഖലകളിൽ അങ്ങേയറ്റം ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് ഈ ഗവണമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രവാസി മലയാളികളുടെ ചിരകാലാഭിലാഷമായ നോർക്ക സെന്റർ തിരുവനന്തപുരത്ത് ആരംഭിച്ചത് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളിലൊന്നായി നമുക്ക് കാണാൻ കഴിയും. പ്രവാസി മലയാളികൾക്കുവേണ്ടി നിരവധി ക്ഷേമപദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്. സാന്ത്വനം പദ്ധതി, കാരുണ്യ പദ്ധതി, ജോബ് പോർട്ടൽ, വിദേശത്തുള്ള റിക്രൂട്ട്മെന്റ്, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം, സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ, പ്രവാസി തിരിച്ചറിയൽ കാർഡ് ലഭ്യമാക്കൽ തുടങ്ങിയവ നോർക്ക സെന്ററുകളിലൂടെ ലഭിക്കുന്നത് പ്രവാസി മലയാളികൾക്ക് ഏറെ ആശ്വാസകരമാണ്. പ്രായമുള്ള പ്രവാസി മലയാളികളെക്കുറിച്ച് കരുതലുള്ള ഒരു ഗവൺമെന്റാണിത് എന്നുള്ളതിന് തെളിവാണ് 60 വയസ് കഴിഞ്ഞവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ പ്രവാസി മലയാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയത്. ഗൾഫ് രാജ്യങ്ങളിലെ

ജയിലുകളിൽ വിസാ റാക്കറ്റിന്റെയും വ്യാജ റിക്രൂട്ട്മെന്റിന്റെയും കബളിപ്പിക്കലിന് വിധേയമായിക്കിടക്കുന്ന സാഹചര്യമൊഴിവാക്കുന്നതിന് അച്ചടി ശ്രവ്യ ദൃശ്യ മാധ്യമങ്ങളുടെ സമഗ്ര ബോധവൽക്കരണത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചത് സ്വാഗതാർഹമാണ്. സർക്കാർ വിഭാവനം ചെയ്യുന്ന തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളുടെ ഉന്നമ നത്തിനും ക്ഷേമത്തിനുമായുള്ള പരിശീലന പരിപാടികൾ അനേകം കുടുംബങ്ങൾക്ക് ആശ്വാസമാകും. ശാസ്ത്ര സാങ്കേതിക അക്കാഡമിക് രംഗത്ത് മികവും പ്രാവീണ്യവുമുള്ള പ്രവാസികളുടെ ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിനുള്ള പദ്ധതിയെ സ്വാഗതം ചെയ്യുന്നു. ഇത് സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ഒരു പരിധിവരെ സഹായകമാകും. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന പ്രവാസി മലയാളി സമൂഹത്തിന്റെ പുനരധിവാസത്തിനുള്ള പാക്കേജ് വളരെ പ്രയോജനകരമാകും എന്ന കാര്യത്തിൽ തർക്കമില്ല. പ്രിയപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയെ ഞാൻ പ്രശംസിക്കുകയാണ്. പ്രശ്നങ്ങൾ കേൾക്കുന്നതിനും അവ പഠിക്കുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അങ്ങെടുക്കുന്ന ശ്രമങ്ങൾ കേരളത്തിന്റെ തൊഴിൽമേഖലയിൽ ഒരു സമാധാനാന്തരീക്ഷമുണ്ടാക്കാൻ കഴിയുന്നതാണ് എന്നത് വളരെ പ്രശംസനീയമാണ്. തൊഴിൽ മേഖലയിൽ നൂതന പദ്ധതികൾ ആരംഭിക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഈ ഗവൺമെന്റിന് തൊഴിൽരഹിതരോടുള്ള പ്രതിബദ്ധത വിളിച്ചറിയിക്കുന്ന വിധത്തിലുള്ളതാണ്. സംഘടിത മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ തൊഴിൽരഹിതർക്കായുള്ള വിവിധോദ്ദേശ്യ തൊഴിൽ ക്ലബുകൾ, വ്യോമയാന ത്തിലും മറ്റ് നൈപുണ്യമുള്ള മേഖലകളിലും സാങ്കേതിക പരിജ്ഞാനവും

പരിശീലനവും നൽകുന്നതിനായി കേരള സ്കിൽഡ് എക്സലൻസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ തിരുവന്തപുരത്ത് ആരംഭിക്കുന്ന ടെക്നിക്കൽ ട്രെയിനിംഗ് സെന്റർ, സ്കിൽ ഡെവലപ്മെന്റ് സെന്റർ എന്നിവ സംസ്ഥാനത്തിന് മുതൽക്കൂട്ട് തന്നെയാണ്. എംപ്ലോയ്മെന്റ് എക്സേഞ്ചുകൾ വഴി ഏർപ്പെടുത്തുന്ന ശരണ്യ പദ്ധതി വനിതകളെ സ്വയം തൊഴിൽ സജ്ജരാക്കുന്നതിന് സഹായകമാകും എന്ന കാര്യത്തിൽ തർക്കമില്ല. അന്യസംസ്ഥാനത്തുനിന്നും തൊഴിൽതേടി ഇവിടെ എത്തുന്ന തൊഴിലാളികളുടെ എണ്ണത്തിൽ വലിയ വർദ്ധനവാണ് ഇന്നുണ്ടായി ക്കൊണ്ടിരിക്കുന്നത്. അന്യ സംസ്ഥാന തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും അവരുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഇവരെ സംബന്ധിച്ച ആധികാരിക വിവരങ്ങൾ ശേഖരിച്ച് യു.ഐ.ഡി. നൽകുന്നതിനുമുള്ള പദ്ധതി ആവിഷ്കരി ച്ചിട്ടുണ്ട്. കർഷകതൊഴിലാളികൾ, കശുവണ്ടി തൊഴിലാളികൾ, മത്സ്യ ത്തൊഴിലാളികൾ, മറ്റ് പരമ്പരാഗത തൊഴിലാളികൾ എന്നിവരുടെ കുടുംബക്ഷേമത്തിനായുള്ള ഇൻഷ്വറൻസ് സ്കീമും ഈ മേഖലകളിലെ തൊഴിലാളികൾക്ക് ഏറെ ഗുണം ചെയ്യുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വാഗതാർഹമാണ്. 15 സർക്കാർ ഐ.ടി.ഐ. കൾ അന്താരാഷ്ട്ര ഗുണനിലവാരം കൈവരിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി നിലവാരമുയർത്തി ഐ.എസ്.ഒ സർട്ടിഫിക്കറ്റ്

നേടുവാൻ ലക്ഷ്യം വയ്ക്കുന്ന തീരുമാനം ഏറെ പ്രയോജനപ്രദമാണ്. കോഴിക്കോട് ജില്ലയിലെ വിദ്യാർത്ഥികൾക്ക് ആശ്വാസകരമായ ഒന്നാണ് കോഴിക്കോട് ആരംഭിക്കുന്ന റസിഡൻഷ്യൽ ഐ.ടി.ഐ. സംസ്ഥാനത്ത് മികച്ച ഇൻസ്ട്രക്ടർമാരെ സൃഷ്ടിക്കുവാൻ സഹായിക്കുന്ന ഒന്നാണ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിംഗ് – നഴ്സിംഗ് മേഖലയിലെ മികവ് വർദ്ധിപ്പി ക്കാൻവേണ്ടി ടെക്നോപാർക്കിൽ സ്ഥാപിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഇൻ നഴ്സിംഗ് 2015 ജനുവരിയിൽ പ്രവർത്തനക്ഷമമാകും. ധാരാളം തൊഴിൽസാധ്യതകൾ സൃഷ്ടിക്കുവാൻ സഹായകരമായ ഏവിയേഷൻ അക്കാഡമി സ്ഥാപിക്കുന്നതിലൂടെ അതിവിദഗ്ദ്ധമായ തൊഴിലുപകരണങ്ങളുള്ള പരീക്ഷണ ശാലകളും പരിശീലനത്തിനുതകുന്ന മെച്ചപ്പെട്ട സൗകര്യങ്ങളും ലഭ്യമാകും. നമ്മുടെ സംസ്ഥാനത്ത് ഒരു വിവാദ വിഷയമായിരുന്ന നോക്കുകൂലി, അമിതകൂലി എന്നിവ നിയന്ത്രിക്കുന്നതിന് ലേബർ ഹെൽപ്ലൈൻ സ്ഥാപിക്കുകയും അതിലൂടെ ലഭിച്ച പരാതികളെല്ലാം പരിഹരിക്കുകയും ചെയ്തത് അങ്ങയുടെ പ്രത്യേക താല്പര്യമാണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു.

എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിന് തൊഴിൽ വകുപ്പ് ഒരു വെബ്സൈറ്റും സജ്ജമാക്കിയിട്ടുണ്ട്. ഇങ്ങനെ ജനോപകാരപ്രദമായ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് മുന്നേറുന്ന ഗവൺമെന്റിനേയും വകുപ്പുമന്ത്രിയേയും ഞാൻ അഭിനന്ദിക്കുന്നു. തൊഴിൽ വകുപ്പുമായി ബന്ധ പ്പെട്ട ചില നിർദ്ദേശങ്ങൾ കൂടി അങ്ങയുടെ മുമ്പിൽ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ ഉണ്ടാകുന്ന

ഒഴിവുകളിൽ, ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കളിൽ യോഗ്യത നേടിയവരെ നിയമിക്കണം. കേരളത്തിലെ ദേശീയോത്സവത്തോടനുബന്ധിച്ച് സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ബോണസ് കൊടുക്കുന്നതു പോലെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ബോണസ് ലഭ്യമാക്കുന്നതിനുള്ള നിയമനപടികൾ ഉണ്ടാകണം. ഇന്ന് നാം ശ്രദ്ധിക്കപ്പെടാത്തതും എന്നാൽ ഒഴിച്ചുകൂടാൻ കഴിയാത്തതുമായ ഒരു വിഭാഗം തൊഴിലാളികളാണ് ഗാർഹിക തൊഴിലാളികൾ. അവർക്ക് നിശ്ചിത കൂലിയോ ചികിത്സാ സൗകര്യമോ ആവശ്യമായ പരിരക്ഷയോ ലഭിക്കുന്നില്ല. ഇക്കൂട്ടത്തിൽ ഏറെയുള്ള സ്ത്രീ തൊഴിലാളികളെക്കുറിച്ച് ആരും ഒന്നും പറഞ്ഞുകേൾക്കാറില്ല. അവരെ സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്താൻ തൊഴിൽവകുപ്പ് മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. വിശ്രമമില്ലാതെ പണിയെടുക്കുന്ന ഒരു വിഭാഗം തൊഴിലാളികൾ കെ.എസ്. ആർ.ടി.സി.-യിലുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളികൾക്ക് ശമ്പളവും പെൻഷനും കൊടുക്കാൻ ഏറെ കഷ്ടപ്പെടുന്നു. എന്നാൽ കഠിനാദ്ധ്വാനം ചെയ്യുന്ന ഇവരെ നിയന്ത്രിക്കുന്ന ഒരു വിഭാഗം തൊഴിലാളികൾ അവിടെയുണ്ട്. മിനിസ്റ്റീരിയൽ വിഭാഗത്തിലെ മേലാളന്മാരായ ഇവരാണ് ഈ സ്ഥാപനത്തിന് വലിയ നഷ്ടം വരുത്തിവയ്ക്കുന്നതെന്നുള്ള കാര്യംകൂടി ശ്രദ്ധിക്കപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതോടെ സ്വകാര്യ-സർക്കാർ കേന്ദ്രങ്ങളിൽ ആവശ്യമായ ജീവനക്കാരെ പ്രസ്തുത കേന്ദ്രം വഴി നിയമിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളിക

ളിൽ നിന്നും പി.എഫ്. വിഹിതം പിടിക്കുകയും മുതലാളിമാർ അവരുടെ വിഹിതം അടയ്ക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. ഇതുമൂലം തൊഴിലാളികൾക്ക് അടച്ച തുക നഷ്ടപ്പെടുന്ന സ്ഥിതിയാണ് ഉണ്ടാകുന്നത്. അത് നിയന്ത്രിക്കുന്നതിന് ആവശ്യമായ നിയമം കൊണ്ടു വരണം. പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും എല്ലാ തൊഴിലാളികളേയും ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തണം. ഇത്തരം നല്ല കാര്യങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ ബഡ്ജറ്റിനെ നമുക്ക് ഒരിക്കലും എതിർക്കാൻ കഴിയില്ലെന്നുള്ള സത്യം മനസ്സിലാക്കുമ്പോഴും ഇടതുപക്ഷത്തിരിക്കുന്ന ചില ആളുകൾ സ്ഥലകാല വിഭ്രാന്തിയിലാണ്. എന്തുചെയ്യണമെന്നും എങ്ങനെ പ്രവർത്തിക്കണമെന്നും അറിയാത്ത സ്ഥിതിയാണ് അവർക്കുള്ളത്. എനിക്ക് ഓർമ്മവരുന്ന ഒരു കാര്യം ഈ മാസം 17-ാം തീയതി ഇവിടെ ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ കാട്ടാക്കടയിൽ ഉണ്ടായ അപകടത്തിൽ, രാധികയെന്ന 38 വയസ്സുകാരിയായ അമ്മയും അവരുടെ മകളായ 7 വയസ്സുകാരി ഭവ്യ എന്ന പിഞ്ചുകുഞ്ഞും ദാരുണമയി മരിച്ചു. അടിയന്തരപ്രമേയ വേളയിൽ ഇവിടെ എന്താണ് സംഭവിച്ചത്? ഹാസ്യകലാപ്രകടനം പോലെയാണ് അടിയന്തരപ്രമേയങ്ങൾ നടത്തുന്നത്. അടിയന്തരപ്രമേയത്തോടുള്ള ആളുകളുടെ സമീപനത്തിൽ തന്നെ വ്യത്യസ്തത ഉണ്ടാകുന്ന തരത്തിലാണ് എഴുതിവച്ച് വായിക്കുന്ന അടിയന്തരപ്രമേയങ്ങൾ എന്നുള്ള കാര്യം സഭയ്ക്കുതന്നെ മോശമായി ചിത്രീകരിക്കപ്പെടുന്നു. ഇന്ന് രാവിലെ സ്വകാര്യ വിദ്യാഭ്യാസ മേഖലയിലെ ഫീസിനെ സംബന്ധിച്ചുള്ള അടിയന്തര പ്രമേയം അവതരിപ്പിച്ചു. എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളോട്

ഞാൻ ഒന്ന് ചോദിക്കട്ടെ, തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ഇടതുപക്ഷ സ്ഥാനാർത്ഥിയായിരുന്ന ഡോ. ബെന്നറ്റ് എബ്രഹാം കാരക്കോണം സി.എസ്.ഐ. മെഡിക്കൽ കോളേജ് ഡയറക്ടറാണ്. അദ്ദേഹം ആ സ്ഥാപനത്തിൽപ്പോലും ഏകീകൃത ഫീസ് വാങ്ങുവാൻ തയ്യാറുണ്ടോ? എന്തുകൊണ്ട് തയ്യാറാകുന്നില്ലെന്ന് ചോദിക്കുമ്പോൾ നിങ്ങളുടെ കൂട്ടത്തിലുള്ളവർ തന്നെ പറഞ്ഞതുപോലെ, അതൊരു പേയ്മെന്റ് സീറ്റാണ്. അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വവും പേയ്മെന്റ് സീറ്റായിരുന്നു. അദ്ദേഹം കോടിക്കണക്കിന് രൂപ ഇടതുപക്ഷ മുന്നണിയിലെ ഏതോ പാർട്ടിക്ക് കൊടുത്തതുകൊണ്ടാണ് അദ്ദേഹത്തിന് സീറ്റ് കിട്ടിയതെന്നാണ് ഇടതുമുന്നണിയിലെ ചില ആളുകൾ പത്രപ്രസ്താവനകളും മറ്റും നടത്തിയത്. ഞങ്ങൾ അതിൽ വിശ്വസിക്കുന്നില്ലെങ്കിൽപ്പോലും അദ്ദേഹം പറയുന്നത്.....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : യെസ്... പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. എ. റ്റി. ജോർജ് </u>: സർ, അവിടെ കുട്ടികളിൽ നിന്നും അമിത ഫീസ് വാങ്ങി ഏതോ ചാനലുകൾ വഴി ആർക്കോ, എവിടെയൊക്കയോ ഒഴുകിപ്പോയെന്നാണ് അദ്ദേഹം പറയുന്നത്. അവിടെ ഏകീകൃത ഫീസ് വാങ്ങാൻ കഴിയുന്നില്ല. അതിനും അടിയന്തരപ്രമേയം അവതരിപ്പിച്ചു. തിരുവനന്തപുരം പാർലമെന്റ് നിയോജകമണ്ഡലത്തിലെ വോട്ടർ എന്നുള്ള നിലയിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. നമ്മുടെ സംസ്ഥാനത്ത് വർഗ്ഗീയ, രാഷ്ട്രീയ പിന്തിരിപ്പൻ ശക്തിയെ കടത്തിവിടാതിരിക്കാൻ കഴിഞ്ഞത് തിരുവനന്തുപുരം പാർലമെന്റ് നിയോജകമണ്ഡലത്തിലെ വോട്ടർമാരുടെ കഴിവാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പ് വേളകളിൽ എന്തെല്ലാം കോലാഹലങ്ങളായിരുന്നു.

സംസ്ഥാനത്ത്, തിരുവനന്തപുരത്ത് താമര വിരിയുമെന്ന് പല ആളുകളും പറഞ്ഞു. അതിനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുത്തത് ആരാണ്? തിരുവനന്തപുരം പാർലമെന്റ് നിയോജകമണ്ഡലത്തിൽ ഓരോ ബൂത്തുകളിലെ വോട്ടുകളുടെ കണക്കുകളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് മനസ്സിലാകാൻ കഴിയുന്നത്...

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്...പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എ. റ്റി. ജോർജ് : ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് മുൻതൂക്കമുണ്ടായിരുന്ന പല ബൂത്തുകളിലും ബി.ജെ.പി.-ക്ക് മുൻതൂക്കമുണ്ടാക്കി. ഇടതുപക്ഷ ജനാധിപത്യമുന്നണി മേൽക്കൈ വച്ചിരുന്ന പല വാർഡുകളും ബി.ജെ.പി.-ക്ക് വോട്ട് മറിച്ചുകൊടുത്തിരിക്കുന്നു. അതിനുള്ള രാഷ്ട്രീയമായ സാഹചര്യങ്ങളെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കണം. തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ, തിരുവനന്തപും എന്നീ രണ്ട് പാർലമെന്റ് നിയോജക മണ്ഡലങ്ങളാണുള്ളത്. ആറ്റിങ്ങൽ മണ്ഡലത്തിൽ ബി.ജെ.പി.-യുടെ വോട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് മറിച്ചുകൊടുത്തുവെന്നുള്ള സത്യം നമുക്ക് ഒരിക്കലും മറക്കാൻ കഴിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്... പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എ.റ്റി. ജോർജ് : അതുപോലെ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ എൽ.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥി മൂന്നാം സ്ഥാനത്തേയ്ക്ക് തള്ളപ്പെട്ടു. പലപ്പോഴും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നല്ല രാഷ്ട്രീയ പിന്തുണയുണ്ടായിരുന്ന മണ്ഡലത്തിൽ എൽ.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥി മൂന്നാം സ്ഥാനത്തേയ്ക്ക് പോയ രാഷ്ട്രീയ സാഹചര്യത്തെക്കുറിച്ചും സ്ഥാനാർത്ഥി നിർണ്ണയത്തെക്കുറിച്ചും നിങ്ങൾ പഠിക്കണം. നമ്മുടെ

സംസ്ഥാനത്ത് മാത്രമല്ല, ദേശീയ തലത്തിൽപ്പോലും ഇടതുപക്ഷത്തിനുണ്ടായ മൂല്യച്ച്യുതിയെക്കുറിച്ച് നിങ്ങൾ പഠിക്കപ്പെടേണ്ടതുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്...പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എ. റ്റി. ജോർജ്: രാഷ്ട്രീയമായ കര്യങ്ങളിലേയ്ക്ക് മഞ്ഞക്കണ്ണാടി വച്ചുനോക്കുന്നതുകൊണ്ടാണ് പലപ്പോഴും ഇങ്ങനെ സംഭവിക്കുന്നതെന്നുള്ള രാഷ്ട്രീയ സത്യം മനസ്സിലാക്കിക്കൊണ്ട് നിങ്ങൾ പെരുമാറണമെന്ന് മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ശ്രീ. ഷിബു ബേബി ജോണിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയെ അഭിനന്ദിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്...പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എ. റ്റി. ജോർജ് : ആ രാഷ്ട്രീയ ഇച്ഛാശക്തി ഉള്ളതുകൊണ്ടാണ് ഐക്യജനാധിപത്യ മുന്നണിയിലേയ്ക്ക് 2 എം.എൽ.എ.-മാരെ ആകർഷിക്കുവാൻ കഴിഞ്ഞത്. മാത്രമല്ല, എം. എ. ബേബി സാറിന് സഭ തുടങ്ങി രണ്ട് ആഴ്ചയായിട്ടും സഭയിൽ വരാൻ കഴിഞ്ഞിട്ടില്ലെന്നുള്ള സത്യവുമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എ. റ്റി. ജോർജ്, നാല് മിനിട്ട് കഴിഞ്ഞു. ഇത്രയും കൂടുതൽ സമയം ആരും എടുത്തിട്ടില്ല.

ശ്രീ. എ. റ്റി. ജോർജ് : സർ, ഞാൻ നിർത്തുകയാണ്. തൊഴിൽ വകുപ്പു മന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, 2014–15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. തൊഴിലാളി വിരുദ്ധവും സൂമൂഹിക സുരക്ഷയെ അപകടപ്പെടുത്തുന്നതുമായ ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുന്നു. സാമൂഹിക സുരക്ഷ ഇന്ന്

തൊഴിലാളികൾക്ക് മരീചികയാണ്. മഴവില്ലിന് ചുവട്ടിൽ നിധി അന്വേഷിക്കുന്ന മന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ കൂടുതൽ ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. നവ ഉദാരവൽക്കരണ നയം സ്വയംവരിച്ച നമ്മൾ ഇതിന്റെ തിക്ത ഫലങ്ങളാണ് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കടലിൽ കായം കലക്കുന്നതുപോലെ, എന്തുചെയ്താലും അത് അടിസ്ഥാന വർഗ്ഗമായ തൊഴിലാളി വർഗ്ഗത്തിന് എത്തിച്ചേരുന്നില്ലെന്ന വസ്തുത പലപ്പോഴും മറക്കുന്നുണ്ട്. കുറേ കാര്യങ്ങളിൽ പ്രഖ്യാപനങ്ങളും ബഡ്ജറ്റും തയ്യാറാക്കുന്നുണ്ടെങ്കിലും അതിന്റെ ഫലം കിട്ടേണ്ടവർക്ക് എത്തുന്നുണ്ടോ യെന്ന ഫോളോ-അപ് നമുക്ക് നടത്താൻ കഴിയുന്നില്ല. വർഷംതോറും ഈ സർക്കാർ വൈവിദ്ധ്യമാർന്ന പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ടെങ്കിലും തൊഴിലാളികളുടെ ക്ഷേമവും തൊഴിൽ സാധ്യതകളും ഏട്ടിലെ പശുപോലെ യാണ്, പാൽ തരില്ല.

അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ (ശ്രീ. മോൻസ് ജോസഫ്)

പരമ്പരാഗത വ്യവസായങ്ങളിൽ ജോലിചെയ്യുന്ന 20 ലക്ഷത്തോളം തൊഴിലാളികൾ ഇന്നുണ്ട്. അവരെ ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങളും നിരാശയിലാണെന്നത് പാരമ്പര്യമുള്ള അങ്ങയുടെ വകുപ്പിന് മോശമല്ലേ? ഞാൻ മറ്റ് കാര്യങ്ങളൊന്നും പറയുന്നില്ല. കയർ, കൈത്തറി, കശുവണ്ടി, ഖാദി, മത്സ്യബന്ധനം അതുപോലെതന്നെ മൺപാത്രനിർമ്മാണ തൊഴിലാളികൾ എന്നിവർ വളരെ പ്രതിസന്ധിയിലാണ്. ഇതിൽ പലതിനും വംശനാശംവന്നു കൊണ്ടിരിക്കുകയാണ്. വളരെ പ്രതിസന്ധിയിലായ ഇവരെ രക്ഷിക്കാൻ ഒരു നടപടിയും എടുത്തതായി കാണുന്നില്ല. നമ്മുടെ വേതനം നിശ്ചയിക്കുന്നതാണ്, കൂലി നിശ്ചയിക്കപ്പെടുന്നതല്ല. പരമ്പരാഗത തൊഴിലാളി

കളുടെ നിശ്ചയിച്ച മിനിമംകൂലി പുതുക്കി നിശ്ചയിച്ച് അവരെ രക്ഷിക്കാൻ സർക്കാർ തയ്യാറാകണം. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ പ്രത്യേക പരിഗണനനൽകുമെന്നാണ് എന്റെ വിശ്വാസം. പരമ്പരാഗത വ്യവസായരംഗത്ത് ജോലിചെയ്യാൻ ആളുകളെ കിട്ടാത്ത അവസ്ഥയാണ്. ഇന്നൊരു ഹോട്ടലിൽ പോലും തൊഴിലെടുക്കാൻ മലയാളികളെ ലഭിക്കാത്ത അവസ്ഥയുണ്ട്. ചുരുങ്ങിയ കൂലിയായതുകൊണ്ട് പരമ്പരാഗത തൊഴിലാളി കളിൽ പലരും മറ്റ് മേഖലകൾ തേടിപ്പോകുകയാണ്. 2010–ലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഖാദിമേഖലയിൽ മിനിമം കൂലി നിശ്ചയിച്ചത്. അത് പുതുക്കി നിശ്ചയിക്കണമെന്നും ക്ഷേമനിധി പരിഷ്കരിക്കണമെന്നു മാവശ്യപ്പെട്ട് ഭേദഗതി നിർദ്ദേശിച്ചിട്ടും സമർപ്പിച്ചിട്ടും സർക്കാർ ശ്രദ്ധിക്കുന്നി ല്ലായെന്നത് മോശമല്ലേ? 4 കോടി രൂപയിലധികം കുടിശ്ശിക ഈ രംഗത്ത് ബാക്കിയാണ്. പരമ്പരാഗത വ്യവസായങ്ങളെയും പൈതൃകത്തെയും തകർക്കുന്ന അവസ്ഥവന്നാൽ കേരളത്തിന്റെ തനിമ നഷ്ടപ്പെടും. ഈ തൊഴിലാളികൾക്ക് 500 രൂപമാത്രമാണ് പെൻഷൻ ലഭിക്കുന്നത്. മറ്റു സാമൂഹിക പെൻഷനുകൾക്ക് ഇവർ അർഹരുമല്ല. 500 രൂപ മാത്രം കിട്ടുന്ന ഈ തൊഴിലാളികളെ മറ്റ് സാമൂഹികക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തി പെൻഷൻ വർദ്ധിപ്പിച്ചുനൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. കർഷകതൊഴിലാളി ക്ഷേമനിധി 1990 ജൂലൈ 9–നാണ് പ്രാബല്യത്തിൽ വന്നത്. കുടിശ്ശിക തീർക്കാൻ അന്ന് എൽ.ഡി.എഫ്. സർക്കാർ 114.9 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ യു.ഡി.എഫ്. സർക്കാർ ഈ ആനുകൂല്യം നൽകുന്നതിൽ അലംഭാവം കാണിക്കുകയാണ് ചെയ്തത്. 60 വയസ്സു കഴിഞ്ഞ കർഷകതൊഴിലാളികൾക്ക് അധിവർഷാനുകൂല്യം 2008–2009 വരെ

മാത്രമേ കൊടുത്തിട്ടുള്ളൂ. ഈ വസ്തുത നിലനിൽക്കുമ്പോൾ ഈ വ്യായാമം വൃഥാവിലല്ലേ? മരണാനന്തര ആശ്വാസമായ 2,000 രൂപ ഇക്കാലത്ത് നാമമാത്രമാണ്. എങ്കിൽപ്പോലും ഇത് കൊടുക്കാത്ത സ്ഥിതി ലജ്ജാകര മല്ലേ? ശവസംസ്കാരത്തിനുപോലും പണം നൽകാത്ത നയം എന്തു സംസ്കാരമാണ്? തന്റെയും കുടുംബത്തിന്റെയും ഭാവിയെക്കുറിച്ച് ആശങ്ക പ്പെടുന്ന തൊഴിലാളിക്ക് കൈത്താങ്ങാണ് ക്ഷേമപദ്ധതികൾ. കാലാവസ്ഥാ വ്യതിയാനം, ആടിയുലയുന്ന കമ്പോള ധനസ്ഥിതി, അപകടങ്ങൾ, രോഗങ്ങൾ, അകാലമരണങ്ങൾ എന്നിവയുണ്ടാകുമ്പോൾ പി.എഫും പെൻഷനുകളും തൊഴിലാളികൾക്ക് ആശ്വാസമാണെന്നതിൽ തർക്കമില്ല. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് ഇന്ന് വാർത്തയല്ലാതെ മാറിയിരിക്കുന്നു. വാർത്തകൾ പലതുമാണ്. മാധ്യമങ്ങൾ കെട്ടിച്ചമയ്ക്കുന്ന വാർത്തകളാ യാലും ശരി, അവരുടെ വിവാദങ്ങളായാലും ശരി, അടിസ്ഥാനവർഗ്ഗത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് വേണ്ടത്ര ജനങ്ങളിലെത്തുന്നില്ല എന്നത് ഒരു കഷ്ട മാണ്. അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും തൊഴിലാളി വഞ്ചനയു ടെയും കേന്ദ്രങ്ങളായി ക്ഷേമനിധി ബോർഡുകൾ മാറുന്ന കാഴ്ച അമ്പരപ്പു ണ്ടാക്കുന്നു. വേണ്ടത്ര സ്റ്റാഫില്ല, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ചാർജ്ജെ ടുത്ത് കാര്യങ്ങൾ മനസ്സിലാക്കുമ്പോഴേയ്ക്കും അവരെ ട്രാൻസ്ഫർ ചെയ്യുന്നു. പി.ഡബ്ല്യൂ.ഡി. ആയാലും എവിടെയായാലും ഒരു ഉദ്യോഗ സ്ഥനെ നമ്മൾ വിളിക്കുമ്പോൾ ആ ആൾ മാറിയെന്ന് പറയും. അപ്പോൾ അതുവരെ എടുത്ത നടപടികൾ അവിടെ നിൽക്കുകയാണ്. പിന്നെ അവർ കാര്യങ്ങൾ പഠിച്ചുവരുമ്പോഴേയ്ക്കും നമ്മുടെ കാലാവധി കഴിയുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. ഇങ്ങനെ ട്രാൻസ്ഫർ ചെയ്യുന്നത് വേണ്ടത്ര

ഗൗരവത്തിൽ നമ്മുടെ തൊഴിൽ മേഖലയിലെങ്കിലും ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം. തൊഴിലാളികളുടെ വിഹിതം കൃത്യമായി നൽകുന്നുണ്ട്, എന്നാൽ തൊഴിലുടമകളുടെ വിഹിതം പിരിക്കാൻ സർക്കാർ ഉപേക്ഷ വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കണം. കാർഷകത്തൊഴിലാളി ക്ഷേമ നിധിയിൽ അടയ്ക്കേണ്ട അംശാദായം രണ്ടുവർഷത്തിലധികമായി കുടിശ്ശിക യിലാണ്. എൽ.ഡി.എഫ്. ഭരണക്കാലത്ത് കുടിശ്ശിക നിവാരണ പദ്ധതിക്ക് സമയം അനുവദിച്ചിരുന്നു. ബോർഡ് തീരുമാനമെടുത്തുകൊടുത്തിട്ടും റിജക്ട് ചെയ്യുകയാണുണ്ടായത്. സിനിമ ആർട്ടിസ്റ്റുകളുടെ സംഘടനയായ 'അമ്മ'-യുടെ പ്രസിഡന്റ് നമ്മുടെ അഭിമാനമായ ശ്രീ. ഇന്നസെന്റ് ഇന്ന് പാർലമെന്റിലെത്തിയിരിക്കുകയാണ്. സ്വതന്ത്രന്മാരെ തെരഞ്ഞെടുപ്പിൽ മത്സരിപ്പിക്കുന്നതിനെക്കുറിച്ച് പലപ്പോഴും പറയും. എന്നാൽ 1957 മുതൽ ജോസഫ് മുണ്ടശ്ശേരി, കൃഷ്ണയ്യർ, എ. ആർ. മേനോൻ തുടങ്ങിയ സ്വതന്ത്ര ന്മാരാണ് നമ്മുടെ നാടിന്റെ മാറ്റത്തിന് നിദാനമായി വലിയ സംഭാവന ചെയ്തത്. അതുകൊണ്ട് ശ്രീ. ഇന്നസെന്റ് അവിടെയെത്തിയിട്ടുണ്ട്. ഇവിടെ കലാകാര പെൻഷനെപ്പറ്റി ആരും പരാമർശിക്കുന്നില്ല. ആ ക്ഷേമപദ്ധതി ഗൗരവമായി എടുക്കണം. സിനിമാ തിയേറ്ററുകൾ നവീകരിച്ചതിൽ നമുക്ക് ശ്രീ. കെ. ബി. ഗണേശ് കുമാറിനെ അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല. പക്ഷേ തിയേറ്റർ ഉടമകളുടെ മനസ്സ് നവീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ക്ഷേമപദ്ധതി ശക്തിപ്പെടുത്തുന്ന കാര്യത്തിൽ മുഷ്ക് കാണിക്കുന്നവരെ പിടിച്ചിരുത്തി സംസാരിക്കാൻ മന്ത്രി തയ്യാറാകണം. ജോലിക്കിടയിൽ അപകടം പറ്റിയാൽ നഷ്ടപരിഹാരം ലഭിക്കുമെന്ന പ്രതീക്ഷയും തൊഴിലാളി കൾക്കില്ലാതെയായിരിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ശ്രീ. അൽഫോൺസ് കണ്ണന്താനം ഇടതുപക്ഷ സ്വതന്ത്രനായിരുന്നു, അദ്ദേഹമിപ്പോൾ എവിടെയെത്തിയെന്നറിയാമോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, നദികൾ ഒഴുകിയൊഴുകി കടലിലെത്തും, പക്ഷെ പലവഴിക്കും വരുന്നതാണ് കടലിലെത്തുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ശ്രീ. അൽഫോൺസ് കണ്ണന്താനമെവിടെയെത്തിയെന്ന ചോദ്യത്തിന് അങ്ങ് പറഞ്ഞത്, നദികളൊഴുകി കടലിലാണ് അവസാനിക്കുകയെന്നാണ്. ബി.ജെ.പി. ഒരു സമുദ്രമാണെന്ന അഭിപ്രായം അങ്ങേയ്ക്കും സി.പി.ഐ.(എം.)-നും ഉണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ബി.ജെ.പി. സമുദ്രമൊന്നുമല്ല, കാരണം സമുദ്രം മുത്ത് തരുന്നതാണ്. അതിന്റെ ആഴങ്ങളിൽ പോകണം, ആഴങ്ങളിൽ പോകുന്നവർക്ക് മുത്ത് ലഭിച്ചെന്നിരിക്കും. അതിന്റെ പുറകേ കുറേ നീന്തിനടന്നുവെന്ന് പറയുന്നതിലൊരു കാര്യവുമില്ല. അങ്ങനെ നീന്തി നടക്കുന്ന ഭോഷ്ക് കാണിക്കുന്ന ഒരു ഗവൺമെന്റാണ് ഇന്ന് അവിടെയുള്ളത്. ആ വർഗ്ഗീയശക്തികളെ ശക്തിപ്പെടുത്തിയത് ഇടതുപക്ഷമല്ല, കോൺഗ്രസ്സും ലീഗുമാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഈ കഴിഞ്ഞ ലോക്സഭാ തെരെഞ്ഞെടുപ്പിൽ നിലവിൽ എം.പി.-മാരും കേന്ദ്രമന്ത്രിമാരുമായിരുന്ന, ഡോ. മൻമോഹൻ സിംഗിന്റെ സഹോദരനും കേന്ദ്ര ക്യാബിനറ്റ് മന്ത്രിയായിരുന്ന ശ്രീമതി പുരന്ദരേശ്വരി ദേവിയുമുൾപ്പെടെയുള്ള 52 കോൺഗ്രസ്സ് നേതാക്കന്മാർ ബി.ജെ.പി.-യിൽ ചേർന്നിട്ടുള്ള കാര്യം ബഹുമാനപ്പെട്ട

അംഗത്തിനറിയില്ലേ? ഇക്കാര്യം ഈ സഭയിലെ പലർക്കുമറിയില്ലെന്നാണ് തോന്നുന്നത്. എന്താണ് അങ്ങയുടെ അഭിപ്രായം?

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, അവസരവാദികൾ എപ്പോഴുമുണ്ടാകും. അത് ഏത് കാലഘട്ടത്തിലും വരും. ഇപ്പോൾ അതൊന്നും അങ്ങനെ നോക്കിയിട്ട് കാര്യമില്ല. നമ്മളുടെ ക്ഷേമപദ്ധതിയാണ് പ്രശ്നം. ക്ഷേമപദ്ധതിയിലേയ്ക്ക് വരട്ടെ...

<u>ശ്രീ. ആർ. രാജേഷ്:</u> സർ, ഇന്ന് ചർച്ചയ്ക്ക് മറുപടി പറയുന്ന മന്ത്രിയടക്കമുള്ള ആളുകൾ ശ്രീ. നരേന്ദ്ര മോദിയെപ്പോയിക്കണ്ട് ആശീർവാദവും അനുഗ്രഹവുമൊക്കെ വാങ്ങിയത് നമ്മൾ പത്രത്തിലൂടെ വായിച്ചിരുന്നു. അത് അങ്ങ് അറിഞ്ഞിട്ടുണ്ടോ?

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, അതൊക്കെ ബാലിശമാണ്. നമ്മൾ ഒരു മന്ത്രിയാകുമ്പോൾ പോയിക്കാണുന്നതും അല്ലാതെ പോയിക്കാണുന്നതുമൊക്കെ വ്യക്തിപരമായ കാര്യങ്ങളാണ്. ഏതായാലും ഞാനതിനെക്കുറിച്ചൊന്നും സംസാരിക്കുന്നില്ല. സർക്കാർ സംവിധാനങ്ങളെല്ലാം മെച്ചപ്പെടുത്താൻ അമാന്തം കാണിക്കുന്നതെന്താണ്? ആയിരകണക്കിന് കേസ്സുകൾ കെട്ടികിടക്കുന്നുണ്ട്. കേസുകൾ ട്രിബ്യൂണലിലേയ്ക്ക് മാറ്റുന്നതിന് യാതൊരു നടപടികളും കൈക്കൊള്ളാതെ തൊഴിൽ വകുപ്പ് ഒളിച്ചുകളിക്കുന്നത് നിർത്തണം. ഇ.എസ്.ഐ. കോർപ്പറേഷനുകളിൽ സൗജന്യമായ ചികിത്സകളും ആനുകൂല്യങ്ങളും ഇല്ലാതാകുന്നുണ്ട്. നമ്മൾ ഇ.എസ്.ഐ. ആശുപത്രികൾ സജീവമാക്കുന്നെണ്ടങ്കിൽപ്പോലും ആനുകൂല്യങ്ങൾ വേണ്ടപ്പെട്ടവർക്ക് ഇല്ലാതാകുന്ന അവസ്ഥയുണ്ട്. പുറത്തേയ്ക്കെഴുതിയ മരുന്നിന്റെ ബില്ലുകൾപോലും പാസ്സാക്കികിട്ടുന്നില്ലായെന്ന പരാതികൾ ഒരു എം.എൽ.എ.–യെന്ന നിലയിൽ പലപ്പോഴും

ഉണ്ടാകുന്നുണ്ട്. ഹെൽത്ത് ഇൻഷുറൻസ് കാർഡ് വന്നതോടുകൂടി സ്വകാര്യ ആശുപത്രികളിൽ കൊയ്ത്താണ്. സാധാരണക്കാരായ രോഗികൾ സ്വന്തമായി ചികിത്സിക്കേണ്ട സ്ഥിതിയിലേയ്ക്ക് വരുന്നു. അവൻ ഇതിൽ ആകർഷിക്കപ്പെട്ട് ഹോസ്പിറ്റലിൽ അഡ്മിറ്റായി മാക്സിമം കാർഡിലെ കാശ് തീരുമ്പോഴാണ് വലിയൊരു ഓപ്പറേഷൻ വേണമെന്ന് പറയുന്നത്. അപ്പോൾ അതിന് കാശുണ്ടാകാറില്ല. അതുകൊണ്ട് ഈ കാര്യങ്ങളിലൊക്കെ ഗൗരവമായി മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ അതിനെ സമീപിക്കണം.

സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ എണ്ണം കുറച്ചുകാണിച്ച് തട്ടിപ്പ് നടത്തുന്നുണ്ട്. ഇതു കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കണം. നഴ്സിംഗ് മേഖലയിൽ ബലരാമൻ കമ്മീഷൻ റിപ്പോർട്ട് നടപ്പി ലാക്കിയിട്ടില്ല. ശക്തമായ സമരത്തെതുടർന്ന് വേതനത്തിൽ ചെറിയ മാറ്റം വന്നെങ്കിലും അടിസ്ഥാനപരമായി മാറ്റം ഉണ്ടായിട്ടില്ല എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അന്യസംസ്ഥാന തൊഴിലാളികൾക്ക് കാർഡ് കൊടുക്കുമെന്ന് അങ്ങ് സഭയിൽ പ്രഖ്യാപിച്ചതാണ്. അവരുടെ കണക്കു പോലും വ്യക്തമായി കിട്ടിയിട്ടുണ്ടോയെന്ന് നമുക്ക് മനസ്സിലായിട്ടില്ല. ഹിന്ദി അറിയാത്തവർക്ക് ഹോട്ടലിൽ കയറാൻ കഴിയാത്ത സ്ഥിതിയാണ് ഇന്നുള്ളത്. ഇത് ദൂരവ്യാപകമായ ഫലമുണ്ടാക്കും. പ്രവാസികളെക്കുറിച്ച് പറയുകയാ ണെങ്കിൽ, കഠിനാദ്ധ്വാനം ചെയ്ത് കുടുംബത്തെ പോറ്റുകയും മാതൃരാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നവരാണ് പ്രവാസികൾ. വിദേശത്ത് പൗരത്വം നേടിയവർ ഏകദേശം

മൂന്നു കോടിയിലധികം ആളുകൾ വരും. മൂന്നു കോടി പ്രവാസികളിൽ 50 ലക്ഷംപേർ മദ്ധ്യപൂർവ്വ ഏഷ്യയിലുള്ളവരാണ്. ബി.ഡി.എസ്.–ന്റെ പഠനമനുസരിച്ച് 1998–ൽ 13.6 ലക്ഷമായിരുന്നെങ്കിൽ 2003–ൽ 18.4 ലക്ഷമായി. 2008–ൽ 33.4 ലക്ഷമായി അത് വർദ്ധിച്ചു. ഗൾഫിൽനിന്ന് തിരിച്ചു വരുന്നവരാകട്ടെ 1998–ൽ 7.4 ലക്ഷവും 2008–ൽ അത് 11.6 ലക്ഷവുമാണ്. വിദേശ ഇന്ത്യക്കാരുടെ സ്ഥിതിവിവരകണക്കുകൾ വ്യക്തമായി ലഭ്യമല്ല എന്നത് ഗുരുതരമായ അവസ്ഥയാണ്. എന്നുപറഞ്ഞാൽ പ്രവാസികൾക്ക് സുരക്ഷിതത്വം ഇല്ലായെന്നാണ് അർത്ഥമാക്കുന്നത്. എൽ.ഡി.എഫ്. സർക്കാരാണ് രാജ്യത്ത് കേരളത്തിൽ ആദ്യമായി ക്ഷേമനിധി നിയമം കൊണ്ടുവന്നത്. പെൻഷനും ചികിത്സാ സഹായവും മക്കൾക്ക് വിദ്യാഭ്യാസ സൗകര്യവും ഉറപ്പാക്കുന്ന നിയമം കൊണ്ടുവന്ന് നമ്മൾ രാജ്യത്തിന് മാതൃകയായി. കേന്ദ്ര–സംസ്ഥാന ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുന്ന തിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ഇന്ത്യൻ എംബസികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. പാസ്പോർട്ടും വിസയും പിടിച്ചു വയ്ക്കുന്ന നില ഇപ്പോഴും തുടരുന്നുണ്ട്. മുസ്ലീംനാമധാരികളെ, അത് പ്രമുഖരായ നടന്മാരായാൽപ്പോലും തടഞ്ഞുവയ്ക്കുന്നൊരു സമ്പ്രദായം മേലിൽ അനുവദിക്കാൻ കഴിയില്ല എന്ന് വ്യകത്മായി നമുക്ക് പറയാൻ കഴിയണം. പതിനായിരത്തോളം ഇന്ത്യൻ പ്രവാസികൾ വിദേശ ജയിലുകളിലുണ്ട്. ഇക്കാര്യത്തിലുള്ള കൃത്യമായ കണക്ക് നമ്മുടെ കയ്യിലില്ല. ശിക്ഷാകാലാവധി കഴിഞ്ഞിട്ടും ജയിലിൽ കഴിയുന്നവരെക്കുറിച്ച് നമ്മൾ ശ്രദ്ധിക്കണം. വോട്ടവകാശത്തിന്റെ കാര്യത്തിലും പ്രവാസികൾക്ക് കടമ്പ കൾ ഏറെയാണ്. വോട്ടർ പട്ടികയിൽ പേരുള്ളവർക്കും തെരഞ്ഞെടുപ്പ്

സമയത്ത് നാട്ടിലുള്ള പ്രവാസികൾക്കും മാത്രമാണ് വോട്ടവകാശമുള്ളത്. ഇന്ത്യൻ പൗരന്റെ മൗലികാവകാശം കൃത്യമായി അനുവദിച്ചുകിട്ടുന്ന സംവിധാനം ഉണ്ടാക്കണം. പെൻഷനുകളും ക്ഷേമ പദ്ധതികളും കാര്യക്ഷമ മാക്കാത്ത, പ്രവാസികളുടെ മൗലിക അവകാശങ്ങൾ പരിഗണിക്കാത്ത സർക്കാരിന്റെ ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : സർ, ഈ രണ്ട് ഡിമാന്റുകളേയും ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. കേരളത്തിൽ ഏറ്റവും ചർച്ചചെയ്യപ്പെട്ട വിവാദമായ ഒരു വിഷയമായിരുന്നു നോക്കുകൂലിയും അമിതകൂലി ഈടാക്കലും. വളരെ സമഗ്രമായി പഠിച്ച് ഹെൽപ്പ്ലൈൻ സ്ഥാപിച്ച് അതിന് ശാശ്വതമായ പരിഹാരം കാണാൻ ഈ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഈ വകുപ്പിന്റെ മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. കേരളത്തിലെ തൊഴിൽ മേഖലകൾ, തൊഴിൽ സ്ഥാപനങ്ങൾ ഇന്ന് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ രീതിയിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കിയെടുക്കാൻ ഇനിയുള്ള കാലംമുതൽ നമുക്ക് കഴിയണം. ഇവിടെ പല അംഗങ്ങളും മിനിമം വേജസിന്റെ കാര്യം സൂചിപ്പിച്ചു. മിനിമം വേജസിന്റെ പരിധിയിൽപ്പെടുന്ന വ്യവസായ തൊഴിലാളി കളുടെ മിനിമം വേജസ് കാലതാമസം കൂടാതെ പുതുക്കി നടപ്പിലാക്കാൻ ശ്രമിക്കണം. അതിലൂടെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷ മമാക്കാൻ കഴിയണം. നമുക്ക് നിരവധി ക്ഷേമനിധി ബോർഡുകളുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ടതാണ് കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ്. അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെങ്കിൽ അതിലെ അംഗങ്ങളുടെ കുടിശ്ശിക സഹിതമുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാൻ കഴിയണം.

ഇപ്പോൾ 1,90,006 പേർക്ക് അതിവർഷ ആനുകൂല്യം ലഭിക്കാനുണ്ട്. അതിനു മാത്രം 2 കോടി രൂപ നിലവിൽ വേണ്ടിവരും. ബഹുമാനപ്പെട്ട മന്ത്രി അതിനു വേണ്ട പരിഹാരം കാണണം. അതുപോലെതന്നെ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 54,474 പേർക്ക് വിവാഹ ധനസഹായം കൊടുക്കാനുണ്ട്. അതും സമയബന്ധിതമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. അതിൽതന്നെ പെൻഷൻ കുടിശ്ശികയുണ്ട്. ആ പെൻഷനുൾപ്പെടെ കൊടുത്തു തീർക്കാൻ നമുക്ക് കഴിയണം. കേരളത്തിലെ പരമ്പരാഗത മേഖലയിൽ ഏറ്റവും വലിയ മേഖലയാണ് കശുവണ്ടി മേഖല. ഇന്ന് കശുവണ്ടി ഫാക്ടറികളൊക്കെ പരിശോധിച്ചാൽ അടിസ്ഥാന സൗകര്യം പോലുമില്ലാത്ത പല ഫാക്ടറികളും കാണാൻ സാധിക്കും. പാവപ്പെട്ട അമ്മമാരും സഹോദരിമാരും പണിയെടുക്കുന്ന ആ മേഖലയിൽ അവർക്ക് ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ നല്ലയൊരു മുറി പോലുമില്ല. കശുവണ്ടി തല്ലുന്ന അതേ ഷെഡ്ഡിലിരുന്നു തന്നെയാണ് അവർ ഭക്ഷണം കഴിക്കുന്നത്. പ്രാഥമിക അവശ്യം നടത്താനുള്ള സൗകര്യംപോലുമില്ല. അവിടെയൊക്കെ വളരെ വൃത്തിഹീനമായ സ്ഥലങ്ങളാണുള്ളത്. അതുകൊണ്ട് എൻഫോഴ്സ്മെന്റിന് അതിശക്തമായി ഇടപെടാൻ കഴിയണം. എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം കാലോചിതമായി മാറ്റം വരുത്തിയെങ്കിൽമാത്രമേ നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. കഴിഞ്ഞ യു.പി.എ. ഗവണ്മെന്റ് പി.എഫ്. പെൻഷൻ പ്രതിമാസം 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിന്റെ ഓർഡർ ഇതുവരെ ഇറങ്ങിയിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. വർദ്ധിപ്പച്ച 1,000 രൂപ ലഭിക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെന്റിൽ അങ്ങ് സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. നമ്മുടെ

തോട്ടം മേഖലയെ നമുക്കൊരിക്കലും മറക്കാൻ കഴിയില്ല. പ്രധാനപ്പെട്ട തോട്ടം മേഖലയായ പുനലൂരിലുള്ള ആർ.പി.എൽ. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രിക്ക് അറിയാവുന്നതാണ്. തൊഴിലാളികളുടെ പുനരധിവാസം, ഭവനനിർമ്മാണം....... വർഷങ്ങൾക്കുമുമ്പ് അന്നത്തെ സിലോൺ ഇന്നത്തെ ശ്രീലങ്കയിൽ നിന്നും 5,000 തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കാനായി വന്നു. അവർ ഇപ്പോൾ മലയാളികളായി മാറിയിരിക്കുകയാണ്. അവരുടെ ഒരു ലയത്തിൽ കഴിയുന്നത് 25–ഓളം പേരാണ്. അത് അവർക്ക് വളരെ ബുദ്ധിമുട്ടാണ്. ഈ സാമൂഹിക പ്രശ്നം ഉണ്ടാകാതിരിക്കാൻ ശാശ്വതമായ പരിഹാരം കാണണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. ഇവർക്ക് സമഗ്രമായ ഭവനനിർമ്മാണ പ്രവർത്തനം നടത്തണം. ഇപ്പോൾ നമ്മുടെ റൗൺ മേഖലയിൽ കാണുന്നതുപോലെ ഫ്ളാറ്റ് നിർമ്മിച്ച് അവർക്ക് ജീവിക്കുവാനുള്ള സൗകര്യം ഒരുക്കികൊടുക്കാനുള്ള നടപടിയുണ്ടാകണം. ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം ഊർജിതപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകളുടെയും നഴ്സുമാരുടെയും ഷോർട്ടേജുണ്ട്. അതെല്ലാം പരിഹരിക്കാൻ നമുക്ക് കഴിയണം. മുമ്പ് ഈ കാര്യങ്ങൾ ഊർജിതപ്പെടുത്തുന്നതിനുവേണ്ടി ട്രേഡ് യൂണിയൻ പ്രവർത്തകരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു. ഇപ്പോൾ ആ കമ്മിറ്റി നിലവിലില്ലയെന്നാണ് പരിശോധിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. അത് പുന:സ്ഥാപിച്ച് ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നമുക്ക് കഴിയണം. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും പരസ്പരം പഴിചാരുകയാണ് ചെയ്യുന്നത്. നമ്മൾ ഇത്

കണ്ടില്ലെന്നു നടിക്കരുത്. കാരണം, ഒരു കാലത്ത് രണ്ട് ജനസംഘം നേതാക്കന്മാർ ഇന്ത്യൻ പാർലമെന്റിൽ വന്നു. അതിനുശേഷം ആ പാർട്ടി ബി.ജെ.പി. ആയിമാറി. ആ നേതാക്കൾ ലാൽ കൃഷ്ണ അദ്വാനിയും അടൽ ബിഹാരി വാജ്പേയിയുമായിരുന്നു. ആരാണ് അവരുടെ വളർച്ചയ്ക്ക് നിദാന്ത കാരണക്കാർ എന്നു ചോദിച്ചാൽ കോൺഗ്രസ്സും എൽ.ഡി.എഫ്.-ഉം ആണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം, കോൺഗ്രസ് ദുർബ്ബലമാകുമ്പോൾ ബി.ജെ.പി. വരുന്നു. എൽ.ഡി.എഫ്. ദുർബ്ബലമാകുമ്പോൾ ബി.ജെ.പി. വരുന്നു. ഈ 16-ാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ റിസൽറ്റുകൾ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ഈ രണ്ട് ശക്തികൾക്കും മുൻതൂക്കമുള്ള സംസ്ഥാനങ്ങളിൽ ബി.ജെ.പി. കടന്നുവരുന്ന കാഴ്ചയാണ്. വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ ഈ രാജ്യത്ത് അധികാരത്തിൽ വന്നാലുണ്ടാകുന്ന പ്രത്യാഘാതം ഒരുകാലത്ത് ഇന്ത്യാ ഗവണ്മെന്റ് 5 വർഷം ഈ രാജ്യം ഭരിച്ചപ്പോൾ നമ്മൾ കണ്ടതാണ്. ഒരുപാട് നയങ്ങൾ ഈ രാജ്യത്ത് അടിച്ചേൽപ്പിച്ചു. ജീവിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നു. രാജ്യങ്ങളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുമെന്ന് ശ്രീ. നരേന്ദ്ര മോദി പറയുകയാണ്. അത് എവിടെയാണ് വിജയിക്കാൻ പോകുന്നത്. ഈ രാജ്യത്തെ വർഗ്ഗിയ ശക്തികൾ ഇത്രയും വളരാൻ കാരണം അന്ധമായ രാഷ്ട്രീയ വിരോധം ഈ രാജ്യത്ത് വച്ചുപുലർത്തുന്നതുകൊണ്ടാണ്. ഇങ്ങനെ അന്ധമായ രാഷ്ട്രീയ വിരോധം വച്ചുപുലർത്തിയാൽ നമുക്കൊരിക്കലും നന്മയുണ്ടാകില്ല. നന്മ കൈവരിക്കണമെന്നുണ്ടെങ്കിൽ നമുക്കൊരുമിച്ചുനിന്നുകൊണ്ട് ഈ വർഗ്ഗീയ ഫാസിസ്റ്റ് ശക്രികളെ ചെറുത്തുതോൽപ്പിക്കാൻ കഴിയുന്ന ഒരു വലിയ സംഘശക്തി ഈ രാജ്യത്ത്

ഉണ്ടാകണം. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും തയ്യാറാകണം. ഒരു മതേതര ഗവണ്മെന്റും ഒരു മതേതര മുന്നണിയുമാണ് ഇന്ത്യാരാജ്യത്തെ ജനങ്ങൾ ആഗ്രഹിച്ചിരുന്നത്. ഈ രാജ്യത്തെ ജനങ്ങളുടെ അഭിലാഷം സാക്ഷാത്ക്കരിക്കപ്പെടാൻ നമുക്ക് കഴിഞ്ഞില്ല. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നു. ഇനിയുള്ള കാലങ്ങളിൽ കേരളത്തിലടക്കമുള്ളവർക്ക് എങ്ങനെയാണ് ഈ ഭരണം കൊണ്ടുപോകുന്നതെന്ന് അറിയാൻ കഴിയുന്നില്ല.

തിരുവനന്തപുരത്ത് ജയിക്കുമെന്ന് പറഞ്ഞിരുന്ന ഒരു കക്ഷി, 14,000 വോട്ടിന് ലീഡ് ചെയ്തയാൾ പെട്ടെന്ന് താഴെ പോകുന്നു. എൽ.ഡി.എഫ്-ന്റെ സ്ഥാനാർത്ഥിയെ സംബന്ധിച്ചൊന്നും ഞാൻ പറയുന്നില്ല. ശ്രീ. വി. എസ്. സുനിൽ കുമാർ അതിന് മറുപടി പറയാൻ പ്രാപ്തനായി. കാരണം കാരക്കോണം മെഡിക്കൽ കോളേജിൽ വച്ച് നമ്മുടെ യുവജന സംഘടന നേതാക്കളുടെ കാലും കൈയും തല്ലിയൊടിക്കുന്നതിന് നേതൃത്വം കൊടുത്ത ശ്രീ. ബെന്നറ്റ് എബ്രാഹിമിനെയാണ് എൽ.ഡി.എഫ്-ന്റെ സ്ഥാനാർത്ഥിയായി അവിടെ നിർത്തിയത്. പ്രിയപ്പെട്ട ശ്രീ. സുനിൽ കുമാറിനോട് എനിക്ക് ചോദിക്കാനുള്ളത് തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിലെ എ.ഐ.വൈ. എഫ്-കാരിൽ ഒറ്റയാൾക്കുപോലും അദ്ദേഹത്തിന് വോട്ട് ചെയ്യാൻ കഴിയുമോ; കാരണം അത്രയ്ക്ക് കിരാതമായ പ്രവൃത്തിയായിരുന്നു ശ്രീ. ബെന്നറ്റ് എബ്രഹാം നടത്തിയിരുന്നത്. ആര് വോട്ട് ചെയ്യും? അത്തരത്തിൽ പുനർവിചിന്തനം നടത്താൻ സി.പി.ഐ. (എം) തയ്യാറാകണം.

മി. ചെയർമാൻ: അങ്ങ് ചുരുക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശ്രീ. സുനിൽ കുമാർ തയ്യാറാകണം. സി.പി.ഐ.-ക്ക് നല്ല സ്ഥാനാർത്ഥികളില്ലേ; സ്വതന്ത്രൻമാരെ കൊണ്ടുവന്ന് നിർത്തിക്കൊണ്ട് ബി.ജെ.പി. അധികാരത്തിൽ വരുന്നതിന് വേണ്ടിയുള്ള എല്ലാ ഒത്താശയും ചെയ്തുകൊടുത്തതിന്റെ തെളിവാണ് തിരുവനന്തപുരം പാർലമെന്റിൽ നമുക്ക് കാണാൻ കഴിഞ്ഞത്. ബി.ജെ.പി കേരളത്തിൽ പടർന്ന് പന്തലിക്കാൻ പോകുന്നു. അത് മുളയിലേ നുള്ളാൻ നമുക്ക് ശക്തിയുണ്ടാകണം. ശക്തി രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തിയില്ലെങ്കിൽ അന്ധകാരത്തിലേയ്ക്ക് ആണ്ടുപോകുന്ന സമൂഹമായി കേരളവും മാറിപ്പോകും. അതുകൊണ്ട് കാര്യക്ഷമമായ പ്രവർത്തനം നടത്താൻ കഴിയണം.

മി. ചെയർമാൻ: യെസ്, അങ്ങ് ചുരുക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കൊല്ലം പാർലമെന്റ് തെരഞ്ഞെടുപ്പ് കേരളം മുഴുവൻ നോക്കിയ തെരഞ്ഞെടുപ്പായിരുന്നു. ഞങ്ങളുടെ പാർട്ടി രാഷ്ട്രീയ നിലപാട് സ്വീകരിച്ചുകൊണ്ടാണ് യു.ഡി.എഫ്.-ലേയ്ക്ക് പോയത്. അത് ഒരു രാഷ്ട്രീയ പാപ്പരത്തമല്ല. കാരണം സി.പി.ഐ. യും ആർ.എസ്.പി. യും കോൺഗ്രസ്സും മുസ്ലീം ലീഗും കേരള സംസ്ഥാനം ഭരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ആ കാലത്തിലേയ്ക്കൊന്നും ഞാൻ എത്തിനോക്കാൻ ആഗ്രഹിക്കുന്നില്ല.

മി. ചെയർമാൻ: സമയം വളരെയേറെ അതിക്രമിച്ചിരിക്കുകയാണ്. ശ്രീ. കോവൂർ കുഞ്ഞുമോൻ അങ്ങ് ചുരുക്കണം. മൈക്ക് ഓഫ് ചെയ്യേണ്ടി വരും.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ചരിത്രത്തിന്റെ താളുകൾ പരിശോധിച്ചാൽ അറിയാൻ കഴിയും. അതുകൊണ്ട് വ്യത്യസ്തമായ കാഴ്ചപ്പാട് നമുക്കുണ്ടാകണം. ദീർഘ വീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാൻ നമുക്ക് കഴിയണം. തൊഴിൽ രംഗത്തും

പ്രവാസി രംഗത്തും ഉജ്ജ്വലമായ പ്രവർത്തനങ്ങൾ നടത്തുന്ന ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരെയും ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ഡിമാന്റിനെ അനുകൂലിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. കോവൂർ കുഞ്ഞുമോനാണ് ഏറ്റവും കൂടുതൽ സമയമെടുത്തത്. ബാക്കിയെല്ലാവരും സമയം ക്രമീകരിച്ചു പോവുകയാണ്. മറ്റുള്ള എല്ലാവരും സഹകരിക്കണം.

ശ്രീ. പി. എ. മാധവൻ: സർ, ഐക്യ ജനാധിപത്യ മുന്നണിയുടെ ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം നൽകുന്ന ഈ സർക്കാരിന്റെ തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന ധനാഭ്യർത്ഥനയെ, അഭിമാന പൂർവ്വം ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലം അസ്വസ്ഥത കളോ ഒച്ചപ്പാടുകളോ പരിഹരിക്കാൻ കഴിയാത്ത തർക്കങ്ങളോ ഇല്ലാതെ തൊഴിൽ മേഖലയെ നയിച്ച തൊഴിൽ വകുപ്പിന് നേതൃത്വം നൽകുന്ന ബഹു മാന്യനായ മന്ത്രി ശ്രീ. ഷിബു ബേബി ജോണിനെ അനുമോദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. വളരെയേറെ പ്രക്ഷുബ്ധമായ ചില സമരങ്ങൾ കേരളത്തിൽ ഉണ്ടായിട്ടില്ലെന്നു ഞാൻ പറയുന്നില്ല. ഇവിടെ കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ നടന്ന ചർച്ചകളും തൊഴിൽ വകുപ്പി ലേയ്ക്കും പ്രവാസിക്ഷേമ വകുപ്പിലേയ്ക്കും നടക്കുന്ന ചർച്ചകളും തമ്മിലു ള്ള വ്യത്യാസം കാണാം. ഇന്ന് സഭയ്ക്കുള്ളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് പ്രതിപക്ഷത്ത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയ്ക്ക് നേതൃത്വം നൽകുന്ന മുഖ്യപാർട്ടികൾ കമ്മ്യൂണിസ്റ്റ്-മാർക്സിസ്റ്റ് പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയുമാണ്. ഈ പാർട്ടികൾ തൊഴിലാളി വർഗ്ഗാധിഷ്ഠിത പാർട്ടികളാണ്. ഈ നിയമസഭയ്ക്കുള്ളിൽ ഈ കഴിഞ്ഞ മൂന്ന് വർഷക്കാ

ലവും നടന്ന ചർച്ചകളിൽ ഈ പാർട്ടികൾക്ക് കാര്യമായ തൊഴിലാളി പ്രശ്ന ങ്ങളുന്നയിക്കാൻ ഒന്നുകിൽ അവസരമുണ്ടായിട്ടില്ല അല്ലെങ്കിൽ കാര്യമായ തൊഴിലാളി പ്രശ്നങ്ങൾ അവർ ഉന്നയിച്ചിട്ടില്ല. ഒന്നുകിൽ സാന്ദർഭികമായി അല്ലെങ്കിൽ മന:പ്പൂർവ്വം തങ്ങളെ തങ്ങളാക്കിയ വർഗ്ഗത്തെ സൗകര്യപൂർവ്വം വിസ്മരിച്ച കാലഘട്ടമാണ് ഈ കഴിഞ്ഞ മൂന്ന് വർഷവുമെന്ന് നിയമസഭാ രേഖകൾ നോക്കിയാൽ കാണാം. എനിക്ക് മുൻപ് സംസാരിച്ച സുഹൃത്തു ക്കൾ സൂചിപ്പിച്ചതുപോലെ മുൻപ് എവിടെ നോക്കിയാലും നമുക്ക് സമര ത്തിന്റെ പതാകകളും, ഷെഡുകളും, മുദ്രാവാക്യങ്ങളും, സമര വാർത്തകളും കാണാവുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ കാലഘട്ടത്തിൽ നിന്ന് വ്യത്യ സ്തമായി കഴിഞ്ഞ മൂന്ന് കൊല്ലക്കാലം കേരള സംസ്ഥാനത്ത് എന്തുകൊണ്ട് സമരത്തിന്റെ വേലിയേറ്റങ്ങളില്ലാതെ പോയി. നിയമസഭാ ചർച്ചകളിൽ പോലും തൊഴിലാളി വർഗ്ഗത്തിന്റേതല്ലാത്ത വിഷയങ്ങൾ ഉയർത്തിക്കാട്ടുന്ന തിൽ, തൊഴിലാളി വർഗ്ഗത്തിനുവേണ്ടി വാദിക്കുന്ന കാര്യങ്ങൾ മന:പൂർവ്വം വിസ്മരിക്കുന്നതിൽ മന:പ്പൂർവ്വമായ ഒരു മറവിയുണ്ടായി. ഞാൻ ഒരിക്കലുമ തിൽ സന്തോഷിക്കുന്ന ഒരാളല്ല. ഇടതുപക്ഷ പാർട്ടികൾ തൊഴിലാളികളെ വിസ്മരിക്കുന്നതിൽ ഒരു ശതമാനം പോലും സന്തോഷിക്കുന്ന ആളല്ല ഞാൻ. തൊഴിലാളി വർഗ്ഗത്തെ വിസ്മരിച്ചുകൊണ്ടുള്ള ഒരു മുന്നേറ്റവും നമ്മുടെ നാടിന് ആത്യന്തികമായി ഗുണംചെയ്യില്ലെന്ന് വിശ്വസിക്കുന്നവരുടെ കൂട്ടത്തി ലാണ് ഞാൻ. അതുകൊണ്ട് ഞാൻ പറയട്ടെ, ഇന്നത്തെ ചർച്ചയുടെ തന്നെ എരിവും പുളിയും മൂർച്ചയുമൊക്കെ പരിശോധിച്ചാൽ തൊഴിലാളി വർഗ്ഗ ത്തോടുള്ള ആഭിമുഖ്യം മെല്ലെ മെല്ലെ കുറഞ്ഞു വരുന്നു എന്ന് ചർച്ചകളുടെ സ്വഭാവം കണ്ടാൽ ആർക്കും മനസ്സിലാകും. തൊഴിൽ വകുപ്പ് എന്തുകൊ ണ്ടാണ് അഭിനന്ദനം അർഹിക്കുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് തൊഴിൽ

വകുപ്പിൽ ഗണ്യമായ പരിഷ്ക്കാരങ്ങൾ, തൊഴിലാളികൾക്ക് അനുഭവവേദ്യമാകുന്ന പരിഷ്ക്കാരങ്ങൾ, ഒന്ന്, രണ്ട് എന്ന് അക്കമിട്ട് പറയാവുന്ന പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ ഈ വകുപ്പിനെ പൈലറ്റ് ചെയ്യുന്ന മന്ത്രിക്ക് കഴിഞ്ഞു എന്നതാണ് വസ്തുത. നേരത്തെ, പരോക്ഷമായി ഭരണകക്ഷി അംഗങ്ങൾക്ക് സംശയമുണ്ടോ എന്ന് ആരോ ഇവിടെ പറഞ്ഞു. ശ്രീ. എം. പി. വിൻസെന്റിന്റെ പ്രസംഗത്തെ പരാമർശിച്ച് സാന്ദർഭികമായെങ്കിലും ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ച് ആദ്യവും പ്രതികൂലിച്ച് പിന്നീടും സംസാരിച്ച ശ്രീമതി ബിജിമോൾ പോലും ശ്രീ. വിൻസെന്റ് പറഞ്ഞതിൽ എന്തോ പന്തികേടുണ്ടെന്ന് പരോക്ഷമായി സൂചിപ്പിച്ചു. ഫയലുകൾ ആകെ ചിതലരിച്ച് പൊടി നിറഞ്ഞ് ലക്ഷം ലക്ഷം പിന്നാലെ എന്ന് മുദ്രാവാക്യം വിളിക്കുന്നതുപോലെയുള്ള സ്ഥാപനമായി കിടന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ മുഖഛായ പൂർണ്ണമായും മാറുന്ന ഒരവസ്ഥയുണ്ടായത് ഈ അടുത്തകാലത്താണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്ന് കേൾക്കുമ്പോൾ തന്നെ ഒരു ശാപം പിടിച്ച വാക്കായി തോന്നുന്ന ഒരു കാലഘട്ടത്തിൽ നിന്ന് മാറി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നൈപ്യുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന, കേവലം ബോർഡ് മാറ്റി എഴുതൽ അല്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ബോർഡു മാറ്റി നൈപ്യുണ്യ കേന്ദ്രങ്ങളെന്ന് മാറ്റിയാൽ അത് നൈപുണ്യ കേന്ദ്രങ്ങളായി മാറുമോ, മാറില്ല. പക്ഷെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സമീപനവും ലക്ഷ്യവും മറ്റൊരു ദിശയിലേയ്ക്ക് മാറ്റി തൊഴിൽരഹിതർക്ക് കടന്നു വരാവുന്ന തൊഴിൽ അന്വേഷകർക്ക് കടന്നുവരാവുന്ന തൊഴിൽ ലഭ്യതയ്ക്ക് പ്രാപ്തരാക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടാക്കുന്ന ഒരു സ്ഥാപനമായി മാറ്റുകയാണ്. അത് ഒരു ചെറിയ കാര്യമാണോ? ചെറിയ കാര്യമല്ല. വളരെയേറെ തൊഴിൽരഹിതർക്ക് ആശ്വാസം കൊടുക്കുന്ന ഒരു വലിയ കാര്യമായി തന്നെ

നമുക്കത് കാണാൻ കഴിയും. കേരളത്തിൽ വളരെ പെട്ടെന്ന് ഒരു സമരം വന്നു. സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർ അവരുടെ ആനുകൂല്യങ്ങളെക്കുറിച്ച്, ജീവിത സാഹചര്യങ്ങളെക്കുറിച്ച്, അവർ പഠിക്കാൻവേണ്ടി മുടക്കിയ കാശിന്റെ തിരച്ചടവിനുള്ള സംഖ്യപോലും വരുമാനമില്ല എന്ന വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ട് സ്പൊണ്ടേനിയസായി, ഒരു സമരം വന്നു. എനിക്ക് തോന്നുന്നു കേന്ദ്ര തൊഴിലാളി സംഘടനകളല്ലായിരുന്നു അതിന്റെ പിന്നിലെന്ന്.

ഞാൻ തൃശ്ശൂർ ജില്ലയിൽ നിന്നുള്ള ഒരു ജനപ്രതിനിധിയാണ്. തൃശ്ശൂർ ജില്ലയിലെ നിരവധി ആശുപത്രികളിൽ സ്ഫോടനാത്മകമായ അന്തരീക്ഷമുണ്ടായി. ഒരു ദിവസം സഭയിൽ ആ വിഷയം ഉന്നയിക്കപ്പെട്ടു എന്നത് ഞാൻ മറക്കുന്നില്ല. പക്ഷേ ആ സമരം ആളിക്കത്തുന്ന സ്ഥിതിയിലേയ്ക്ക്; ആർക്കും നിയന്ത്രണമില്ലാത്ത സ്ഥിതിയിലേയ്ക്ക്; ആത്മഹത്യയിലേയ്ക്ക് നീങ്ങുന്ന സ്ഥിതിലേയ്ക്ക് നീങ്ങിയപ്പോൾ ഒന്നിലേറെ തവണ ബഹുമാന്യനായ മുഖ്യമന്ത്രി ആ വിഷയത്തിൽ ഇടപെട്ടു, ബഹുമാനപ്പെട്ട തൊഴിൽ മന്ത്രിയും ആവർത്തിച്ചാവർത്തിച്ച് ഇടപെട്ടു. ആ പ്രശ്നം വലിയ ഒച്ചപ്പാടുകളില്ലാതെയും പൊട്ടിത്തെറികളില്ലാതെയും തുടർന്ന് ഒരു സമരത്തിലേയ്ക്ക് ആ വിവാദം പോകാത്ത വിധത്തിൽ ശാശ്വതമായ പരിഹാരത്തിലേയ്ക്ക് കൊണ്ടുപോകാനും കഴിഞ്ഞു. അതൊരു ചെറിയ കാര്യമല്ല. അതിനായി തൊഴിൽ വകുപ്പിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഒരിക്കൽ കൂടി അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം, വർക്ക്മെൻ കോമ്പൻസേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന കേസുകളിൽ തീർപ്പ് കൽപ്പിച്ചിരുന്നത് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറാണ്. 14

ജില്ലാ ആസ്ഥാനങ്ങളിലും അത് പ്രവർത്തിച്ചിരുന്നു. പക്ഷേ 2014 ജനുവരി 18-ാം തീയതിയിലെ 8/2014/ലേബർ ഉത്തരവ് പ്രകാരം ഈ കേസുകൾ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലേയ്ക്ക് മാറ്റി. അപ്പോൾ 14-ന് പകരം തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാല ക്കാട്, കോഴിക്കോട് എന്നീ 5 സ്ഥലങ്ങളായി മാറി. പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളുടെ കേന്ദ്രമായാണ് പാലക്കാട് ട്രിബ്യൂണൽ പ്രവർത്തിക്കുന്നത്. പക്ഷേ ഒരു വർക്ക്മെൻ കോമ്പൻസേഷൻ കേസിൽ വിധി പ്രഖ്യാപിച്ച് കാശു വാങ്ങാൻ തൊഴിലാളിക്ക് പാലക്കാട് ജില്ലയിലേയ്ക്കു പോകേണ്ട ഒരു സ്ഥിതിവിശേഷമുണ്ട്. അതിനാൽ ഒന്നുകിൽ മുൻകാലത്തെ സ്ഥിതി തുടരണം അല്ലെങ്കിൽ 14 ജില്ലകളിലും ഇതിനുള്ള സംവിധാനമുണ്ടാകണം. കേന്ദ്ര സർക്കാരിന്റെ പുതിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള മാറ്റം വേണ്ടിവന്നതെന്നാണ് അറിയാൻ സാധിച്ചത്. വിശദാംശങ്ങൾ എന്റെ കൈയിലുണ്ട്, സമയപരിധി മൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അത് പുനഃസ്ഥാപിച്ച് തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ കർശനമായ ഒരു നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ആറുമാസക്കാലമായി വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരം ആനുകൂല്യത്തിന് വിധി അനുകൂലമായി ലഭിച്ചവർക്ക് ഒരു ചെക്ക് പോലും കിട്ടാത്ത അവസ്ഥയാണുള്ളത്. അത് കിട്ടണമെങ്കിൽ അതിനനുകൂലമായ ഒരു തീരുമാനമുണ്ടാകണം. അത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണെന്ന് എനിക്കു തോന്നുന്നു.

സ്വർണ്ണത്തൊഴിലാളികളുടെയും സ്വർണ്ണക്കച്ചവടക്കാരുടെയും കേന്ദ്രമാണ് തൃശ്ശൂർ. പതിനായിരക്കണക്കിന് സ്വർണ്ണ തൊഴിലാളികളാണ് ഇവിടെയുള്ളത്. കേരളത്തിൽ സ്വർണ്ണത്തൊഴിലാളികൾക്കായി ടെസ്റ്റിംഗ് ആന്റ് ട്രെയി

നിംഗ് സെന്റർ തുടങ്ങാനായിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ സെക്ടർ സ്കിൽ കൗൺസിലുമായി ചേർന്ന് എറണാകുളം ജില്ലയിൽ ഒരു അന്താരാഷ്ട്രപരിശീലന കേന്ദ്രം തുടങ്ങുവാനുള്ള ധാരണാപത്രം പൂർത്തിയായി എന്നറിഞ്ഞു. നല്ലകാര്യമാണ്. ഇക്കാര്യത്തിൽ ഏത് സ്ഥലത്ത് തുടങ്ങണമെന്ന് ഞാൻ പറയുന്നില്ല, ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്വർണ്ണ വ്യവസായവുമായി ബന്ധപ്പെട്ട് പതിനായിരക്കണക്കിന് തൊഴിലാളികളുള്ള കേരളത്തിൽ തൊഴിലാളികളെ രക്ഷിക്കുവാനുള്ള ഒരു സംരംഭമുണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

പ്രവാസികൾ ഏറ്റവും കൂടുതലുള്ള സ്ഥലമാണ് എന്റെ നിയോജകമണ്ഡലമായ മണലൂർ. കേരളത്തിന്റെ സാമ്പത്തിക രംഗത്ത് ഏറ്റവും വലിയ ചാലകശക്തിയായി പ്രവർത്തിക്കുന്നത് പ്രവാസികളാണ്. മണലൂർ നിയോജകമണ്ഡലത്തിൽ നിന്നായതുകൊണ്ട് ആ പ്രവാസികളുടെ പ്രശ്നങ്ങളിൽ വളരെയേറെ കാര്യങ്ങൾ ചെയ്യുന്ന സർക്കാർ ഭരണസംവിധാനമാണ് നമുക്കുള്ളത് എന്നറിയാം. ചെയ്യുന്ന കാര്യങ്ങൾ അഭിനന്ദനാർഹമാണെങ്കിലും ഏതാനും ചില കാര്യങ്ങൾ കൂടി ശ്രദ്ധയിൽപ്പെടേണ്ടതുണ്ട് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ആദരണീയനായ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് പ്രവാസി വകുപ്പ് നിലവിൽ വന്നത്. ശ്രീ. എം. എം. ഹസ്സനായിരുന്നു ആദ്യ പ്രവാസി വകുപ്പുമന്ത്രി. കടലിനപ്പുറത്ത് പോയവരും വാളയാറിന് അപ്പുറത്ത് പോയവരും നമ്മുടെ രാജ്യം വിട്ട് മറ്റു രാജ്യങ്ങളിലേയ്ക്ക് പോയവരും നമ്മുടെ സംസ്ഥാനം വിട്ട് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോയവരൊക്കെ പ്രവാസികളാണ്, അവരുടെ പ്രശ്നങ്ങളെ കണ്ണുതുറന്ന് കാണാനും അവയ്ക്ക് പരിഹാരം തേടാനും തുടങ്ങിയത് ശ്രീ. ആന്റണിയുടെ സർക്കാരിന്റെ കാലം മുതലാണ്.

ഇന്ന് നമ്മുടെ പ്രവാസികളെ സംബന്ധിച്ചിടത്തോളം ഏറ്റവുമധികം ഉത്കണ്ഠ യുണ്ടാക്കുന്നത് ഇറാഖിൽ നടക്കുന്ന സംഭവ വികാസങ്ങൾ തന്നെയാണ്. ബാഗ്ദാദിനടുത്ത് എത്തിയോ, എത്ര കിലോമീറ്റർ അടുത്താണ് ഇപ്പോൾ തീവ്രവാദികൾ എന്നൊക്കെ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ പോകണോ വേണ്ടയോ എന്നൊക്കെയുള്ള തർക്കങ്ങളുണ്ടെങ്കിലും ഇന്ത്യാക്കാരായ; മലയാളികളായ മുഴുവൻ ആളുകൾക്കും സുരക്ഷിതത്വം ലഭി ക്കുമോ എന്നുള്ള ആശങ്ക സത്യത്തിൽ ജനങ്ങളുടെ ഇടയിലുണ്ട്. ആ ആശങ്ക പരിഹരിക്കാൻ ഇതുവരെ ചെയ്ത കാര്യങ്ങൾ ചെറുതല്ല. അവരെ മടക്കിക്കൊ ണ്ടുവരാനുള്ള പാക്കേജിനെക്കുറിച്ച് പറഞ്ഞു. അത്തരം കാര്യങ്ങളിൽ ബഹു മാനപ്പെട്ട മന്ത്രി ശ്രീ. കെ. സി. ജോസഫിനെ ഹൃദയത്തിന്റെ ഭാഷയിൽ അഭി നന്ദിക്കുന്നു. അവരെ തിരിച്ചുകൊണ്ടുവരാൻ മാത്രമല്ല, പത്തും ഇരുപതും കൊല്ലക്കാലം ജോലി ചെയ്ത് വെറും കൈയോടെ മടങ്ങുന്നയാളുകളാണ് അവരിൽ വലിയ ഒരു വിഭാഗം ആളുകളും. അങ്ങനെ വരുന്നയാളുകളെ പുനഃരധിവസിപ്പിക്കുവാനുള്ള ക്ലിപ്തമായ ഒരു പദ്ധതി നമുക്ക് വേണം. നിതാഖാദിന്റെ കാലത്ത് നമ്മൾ അത് ചെയ്തില്ല. എണ്ണത്തിൽ വ്യത്യാസ മുണ്ടെന്നൊക്കെ പറഞ്ഞാലും ഈ സർക്കാരിന് ആ കാഴ്ചപ്പാടുണ്ട് എന്ന് സമ്മതിച്ചുകൊണ്ടു തന്നെ, കുറെക്കൂടി സുതാര്യമായ വിധത്തിൽ; ഫലപ്ര ദമായ വിധത്തിൽ അങ്ങനെ വരുന്ന നിരാലംബരായവർക്ക് സ്വയം തൊഴിൽ സംരംഭത്തിന് കൊളാറ്ററൽ സെക്യൂരിറ്റി വാങ്ങിയായാൽ പോലും പലിശര ഹിത വായ്പ നൽകാനുള്ള സംവിധാനമുണ്ടാക്കണം. കേരളത്തിലെ പൊതു മേഖലാ ധനകാര്യസ്ഥാപനങ്ങളെയും സഹകരണ സ്ഥാപനങ്ങളെയുമൊക്കെ ഇത്തരം കാര്യങ്ങളിൽ പ്രത്യേകമായി ബന്ധപ്പെടുത്തി പലിശ രഹിത വായ്പ കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടാകണം. ഒരർത്ഥത്തിൽ കുറ്റക്കാരല്ലാ

ത്തവർ പോലും ശിക്ഷിക്കപ്പെട്ട് ഗൾഫ് ജയിലുകളിൽ കഴിയുന്നുണ്ട്. അവരുടെ പരാതികൾ നിത്യേനയെന്നോണം വന്നുകൊണ്ടിരിക്കുകയാണ്. അവരെക്കുറിച്ച് ഒരു തുള്ളി കണ്ണീർ വീഴ്ത്താൻ; അവരുടെ സ്ഥിതിഗതികളെക്കുറിച്ച് അന്വേഷിക്കാൻ; അവർക്ക് ശിക്ഷാ ഇളവ് കിട്ടുമ്പോൾ അവരെ തിരിച്ചുകൊണ്ടുവരാൻ; അവർക്ക് വേണ്ടി ചിന്തിക്കുന്ന, പ്രാർത്ഥിക്കുന്ന, സംസാരിക്കുന്ന ഒരു സമൂഹം കേരളത്തിലുണ്ടെന്ന് അവരെയും ബന്ധുക്കളെയും ബോധ്യപ്പെടുത്തുവാനുള്ള തീവ്രമായ ശ്രമം നമ്മുടെ ഭാഗത്ത് നിന്നുണ്ടാകേണ്ടതുണ്ട്. ഗൾഫ് ജയിലുകളിലുള്ളവരെക്കുറിച്ച് പ്രവാസി വകുപ്പിന്റെ പ്രത്യേകമായ ശ്രദ്ധയും നിരന്തരമായ ഇടപെടലുകളും ആവശ്യമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് എൻ.ആർ.ഐ. ക്വാട്ട എന്നപേരിൽ വലിയൊരു ക്രൂരതയാണ് പ്രവാസികളോട് കാട്ടുന്നത്. സാധാരണക്കാരായ പ്രവാസികൾക്ക് മെഡിക്കൽ സീറ്റിനെക്കുറിച്ചോ മറ്റു സീറ്റുകളെക്കുറിച്ചോ ചിന്തിക്കാൻ പോലും കഴിയില്ല. പ്രവാസിയായിപ്പോയി എന്നതുകൊണ്ടുമാത്രം അവരിൽ നിന്ന് എത്ര ഇരട്ടി ഫീസാണ് ഈടാക്കുന്നത്. അത് അവർക്കുള്ള ഒരു ശിക്ഷയാണോ? പ്രവാസി സീറ്റിന് വ്യത്യസ്തമായ ഫീസ് ഈടാക്കുന്നത്, ഏറ്റവുമധികം വിദേശപ്പണം നേടിത്തരുന്ന പ്രവാസികളോട് കാണിക്കുന്ന ക്രൂരതയാണ്. 75000 കോടി രൂപയാണ് ബാങ്കുകളിൽ എൻ.ആർ.ഐ. നിക്ഷേപമായുള്ളത്. ആ ബാങ്കുകളിലേയ്ക്കുള്ള നിക്ഷേപം സാധാരണക്കാരായ തൊഴിലാളികളുടെ കൂടിയാണ്. ഗൾഫിലുള്ള കോടീശ്വരൻമാർക്ക് മാത്രമേ നമ്മുടെ നാട്ടിൽ വിദ്യാഭ്യാസത്തിനുള്ള സീറ്റ് കിട്ടുകയുള്ളൂ എന്ന സ്ഥിതി ഒഴിവാകണം. എൻ.ആർ.ഐ. ക്വാട്ടയ്ക്ക് പത്തും പതിനഞ്ചും ഇരട്ടി ഫീസ് വാങ്ങുന്നത് ശരിയല്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പ്രവാസികളെ സംബന്ധിച്ച് അങ്ങ് കുറേ കാര്യങ്ങൾ പറയുകയുണ്ടായി. ഇറാഖിലെ ഇപ്പോഴത്തെ സാഹചര്യവുമായി ബന്ധപ്പെട്ട് ഒരുകാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾ ഇവിടെ ലീവിൽ വന്നിരിക്കുന്നവരോട് കമ്പനിക്കാർ മടങ്ങിവരാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. മടങ്ങി വന്നില്ലെങ്കിൽ അവരുടെ ജോലി നഷ്ടപ്പെടും എന്ന അവസ്ഥയുമുണ്ട്. ഗവൺമെന്റ് എംബസി തലത്തിലോ വിദേശകാര്യ വകുപ്പുമായോ ഈ സാഹചര്യത്തിൽ ഇന്ത്യാക്കാർ അങ്ങോട്ടുപോകരുതെന്ന് ഗവൺമെന്റ് ഒരു തീരുമാനം പറഞ്ഞെങ്കിൽ മാത്രമേ അവർക്ക് ജോലി നഷ്ടപ്പെടാത്ത സാഹചര്യമുണ്ടാവുകയുള്ളൂ. അത് വിദേശകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മാധവൻ: സർ, ഇത്തരം കാര്യങ്ങളിൽ മറ്റേത് സംസ്ഥാനത്തെ മുഖ്യമന്ത്രിമാരെക്കാളും നിതാന്ത ജാഗ്രതയോടെ പ്രവർത്തിക്കുന്ന ഒരു മുഖ്യമന്ത്രിയാണ് നമ്മുടെ സംസ്ഥാനം ഭരിക്കുന്നത്. ഇറാഖ് സംഭവത്തിന്റെ ആരംഭകാലം മുതൽ കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയെയും ബന്ധപ്പെട്ടവരേയും നിരന്തരമായി ഇടപെടാനും ഇത്തരം കാര്യങ്ങളിൽ വളരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കാനുമൊക്കെ സംസ്ഥാന വകുപ്പുമന്ത്രി തയ്യാറായിട്ടുണ്ട്. അതുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥ് ചോദിച്ച ചോദ്യം, വളരെ കൃത്യമായി പാലിക്കുന്ന ഒരു സംവിധാനമുണ്ടാകുമെന്ന് തന്നെയാണ് എന്റെ പ്രതീക്ഷ. മുഖ്യമന്ത്രിയുടെ ഒരു സ്വപ്ന പദ്ധതിയായിരുന്നു 'എയർ കേരള'. എയർ കേരള പദ്ധതി നെടുമ്പാശ്ശേരി മോഡലിൽ വിദേശികളുടെ കൂടി പങ്കാളിത്തത്തോടുകൂടി നമ്മുടെ കേരളീയർക്ക് പോകാനും വരാനുമാണ്. അതിൽ യാത്ര ചെയ്യുന്നതിന്റെ പേരിൽ; പ്രവാസിയായി

പോയതിന്റെ പേരിൽ അധികം ടാക്സേഷൻ കൂടാതെ നിരവധി മടങ്ങ് സംഖ്യ കൊടുക്കാതെ യാത്ര ചെയ്യാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. പലപ്പോഴും യൂറോപ്യൻ സെക്ടറിലേയ്ക്കുള്ള യാത്രാച്ചെലവിന്റെ അനേകം മടങ്ങാണ് നമ്മുടെ യാത്രാക്കാരിൽ നിന്ന് വാങ്ങുന്നത്, ഒരുപക്ഷേ ഞാൻ മാത്രമായിരിക്കും കേരള നിയമസഭയ്ക്കുള്ളിൽ വിദേശ യാത്ര നടത്താത്ത ആൾ എന്നെനിക്കുതോന്നുന്നു. എന്നാലും അത്രയും യാത്രാച്ചെലവ് വഹിക്കുമ്പോഴുണ്ടാകുന്ന വേദന ചെറുതല്ലാത്തതാണ്. അതുപോലെ കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളുടെയും ഓഫ് ക്യാമ്പസ് സെന്ററുകൾ അവിടെ ആരംഭിക്കണം. എനിക്ക് മുമ്പ് സംസാരിച്ചവർ അവിടത്തെ വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് ചൂണ്ടിക്കാണിച്ചതുകൊണ്ട് വിശദീകരിക്കുന്നില്ല. ഏതായാലും കേരളത്തിലെ പ്രവാസികളുടെ വിഷയത്തിൽ നിതാന്തജാഗ്രത പുലർത്തുന്ന; തൊഴിലിലും തൊഴിലാളിക്ഷേമ പ്രവർത്തനങ്ങളിലും നിതാന്ത ജാഗ്രത പുലർത്തുന്ന ഈ ധനാഭ്യർത്ഥനകളെ ഹൃദയപൂർവ്വം അഭിമാനത്തോടുകൂടി ഒരിക്കൽ കൂടി പിന്താങ്ങികൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. പരമ്പരാഗത വ്യവസായ രംഗത്ത് തൊഴിലാളികളുടെ സ്ഥിതിയെ സംബന്ധിച്ച് ദീർഘമായി വിശദീകരിക്കേണ്ട കാര്യമില്ല. നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്ന പരമ്പരാഗത വ്യവസായ മേഖലയിൽ ഓരോ വർഷം കഴിയുന്തോറും തൊഴിലാളികളുടെ എണ്ണം കറുഞ്ഞുവരുന്നുവെന്ന യാഥാർത്ഥ്യം എല്ലാവർക്കും അറിയാവുന്നതാണ്. ആ പരമ്പരാഗത വ്യവസായ മേഖലയ്ക്ക് പിടിച്ചു നിൽക്കാൻ കഴിയാത്ത ഒട്ടേറെ ഘടകങ്ങൾ നമ്മുടെ രാജ്യത്ത് ഇപ്പോൾ ഉണ്ടാ

യിക്കൊണ്ടിരിക്കുകയാണ്. ഒരുവശത്ത് പുതിയ സാമ്പത്തിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടന്നുവരുന്ന നടപടിക്രമങ്ങൾ, ആധുനിക വ്യവസായ രംഗത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങളുമായി മത്സരിച്ച് പിടിച്ച് നിൽക്കാൻ കഴിയാത്ത അവസ്ഥ തുടങ്ങിയ ഒട്ടേറെ കാരണങ്ങളുണ്ട്. അതൊന്നും ഞാൻ വിശദീകരിക്കുന്നില്ല. അങ്ങനെ പരമ്പരാഗത വ്യവസായ രംഗം തകർന്നുകൊണ്ടിരിക്കുകയാണ്. കയർ, കശുവണ്ടി, കൈത്തറി, കളള്ചെത്ത്, ബീഡി, ഓട് അടക്കമുള്ള ഒരുപാട് പരമ്പരാഗത വ്യവസായങ്ങൾ ഇന്ന് നേരിടുന്ന പ്രതിസന്ധി, കേരളീയ സമൂഹത്തിനും തൊഴിൽ വകുപ്പിനും തൊഴിലാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്കുമെല്ലാം അറിയാവുന്ന കാര്യമാണ്. അത്തരമൊരു സാഹചര്യത്തിൽ പരമ്പരാഗത വ്യവസായ മേഖലയിൽ അനുദിനം തൊഴിൽ കുറഞ്ഞുവരികയും ജീവിക്കാൻ മാർഗ്ഗമില്ലാത്തവിധം ആ രംഗങ്ങളിൽ നിന്ന് മാറ്റി നിർത്തപ്പെടുകയും ചെയ്യുന്ന ആളുകൾക്ക് വിവിധ രംഗങ്ങളിൽ ആശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഞങ്ങൾ മുൻകൈ എടുക്കുന്നുവെന്ന്...........വിവിധ വിഷയങ്ങളിൽ ആശ്വാസ പദ്ധതികൾ പ്രഖ്യാപിക്കുകയും നടപ്പാക്കുകയും കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഒരുപാട് അത്ഭുതകരമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തുവെന്ന് അഭിമാനിക്കുന്ന ഗവൺമെന്റിന് ഈ തൊഴിൽ രംഗത്തുനിന്ന് മാറ്റിനിർത്തപ്പെടുന്ന, തൊഴിൽ നിഷേധിക്കപ്പെടുന്ന, ഒഴിവാക്കപ്പെടുന്ന ആളുകൾക്കുവേണ്ടി എന്തെങ്കിലും ആശ്വാസ പദ്ധതി നടപ്പിലാക്കിക്കൂടെ? അവർക്ക് പെൻഷൻ കിട്ടുന്ന പ്രായംവരെയെങ്കിലും ആശ്വാസ പദ്ധതി നടപ്പിലാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം എന്നാണ് പരമ്പരാഗത വ്യവസായ മേഖലയുമായി ബന്ധപ്പെട്ട വിഷയത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. പരമ്പരാ

ഗത തൊഴിൽ രംഗത്തെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, പ്രത്യേകിച്ച് ബീഡി യെന്ന് പറയുമ്പോൾ ഒട്ടേറെ പ്രശ്നങ്ങൾ നേരിടുകയാണ്. ഒന്ന്, സാമൂഹിക മായി അതിനോടുള്ള സമീപനം, കോടതി എടുത്തിട്ടുള്ള നിലപാടുകൾ, പുക യിലയും പുകയില ഉത്പന്നങ്ങളും നമ്മൾ വർജ്ജിക്കണമെന്ന രീതിയിൽ വളർന്നുവന്നുകൊണ്ടിരിക്കുന്ന അവബോധവും മറ്റെല്ലാംകൂടി വരുമ്പോൾ ബീഡി രംഗത്തെ തൊഴിലാളികൾ നേരിടുന്ന വലിയ വിഷയമുണ്ട്. അതു കൊണ്ട് പുകയില ഉത്പാദനം നടക്കുന്നിടത്തോളംകാലം പുകയില ഉത്പന്ന ങ്ങൾ ഉപയോഗിച്ചുകൊണ്ട് ഈ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നിടത്തോളം കാലം അവരെ സംരക്ഷിക്കാനും നിലനിർത്താനുമുള്ള ബാധ്യതയുണ്ട്. ബീഡി വ്യവസായവുമായി ബന്ധപ്പെട്ട് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മാത്രം 75000-ൽ കുറയാത്ത ആളുകൾ സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ്. ദിനേശ് ബീഡി വലിയ പ്രസ്ഥാനമായിരുന്നു. 42000 -ൽപ്പരം തൊഴിലാളികളുണ്ടായിരുന്നിടത്ത് 10000-തൊഴിലാളികൾ മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. ആ വ്യവസായത്തിന് പിടിച്ചുനിൽക്കാൻ കഴി യാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. മോഡണൈസേഷനെക്കുറിച്ചും വൈവിദ്ധ്യവൽക്കരണത്തെക്കുറിച്ചുമുള്ള പദ്ധതികൾ മുന്നോട്ട് വയ്ക്കുകയും ചില പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കുട നിർമ്മാണം, ഫുഡ് പ്രോസസിംഗ് യൂണിറ്റ്, ഗാർമെന്റ്സ് യൂണിറ്റ്, ഐ.ടി. തുടങ്ങിയ മേഖലയി ലേയ്ക്ക് കടക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഇങ്ങനെയൊക്കെ ശ്രമിച്ചാലും ദിനേശ് ബീഡി മേഖലയിൽ ഇപ്പോൾ അവശേഷിക്കുന്ന 10000-ത്തോളം വരുന്ന ആളുകളിൽ നാമമാത്രമായ ആളുകളാണ് ഈ രംഗങ്ങളിലേയ്ക്ക് പോകുന്നത്. അവർക്ക് വൈവിദ്ധ്യവത്ക്കരണവുമായി ബന്ധപ്പെട്ട പദ്ധതി

കളിലൂടെ കൂടുതൽ വിപുലമായ സാധ്യതകളുണ്ടാക്കാനും ബദൽ സംവിധാനമൊരുക്കാനും സാധിക്കണം. ദിനേശ് ബീഡി പ്രസ്ഥാനത്തിന് സാമ്പത്തിക സ്വാധീനമുള്ളതാണ്, ഭൂമേഖലയുള്ളതാണ്, കെട്ടിടങ്ങളുള്ളതാണ് അതുകൊണ്ട് ഈ മേഖലകളിലൊക്കെ തന്നെ പുകയില ഉത്പന്നവുമായി ബന്ധപ്പെടാത്ത വ്യവസായങ്ങളോ പുതിയ സംരംഭങ്ങളോ ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ഇക്കാര്യത്തിൽ വ്യവസായവകുപ്പും തൊഴിൽ വകുപ്പും ജാഗ്രതയോടുകൂടിയ നിലപാട് സ്വീകരിക്കണം. കണ്ണൂർ, കാസർഗോഡ് ജില്ലയിലുള്ള പ്രൈവറ്റ് ബീഡി മേഖലയിലെ പ്രധാനപ്പെട്ട വിഷയമെന്ന് പറയുന്നത്, 75000–ൽപ്പരം വരുന്ന ആളുകളിൽ മഹാഭൂരിപക്ഷം തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കാൻ പോലും ബീഡി വ്യവസായത്തിലെ ഉടമകൾ സന്നദ്ധരാകുന്നില്ലെന്നുള്ളതാണ്. അതിന്റെ ഫലമായി ക്ഷേമനിധിയുടെ ആനുകൂല്യവും പി.എഫ്. ഉം ലഭിക്കുന്നില്ല. ക്ഷേമനിധിയിൽ അംഗമാക്കിയാൽ പി.എഫ്. തുക അടയ്ക്കേണ്ടി വരുമെന്ന കാരണങ്ങൾകൊണ്ട് അവർ  പിന്നോട്ട് പോകുന്ന അവസ്ഥയുണ്ട്. അതിനാവശ്യമായ വിധത്തിലുള്ള ഇടപെടൽ നടത്താൻ ഗവൺമെന്റ് മുന്നോട്ട് വരണമെന്നാണ് ചൂണ്ടിക്കാണിക്കുന്നത്.  എൻ.ആർ.ഇ.ജി. തൊഴിലാളികളുടെ വിഷയത്തിൽ, തൊഴിലൊക്കെ അവർക്ക് സാമാന്യരീതിയിൽ ലഭിക്കുന്നുണ്ടെങ്കിലും കോടിക്കണക്കിന് രൂപ തൊഴിലാളികൾക്ക് കിട്ടാതെ കൂലിയായി ബാക്കി നിൽക്കുന്ന അവസ്ഥ പരിഹരിക്കാനുള്ള ഏർപ്പാടുണ്ടാകണം. ആർ.എസ്.ബി.വൈ. പ്രശ്നത്തെക്കുറിച്ച് ഇവിടെ നേരത്തേ ചൂണ്ടിക്കാണിച്ചു. ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് ഏജൻസികൾ യഥാസമയം പണം കൊടുക്കാത്തത് സംബന്ധിച്ച് ചികിത്സ നൽകിക്കൊണ്ടിരിക്കുന്ന പരി

യാരം മെഡിക്കൽ കോളേജും മറ്റ് ഓരോ മേഖലയിലുമുള്ള വിവിധ ആശുപത്രികളിൽ അവർ നടത്തിയിട്ടുള്ള ചികിത്സയുടെ പണം ലഭിക്കാത്തത് സംബന്ധിച്ച് വലിയ പരാതികൾ ഉയർന്നുവരികയാണ്. തീർച്ചയായും തൊഴിലാളികൾ പിന്നീടും ചികിത്സയ്ക്ക് പോകുമ്പോൾ വളരെ വലിയ പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്നതാണ് ചൂണ്ടിക്കാണിക്കാനുള്ള കാര്യം. ഷോപ്പിംഗ് മാളുകളിൽ ജോലി ചെയ്യുന്നവരിൽ മഹാഭൂരിപക്ഷവും സ്ത്രീകളാണ്. അവരോട് മാനേജ്മെന്റുകൾ സ്വീകരിക്കുന്ന സമീപനത്തെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. അവർക്ക് യാതൊരുവിധ സൗകര്യങ്ങളും അനുവദിക്കുന്നില്ല. അവർക്ക് യാതൊരു തരത്തിലും അവിടെ നിന്ന് ഒരു നിമിഷംപോലും മാറി നിൽക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അവിടെയൊക്കെ ആവശ്യമായ പരിശോധന നടത്തി അടിയന്തരമായ നടപടി സ്വീകരിക്കുന്നതിന് തൊഴിൽവകുപ്പിന്റെ ഭാഗത്തുനിന്ന് നിലപാടുകൾ ഉണ്ടാകണം. അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതിയും അതിലെ അദ്ധ്യാപക–അനദ്ധ്യാപകർ ഉൾപ്പെടെയുള്ള ആളുകളുടെ സ്ഥിതിയുമെല്ലാം പല തവണ ഇവിടെ ചർച്ച ചെയ്തതാണ്. അവരും ഒരു തൊഴിലാളികളെന്നതിൽ കവിഞ്ഞ് ജീവനക്കാരെന്ന് വിശേഷിപ്പിക്കാൻ കഴിയാത്തവിധം നാമമാത്രമായ ശമ്പളം കൊണ്ട് കഴിഞ്ഞുകൂടേണ്ട അവസ്ഥയാണുള്ളത്. അവരുടെ വിഷയത്തിൽ എന്ത് നിലാപാടാണ് സ്വീകരിക്കാൻ പോകുന്നത്; തൊഴിൽ വകുപ്പിന് അക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ഗൗരവതരമായി ചിന്തിച്ചേ മതിയാകൂ. നഴ്സിംഗ് മേഖലയിലെ തൊഴിലാളികളുടെ കാര്യം ചൂണ്ടിക്കാണിച്ചു. ഡോ. ബലരാമൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ഏതുവരെയായി; അക്കാര്യങ്ങളിൽ ഗവൺമെന്റ് എടുക്കുന്ന നിലപാട് എന്താണ്? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇന്നൊരു

ഭൂഷണമാണ്. കാണാൻ കൊള്ളാവുന്ന ആഭരണം പോലെ നിൽക്കുന്ന ഒരു സ്ഥാപനമാണ്. എല്ലാം മേഖലകളിലും കരാർ തൊഴിലാളികളെയും ദിവസ വേതനക്കാരെയും നിശ്ചയിക്കുന്നു. സർക്കാർ സ്ഥാപനങ്ങളിൽ ഒഴിവുവരുന്ന സ്ഥലങ്ങളില്ലൊം ദിവസവേതനക്കാരെ നിശ്ചയിച്ചുകൊണ്ട് മുന്നോട്ട് പോയാൽ സ്വാഭാവികമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് യാതൊരു തരത്തിലുള്ള ഉത്തരവാദിത്വവും നിർവ്വഹിക്കാനിടയില്ല. അവരെയാരും പരിഗണിക്കുന്നില്ല, അവിടെയാരും അപേക്ഷകൾ അയയ്ക്കുന്നില്ല, അവരിൽ നിന്ന് ലിസ്റ്റ് വാങ്ങുന്നില്ല, നിയമനം നടത്തുന്നില്ല എന്നതാണ് ചുരുക്കം. അതുകൊണ്ട് തൊഴിലാളി ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് തൊഴിലാളിയുടെ പ്രശ്നങ്ങൾ സംബന്ധിച്ച് തൊഴിൽവകുപ്പ് വളരെ ഗൗരവതരമായ ഇടപെടലുകൾ നടത്തേണ്ട വിവിധങ്ങളായ രംഗങ്ങളുണ്ടെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനാവശ്യമായ ഇടപെടൽ  ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രവാസികളെ സംബന്ധിച്ച കാര്യമാണെങ്കിലും, ഇറാഖിലെ സ്ഥിതി ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചു. 8000-നും 10000-നും ഇടയിൽ ഇന്ത്യക്കാർ അവിടെയുണ്ടെന്നാണ് പത്രങ്ങളിൽ നിന്ന് അറിയാൻ കഴിയുന്ന കാര്യം. അതിൽ കൃത്യമായി കേരളീയർ എത്രയുണ്ടെന്ന് അറിയില്ലെങ്കിലും ചില കേന്ദ്രങ്ങളിൽ പ്രത്യേകിച്ച് ആശുപത്രികളിൽ കഴിയുന്ന നഴ്സുമാർ ജീവൻ രക്ഷപ്പെടുത്തുന്നതിനുവേണ്ടി നിലവിളി കൊള്ളുന്ന സാഹചര്യമാണ് നിലവിലുള്ളത്. അവരെ രക്ഷിച്ചെടുക്കുന്നതിനുവേണ്ടി എന്ത് നിലപാടാണ് സ്വീകരിക്കുന്നത്.  സംസ്ഥാന ഗവൺമെന്റ്, മലയാളികളായ....... മലയാളികൾ മാത്രമാണ് രക്ഷപ്പെടേണ്ടതെന്ന അർത്ഥത്തിലല്ല, ഇന്ത്യാക്കാരായ മുഴുവൻ ആളുക

ളെയും ഇവിടെ എത്തിക്കണമെന്നുള്ളത് ആവശ്യമാണ്. ഇറാഖിലെ യുദ്ധം അവസാനിപ്പിക്കണമെന്ന് നമ്മൾ ആഗ്രഹിച്ചാൽ ചിലപ്പോൾ നടക്കില്ല. അതും അവസാനിക്കേണ്ടതാണ്. അക്കാര്യത്തിൽ തർക്കമില്ല. പക്ഷേ, കേരളീയരായ ആളുകളെ ഇവിടെ തിരിച്ചെത്തിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്ത് ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നത്? ഏതെല്ലാം തരത്തിലുള്ള ഇടപെടലുകളിലൂടെ അവരെ തിരിച്ചുകൊണ്ടുവരാൻ കഴിയുമെന്നുള്ളതും........ ഓരോ നിമിഷവും മണിക്കൂറും തങ്ങളുടെ ജീവൻ നഷ്ടപ്പെടാതിരിക്കാൻ, ദീനരോധനം ഉയർത്തുന്ന ആ വിഭാഗത്തോട് അനുകമ്പാപൂർവ്വമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന 14 ലക്ഷത്തിലധികം കേരളീയർ പ്രവാസികളായി കഴിയുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അവർ കോടിക്കണക്കിന് രൂപയാണ് ഓരോ വർഷവും ഇന്ത്യാരാജ്യത്തേയ്ക്ക് അയയ്ക്കുന്നത്. 75000 കോടിയിലധികം രൂപ അയയ്ക്കുന്നുവെന്നാണ് ഒരു കണക്കിൽ ചൂണ്ടിക്കാണിച്ചുകാണുന്നത്. ഇത്തരം ആളുകളുടെ കാര്യത്തിൽ അവർക്ക് ആവശ്യമായ സഹായം ചെയ്യുന്നതിനും പ്രവാസികൾക്ക് എന്തെല്ലാം ആനുകൂല്യം നൽകുന്നുവെന്ന് പറയുമ്പോഴും ആയിരം കോടി രൂപയുടെ പദ്ധതി അവർക്ക് തയ്യാറാക്കണമെന്ന അഭിപ്രായം പ്രവാസികളുടെ സംഘടനകൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. നമ്മുടെ രാജ്യത്തെ ഗവൺമെന്റായാലും സംസ്ഥാനത്തെ ഗവൺമെന്റായാലും നാമമാത്രമായ ചില പ്രഖ്യാപനങ്ങൾ നടത്തുന്നതിനപ്പുറത്ത് പ്രവാസികളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ

സ്വീകരിച്ചിട്ടില്ലായെന്നുളളത് കാണാൻ കഴിയും. എന്താണ് അതിലെ പ്രധാന പ്പെട്ട കാര്യം?

നിതാഖത്ത് നിയമത്തിൽ കുടുങ്ങി നാട്ടിൽ തിരിച്ചെത്തിയവരുടെ സ്ഥിതിയെ ന്താണ്; നിതാഖത്തിൽ കുടുങ്ങിയവരെ നാട്ടിൽ തിരിച്ചെത്തിക്കു ന്നതിനുവേണ്ടി തീവ്രയത്നം നടത്തുന്നതിനെക്കുറിച്ച് കഴിഞ്ഞ സഭയിൽ ചർച്ചയുണ്ടായി. അതിന്റെ ഭാഗമായി ഗൾഫിൽനിന്നും മടങ്ങിവരുന്നവർക്ക് പലിശരഹിതവായ്പ നൽകുമെന്നും സ്വയംതൊഴിൽ സംരംഭത്തിന് ആവശ്യ മായ നടപടികൾ സ്വീകരിക്കുമെന്നും പറഞ്ഞിരുന്നു. അതൊന്നും നടപ്പിലാ കുന്നില്ല. ബാങ്കുകൾ അത്തരം വായ്പ കൊടുക്കാൻ തയ്യാറാകുന്നില്ല. വെറുമൊരു പ്രഖ്യാപനത്തിലൊതുങ്ങിയതിനപ്പുറം പ്രവാസികളെ സഹായി ക്കാനാവശ്യമായ നടപടിയൊന്നുമുണ്ടായിട്ടില്ലെന്ന് നമുക്ക് കാണാൻ കഴിയും. ഭാരത് പ്രവാസി ദിവസ് വലിയ മാമാങ്കംപോലെ ആഘോഷി ക്കുന്നുവെന്നത് നേരാണ്. ബഹുമാന്യനായ കെ.സി. ജോസഫും ചിലപ്പോൾ പോയിക്കാണും. പക്ഷേ, സാധാരണക്കാരിൽ സാധാരണക്കാരായ പ്രവാസി കൾക്ക് അതിന്റെ നാലയലത്ത് എത്താൻ കഴിയാത്തവിധമുള്ള വലിയ മാമാങ്കമാണ് നടക്കുന്നത്. യഥാർത്ഥത്തിൽ ഇവിടെ പ്രവാസികളെന്ന രീതിയിൽ പരിഗണിച്ച് പരിരക്ഷിക്കേണ്ട ഒരു വലിയ വിഭാഗം ആളുകളും സാധാരണക്കാരിൽ സാധാരണക്കാരും വീടില്ലാത്തവരും തൊഴിലില്ലാത്ത വരും നാട്ടിലേയ്ക്ക് തിരിച്ചുവരുമ്പോൾ കുടുംബംപോലും മാന്യമായി നോക്കാൻ കഴിയാത്ത അവസ്ഥയിലുള്ളവരുമാണ്. അവരുടെ കാര്യത്തിലാണ് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരേണ്ടത്. അത് വേണ്ടത്ര ഉണ്ടാകുന്നില്ല. ഗൾഫ് വിമാന ടിക്കറ്റിന്റെ

കാര്യം ഇവിടെ പലരും ചൂണ്ടിക്കാണിച്ചു. എന്താണ് എയർ ഇന്ത്യ സ്വീകരിക്കുന്ന നിലപാട്; എയർ ഇന്ത്യ അങ്ങനെ ഒരു നിലപാട് സ്വീകരിച്ചാൽ വിദേശ വിമാന കമ്പനികൾക്കും ആ നിലപാട് സ്വീകരിക്കാമല്ലോ; ആറ് ഇരട്ടിയിൽ കൂടുതലാണ് ഇപ്പോൾ ചാർജ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഓണവും റംസാനും വരുന്നു. ഈ അവസരത്തിൽ മാത്രമല്ല, അവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടയ്ക്കുകയും കുട്ടികളോടൊപ്പം രക്ഷാകർത്താക്കൾ നാട്ടിലേക്ക് വരികയും ചെയ്യുന്ന സന്ദർഭം വരുമ്പോഴെല്ലാം എയർ ഇന്ത്യ സ്വീകരിക്കുന്നത് കഴുത്തറുപ്പൻ നിലപാടാണ്. ഓണവും റംസാനും വരുന്ന ഈ കാലത്ത് കേരളത്തിലേയ്ക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുന്ന വിദേശ മലയാളികളെ കൊള്ള ചെയ്യുന്ന രീതിയിലുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞമാസം കേരളത്തിൽനിന്നും ഗൾഫിലെ വിവിധ രാജ്യങ്ങളിലേയ്ക്ക് പോകാൻ 5000 മുതൽ 6000 രൂപ വരെയായിരുന്നു കുറഞ്ഞ നിരക്ക്. എയർ ഇന്ത്യ എക്സ്പ്രസ്സ്, എയർ അറേബ്യ, ഇൻഡിഗൊ, സ്പൈസസ് ജെറ്റ് എന്നീ വിമാനക്കമ്പനികളെല്ലാം അത് 30000 രൂപ വരെയാക്കി. എമിറേറ്റ്സ്, എയർ-ലങ്ക, ഒമാൻ, എയർ-ഖത്തർ, ഖത്തർ എയർവേയ്സ് കുവൈറ്റ് എയർവേയ്സ, എത്തിഹാദ് തുടങ്ങിയ കമ്പനികൾ ഓണ സീസൺ തുടങ്ങുംമുമ്പ് ഗൾഫ് സെക്ടറിലേക്ക് ഈടാക്കിയിരുന്നത് 9000 രൂപയോ 10000 രൂപയോ ആയിരുന്നു. ഇപ്പോൾ അത് 40,000 രൂപയും 53000 രൂപയുമാണ്. അങ്ങനെ വിവിധ എയർലൈൻസ് കമ്പനികൾ എടുക്കുന്ന നിലപാടുകൾ നമ്മുടെ സംസ്ഥാനത്തോടും ജനങ്ങളോടും കാണിക്കുന്നത് കൊടിയ വഞ്ചനയാണെന്നതിൽ സംശയമില്ല. ഈ വിഷയത്തിൽ ബധിര കർണ്ണങ്ങളിൽ കേട്ടതുപോലെ ഒരു പ്രതികരണവുമില്ലാതിരി

ക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നതെങ്കിൽ, തീർച്ചയായും പ്രവാസികളുടെ വോട്ടും പ്രതീക്ഷിച്ച് നിൽക്കുന്നവരോട് പറയാനുള്ളത്, പ്രവാസികൾ രോഷാകുലരാണ്, ഏറ്റവും വലിയ പ്രതിഷേധമാണ് ഉയർന്നുവരുന്നതെന്നു മാത്രമാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. എൻ.എ. നെല്ലിക്കുന്ന്</u>: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും ധനാഭ്യർത്ഥനയുടെ ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഈ ധനാഭ്യർത്ഥനയെ ഞാൻ വളരെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. പ്രവാസികൾക്കായി ഏർപ്പെടുത്തിയ ക്ഷേമനിധിവഴി ലഭിക്കുന്ന സൗകര്യങ്ങളെക്കുറിച്ച് നമുക്ക് നല്ലപോലെ അറിയാം. ഈ സൗകര്യങ്ങളൊക്കെ ഏർപ്പെടുത്തിയത് ശ്രീ. കെ.സി. ജോസഫ് മന്ത്രിയായതിനുശേഷമാണ്. അദ്ദേഹം ഒരു സഹൃദയൻ മാത്രമല്ല മനുഷ്യത്വത്തിന്റെ പ്രതീകമാണെന്നുകൂടി അദ്ദേഹം ആവിഷ്ക്കരിച്ചിരിക്കുന്ന പരിപാടികളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിനെക്കുറിച്ച് നമുക്കറിയാം. 18-നും 55-നും ഇടയിൽ പ്രായമുള്ള കുറഞ്ഞത് രണ്ട് വർഷക്കാലം കേരളത്തിന് പുറത്ത് ഉപജീവനാർത്ഥം താമസിച്ച ഏതൊരു പ്രവാസി കേരളീയനും മുൻ പ്രവാസി കേരളീയനും ഈ ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. 55 വയസ്സ് എന്ന പ്രായപരിധി 60 വയസ്സ് ആക്കണമെന്നാണ് എനിക്ക് മന്ത്രിയോട് അപേക്ഷിക്കാനുള്ളത്. കാരണം ഇപ്പോൾ ഗൾഫിൽനിന്നും പല ആളുകളും വളരെ വാർദ്ധക്യം ബാധിച്ചതിനുശേഷമാണ് തിരിച്ചുവരുന്നത്. തിരിച്ചുവരുമ്പോൾ അവരുടെ

പ്രായം 60 വയസ്സൊക്കെ കഴിഞ്ഞിട്ടുണ്ടാകും. അതുകൊണ്ട് 55 വയസ്സ് എന്നത് 60 ആക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് വളരെ വിനയ പൂർവ്വം അപേക്ഷിക്കുകയാണ്. അതുപോലെ അംശദായമായി വിദേശ മലയാളികൾ പ്രതിമാസം 300 രൂപയും ഇന്ത്യയ്ക്കകത്തുള്ളവർ പ്രതിമാസം 100 രൂപയുമാണ് നൽകേണ്ടത്. തിരിച്ചുവരുന്നവർക്ക് കാറ്റഗറി മാറാൻ ഇതുവരെ ഒരു തീരുമാനം ആയിട്ടില്ല. വിദേശത്ത് ജോലിയിലിരിക്കെ 300 രൂപ മാസംതോറും നൽകാൻ ഒരാളെ സംബന്ധിച്ചിടത്തോളം പ്രയാസമുണ്ടാവുകയില്ല. പക്ഷെ, എല്ലാം നഷ്ടപ്പെട്ട് തിരിച്ചുവരുന്ന ഒരാളെ സംബന്ധിച്ച് അത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ആ കാര്യത്തിലും മന്ത്രി ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. 60 വയസ്സ് പൂർത്തിയായതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചതുമായ ഒരു വിദേശ പ്രവാസി മലയാളിക്ക് പ്രതിമാസം 1000 രൂപയും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രതിമാസം 500 രൂപയും പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. കഴിഞ്ഞ ബഡ്ജറ്റുകളിലൊക്കെ നമ്മുടെ സംസ്ഥാനത്ത് എല്ലാ പെൻഷനുകളും വർദ്ധിപ്പിച്ചു. കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ വലിയ മാറ്റമുണ്ടാക്കുകയും നമ്മുടെ സമ്പദ്ഘടനയെ പരിപോഷിപ്പിക്കുകയും ചെയ്ത പ്രവാസി മലയാളികളുടെ പെൻഷൻ വർദ്ധിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത്. കുടുംബ പെൻഷൻ, അവശതാ പെൻഷൻ, മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം, ചികിത്സാ ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, പ്രവാസി ആശ്വാസ

നിധി, പ്രത്യേക സഹായ നിധി, അംഗങ്ങളുടെ പുനരധിവാസത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വകാര്യ ക്ലിപ്ത കമ്പനികൾ എന്നിവയൊക്കെ ഈ ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായ്പകൾക്ക് പത്ത് ശതമാനം മൂലധന സബ്സിഡി (പരമാവധി 2,00,000 രൂപ) നൽകുന്നതിനും നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് വ്യവസ്ഥ ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അപേക്ഷിക്കാനുള്ളത് ഈ മൂലധന സബ്സിഡി വർദ്ധിപ്പിക്കണമെന്നാണ്. നിതാഖത്തുമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയവർക്കുവേണ്ടി നമുക്ക് എന്തൊക്കെ ചെയ്യാൻ കഴിഞ്ഞു എന്നതിനെക്കുറിച്ച് ഒരു പരിശോധന നടത്തേണ്ട സന്ദർഭംകൂടിയാണിതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, ഗൾഫ് സെക്ടറിലെ വിമാന യാത്രാക്കൂലിയെക്കുറിച്ചാണ് എനിക്കും പറയാനുള്ളത്. ഞാൻ ഒരു പ്രവാസിയാണ്. ഇതിനെക്കുറിച്ച് നമ്മൾ പറയാൻ തുടങ്ങിയിട്ട് വളരെ കാലമായെങ്കിലും ഒരു ഫലവും ഉണ്ടായിട്ടില്ല. പ്രവാസികളെ എയർലൈൻസ് ശരിക്കും പിഴിയുകയാണ്. ഇപ്പോൾ അവിടെ സ്കൂളുകളൊക്കെ പൂട്ടി, അവധിയാണ്. നമ്മുടെ കുടുംബങ്ങളൊക്കെ കുട്ടികളോടൊപ്പം നാട്ടിലേയ്ക്കുവരും. ആ സമയം നോക്കിയാണ് അവർ ആളുകളെ പിഴിയാൻ തുടങ്ങുന്നത്. രണ്ട് വർഷത്തിലൊരിക്കൽ ഗൾഫിൽനിന്ന് നാട്ടിലേയ്ക്കുവരുന്ന കുടുംബത്തിന് രണ്ടു വർഷത്തെ മുഴുവൻ സമ്പാദ്യവും ടിക്കറ്റിനുവേണ്ടി ചെലവഴിക്കേണ്ട

ഒരവസ്ഥയാണുള്ളത്. ഇക്കാര്യത്തിൽ നമ്മൾ എല്ലാവരും യോജിച്ച് ഒരു പോരാട്ടത്തിനുതന്നെ ഒരുങ്ങണമെന്നാണ് എനിക്ക് പറയാനുള്ളത്. ഏറ്റവും ലാഭകരമായ സെക്ടറാണ് ഗൾഫ് എന്ന് നമുക്കെല്ലാവർക്കും അറിയാം. പക്ഷേ ഈ സെക്ടറിലാകട്ടെ എയർ ഇന്ത്യ അടക്കം എല്ലാ എയർലൈൻസുകളും പഴയ ഫ്ളൈറ്റുകളാണ് ഉപയോഗിക്കുന്നത്. ഇത്രമാത്രം അവഗണിക്കപ്പെടേണ്ട വിഭാഗമല്ല പ്രവാസികളെന്ന്, പ്രത്യേകിച്ച് ഗൾഫ് മലയാളികളെന്ന് നമുക്ക് എല്ലാവർക്കും അറിയാം. ഗൾഫ് മലയാളികൾ നാട്ടിലേക്ക് അയക്കുന്ന പണം സംസ്ഥാന വരുമാനത്തുകയിലും അധികമാണ്.

2012–13–ലെ കണക്കുകൾപ്രകാരം 22.8 ലക്ഷം മലയാളികൾ വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്നുണ്ട്. അവർ സംസ്ഥാനത്തേയ്ക്ക് അയച്ചുതന്നത് അറുപത്തയ്യായിരം കോടി രൂപയാണ്. ഈ കാലയളവിൽ നമ്മുടെ റവന്യൂ വരുമാനമാകട്ടെ 44137.30 കോടി രൂപമാത്രമാണ്. ഗൾഫ് നാടുകളിൽ നിന്നു വരുന്ന പണം ശരിയായി വിനിയോഗിക്കുന്നുണ്ടോയെന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. ഇതിൽ സിംഹഭാഗവും ഉപഭോഗവസ്തുക്കൾക്കായി അന്യസംസ്ഥാനങ്ങളിലേയ്ക്കാണ് ഒഴുകുന്നത്. ഇതിനൊരു മാറ്റം വരുത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രവാസികാര്യവകുപ്പുമന്ത്രി ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളെ കാർഷികമേഖലയിലേയ്ക്ക് ആകർഷിക്കുകയും ഗൾഫ് നാടുകളിൽ വൻ ഡിമാന്റുള്ള ഭക്ഷ്യവസ്തുക്കൾ ജൈവകൃഷിയിലൂടെ ഉല്പാദിപ്പിച്ച് കയറ്റുമതി ചെയ്യാനുള്ള സാങ്കേതികസഹായങ്ങൾ ചെയ്തുകൊടുക്കാനുള്ള ഒരു ഏജൻസി രൂപീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷി

ക്കുകയാണ്. ആ ഏജൻസിയിൽ പണം മുടക്കാൻ നമ്മുടെ വിദേശമലയാളികൾ തയ്യാറാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വിഷവസ്തുക്കളുടെ സാന്നിദ്ധ്യമുണ്ടെന്നപേരിൽ മറ്റുസംസ്ഥാനങ്ങളിൽ നിന്നുള്ള കയറ്റുമതി വിഭവങ്ങൾ യൂറോപ്യൻ രാജ്യങ്ങളുൾപ്പെടെ നിരസിക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. അങ്ങനെയുള്ള സാഹചര്യത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിച്ച് ടെസ്റ്റ് ചെയ്ത ഭക്ഷ്യവിഭവങ്ങൾ കയറ്റുമതി ചെയ്യാനുള്ള ഒരു പദ്ധതി തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികൾക്കുവേണ്ടി അവരുടെ പങ്കാളിത്തത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്തിനുതന്നെ വലിയ നേട്ടമായിരിക്കും. ഗൾഫ് നാടുകളിൽനിന്ന് തിരിച്ചുവരുന്ന ആളുകൾ, അല്ലെങ്കിൽ കുടുംബത്തെ നാട്ടിലേയ്ക്കയക്കുന്ന ആളുകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അവരുടെ കുട്ടികൾക്ക് സ്കൂളുകളിലും കോളേജുകളിലും പ്രവേശനം കിട്ടുന്നില്ലായെന്നുള്ളതാണ്. അതുകൊണ്ട് ഗൾഫ് നാടുകളിൽനിന്ന് തിരിച്ചുവരുന്ന രക്ഷിതാക്കളുടെ കുട്ടികൾക്ക് നമ്മുടെ സ്കൂളുകളിലും കോളേജുകളിലും സീറ്റ് സംവരണം ഏർപ്പെടുത്തണമെന്നാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ള മറ്റൊരു നിർദ്ദേശം. ഇപ്പോൾ എല്ലാ ആളുകളുടെയും പ്രധാനപ്പെട്ട പരാതിയും പരിഭവവും വീടുനിർമ്മാണത്തിനാവശ്യമായ മണൽ സമയത്ത് കിട്ടുന്നില്ലായെന്നുള്ളതാണ്. ഇ-മണൽ സംവിധാനം എല്ലാ ജില്ലകളിലുമുണ്ടെങ്കിലും മണലിന് അപേക്ഷിച്ചാൽ മൂന്നു മുതൽ ആറു മാസക്കാലംവരെ കാത്തിരിക്കേണ്ടിവരുന്നുണ്ട്. ഒരു ഗൾഫ് മലയാളി നാട്ടിലേക്ക് വരുന്നത് പുതിയ വീട് ഉണ്ടാക്കുന്നതിന് വേണ്ടിയായിരിക്കും അല്ലെങ്കിൽ ഉള്ള വീടിന് ഒരു മുറി അധികമായി നിർമ്മിക്കുന്നതിനുവേണ്ടിയായിരിക്കും. അങ്ങനെയുള്ളയാൾ നാട്ടിൽ വരുമ്പോൾ ചിലപ്പോൾ ഒരു മാസത്തെ അവധിയായിരിക്കു

മുണ്ടാവുക. പക്ഷെ ഈ ഒരു മാസത്തെ അവധിസമയത്ത് പൂഴി കിട്ടാത്തതു കൊണ്ടുമാത്രം വീടുനിർമ്മാണം നടത്താൻ കഴിയാതെ വിഷമിക്കുന്ന പല ആളുകളെക്കുറിച്ചും നമുക്കറിയാം. ആ കാര്യത്തിനും ഒരു പുതിയ മാറ്റം ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇറാഖിലെ ആഭ്യന്തരകലാപം രൂക്ഷമായത് ലോകത്തെ എന്നപോലെ ഇൻഡ്യയേയും ആശങ്കയിലാക്കിയിരിക്കുകയാണ്. ഇറാക്കിലെ തിക്രീത് നഗരത്തിലുള്ള 44 മലയാളി നഴ്സുമാർ, അവർ അപകടത്തിലാണെന്ന് പ്രധാനമന്ത്രിക്ക് ശബ്ദസന്ദേശം അയച്ചിട്ടുണ്ടെന്നാണ് പത്രത്തിൽ വായിക്കാൻ കഴിഞ്ഞത്. ഇറാഖിൽനിന്ന് കേരളത്തിലേയ്ക്ക് മടങ്ങുന്നവരുടെ യാത്രാക്കൂലി വഹിക്കുമെന്ന് സംസ്ഥാന സർക്കാരിനുകീഴിലുള്ള നോർക്ക റൂട്ട്സ് അറിയിച്ചത് മടങ്ങാനാഗ്രഹിക്കുന്നവരെ സംബന്ധിച്ചിടത്തോളം വളരെ ആഹ്ലാദകരമായ ഒരു കാര്യമാണ്. അതുപോലെ ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, ഇപ്പോഴും പാസ്പോർട്ടില്ലാതെ, തൊഴിലില്ലാതെ കഷ്ടപ്പെടുന്ന ധാരാളം ആളുകൾ ഗൾഫ് നാടുകളിലുണ്ട്. അങ്ങനെയുള്ള ആളുകളെക്കൂടി സഹായിക്കുവാൻ മുന്നോട്ടുവരേണ്ടതുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഗൾഫിലെ ഇന്ത്യാക്കാരുടെ വോട്ടവകാശമാണ്. പ്രവാസികളുടെ വോട്ടവകാശത്തിനുവേണ്ടി ആദ്യമായി കോടതിയെ സമീപിച്ചത് കാസർഗോഡുനിന്നാണെന്നതിൽ കാസർഗോഡുകാരനായ എനിക്ക് വളരെ സന്തോഷമുണ്ട്. ഇൻഡ്യയിലെ ആദ്യത്തെ പ്രവാസി വോട്ട് രജിസ്റ്റർ ചെയ്തതും കാസർഗോഡാണ് എന്നുകൂടി ഞാൻ സന്തോഷപൂർവ്വം സൂചിപ്പിക്കുകയാണ്. ചില രാഷ്ട്രങ്ങളിൽ ചെയ്യുന്നതുപോലെ പ്രവാസികൾക്കായി അവിടങ്ങളിൽ ഒന്നോ രണ്ടോ പോളിംഗ് ബൂത്തുകൾ ഏർപ്പെടുത്തുകയോ തപാൽ വോട്ട് സൗകര്യം ഏർപ്പെടുത്തു

കയോ ചെയ്യേണ്ടത് അനിവാര്യമാണ്. സാങ്കേതികവിദ്യകൾ പുരോഗതി പ്രാപിച്ചതോടെ ഓൺലൈൻ സംവിധാനം ഇപ്പോൾ എല്ലായിടങ്ങളിലുമുണ്ട്. ആ സംവിധാനം വോട്ടിംഗിലും പരീക്ഷിച്ചു നോക്കാവുന്നതാണെന്ന് ഞാനിവിടെ പറയുവാൻ ആഗ്രഹിക്കുന്നു. മറ്റൊന്ന്, കേന്ദ്രത്തിൽ ഭരണമാറ്റ മുണ്ടായിരിക്കുകയാണ്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് പ്രവാസികൾക്കായി ഒരു മന്ത്രിയും വകുപ്പുമുണ്ടായിരുന്നു. പക്ഷെ, പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പ്രവാസികൾക്കായി ഒരു മന്ത്രിയില്ല. പ്രവാസികളുടെ കാര്യത്തിൽ വേണ്ടതുചെയ്യുന്നതിന് ഒരു പ്രവാസികാര്യ വകുപ്പുമന്ത്രി കേന്ദ്രത്തിൽ ഉണ്ടാകുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് പറയുവാനുള്ളത്. തൊഴിലും തൊഴിലാളിക്ഷേമവും കൂടി ഇന്നത്തെ വിഷയമാണ്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ശ്രീ. ഷിബു ബേബിജോൺ പുതിയൊരു കേരള മാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വളരെ സന്തോഷപൂർവ്വം പറയുന്നു. നവകേരള ശില്പിയെ ഞാൻ ഹൃദയപൂർവ്വം അഭിവാദ്യം ചെയ്യുകയാണ്. അദ്ദേഹ ത്തിന്റെ ആകാരം പോലെതന്നെ മനസ്സിനും വിശാലതയുണ്ട്. തൊഴിൽരംഗത്ത് അന്തസ്സുള്ള തൊഴിൽസാഹചര്യം സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞ ഒരു സർക്കാരാണ് കേരളം ഭരിക്കുന്നതെന്ന് നമുക്കെല്ലാവർക്കും അഭിമാനപൂർവ്വം പറയാൻ കഴിയും. സമരങ്ങളും അക്രമങ്ങളുംകൊണ്ട് മലീ മസമായിരുന്ന തൊഴിൽരംഗം ശാന്തവും സ്റ്റെഡിയുമാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. 2008–ൽ 4 ലക്ഷം തൊഴിൽദിനങ്ങൾ നഷ്ടമായെങ്കിൽ 2013–ലെ കണക്കുപ്രകാരം അത് 1.82 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. 2008–ൽ ലോക്കൗട്ട് മൂലം നഷ്ടപ്പെട്ട തൊഴിലവസരങ്ങൾ 64,316 ആയിരുന്നുവെങ്കിൽ

2013–ൽ 24058 ആയി കുറയ്ക്കാൻ കഴിഞ്ഞുവെന്നത് ഈ വകുപ്പിന്റെ എടുത്തുപറയത്തക്ക നേട്ടമാണ്. രാജ്യത്ത് കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തികനില പരിശോധിക്കുന്നതിന് ആദ്യമായി ഒരു പഠനം നടന്നതും നമ്മുടെ സംസ്ഥാനത്താണ്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാരുടേതടക്കം എല്ലാവിഭാഗം തൊഴിലാളികൾക്കും ജീവിത സൗഭാഗ്യങ്ങളുടെ മുഖത്തുനോക്കാൻ അവസരമുണ്ടായതും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ഇ.എസ്.ഐ. യിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ കാർഡ് സ്വീകരിക്കുവാൻ നമ്മുടെ സംസ്ഥാനത്തെ പല ആശുപത്രികളും വിമുഖത കാട്ടുന്ന ഒരവസ്ഥാവിശേഷം കാണുന്നുണ്ട്. ആശുപത്രികൾക്ക് കിട്ടേണ്ട പണം യഥാസമയത്ത് കിട്ടാത്തതുകൊണ്ടാണിതെന്ന് ഞാൻ മനസ്സിലാക്കുന്നു. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾകൂടി എനിക്ക് പറയാനുള്ളത്, നമ്മുടെ രാജ്യത്ത് ഒരു ഭരണമാറ്റമുണ്ടായിരിക്കുകയാണ്. കേന്ദ്രത്തിൽ ബി.ജെ.പി. അധികാരത്തിൽ വന്നത് നമ്മെയെല്ലാവരേയും വേദനിപ്പിക്കുന്നു. നമ്മുടെ നാട് വൈവിധ്യങ്ങളുടെ നാടാണ്. വൈവിധ്യങ്ങളിലൂടെ ഏകതയുടെ ഒരു നൂല് ഓടുന്നുണ്ട് എന്ന് അപ്പുറത്തുമിപ്പുറത്തുമിരിക്കുന്ന ആളുകൾ മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മതമേലദ്ധ്യക്ഷൻമാരെ നികൃഷ്ടജീവികളെന്ന് വിശേഷിപ്പിച്ച ഒരു രാഷ്ട്രീയ നേതാവിന്റെ വർത്തമാനകാല ദുരന്തത്തിന് നാമെല്ലാം സാക്ഷിയായി എന്നതാണ് ഈ തെരഞ്ഞെടുപ്പിനുശേഷമുള്ള സംസ്ഥാനത്തെ ഏറ്റവും വലിയ പ്രത്യേകതയെന്നുകൂടി ഞാൻ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. മറ്റൊന്ന്, ഈ സഭയിൽ എന്നെ ഏറ്റവും കൂടുതൽ

വേദനിപ്പിച്ച ഒരു കാര്യം കഴിഞ്ഞ ദിവസം നമ്മുടെ പ്രിയപ്പെട്ട സഹോദരി ശ്രീമതി ലതിക, എം.എൽ.എ. പ്രസംഗത്തിനിടയിൽ, ഗൾഫ് നാടുകളിൽ പല്ലിന് പല്ല്, മൂക്കിന് മൂക്ക്, കണ്ണിന് കണ്ണ് എന്ന നിയമമാണുള്ളതെന്നു പറഞ്ഞ് ഗൾഫ് നാടുകളെ അവഹേളിക്കുവാനും ഗൾഫുനാടുകളിലെ നിയമ ങ്ങൾ ഈ സഭയിൽ തെറ്റിദ്ധരിപ്പിക്കുവാനുമാണ് അവർ ശ്രമിച്ചത്. എനിക്ക് അവരോട് വിനയപൂർവ്വം ചോദിക്കാനുള്ളത്, ശ്രീമതി കെ. കെ. ലതികയുടെ മകൻ ഗൾഫിലാണ് ജോലി ചെയ്യുന്നത്. എന്റെ മകനും ഗൾഫിലാണ് ജോലി ചെയ്യുന്നത്. അവിടെ അത്രമാത്രം കാടത്തമുള്ള ഒരു നിയമമാണ് ഉള്ളതെ ങ്കിൽ ശ്രീമതി ലതിക എന്തിനാണ് അവരുടെ മകനെ ഗൾഫിലേക്ക് അയച്ച തെന്നാണ് എനിക്ക് അവരോട് ചോദിക്കാനുള്ളത്. നാമെല്ലാവരും മനസ്സിലാ ക്കേണ്ട ഒരു കാര്യം ഗൾഫ് മേഖലയുള്ളതുകൊണ്ടാണ് നമ്മുടെയെല്ലാവരു ടെയും വീടുകൾ........(ബഹളം)......

ശ്രീമതി കെ. കെ. ലതിക: സർ, തെറ്റായ കാര്യമാണ് ഇവിടെ പറഞ്ഞത്. ഞാൻ അവരുടെ നിയമത്തെ അവഹേളിക്കാനൊന്നും പറഞ്ഞില്ല. അവിടെ യുള്ള നിയമവും നമ്മുടെ നിയമവും; അവിടത്തെ ജയിലിൽ നടക്കുന്നതും ഇവിടത്തെ ജയിലിൽ നടക്കുന്നതും വ്യത്യസ്തമായിട്ടുള്ള കാര്യമാണ്. നമ്മുടെ സംസ്കാരം മാറ്റിയെടുക്കാൻവേണ്ടിയുള്ള ഒരു കാര്യമാണ്. അതു മിതും തമ്മിൽ വലിയ വ്യത്യാസമില്ലേ; എറിഞ്ഞുകൊല്ലുകയെന്നുപറയുന്നത് അവിടെ നടപ്പിലാക്കുന്നതല്ലേ? ..........(ബഹളം).........

മി. ചെയർമാൻ: ..... പ്ലീസ് ........പ്ലീസ് ദയവായി മറ്റൊരു രാജ്യത്തിന്റെ നിയമം നമ്മൾ ഈ സഭയിൽ ചോദ്യം ചെയ്യുന്നത് ശരിയല്ല. അതിന്റെ ചർച്ച യിവിടെയുണ്ടാകുന്നത് ശുഭകരമല്ല, അത് ശരിയല്ല. നമ്മുടെ ഒരുപാട് ആളു

കൾ ഗൾഫിൽ ജോലിയെടുക്കുന്നുണ്ട്. ..........(ബഹളം)......... പ്ലീസ് ......... പ്ലീസ്......

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അങ്ങനെ പറഞ്ഞിട്ടില്ല എന്നൊരു കുമ്പസാരം അവർ നടത്തുന്നുണ്ടെങ്കിൽ എനിക്ക് സന്തോഷമേയുള്ളൂ. .....(ബഹളം).....

<u>മി. ചെയർമാൻ:</u> റെക്കോർഡുകൾ പരിശോധിച്ച് തെറ്റായ പദപ്രയോഗമുണ്ടെങ്കിൽ നീക്കം ചെയ്യുന്നതാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇന്നു രാവിലെയും അവരുടെ പ്രസംഗം പരിശോധിച്ചതിനുശേഷമാണ് ഞാൻ പറഞ്ഞത്.......... (ബഹളം).........

<u>മി. ചെയർമാൻ:</u> ഒരിക്കലും മറ്റൊരു രാജ്യത്തിന്റെ നിയമത്തെ നമ്മൾ ഈ സഭയിൽ ചോദ്യം ചെയ്യുന്നത് ശരിയല്ല. നമ്മുടെ ഒരുപാട് സഹോദരന്മാർ ഗൾഫ് രാജ്യങ്ങളിൽ ജോലിയെടുക്കുന്നതിനാൽ അത്തരം പരാമർശങ്ങൾ രണ്ട് ഭാഗത്തുനിന്നും ഒഴിവാക്കണം. മറ്റുരാജ്യങ്ങളിലേയ്ക്ക് നമുക്ക് ഇഷ്ടമുണ്ടെങ്കിൽ മാത്രം പോയാൽ മതി. ആരെയും നിർബന്ധിച്ച് അവർ കൊണ്ടുപോകുന്നില്ലല്ലോ. ..പ്ലീസ് കൺക്ലൂഡ്......

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, മറ്റൊരുകാര്യം പറയാനുള്ളത്, ഇന്നലെ ശ്രീ. പി. ഉബൈദുള്ള പ്രസംഗിക്കുന്നതിനിടയിൽ ഞാൻ ഏറ്റവുമധികം ബഹുമാനിക്കുന്ന ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. പി. വി. അബ്ദുൾ വഹാബിനെക്കുറിച്ച് പറയുകയുണ്ടായി.

<u>മി. ചെയർമാൻ</u>: 5 മിനിട്ട് അധികമായി, ..പ്ലീസ് കൺക്ലൂഡ്......

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ശ്രീ. അബ്ദുൾ വഹാബ് ലീഗിൽ പ്രവർത്തിക്കുന്നതുകൊണ്ട് അദ്ദേഹത്തിന് തൊട്ടുകൂടായ്മയുണ്ടോ? അദ്ദേഹത്തെ കൈരളി ടി.വി-യിൽ ഡയറക്ടറാക്കാമെങ്കിൽ, ഗൾഫ് നാടുകളിൽ അദ്ദേഹത്തെ കൊണ്ടുപോയി കൈരളി ടി.വി-ക്ക് ഷെയർ പിരിക്കാമെങ്കിൽ എന്തുകൊണ്ട് ശ്രീ. അബ്ദുൾ വഹാബിന് ലീഗിൽ പ്രവർത്തിച്ചുകൂടാ? നമ്മുടെ നാട്ടിൽ കോഴികൾക്കുപോലും നേരം വെളുക്കുന്നുണ്ട്. നേരം വെളുക്കാത്ത ഒരു വിഭാഗമുണ്ടെങ്കിൽ അത് അപ്പുറത്തിരിക്കുന്ന സി.പി.ഐ.(എം)കാരാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കാസർഗോഡ് നിങ്ങൾ വിജയിച്ചു. അതൊരു വിജയമല്ല, മറിച്ച് ദയനീയ വിജയമാണ്. നിങ്ങൾ രക്ഷപ്പെടുകയില്ലെന്ന് ഈ തെരഞ്ഞെടുപ്പിനുമുമ്പുതന്നെ ഞങ്ങൾ അവരോട് പറഞ്ഞിരുന്നു. അവർ പറഞ്ഞത് 25000 വോട്ടിന് ജയിക്കുമെന്നാണ്. കോൺഗ്രസിനെക്കുറിച്ച് പറയുന്നു, എനിക്ക് പറയാനുള്ളത് ആന മെലിഞ്ഞാൽ ആരും തൊഴുത്തിൽ കെട്ടാറില്ല. ഞാൻ ഈ ധനാഭ്യർത്ഥകളെ അനുകൂലിക്കുന്നു.

ശ്രീ. എം. ഹംസ: സർ, 24-ാം നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കാരണം 2011-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന തൊഴിൽ വകുപ്പ് ഒരു പൗരാവകാശരേഖ തയ്യാറാക്കി. പൗരാവകാശ രേഖയിലെ 'ദൗത്യം' എന്നുപറയുന്ന സബ്-ഹെഡ്ഡിംഗിൽ ചൂണ്ടിക്കാണിക്കുന്നത് 'ഒരു രാഷ്ട്രത്തിന്റെ സമ്പദ്ഘടനയുടെ ആധാരശില ആ രാജ്യത്തെ തൊഴിലാളിവർഗ്ഗമാണെന്നും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് രാജ്യക്ഷേമത്തിന് അത്യന്താപേക്ഷിതമാണെന്നുമുള്ള തിരിച്ചറിവും മൂലധനം മുടക്കുന്ന തൊഴിലുടമകളുടേയും

തൊഴിൽ സ്ഥാപനത്തിന്റേയും നിലനിൽപ്പിലൂടെ മാത്രമേ ഇത് സാധ്യമാവൂ എന്ന ബോധവും സമ്മേളിക്കുമ്പോഴാണ് ഈ വകുപ്പിന്റെ പ്രസക്തി വർദ്ധിക്കുന്നത്' എന്നാണ്. ഇത് രണ്ട് മേഖലകളെ കൂട്ടിയോജിപ്പിക്കുന്നു. ഒന്ന് തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തുകയും ജീവിത സൗകര്യങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യണം. രണ്ട് ഇവിടെ വ്യവസായങ്ങൾ വളർത്തി യെടുക്കാനാവശ്യമായ സാഹചര്യങ്ങളൊരുക്കണം. ഈ രണ്ടുകാര്യങ്ങളിലും ഈ ഗവൺമെന്റ് പരാജയപ്പെട്ടു. അതുകൊണ്ടാണ് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നത്. ഇന്ന് നമ്മൾ അഡ്രസ് ചെയ്യേണ്ട ഒരുപാട് പ്രശ്നങ്ങ ളുണ്ട്. ആ പ്രശ്നങ്ങളെ അഡ്രസ് ചെയ്യാനും പരിഹാരം കാണാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കേരളത്തിലെ പബ്ലിക് സെക്ടർ കമ്പനികളിൽ അഭിമാനകരമായ ഒരു സ്ഥാപനമാണ് മലബാർ സിമന്റ്. മലബാർ സിമന്റ് ഇനി എത്ര ദിവസമുണ്ടാകുമെന്ന് പറയാൻ കഴിയുമോ? മലബാർ സിമന്റ് സ്ഥിതിചെയ്യുന്ന സ്ഥലം കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിച്ചു. സംസ്ഥാന ഗവൺമെന്റ് നിസ്സഹായമായി നോക്കിനിന്നു. പരിസ്ഥിതിലോല പ്രദേശമായ പാലക്കാട് ജില്ലയിലെ പുതുശ്ശേരിയിലെ പണ്ടാരത്തുമന വില്ലേജിനോട് തൊട്ടടുത്ത് തമിഴ്നാടിന്റെ മാവുട്ടാംപടി എന്നൊരു വില്ലേജുണ്ട്. അത് പരിസ്ഥിതിലോല പ്രദേശമല്ല. അടുത്തടുത്തുള്ള രണ്ട് വില്ലേജുകൾ രണ്ട് രീതിയിൽ വരു മ്പോൾ, ഒരു പബ്ലിക് സെക്ടർ കമ്പനിയേയും അതിലെ തൊഴിലാളികളേയും സംരക്ഷിക്കാൻ കഴിയാതെ നിസ്സഹായതയോടെ നോക്കിനിൽക്കുന്ന തൊഴിൽ വകുപ്പാണ് ഇന്നുള്ളത്. നമ്മുടെ തൊഴിൽ വകുപ്പ് അതിലിടപെട്ടില്ല. തമിഴ്നാട് ഉചിതമായ സമയത്ത് ഇടപെട്ട് അവരുടെ സ്ഥാപനങ്ങളെ രക്ഷപ്പെ

ടുത്തി. അവരുടെ പ്രദേശത്തുള്ള എ.സി.സി. എന്നൊരു പ്രൈവറ്റ് സിമന്റ് കമ്പനിക്ക് സംരക്ഷണമേർപ്പെടുത്താൻ തമിഴ്നാട് ഇടപെട്ടു, കേരളം ഇടപെട്ടില്ല. ഇതാണ് തൊഴിൽ വകുപ്പ് ചെയ്ത ഒരുകാര്യം. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നിരവധി വ്യവസായങ്ങൾ കൊണ്ടുവന്നു. 25 വർഷത്തിനുള്ളിൽ 10 പബ്ലിക് സെക്ടർ കമ്പനികൾ കൊണ്ടുവന്ന ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. അതിന് നേതൃത്വം കൊടുത്തത് സഖാവ് എളമരം കരീമാണ്. പ്രൈവറ്റ് കമ്പനികൾ പൂട്ടാതിരിക്കാനുള്ള സംരക്ഷണം കൊടുക്കുകയും ചെയ്തു. ഇന്നത്തെ സ്ഥിതിയെന്താണ്? ആഗോളവൽക്കരണത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധിയുടെ കാലഘട്ടത്തിൽപോലും കേരളത്തിലെ പ്രൈവറ്റ് കമ്പനികളും പബ്ലിക് കമ്പനികളും പൂട്ടാതിരിക്കാനുള്ള ഇടപെടൽ അന്നത്തെ തൊഴിൽ വകുപ്പും വ്യവസായ വകുപ്പും നടത്തിയിട്ടുണ്ട്. കഞ്ചിക്കോട്ടെ വ്യവസായ സ്ഥാപനമാണ് ഓസോവാൽവ്. വാതകങ്ങളുടെയും വെള്ള ത്തിന്റെയും ഒഴുക്ക് നിയന്ത്രിക്കുന്ന വാൽവുകൾ ഉല്പാദിപ്പിക്കുന്ന കമ്പനി യാണിത്. 12 വർഷങ്ങൾക്കുമുമ്പ് 100 കോടി രൂപ ചിലവാക്കി സ്ഥാപിച്ച കമ്പ നിയാണ്, ആ കമ്പനിയിൽനിന്നും എല്ലാവരേയും പിരിച്ചുവിട്ടില്ലേ? 220 തൊഴി ലാളികളുണ്ടായിരുന്നതിൽ 44 പേർ വി.ആർ.എസ്. വാങ്ങില്ലെന്നു പറഞ്ഞ് വാശിപിടിച്ചു. അവരെ നാസിക്കിലേക്ക് വിട്ടു. ബാക്കിയെല്ലാവരേയും പിരിച്ചു വിട്ടു. നിസ്സഹായമായി ഇത് നോക്കിനിൽക്കുകയാണ് തൊഴിൽ വകുപ്പ് ചെയ്തത്. ഇടപെടാൻ ശേഷിയില്ലാത്ത, മോണിറ്ററിംഗ് നടത്താൻ കഴിയാത്ത തൊഴിൽ വകുപ്പാണിന്നുള്ളത്. പ്രൈവറ്റ് കമ്പനികളെയും പബ്ലിക് സെക്ടർ കമ്പനികളേയും സംരക്ഷിക്കാൻ കഴിയുന്നില്ല. ഇന്ത്യയിലെ ഏറ്റവും വലിയ

വ്യവസായമാണ് ടെക്സ്റ്റയിൽസ്. ഇന്റഗ്രേറ്റഡ് ടെക്സ്റ്റയിൽ പാർക്ക് പാലക്കാട് കൊണ്ടുവന്നത് വ്യവസായ വകുപ്പുമന്ത്രിയായ ശ്രീ. എളമരം കരീമാണ്. ആ ടെക്സ്റ്റൈയിൽ വ്യവസായം ഇന്ന് പ്രതിസന്ധിയിലല്ലേ? പാലക്കാടുള്ള പാർട്സ്പിൻ, പ്രോകോട്ട് മിൽസ് എന്നിവയെല്ലാം വൈദ്യുതി ചാർജ്ജ് കൂട്ടിയതിനാൽ പ്രതിസന്ധിയിലാണ്. വൈദ്യുതി ചാർജ്ജ് കൂട്ടുമ്പോൾ ഒരു മാസം 20 ലക്ഷം രൂപ അധികച്ചെലവ് വരുമെന്നുള്ളതിനാൽ ഈ കമ്പനികളെല്ലാം അടച്ചുപൂട്ടാൻ പോകുകയാണ്. അവർക്ക് എങ്ങനെ ലാഭത്തിൽ പ്രവർത്തിക്കാൻ സാധിക്കും; എങ്ങനെയാണ് തൊഴിലാളികളെ സംരക്ഷിക്കാൻ കഴിയുന്നത് എന്നതുസംബന്ധിച്ച് ഒന്നുംതന്നെ ചിന്തിക്കാനോ പഠിക്കാനോ ഇടപെടാനോ തൊഴിൽവകുപ്പിന് കഴിഞ്ഞിട്ടില്ല. അതാണ് തൊഴിൽ വകുപ്പിന്റെ ഇന്നത്തെയവസ്ഥ. കഞ്ചിക്കോട് 48 ഇരുമ്പുരുക്ക് കമ്പനികളുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 12 കമ്പനികൾ പൂട്ടിയ കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമല്ലോ. അതിലെ തൊഴിലാളികൾ തൊഴിൽരഹിതരായി മാറിയത് നമ്മുടെ ഗവൺമെന്റ് നോക്കി നിന്നു. നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന രണ്ട് കേന്ദ്ര സ്ഥാപനങ്ങൾ എന്റെ ജില്ലയായ പാലക്കാടുണ്ട് - ഐ.ടി.ഐ.-ഉം ഇൻസ്ട്രുമെന്റേഷനും. അതിന്റെ മറ്റ് യൂണിറ്റുകളൊക്കെ നഷ്ടത്തിലാണെങ്കിലും കേരളത്തിൽ ഇത് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഈ ലാഭത്തിന്റെ ഒരു വിഹിതം കേരളത്തിന് കിട്ടണമെന്നുപറഞ്ഞ് ഇടപെടാൻ കഴിയാത്ത ഒരു ഗവൺമെന്റാണിത്. ഈ ലാഭം മുഴുവൻ മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോവുകയാണ്. കേരളത്തിന് യാതൊന്നും കിട്ടാത്ത അവസ്ഥയിലെത്തിയിരിക്കുകയാണ്. ഇതാണ് തൊഴിൽ വകുപ്പിന്റെ പ്രവർത്തനത്തിന്റെ ഉദാഹരണം. കേരളത്തിൽ 25 ലക്ഷത്തോളം അന്യ

സംസ്ഥാനത്തൊഴിലാളികളുണ്ട്. കേരളം ഒരു ഗൾഫായി മാറിയിരിക്കുന്നു. അന്യസംസ്ഥാനത്തൊഴിലാളികൾക്കുവേണ്ടി നിയമം കൊണ്ടുവന്ന ഒരു മന്ത്രി ഈ സഭയിലുണ്ട്. അന്യസംസ്ഥാനത്തൊഴിലാളികളെ സംരക്ഷിക്കാൻ വേണ്ടി, ഇന്ത്യയ്ക്ക് മാതൃകയായ രീതിയിൽ ഒരു നിയമംകൊണ്ടുവന്ന മന്ത്രി യാണ് സഖാവ് പി. കെ. ഗുരുദാസൻ. എന്നാൽ ഇപ്പോൾ ആ നിയമം നടപ്പാക്കുന്നുണ്ടോ; അവരെ സംരക്ഷിക്കാൻ എന്തെങ്കിലും ചെയ്യുന്നുണ്ടോ? അവർക്ക് കിടപ്പാടമോ ഭക്ഷണമോ ഉറപ്പുവരുത്തുന്നില്ല, അപ കടത്തിൽപ്പെട്ടാൽ രക്ഷിക്കാനാവശ്യമായ സംവിധാനങ്ങളില്ല. അന്യസംസ്ഥാ നത്തൊഴിലാളികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് ഈ ഗവൺമെന്റ് മാറിക്കൊണ്ടിരിക്കുകയാണ്.

അന്യസംസ്ഥാന തൊഴിലാളികൾ ഇങ്ങോട്ടേക്ക് വരുമ്പോൾ ചീത്ത സംസ്ക്കാരം വരുന്നുണ്ട്. കുറ്റവാസനകൾ ഉള്ളവർ ക്രിമിനൽ രംഗത്തേക്ക് കടന്നുവരുന്നുണ്ട്. കുറ്റവാസന ഉള്ളവർ കടന്നുവന്ന് നമ്മുടെ സംസ്ഥാന ത്തിന്റെ നിയമസമാധാന പാലനത്തെയും ജനങ്ങളുടെ ജീവിതത്തെയും അപ കടപ്പെടുത്തുന്ന സന്ദർഭങ്ങൾ ഉണ്ടാക്കുന്നുണ്ട്. എന്താണ് തൊഴിൽ വകുപ്പ് ചെയ്യുന്നത്? ഒന്നും ചെയ്യാനില്ലെന്ന നിസ്സഹായമായൊരവസ്ഥയിലാണ് ഇന്ന് തൊഴിൽ വകുപ്പ് നിൽക്കുന്നത്. കേരളത്തിൽനിന്നും പോളിയോ നിർമ്മാർജ്ജനം ചെയ്തു. അന്യസംസ്ഥാന തൊഴിലാളികൾ പോളിയോ കൊണ്ടുവരികയാണ്. അവരുടെ ആരോഗ്യം എന്താണ്; ഹെൽത്ത് കാർഡു കൾ ഉണ്ടോ; ആരോഗ്യ പരിശോധനയുണ്ടോ; നമ്മൾ ഇവിടെ നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ ഇങ്ങോട്ട് വരാതിരിക്കാൻ സംരക്ഷണം

ഏർപ്പെടുത്താൻ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ? ഒന്നും നോക്കുന്നില്ല. ഇതെല്ലാം തൊഴിൽ വകുപ്പിന്റെ ധർമ്മമല്ലേ? ചെയ്യുന്നില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. ഷിബു ബേബി ജോൺ രാജിവച്ച് ശ്രീ. എ. എ. അസീസിനെ മന്ത്രിയാക്കി അദ്ദേഹം പാർട്ടി സെക്രട്ടറിയാകാൻ പോകുന്നു എന്ന് കേൾക്കുന്നു. അങ്ങനെയാണെങ്കിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമോ?

മി. ചെയർമാൻ: ശ്രീ. വി. ശിവൻകുട്ടി, സംശയം ചോദിക്കാനുള്ള സമയമില്ല. യെസ് പ്ലീസ്.....

ശ്രീ. എം. ഹംസ: സർ, ശ്രീ. ഷിബു ബേബി ജോൺ മാറിയാൽ ഇത് പരിഹരിക്കപ്പെടും എന്ന് എനിക്ക് അഭിപ്രായമില്ല. കാരണം ഇത് യു.ഡി. എഫ്.-ന്റെ നയമാണ്. ശ്രീ. ഷിബു ബേബി ജോൺ എൽ.ഡി.എഫ്. ആയിരുന്നുവെങ്കിൽ ഇതിൽനിന്നും വ്യത്യസ്തമായ സമീപനം സ്വീകരിക്കാമായിരുന്നു. ഇത് അദ്ദേഹത്തിന്റെ നയമല്ല. യു.ഡി.എഫ്.-ന്റെ നയമാണ്. യു.ഡി. എഫ്. നിസ്സഹായമായി തൊഴിലാളിവർഗ്ഗത്തോട് അനീതി കാണിക്കും. വ്യവസായ പുരോഗതിക്കുവേണ്ടി യാതൊന്നും ചെയ്യില്ല. ഇത് യു.ഡി.എഫ് നയമാണ്. അതുമാത്രമേ ശ്രീ. ഷിബു ബേബി ജോണിന് ചെയ്യാൻ സാധിക്കുകയുള്ളൂ. യു.ഡി.എഫ്.-ൽ നിന്നാൽ അസീസിനും അതേ ചെയ്യാൻ പറ്റൂ. അത് യു.ഡി.എഫ്.-ന്റെ നയമാണ്. ഇവിടെ നടപ്പാക്കുന്നത് എൽ.ഡി.എഫ്. നയമാണ്. ഇതാണ് ഇത് തമ്മിലുള്ള വ്യത്യാസം. നമ്മുടെ കേരളത്തിലെ ഇ.എസ്.ഐ.-യുടെ സ്ഥിതി എന്താണ്?. ഇ.എസ്.ഐ. മേഖലയിൽ 30,652 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു. 6,23,058 പേർ ഇതിന്റെ ഗുണഭോക്താക്കളാണ്. അവർക്ക് എന്തെങ്കിലും ആനുകൂല്യം ഇന്ന് കിട്ടുന്നുണ്ടോ?

ഇ.എസ്.ഐ. ആശുപത്രിയിൽ ഡോക്ടർമാരില്ല, ഗൈനക്കോളജിസ്റ്റില്ല. ഓപ്പറേഷൻ നടത്താൻ സർജന്മാരുണ്ടെങ്കിൽ അനസ്തേഷ്യ വിഭാഗം ഡോക്ടർമാരില്ല. യാതൊന്നുമില്ല. നാല് ആശുപത്രികൾ ഇ.എസ്.ഐ.-യുടെ കീഴിലുണ്ട്. ഒൻപത് ആശുപത്രികൾ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുണ്ട്. 137 ഡിസ്പെൻസറികളുണ്ട്. ഇതൊന്നും പ്രവർത്തനക്ഷമമല്ല. ഇ.എസ്.ഐ.-യിൽ 400 ജീവനക്കാരുടെ കുറവുണ്ട്. അതിൽ 52 മാനേജർമാരുടെ കുറവുണ്ട്. ഇതിന് ആളെ വയ്ക്കണ്ടേ? ആളെവച്ച് ഇതിന് ആവശ്യമായിട്ടുള്ള പരിഹാരം കാണണ്ടേ? ഇ.എസ്.ഐ. മേഖലയിലെ തൊഴിലാളികൾക്ക് കിട്ടികൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടലുകൾ ഈ വകുപ്പ് നടത്തണ്ടേ? ഈ വകുപ്പ് നടത്തുന്നില്ല. അതാണ് ഈ വകുപ്പിന്റെ ഇന്നത്തെ പ്രവർത്തനത്തിന്റെ സ്ഥിതി. ഇവിടെ നായനാർ ഗവൺമെന്റിന്റെ കാലത്ത് ഒരുപാട് ക്ഷേമപദ്ധതികൾ വന്നു. ക്ഷേമ പദ്ധതികളുടെ കാര്യത്തിൽ നായനാർ ഗവൺമെന്റിന്റേയും ഇ.എം.എസ്. ഗവൺമെന്റിന്റേയും കാലത്ത് തുടങ്ങിയ ക്ഷേമപദ്ധതിയേക്കാൾ നന്നായി അല്ലെങ്കിൽ അതേപോലെയെങ്കിലും നടപ്പാക്കണമെന്ന് പറഞ്ഞുകൊണ്ടു നിയമങ്ങൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും വന്നു. എന്താണ് ഇപ്പോൾ ക്ഷേമ പദ്ധതികളുടെ സ്ഥിതി? കൺസ്ട്രക്ഷൻ ക്ഷേമ നിധി, ചുമട്ടു തൊഴിലാളി ക്ഷേമനിധി ഇങ്ങനെ എല്ലാ ക്ഷേമനിധികളിലെയും പണം ട്രഷറികളിലേക്ക് കൊണ്ടുപോയി. ട്രഷറിയിലേക്ക് കൊണ്ടുപോയാൽ മുതലും പലിശയും കിട്ടുമോ? മുതലും പലിശയും കിട്ടും എന്ന് ഉറപ്പുവരുത്താൻ കഴിയണം. ഇന്നത്തെ കാലത്ത് ക്ഷേമനിധികളിലെ പണം എന്നുപറയുന്നത് പല നാഷണലൈസ്ഡ് ബാങ്കുകളോടും നെഗോസിയേഷൻ നടത്തി ഇന്ററസ്റ്റിന്റെ കാര്യത്തിൽ മത്സരിച്ച് നല്ല ഇന്ററസ്റ്റ് വാങ്ങാം. അങ്ങനെ ക്ഷേമനിധികളിലെ

പണം നമ്മുടെ തൊഴിലാളികൾക്ക് ഗുണകരമായി ഉപയോഗിക്കാം. പക്ഷെ അത് ഉപയോഗിക്കാൻ കഴിയാത്തവിധം ക്ഷേമനിധികളുടെ പണം മുഴുവൻ മാണി സാർ കൊണ്ടുപോകുമ്പോൾ നമ്മുടെ തൊഴിൽ വകുപ്പുമന്ത്രി നിസ്സഹായനായി നിന്നു. അങ്ങനെ ക്ഷേമനിധി ബോർഡുകൾ എല്ലാം തകരാറിലാണ്. ഇപ്പോൾ കൺസ്ട്രക്ഷൻ തൊഴിലാളികളുടെ കാര്യം പറയാം, എൽ.ഡി.എഫ്.–ന്റെ കാലത്ത് 400 രൂപ മുതൽ 600 രൂപ വരെ പെൻഷൻ കൊടുക്കാൻ തീരുമാനിച്ചു. ഇപ്പോൾ 400 രൂപ മുതൽ 500 വരെ മാത്രമായി പെൻഷൻ ചുരുക്കി. മുൻപ് കൊടുത്ത പെൻഷൻപോലും ഇപ്പോൾ കൊടുക്കുന്നില്ല. കൊടുക്കുന്ന പെൻഷൻ തന്നെ കുടിശ്ശികയാണ്.

<u>ശ്രീ. എം. ചന്ദ്രൻ:</u> സർ, അങ്ങ് ഇവിടെ ക്ഷേമനിധികളെ സംബന്ധിച്ച മോശമായ അവസ്ഥയെ കുറിച്ചാണല്ലോ സംസാരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ആഭരണ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി എന്നുപറഞ്ഞൊരു ക്ഷേമനിധിയുണ്ട്. അതിലേക്ക് ആഭരണ വ്യാപാരികൾ വിറ്റുവരവിന്റെ 0.25 ശതമാനം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരുപൈസപോലും പിരിച്ചെടുത്തില്ലെന്ന് മാത്രമല്ല അത് കൊടുക്കാതിരിക്കുന്നതിനുവേണ്ടി ഹൈക്കോടതിയിൽ സ്റ്റേ വാങ്ങിക്കുമ്പോൾ അതിനെ സംബന്ധിച്ച് ഒരു ഇടപെടലും നടത്താത്ത സമീപനമാണ് തൊഴിൽ വകുപ്പ് നടത്തികൊണ്ടിരിക്കുന്നത് എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. എം. ഹംസ</u>: സർ, അതാണ് ഞാൻ പറഞ്ഞത്. കേരളത്തിലെ തൊഴിലാളികളുടെ ജീവിത സുരക്ഷിതത്വത്തിനുവേണ്ടി യാതൊരു നീക്കവും നടത്താത്ത മൂന്ന് കൊല്ലമായിരുന്നു കേരളത്തിന്റേത്. എല്ലാ ക്ഷേമനിധികളും തകർത്തു. എല്ലാ തൊഴിലാളികളുടെയും ജീവിതം നശിപ്പിച്ചു. അവരുടെ

ഭാവി തകർത്തു. നിരാശാജനകമായ ഒരന്തരീക്ഷത്തിലേക്ക് കേരളത്തിലെ ഭരണം ഈ തൊഴിലാളികളെ എത്തിച്ചു. ഇതാണ് സ്ഥിതി. കൺസ്ട്രക്ഷൻ തൊഴിലാളികളുടെ പണം ഉപയോഗിച്ചുകൊണ്ട് നമ്മൾ ചവറയിൽ ഒരു അക്കാഡമി സ്ഥാപിക്കാൻ തീരുമാനിച്ചു. അതിന്റെ പ്രവർത്തനം വേണ്ടത്ര സ്പീഡിലല്ല. ചുമട്ടുതൊഴിലാളികളുടെ ക്ഷേമനിധികളുടെ സ്ഥിതിയും അതാണ്. ചുമട്ടുതൊഴിലാളികളുടെ ക്ഷേമനിധിയെ സംബന്ധിച്ച് എനിക്ക് ശേഷം സംസാരിക്കാൻ പോകുന്ന ശ്രീ. വർക്കല കഹാറിന് നന്നായി അറിയാം. അദ്ദേഹം അത് പറയും എന്നാണ് എന്റെ വിശ്വാസം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ തൊഴിലാളികളോട് താൽപ്പര്യമുള്ള ഒരു ട്രേഡ് യൂണിയൻ നേതാവാണെങ്കിൽ അത് പറയും എന്നാണ് എനിക്ക് തോന്നുന്നത്. ചുമട്ടു തൊഴിലാളികൾക്ക് പെൻഷൻ അല്ല, ശമ്പളം കൊടുക്കാൻപോലും ഇപ്പോൾ എത്ര ദിവസം കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കണം. അറ്റാച്ച്ഡ് തൊഴിലാളികൾക്കും മറ്റ് തൊളിലാളികൾക്കും ശമ്പളം കൊടുക്കാൻ കഴിയാത്ത രൂപത്തിൽ ആ ക്ഷേമനിധിയെ തകർത്തില്ലേ. അങ്ങനെ എല്ലാ ക്ഷേമപദ്ധതികളുടെയും പണം തകർത്തു. ആശാ വർക്കേഴ്സിന് ഓണറേറിയം 500 രൂപയാണ്. നമ്മുടെ മാണി സാർ അറുന്നൂറെന്നും എഴുന്നൂറെന്നും പ്രഖ്യാപിച്ചു. 600 രൂപയെന്ന് പ്രഖ്യാപിച്ചപ്പോൾ ആശ വർക്കേഴ്സിന് ആശയുണ്ടായി. 700 രൂപയെന്ന് പ്രഖ്യാപിച്ചപ്പോൾ, 700 കിട്ടും എന്ന് ആശയുണ്ടായി. ഇപ്പോൾ മാണി സാറും ശ്രീ. ഷിബു ബേബി ജോണും പറയുന്നത് ആശ വേണ്ട ആശമാരേ എന്നാണ്. പല സ്ഥലത്തും 13 മാസമായിട്ടും യാതൊരു ഓണറേറിയവും ആശ വർക്കേഴ്സിന് കൊടുത്തിട്ടില്ല.

ശ്രീ. ഷിബു ബേബി ജോൺ: സർ, ആശ വർക്കേഴ്സ് തൊഴിൽ വകുപ്പിൽ ഉൾപ്പെടുന്നവരല്ല.

ശ്രീ. എം. ഹംസ: സർ, ശരിയാണ്. എന്നാൽ ഞാൻ തൊഴിലാളികളുടെ മൊത്തം പ്രശ്നമാണ് പറഞ്ഞത്. നിങ്ങളുടെ വകുപ്പല്ലെങ്കിൽപ്പോലും ആശ വർക്കർമാർ തൊഴിലാളികളാണല്ലോ. തൊഴിലാളികളുടെ പ്രശ്നത്തിൽ നിങ്ങൾക്ക് ഇടപെടാമല്ലോ. കൂട്ടുത്തരവാദിത്തമുള്ള മന്ത്രി എന്ന നിലയ്ക്ക് ഇടപെടണമല്ലോ. കൊടുത്തിട്ടില്ല. ജനപ്രതിനിധികൾ ആശമാർ ആകാൻ പാടി ല്ലെന്നുപറഞ്ഞ് ഉത്തരവിറക്കി. അതിനെതിരെ ഹൈക്കോടതിയിൽ പോയി അവർ സ്റ്റേ വാങ്ങിയതിന്റെ അടിസ്ഥാനത്തിലാണ് അവർ നിൽക്കുന്നത്. സ്കൂൾ പാചക തൊഴിലാളികൾ–അവർ ഏത് വകുപ്പാണെന്ന് എനിക്ക് അറി യില്ല. സ്കൂൾ പാചക തൊഴിലാളികൾക്ക് മിനിമം കൂലിയുണ്ടോ? മിനിമം കൂലി മുന്നൂറ് രൂപയെന്ന് പറഞ്ഞത് ഉറപ്പാക്കണ്ടേ? തൊഴിൽ വകുപ്പ് അതിൽ ഇടപെടണ്ടേ. ഇടപെടാൻ കഴിയുന്നില്ല. അതുപോലെ അംഗൻവാടി വർക്കേഴ്സ്, അവരെക്കൊണ്ട് എന്തെല്ലാം കാര്യങ്ങളാണ് നമ്മൾ ചെയ്യിക്കു ന്നത്? അവർക്ക് ഒരു മാസം 1,000 രൂപ മിനിമം കൂലി കിട്ടുമെന്ന് ഉറപ്പുവരു ത്താൻ എന്തെങ്കിലും നിയമനിർമ്മാണം ഈ മന്ത്രിസഭ കൊണ്ടുവരണ്ടേ? അത് കൊണ്ടുവരുന്നില്ല. അങ്ങനെ നമ്മുടെ തൊഴിൽ മേഖലയിൽ എല്ലായി ടത്തും തകരാറിലാണ്. തൊഴിലുറപ്പിൽ 500 കോടി രൂപയാണ് കൊടുക്കാൻ ബാക്കിയുള്ളത്. മറ്റൊന്ന്, ഐ.റ്റി.ഐ.–യെ കുറിച്ച്കൂടി പറയട്ടേ. ഐ.റ്റി.ഐ. യുടെ ഫീസ് കൂട്ടി. ഐ.റ്റി.ഐ.–യുടെ പരീക്ഷാ റിസൾട്ട് വരുമ്പോൾ എല്ലാ കുട്ടികളുടേയും ജനനത്തീയതി ഒരുപോലെ തെറ്റുന്നത് എങ്ങനെയാണ്? എല്ലാ കുട്ടികളുടെയും ജനനതീയതി തെറ്റുന്ന ഐ.റ്റി.ഐ., അതെങ്ങനെയു ണ്ടായി? അത് കേരളത്തിലല്ലേ ഉണ്ടായത്. അങ്ങനെ ഐ.റ്റി.ഐ.മേഖലയിൽ ഉണ്ടായ പുരോഗതി തടഞ്ഞു. മറ്റൊന്ന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് റിലയൻസ് വന്നപ്പോൾ കുഴപ്പമായി. ഒറ്റ

പ്പാലം താലൂക്ക് ആശുപത്രിയിൽ എല്ലാ മാസവും 5,25,000–6,00,000 ലക്ഷം രൂപ കിട്ടിയിരുന്നതാണ്. ഇപ്പോൾ അഞ്ചിൽ ഒന്നായി ചുരുങ്ങി. റിലയൻസ് നമുക്ക് ഫണ്ട് നൽകുന്നില്ല. ക്ലെയിം വെട്ടിക്കുറയ്ക്കുകയാണ്. റിലയൻസുമായി ഒത്തുതീർപ്പുണ്ടാക്കിയതിന്റെ ഫലമായി ഗവൺമെന്റ് ആശുപത്രികളിൽ പണം കിട്ടുന്നത് കുറഞ്ഞു. ഡോക്ടർമാർക്കും നഴ്സുമാർക്കുമുണ്ടായിരുന്ന 25 ശതമാനം ആനുകൂല്യം വെട്ടിക്കുറച്ചു. എന്തായാലും റിലയൻസുമായി ബന്ധപ്പെട്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തകർത്തു. ഇതുകൊണ്ട് ഇവിടത്തെ കക്ഷിരാഷ്ട്രീയത്തിൽപ്പെട്ടവരെല്ലാവർക്കും ഒരുമിച്ച് ബഹുമാനപ്പെട്ട മന്ത്രിയെ അനുകൂലിക്കാൻ കഴിയുമോ? തൊഴിൽ വകുപ്പിനെക്കുറിച്ച് ശ്രീ. എ.സി. ജോസ് പറഞ്ഞത് വീക്ഷണം പത്രത്തിൽനിന്നും എടുത്തു. 19–02–2014–ലെ വീക്ഷണം പത്രത്തിൽ 'തൊഴിൽ വകുപ്പ് പരാജയം'- ശ്രീ. എ. സി. ജോസ്. തൊഴിൽ വകുപ്പ് പരാജയമെന്ന് പറയുന്ന ഐ.എൻ.റ്റി. യു.സി. നേതാവ് ശ്രീ. എ.സി. ജോസ് ആണ്. വീക്ഷണം പത്രമാണ് എന്റെ കയ്യിലുള്ളത്. എസ്.റ്റി.യു പറഞ്ഞത് ശ്രീ. ഷിഷു ബേബി ജോണിന്റെ ശ്രദ്ധ സ്വന്തം ബിസിനസ്സിൽ മാത്രമാണെന്നാണ്. അതിന്റെ പേപ്പർ കട്ടിംഗ്സും എന്റെ കയ്യിലുണ്ട്. എസ്.റ്റി.യു.–ക്കും, ഐ.എൻ.റ്റി.യു.സി.–ക്കും, സി.ഐ.റ്റി.യു.–വിനും അംഗീകരിക്കാൻ കഴിയുന്നില്ല. ഇങ്ങനെയാണ് തൊഴിൽ വകുപ്പ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. തൊഴിൽ വകുപ്പിന്റെ ഇത്തരം നയങ്ങൾ തിരുത്തി തൊഴിലാളികൾക്ക് ഗുണകരമായ രൂപത്തിൽ പ്രവർത്തിക്കാനാവശ്യമായ നീക്കങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി.ചെയർമാൻ: 4 മിനിറ്റ് അധികമായി. ചെയർ പരമാവധി നിയന്ത്രിക്കുന്നുണ്ട്..... ദയവായി കൺക്ലൂഡ് ചെയ്യുക. 6 മിനിറ്റാണ് മാക്സിമം കൊടുത്തത്.

പ്രവാസികൾക്ക് മരണാനന്തര സഹായം കിട്ടുന്നില്ല. പെൺകുട്ടികളുടെ കല്യാണത്തിനായി കൊടുത്തിരുന്ന തുക ഈ ഗവൺമെന്റ് വന്നതിനുശേഷം അവർക്ക് കൊടുക്കുന്നില്ല. ക്ഷേമനിധി തിരച്ചുകൊടുക്കാനാണ് പറയുന്നത്. ശ്രീ. തോമസ് ഐസക് ധനകാര്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ, വിദേശമലയാളികൾ തിരിച്ചുവരുന്ന സമയത്ത് കെ.എഫ്.സി.-യിൽ നിന്നും 7% പലിശയ്ക്ക് വ്യവസായങ്ങൾക്ക് വായ്പ കൊടുത്തിരുന്നു. അങ്ങത് പരിശോധിച്ചിട്ടു പറഞ്ഞാൽ മതി. അന്ന് ലോണെടുത്തവരോട് പറയുന്നത് 14% പലിശയടക്കണം, 7% ന്റെ സ്കീമില്ല എന്നുമാത്രമല്ല പ്രവാസികൾക്ക് ഇപ്പോൾ ആ ലോൺ കിട്ടുന്നുമില്ല. പ്രവാസികളോട് ഇങ്ങനെ അനീതി കാണിക്കരുത്. ഇവിടെ ഭരണമാറ്റമുണ്ടായി, ബി.ജെ.പി. ഇന്ത്യയിൽ അധികാരത്തിൽ വന്നു. ഈ ഭരണമാറ്റമുണ്ടായതിന് ഉത്തരവാദിത്തം ഇടതുപക്ഷത്തിനാണെന്ന് മുസ്ലീംലീഗുകാരും കോൺഗ്രസ്സുകാരും പറഞ്ഞു. ബി.ജെ.പി.-യെ അധികാരത്തിലേറ്റിയത് ഞങ്ങളല്ല. അതിനുള്ള ഉത്തരവാദിത്തം കോൺഗ്രസ്സിനുമാത്രമാണ്. കഴിഞ്ഞ ലോക്സഭയിൽ കൈപ്പത്തി ചിഹ്നത്തിൽ മത്സരിച്ചുവന്ന 56 എം.പി. മാർ ഇപ്പോൾ ലോക്സഭയിൽ താമര ചിഹ്നത്തിൽ മത്സരിച്ചുവന്നു. കോൺഗ്രസ്സിലെ എം.പി.മാരെ കൈപ്പത്തിയിലും കോൺഗ്രസ്സിലും ഉറപ്പിച്ചു നിർത്താൻ കഴിയാത്ത കോൺഗ്രസ്സുകാർ, ബി.ജെ.പി. യെ അധികാരത്തിൽ

കൊണ്ടുവന്നത് ഇടതുപക്ഷമാണെന്നുപറഞ്ഞാൽ ജനങ്ങൾ എങ്ങനെ വിശ്വസിക്കുകയും അംഗീകരിക്കും ചെയ്യും.

മി. ചെയർമാൻ: മാക്സിമം സമയമായി......പ്ലീസ് കൺക്ലൂഡ്.......

ശ്രീ. എം. ഹംസ: സർ, എന്തെല്ലാം തകരാറുകൾ നമ്മുടെ പ്രതിരോധ രംഗത്തുണ്ടായി. 7 മാസം കൊണ്ട് 11 മുങ്ങിക്കപ്പലുകൾ സ്ഫോടനത്തിൽപ്പെട്ടപ്പോൾ നാവികസേനാ മേധാവി രാജിവച്ചു. നമ്മുടെ പ്രതിരോധ വകുപ്പു മന്ത്രി ശ്രീ. എ. കെ. ആന്റണിക്ക് രാജിവയ്ക്കാൻ തോന്നിയില്ല. അവസാനം അദ്ദേഹത്തിന് അധികാരത്തിൽനിന്നും ഇറങ്ങേണ്ടി വന്നു. ഈ രാജ്യത്തിന്റെ സുരക്ഷ സംരക്ഷിക്കാൻപോലും കോൺഗ്രസ്സിന് കഴിയില്ലായെന്ന് വന്നതു കൊണ്ടാണ് കോൺഗ്രസ്സ് പരാജയപ്പെട്ടതും ബി.ജെ.പി അധികാരത്തിൽ വന്നതും. ബി.ജെ.പി. യെ അധികാരത്തിൽ കൊണ്ടുവന്നതിന്റെ ഉത്തരവാദിത്തം കോൺഗ്രസ്സിനാണ്, അവർതന്നെ അത് ഏറ്റെടുക്കണമെന്ന് പറഞ്ഞു കൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: സർ, മന്ത്രിമാരായ ശ്രീ. ഷിബു ബേബി ജോണും ശ്രീ. കെ. സി. ജോസഫും ശ്രീ. കെ. എം. മാണിയും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടേയും ഷിബു ബേബി ജോണിന്റെയും സർക്കാരിനുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനകളെ എങ്ങനെ പിന്തുണയ്ക്കാതിരിക്കും? ഇവിടെ ശ്രീ. എം. ഹംസ പറഞ്ഞു, നമ്മുടെ തൊഴിൽ രംഗം ഇത്രയും അഗാധവും ഗുരുതരവുമായ രീതിയിൽ പ്രതികൂലമായി ബാധിച്ച ഒരു കാലമില്ലെന്ന്. അങ്ങനെയാണെങ്കിൽ

കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ പ്രതിപക്ഷത്തുനിന്ന് ആരെങ്കിലുമൊരാൾ ഈ ഗവൺമെന്റിനെതിരെ അടിയന്തരപ്രമേയത്തിന് ഒരു പേപ്പർ കൊടുക്കേണ്ടതായിരുന്നില്ലേ? ഒരു സബ്മിഷനെങ്കിലും കൊടുക്കേണ്ടതായിരുന്നില്ലേ? ഒന്നുകിൽ ഈ ഗവൺമെന്റ് ഈ രംഗത്ത് കാഴ്ചവയ്ക്കുന്ന നടപടികളെ നിങ്ങൾ ശരിവയ്ക്കുന്നു, അല്ലെങ്കിൽ പ്രതിപക്ഷമെന്നനിലയിൽ നിങ്ങൾക്ക് ഇതിനോടൊന്നും താൽപ്പര്യമില്ല, വലിയ ആളുകളുടെ കാര്യത്തിലേ താല്പര്യമുള്ളൂ എന്നാണ് അതിനർത്ഥം. ബഹുമാന്യനായ മുഖ്യമന്ത്രിയെയും ഈ ഗവൺമെന്റിനെയും ഈ ഗവൺമെന്റിന്റെ നടപടികളേയും എങ്ങനെ അഭിനന്ദിക്കാതിരിക്കും. മഹാഭാരതത്തിൽ ശിഖണ്ഡിയെ മുൻനിർത്തി ഭീഷ്മപിതാമഹനെ വീഴ്ത്തിയ കഥ നമുക്കറിയാം. ഇത് പുതിയ കേരളം. എന്തെല്ലാം കുതന്ത്രങ്ങളും ത്രികാലതന്ത്രങ്ങളുംകൊണ്ട് വീഴ്ത്താൻ ശ്രമിച്ചിട്ടും പതറാതെ സൂര്യശോഭയോടെ ഈ സർക്കാരിനേയും മുന്നണിയേയും ജനവിശ്വാസത്തിന്റെ വിജയരഥത്തിൽ എത്തിച്ച മുഖ്യമന്ത്രിയെ എങ്ങനെ പ്രശംസിക്കാതിരിക്കും? കൗരവ–പാണ്ഡവ യുദ്ധത്തിൽ ധർമ്മത്തിന്റെ പക്ഷത്തേക്ക് മാറിയ **ഈയുൽസുഖിനെപ്പോലെ,** ആർ.എസ്.പി. യു.ഡി.എഫ്.–ൽ ചേർന്നു. ഇനിയും അധർമ്മത്തിന്റെ കൗരവപക്ഷത്തുനിന്ന് ഭരണപക്ഷത്തേക്ക് പലരും വരുമെന്ന് ശ്രീ. സെൽവരാജ് പറഞ്ഞത് എന്റെ ചെവിയിൽ ഇപ്പോഴും മുഴങ്ങുകയാണ്. ആർ.എസ്.പി.–യുടെ പ്രതിനിധി കൂടിയാണ് ശ്രീ. ഷിബു ബേബി ജോൺ. ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങാതിരിക്കാൻ കഴിയില്ല. ലോകത്തിലെ എല്ലാ മഹത്തുക്കളും മഹദ്ഗ്രന്ഥങ്ങളും തൊഴിലിനേയും തൊഴിലാളികളേയും കാരുണ്യത്തോടെയേ തലോടിയിട്ടുള്ളൂ. തൊഴിലാളിക്ക് അവന്റെ വിയർപ്പുണങ്ങുന്നതിനുമുമ്പ് പ്രതിഫലം നൽകണമെന്നാണ് പ്രവാചകൻ തിരുമേനി പറഞ്ഞത്. പൊരിവെയിലത്തും

രക്തമുറയുന്ന തണുപ്പത്തും പാടത്തും പറമ്പത്തും അഴുക്കുവസ്ത്രങ്ങള ണിഞ്ഞ് പണിയെടുക്കുന്നവനോടൊപ്പമാണ് ദൈവം, വഴിവക്കിൽ കല്ലുകൊത്തുന്നവനോടൊപ്പമാണ് ദൈവം, അവരുടെ ഇടയിലേക്കിറങ്ങിച്ചെ ന്നാൽ ദൈവത്തെ കാണാമെന്ന് ഗീതാഞ്ജലിയിൽ രവീന്ദ്രനാഥ ടാഗോർ ചൂണ്ടിക്കാട്ടുന്നു. ഇതെല്ലാം തൊഴിലിന്റെയും തൊഴിലാളികളുടേയും മഹത്വം വിളിച്ചറിയിക്കുന്നു. തൊഴിൽ വകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങ ളെല്ലാം തൊഴിലിന്റെ മഹത്വം വർദ്ധിപ്പിക്കുന്നതാണ്. തൊഴിലാളിയുടെ ജീവി തനിലവാരവും സൂമൂഹ്യ നിലവാരവും ഉയർത്തുന്നതിനാണ് തൊഴിൽ വകുപ്പ് ഇപ്പോൾ പ്രാധാന്യം നൽകുന്നത്. തൊഴിൽ വകുപ്പ് ഇവിടെ ഒന്നും ചെയ്തിട്ടില്ലെന്ന് പറഞ്ഞ് ആക്ഷേപം ചൊരിയുന്നുണ്ടായിരുന്നു. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും വലിയ തൊഴിൽചൂഷണം നേരിട്ടുകൊണ്ടിരിക്കുന്ന സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർക്ക് വേതനം വർദ്ധിപ്പിച്ചു നൽകുവാൻ യു.ഡി.എഫ് സർക്കാരിന് സാധിച്ചു. ഈ രംഗത്ത് കേരള സർക്കാർ സ്വീക രിച്ച നടപടികൾ രാജ്യത്തിന് ആകെ മാതൃകയാണ്. ക്ഷേമ പെൻഷനുക ളെല്ലാം വർദ്ധിപ്പിച്ച് 600 രൂപയാക്കി. സംസ്ഥാന സർക്കാർ നൽകിവരുന്ന ക്ഷേമപെൻഷന്റെ രണ്ട് ക്വാർട്ടർ കൊടുക്കാനുണ്ട്. ഒരു ക്വാർട്ടർ അടുത്ത ദിവ സങ്ങളിൽ കൊടുക്കും. ബാക്കിയുള്ളത് ഉടനെ തന്നെ കൊടുക്കും. ഒരു സംശയവും വേണ്ട. 16 മാസത്തെ പെൻഷൻ കൊടുക്കാതെ ഇറങ്ങിപ്പോയ ആശാൻമാരാണ് ഇവിടെ ശബ്ദമുണ്ടാക്കുന്നത്. സംസ്ഥാന സർക്കാർ നൽകി വരുന്ന എല്ലാ ക്ഷേമപെൻഷനുകളും വർദ്ധിപ്പിച്ചുനൽകാൻ ഐക്യജനാധിപ ത്യമുന്നണി സർക്കാരിന് കഴിഞ്ഞു. അടുത്തമാസമാകുമ്പോൾ അത് അപ്-റ്റു- ഡേറ്റ് ആകും. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലന്റ്സ്, സ്വദേ ശത്തും വിദേശത്തും തൊഴിൽമേഖലയിൽ യുവതീയുവാക്കളെ മികവുള്ളവ

രാക്കി മാറ്റുന്നതിന് ഉതകുന്ന തരത്തിലാണ് ഈ രംഗത്തെ ഏറ്റവും പ്രഗത്ഭരായ ആളുകളെ അതിന്റെ ഉത്തരവാദിത്തം ഏൽപ്പിച്ചിട്ടുള്ളത്. നിർമ്മാണമേഖലയിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നമ്മുടെ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ നീണ്ടകരയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചു. പ്രാവീണ്യം നേടിയ തൊഴിൽസമൂഹത്തെ വാർത്തെടുക്കുന്നതിന് സെക്യൂരിറ്റി മേഖലയിലും നഴ്സിംഗ് രംഗത്തും തൊഴിൽ മികവിന്റെ കേന്ദ്രം ആരംഭിക്കുന്നു. ഇതൊക്കെ ഈ സർക്കാരിന്റെ ദീർഘകാല വീക്ഷണത്തിന്റെ തെളിവാണിത്.

അന്യസംസ്ഥാനത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഇവിടെ പറഞ്ഞു. അന്യസംസ്ഥാനത്തൊഴിലാളികളുടെ നേരെ ചില പ്രദേശങ്ങളിൽ ചൂഷണം ഉണ്ടാകുന്നുണ്ട്. ഒരു സത്യമല്ലേ; ഇടനിലക്കാർ അവരെ കൂടുതൽ ചൂഷണം ചെയ്യുന്നുണ്ട്. അവരുടെ പാർപ്പിടങ്ങൾ പലതും അഭയാർത്ഥികേന്ദ്രങ്ങൾ പോലെ നിൽക്കുന്ന സ്ഥിതി പല സ്ഥലങ്ങളിലുമുണ്ട്. ഇതുപരിഹരിക്കുന്നതിനുവേണ്ടി ഒത്തിരി കാര്യങ്ങൾ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഈ വലിയ മാനുഷിക പ്രശ്നത്തിനുനേരെ കണ്ണുതുറക്കാനും കാരുണ്യം കാട്ടാനും സർക്കാർ തയ്യാറാകുന്നു. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മേൽനോട്ടത്തിൽ ഇവർക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്നതിനായി ബി.ഒ.ടി. മാതൃകയിൽ ഒരു പദ്ധതി ആരംഭിക്കുന്നതിന് നടപടി പൂർത്തിയായിക്കഴിഞ്ഞു. കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ ഈ സഭയിൽ വരാനിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അക്കാര്യം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടും. പരസ്യമായി

പത്രത്തിൽ വന്നതാണ്. തൊഴിലാളികളുടെയും തൊഴിലുടമകളുടേയും രജിസ്ട്രേഷൻ നിർബന്ധമാകും. 14 ജില്ലകളിലും പ്രത്യേക കേന്ദ്രങ്ങൾ സജ്ജമാകും. ഇതോടെ ഈ രംഗത്ത് ചൂഷണങ്ങൾ അവസാനിപ്പിക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിയുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ക്ഷേമനിധി ആനുകൂല്യങ്ങളെല്ലാം ബാങ്കുകളിലൂടെയാക്കി. എന്റെ സ്നേഹിതൻ ശ്രീ. എം. ഹംസ ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞു. ചുമട്ടുതൊഴിലാളികൾക്ക് ശമ്പളം കൊടുക്കുന്നില്ല എന്ന്. അറിഞ്ഞുകൂടാത്തതുകൊണ്ടാണോ എന്നറിയാൻ പാടില്ല. അങ്ങനെ പറയാൻ പാടില്ല. അദ്ദേഹം എല്ലാം അറിയുന്ന ആളാണ്. പക്ഷേ ചുമട്ടുതൊഴിലാളികൾക്ക് ശമ്പളം കൊടുക്കുന്നത് ആരാണ്; ഒന്ന്, ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്. ഡീംഡ് എംപ്ലോയർ എന്ന നിലയിൽ അവർ കൊടുക്കും. രണ്ടാമത് ശമ്പളം ആര് കൊടുക്കും; ഉടമകൾ കൊടുക്കും. ക്ഷേമനിധി ബോർഡ് എന്നുപറയുന്നത് ഡീംഡ് എംപ്ലോയർ ആണ്. ശമ്പളത്തിനൊന്നും ഒരു കുഴപ്പവും വന്നിട്ടില്ല. കുഴപ്പം വന്നെങ്കിൽ അതിന്റെ ഉത്തരവാദി, ഒരു സംശയവും വേണ്ട, എല്ലാ തൊഴിലാളി സംഘടനകളുടെയും പ്രതിനിധികൾ അതിൽ അംഗങ്ങളാണ്. എന്റെ സ്നേഹിതൻ മറ്റൊരു കാര്യംകൂടി തെറ്റിദ്ധരിച്ചുകൊണ്ട് പറഞ്ഞു. ശ്രീ. പി. കെ. ഗുരുദാസൻ മന്ത്രിയായിരിക്കുന്ന കാലത്തും ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്തും നായനാരുടെ ഗവൺമെന്റിന്റെ കാലത്തും ക്ഷേമനിധികളുടെ ഫണ്ട് ട്രഷറിയിലേക്ക് മാറ്റിയിട്ടുണ്ട്. ഇപ്പോൾ മാത്രമല്ല. എല്ലാക്കാലത്തും സർക്കാരുകൾ സാമ്പത്തിക പ്രതിസന്ധിയിൽ ആകുന്ന സമയത്ത് പണം മാറ്റിയിട്ടുണ്ട്. ഇതൊരു യാഥാർത്ഥ്യമാണ്. അങ്ങനെ അല്ലെന്നുപറഞ്ഞാൽ അതിന്റെ പേര് കളളമെന്നാണ്. ഞാൻ രണ്ടുതവണ ക്ഷേമനിധി ബോർഡിന്റെ ചെയർമാനാ

യി ഇരുന്നിട്ടുണ്ട്. എനിക്കറിയാം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇരിക്കുന്ന സമയം, എന്റെ ചെയർമാൻഷിപ്പ് തീരുന്ന സമയം ഞാൻ ഓർക്കുകയാണ്. ചെയ്യരുത് എന്നുപറഞ്ഞു അന്ന് ഞങ്ങൾ എല്ലാം നിവേദനവുമായി വന്നു. നിങ്ങളുടെ കയ്യിൽ കിടക്കുന്നതിനെക്കാൾ ബലം ട്രഷറിയിൽ കിടക്കുന്നതല്ലേ നല്ലത് എന്നാണ് ചോദിച്ചത്. സർക്കാരിന് പണം അടിച്ചുകൊണ്ടുപോകാൻ പറ്റുമോ; പിന്നെ എങ്ങനെയാണ് ഈ പുതിയ കണ്ടുപിടിത്തം ഉണ്ടായത്; അതുകൊണ്ട് ഞാൻ പ്രത്യേകമായി അക്കാര്യങ്ങളിലേക്ക് കടക്കുന്നില്ല. സംസ്ഥാനത്തെ ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ പൂർണ്ണവിവരങ്ങൾ കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് പൂർത്തീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ ക്ഷേമനിധി ബോർഡുകളുടെയും പെൻഷൻ ഉൾപ്പെടെയുള്ള അംഗങ്ങളുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടിലൂടെ മാത്രം വിതരണം ചെയ്യാൻ പറ്റും. അതോടെ സുതാര്യത ഉറപ്പുവരുത്താനും കഴിയും എന്നാണ് ഞങ്ങളുടെ വിശ്വാസം. തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസസൗകര്യം ഉറപ്പാക്കുന്നതിനുവേണ്ടി ഈ മേഖലയിൽ പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതിക്ക് തുടക്കം കുറിച്ചു. ഇതിനായി ഇടുക്കി ജില്ലയിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. നമ്മുടെ നാട്ടിലെ നഗരപ്രദേശങ്ങളിലെ താഴ്ന്ന വരുമാനക്കാരായ തൊഴിലാളികൾക്ക് സ്വന്തമായി വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി 'ജനനി' എന്ന പേരിൽ ഒരു ഭവന പദ്ധതിക്ക് തുടക്കം കുറിക്കുന്നു. ഇതിലേക്കായി 20 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചത് നമ്മളെല്ലാവരും കേട്ടതാണ്. നമ്മുടെ നാട്ടിലെ തൊഴിലാളികളെ ബാധിക്കുന്ന ചില കാര്യങ്ങൾ തീർച്ചയായും ഈ സഭയിൽ മന്ത്രിമാരുടെയും അതുപോലെ

തന്നെ ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ നാട്ടിലെ വേജസ്, നിങ്ങൾക്കെല്ലാവർക്കുമറിയാം വേജസ് മൂന്നുവിധത്തിലാണ്. ഒന്ന് മിനിമം വേജസ്, രണ്ട് ഫെയർ വേജസ്, മൂന്ന് ലിവിംഗ് വേജസ്. യഥാർത്ഥത്തിൽ മിനിമം വേജസ് സ്കാറ്റേർഡ് വർക്കേഴ്സിനെ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. ഈ സംസ്ഥാനത്തെ മിക്ക രംഗങ്ങളിലും മിനിമം വേജസിന്റെ കാലം കഴിഞ്ഞു. ഇന്നുള്ള പല വ്യവസായങ്ങളിലും ഫെയർ വേജസ് ഏർപ്പെടുത്തേണ്ട സമയമായി. അതിനായി സംസ്ഥാനത്ത് അടിയന്തരമായി ഒരു ഫെയർ വേജസ് ആക്ട് കൊണ്ടുവരികയും മിനിമം വേജസ് ആക്ടുപോലെ ഗവൺമെന്റ് അതാത് സമയം നോട്ടിഫൈ ചെയ്യുന്ന വ്യവസായങ്ങൾക്ക് ഇതു ബാധകമാക്കുകയും ചെയ്യണം. ഇന്ന് മോട്ടോർ വെഹിക്കിൾ രംഗത്ത് മാത്രമാണ് ഫെയർ വേജസ് നിലവിലുള്ളത്. അവർക്ക് മാത്രമാണ് വേജസ് ലഭിക്കുന്നതും ഇതിന് കാലാനുസൃതമായ മാറ്റമുണ്ടാകുന്നില്ല എന്ന പരാതിയും ഇക്കാര്യത്തിലുണ്ട്. തൊഴിലാളികളുടെ എല്ലാ ആവശ്യങ്ങളും നിർവ്വഹിക്കപ്പെടേണ്ടതാണ്. ലിവിംഗ് വേജസിനെ സംബന്ധിച്ച് അതിലേക്ക് നമുക്ക് എത്തിനോക്കാൻ പോലും സാധിച്ചില്ല. ഏതു ഗവൺമെന്റിന്റെ കാലമായാലും ശരി അത് നമുക്ക് എത്തിനോക്കാൻ കഴിഞ്ഞിട്ടില്ല. മറ്റൊരു നിർദ്ദേശം ഈ സർക്കാരിന് മുന്നിൽ വയ്ക്കാനുള്ളത് മൾട്ടിപ്ലിസിറ്റി ഓഫ് ട്രേഡ് യൂണിയൻ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പി.കെ. ഗുരുദാസൻ ഒരു ബിൽ കൊണ്ടുവന്നു. ആ ബിൽ ഒത്തിരി അപാകതകൾ നിറഞ്ഞതാണ്. ആ അപാകതകളും പോരായ്മകളും തിരുത്തി ബില്ലിന്റെ അമെന്റ്മെന്റുകൾ വരുത്തി കാലാനുസൃതവും അതുപോലെ തന്നെ പ്രാക്ടിക്കലുമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളം തൊഴിൽ സമരങ്ങളുടെ കാര്യത്തിൽ....

ശ്രീ. പി. കെ. ഗുരുദാസൻ: ഐ.എൻ.റ്റി.യു.സി. അടക്കം ചർച്ച ചെയ്ത് ഏകകണ്ഠമായി തീരുമാനിച്ച് നിയമസഭ പാസ്സാക്കിയതാണ്.

ശ്രീ. വർക്കല കഹാർ: സർ, അതേ. ഏതു നിയമവും ആരൊക്കെ യോജിച്ചുതീരുമാനിച്ചാലും ശരി അതിൽ അപാകതകളും പോരായ്മകളും ഉണ്ടാവുക സ്വാഭാവികം. അതനുസരിച്ച് തിരുത്തുകയും ചെയ്യും. നമ്മുടെ ഭരണഘടന ഉണ്ടാക്കിയത് യുഗപുരുഷന്മാരാണ്. എത്ര തവണ തിരുത്തി? അതുകൊണ്ട് ആ പ്രശ്നം അവിടെ ഉദിക്കുന്നില്ല. കേരളം തൊഴിൽ സമരങ്ങളുടെ കാര്യത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി പ്രശ്നാധിഷ്ഠിത സംസ്ഥാനമല്ലാതായി മാറിയിട്ടുണ്ട്. സ്റ്റാറ്റിസ്റ്റിക്സ് പരിശോധിക്കുമ്പോൾ പണിമുടക്ക് ദിനത്തേക്കാൾ കൂടുതൽ ലോക്കൗട്ടാണ്. ലോക്കൗട്ട് ദിനങ്ങൾ ഉണ്ടാകുന്നത് സാങ്കേതികവും സാമ്പത്തികവുമായ കാരണങ്ങൾ കൊണ്ടുമാത്രമല്ല. അതുണ്ടാകുന്നതിന്റെ പ്രധാനപ്പെട്ട മറ്റൊരു കാരണം മാനേജ്മെന്റുകളുടെ പിടിവാശിയാണ്. നമുക്ക് അക്കാര്യത്തിൽ ശ്രദ്ധിക്കാൻ കഴിയണം. മറ്റൊരു പ്രശ്നം ഞാൻ മന്ത്രിയുടെയും സർക്കാരിന്റേയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. തൊഴിൽ തർക്കങ്ങൾ ഐ.ഡി. ആക്ട് പ്രകാരമാണ് പരിഹരിക്കപ്പെടുന്നത്. ആറുമാസം കൊണ്ട് തീർക്കണമെന്നാണ് വ്യവസ്ഥ. ലേബർ കോർട്ടും ട്രൈബ്യൂണലുമൊക്കെ ഉണ്ടെങ്കിലും ആറ് വർഷംകൊണ്ട് തീർക്കാത്ത സാഹചര്യമാണ് നമ്മുടെ നാട്ടിലുള്ളത്. ഒരു പുതിയ ഇൻഡസ്ട്രിയൽ റിലേഷൻ ബിൽ കൊണ്ടുവരണം. ഒരു ഡിസ്പ്യൂട്ട് വന്നാൽ കൺസീലിയേഷൻ മെഷിണറി ഇടപെട്ട് ഒരുമാസംകൊണ്ട് തീർക്കാൻ കഴിയത്തക്ക രീതിയിൽ വ്യവസ്ഥ ചെയ്യപ്പെടണം. അങ്ങനെ കഴിയാതെ വന്നാൽ ജില്ലാടിസ്ഥാനത്തിൽ ഒരു സംവിധാനമുണ്ടാക്കി പെട്ടന്ന് തീർക്കേണ്ട കാര്യം മൂന്ന് മാസം കൊണ്ട് തീർപ്പുകല്പിക്കാൻ കഴിയുന്ന സ്റ്റാറ്റ്യൂട്ടറി പവറും ഇതിനെതിരെ

ആർക്കും ലേബർ കോടതിയിലോ ട്രൈബ്യൂണലിലോ അപ്പീൽ നൽകാവുന്നതാണ്. എന്നാൽ ജില്ലാ സംവിധാനത്തിന്റെ തീരുമാനം നടപ്പിലാക്കിയതിനു ശേഷം മാത്രം അപ്പീൽ ഫയൽ സ്വീകരിക്കാവൂ എന്ന വ്യവസ്ഥയുമുണ്ടാകണം.

ശ്രീ. വി. റ്റി. ബൽറാം: സർ, അപകടംമൂലം നഷ്ടപരിഹാരം കിട്ടേണ്ടിവരുന്ന ആളുകൾക്ക് ഇപ്പോൾ അത് കിട്ടുന്നതിന് ഒരുപാട് കാലതാമസം ഉണ്ടാകുന്നു എന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ കേരളത്തിൽ ആകെ നാലെണ്ണം മാത്രമേയുള്ളൂ. ഇപ്പോൾ തന്നെ ഒരുപാട് കേസുകൾ അവിടെ പെൻഡിംഗാണ്. അത്തരം കാര്യങ്ങളിൽ സ്പീഡ് ആക്കാനുള്ള ഒരു നടപടി സ്വീകരിക്കുവാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുമോ?

ശ്രീ. വർക്കല കഹാർ: തീർച്ചയായിട്ടും നല്ല നിർദ്ദേശമാണ്. ഐ.ഡി. ആക്ട് 10 ഡി, എന്റെ എല്ലാ സ്നേഹിതന്മാരും ശ്രീ. പി.കെ. ഗുരുദാസനും അതിനോട് യോജിക്കുമെന്നാണ് എന്റെ വിശ്വാസം. അത് അമെന്റ് ചെയ്യപ്പെടണം. ആറുമാസം എന്നുള്ള കാലാവധി മാറ്റി till the disposal of the case എന്നാക്കി മാറ്റണം. ഇക്കാര്യങ്ങളൊക്കെ നമുക്ക് ശ്രദ്ധിക്കാൻ കഴിയണം. ഒരുപാട് പ്രസംഗങ്ങൾ കഴിഞ്ഞ കുറേദിവസങ്ങളായി കേട്ടുകൊണ്ടിരിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. കഹാർ അങ്ങേയ്ക്ക് നാല് മിനിട്ട് അധികമായി.

ശ്രീ. വർക്കല കഹാർ: സർ, ഒരുപാട് കാര്യങ്ങൾ നമ്മളെല്ലാം കേട്ടതാണ്. രാഷ്ട്രീയവും മറ്റ് കാര്യങ്ങളുമൊക്കെ കേട്ടതാണ്. സോവിയറ്റ് യൂണിയനിൽ പെരിസ്ട്രോയ്ക്ക, ഗ്ലാസ്നോസ്റ്റ് എന്നീ പദങ്ങൾ ചരിത്രത്തിൽ ഇടംപിടി

ച്ചു. സോവിയറ്റ് കമ്മ്യൂണിസത്തിന്റെ തകർച്ചയ്ക്കുപിന്നിൽ ഈ പദങ്ങളാണ്. ഇവിടെയും *********[*] ഫാസിസത്തിന്റെ തനിപ്പകർപ്പായിരിക്കുകയാണ് സി.പി.എം. ഞാൻ ഇവിടെ ഇത് പറയാനുള്ള കാര്യം. ഞാൻ ഇവിടെ ....(ബഹളം)

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ...(ബഹളം).......യെസ്...പ്ലീസ്....

ശ്രീ. വർക്കല കഹാർ: എന്റെ സമയം പോകുകയാണ്....(ബഹളം).....

ശ്രീ. എ. എം. ആരിഫ്: സർ, ഇന്നലെ സഭയിൽ ചർച്ചയ്ക്കിടയിൽ ****[*]ആക്ഷേപിച്ചതിനെതിരായി ശബ്ദമുയർത്തിയ അദ്ദേഹം തന്നെ ................. ബഹുമാനപ്പെട്ട ചെയർ തന്നെ അത് രേഖകളിൽനിന്ന് നീക്കം ചെയ്തു.

മി. ചെയർമാൻ: തീർച്ചയായും അത് പരിശോധിച്ച് ചെയ്യുന്നതാണ്. ആരെയും അവഹേളിക്കുന്ന യാതൊരു പരാമർശവും സഭാരേഖയിൽ ഉണ്ടാവില്ല. ഏതൊരു നേതാവിനെയും പേഴ്സണലായി പരാമർശിക്കുന്ന ഒന്നും രേഖയിലുണ്ടാവില്ല.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ ആരെയും ആക്ഷേപിച്ചിട്ടില്ല. അങ്ങനെ ഉണ്ടെന്ന് തോന്നുകയാണെങ്കിൽ അത് പിൻവലിക്കുന്നതിന് എനിക്ക് ഒരു ബുദ്ധിമുട്ടുമില്ല. ഞാൻ ശ്രീ. പിണറായി വിജയനോട് വലിയ ബഹുമാനമുള്ള ഒരാളാണ്. അദ്ദേഹം വലിയൊരു പാർട്ടിയുടെ സെക്രട്ടറി അല്ലേ? അതുകൊണ്ട് തീർച്ചയായും അദ്ദേഹത്തോട് അനാദരവൊന്നുമില്ല. ഇപ്പോൾ സി.പി.ഐ.(എം.) ഫാസിസത്തിന്റെ തനിപ്പകർപ്പായി മാറിയിരി

[*] ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.
[*] ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

ക്കുകയാണ്. കഴിഞ്ഞ ദിവസം ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ശ്രീ. എളമരം കരീമിന്റെയുമൊക്കെ പ്രസംഗം നമ്മൾ കേട്ടു. ഇത് നമ്മൾ ഒത്തിരി കണ്ടതാണ്. പാർട്ടിക്കെതിരെ എന്തെങ്കിലും പത്രത്തിലെഴുതിയാൽ സി.പി. ഐ.(എം.) നേതൃത്വം 'എടോ ഗോപാലകൃഷ്ണാ' എന്ന് വിളിച്ച് വിരട്ടും. പിണറായിയെ തൊട്ടാൽ കേരളം കത്തുമെന്ന് പറഞ്ഞാണ് മറ്റൊരു സതീർത്ഥ്യൻ ശ്രീ. ഇ. പി. ജയരാജൻ നാട്ടുകാരെ വിരട്ടിയത്. സി.പി. ഐ.(എം.)നെ വിമർശിക്കുന്നതിന്റെ പേരിൽ ലഫ്റ്റ് ആന്റ് റൈറ്റ് സിനിമ കണ്ണൂരിൽ പ്രദർശിപ്പിച്ചില്ല. ഇപ്പോൾ സി.പി.ഐ.(എം.)ന് സമസ്തരംഗത്തും ഫാസിസത്തിന്റെ മുഖമാണ്. The Great Dictator എന്ന ചിത്രത്തിൽ ചാർളി ചാപ്ലിന്റെ ഹിറ്റ്ലർ എന്ന കഥാപാത്രം പൃഷ്ഠം കൊണ്ട് ഭൂഗോളം തിരിക്കുന്ന രംഗം കണ്ട് യഥാർത്ഥ ഹിറ്റ്ലർ ഗ്യാസ് ചേംബറിലിട്ട് കൊല്ലേണ്ടവരുടെ ഹിറ്റ്ലിസ്റ്റിൽ ചാർളി ചാപ്ലിന്റെ പേര് ആദ്യമായി ഉൾപ്പെടുത്തി. ഇതേ ഹിറ്റ്ലറുടെ മാനസികാവസ്ഥയാണിപ്പോൾ പിണറായി വിജയനും സി.പി. ഐ.(എം.) നേതൃത്വത്തിനും. എതിർക്കുന്നവരെ എങ്ങനെ വകവരുത്തുമെന്ന തിന്റെ ഹിറ്റ്ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. വർക്കല കഹാർ, 6 മിനിട്ടായി. പ്ലീസ് കൺക്ലൂഡ്.............

ശ്രീ. വർക്കല കഹാർ: സർ, ഞാൻ ഉടൻ നിർത്താം. ഒരു വാചകം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഞങ്ങൾ തോറ്റു..........

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ********[*]

[*] ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട ഒരംഗം സംസാരിക്കുമ്പോൾ അദ്ദേഹം *****[*] എന്ന വാക്ക് ദയവായി ഉപയോഗിക്കരുത്. അതൊന്നും രേഖകളിൽ കാണില്ല. ഒരംഗം മറ്റൊരംഗത്തിനെ നോക്കി ആ രീതിയിൽ സംസാരിക്കുന്നത് ശരിയല്ല. അത് വളരെ മോശമാണ്.

<u>ശ്രീ. വർക്കല കഹാർ</u>: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, *********[*]

<u>മി. ചെയർമാൻ:</u> ഇത് നിയമസഭയാണ്. ദയവായി പരസ്പരം ആ രീതിയിൽ അഭിസംബോധന ചെയ്യരുത്. ഏതെങ്കിലും നേതാക്കൻമാർക്കെതിരെ എന്തെങ്കിലും മോശമായിട്ടുള്ള പരാമർശം ഉണ്ടെങ്കിൽ രേഖയിൽ നിന്ന് നീക്കം ചെയ്യുന്നതാണ്. പക്ഷെ, അംഗങ്ങൾ *****[*] പറയുന്നത് മഹാമോശമാണ്. തെറ്റാണ്. നമ്മൾ സഭയിലെ അംഗങ്ങളാണ്. സഭയുടെ അന്തസ്സ് പാലിക്കണം.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. എതിർക്കുന്നതിന് നിരവധി കാരണങ്ങൾ ഉണ്ട്. ഒരു ഗവൺമെന്റ് മുൻ ഗവൺമെന്റിന്റെ തുടർച്ചയാണ്. മുൻഗവൺമെന്റിന്റെ തുടർച്ചയെന്നുള്ള നിലയിൽ ഈ മൂന്ന് വർഷക്കാലത്തെ തൊഴിൽവകുപ്പിന്റെ പ്രവർത്തനങ്ങൾ അതീവ ഗൗരവതരമായി പരിശോധിക്കണമെന്നാണ് എന്റെ

---

[*] ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

അഭിപ്രായം. ഞാൻ 2008-ൽ എൻ.ഐ.ഡി. കാണാൻ ഗുജറാത്തിൽ പോയിരുന്നു. അന്ന് ശ്രീ. നരേന്ദ്ര മോദിയെ കണ്ടില്ല. എൻ.ഐ.ഡി.യുടെ മാതൃകയിൽ ഞങ്ങൾ കേരളത്തിൽ ഒരു കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസ് ആരംഭിച്ചു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പൂർത്തിയായതാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി അതിന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. അതിന് പകരം കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് എന്ന ഒരു സ്ഥാപനം ചവറയിൽ ആരംഭിച്ചിരിക്കുകയാണ്. അത് നീതിയാണോ? ഒരു സ്ഥാപനം നിർമ്മാണ പ്രവർത്തനമെല്ലാം നടത്തി പ്രവർത്തന രംഗത്ത് വന്നപ്പോൾ അതിനെ മരവിപ്പിക്കുകയാണ്. 15 കോടി രൂപ മുടക്കിയാണ് 10 ഏക്കർ സ്ഥലം ചാത്തന്നൂരിൽ കൺസ്ട്രക്ഷൻ അക്കാദമിക്ക് വേണ്ടി വാങ്ങിയത്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാ സ്ട്രക്ചർ & കൺസ്ട്രക്ഷൻ എന്ന പേരിൽ അന്താരാഷ്ട്ര നിലവാരത്തിൽ ഒരു സ്ഥാപനം ആരംഭിക്കുമെന്ന് മൂന്ന് വർഷമായി പറയുകയാണ്. ഇതു വരെ ആരംഭിച്ചതുമില്ല, ഈ സ്ഥാപനം തുറന്നുപ്രവർത്തിക്കുന്നുമില്ല. ഇതാണ് ഗവൺമെന്റിന്റെ നയം. കൺസ്ട്രക്ഷൻ മേഖലയിൽ ആവശ്യമായ പ്രത്യേക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ/പ്രൊഫഷണൽസിനെ വാർത്തെ ടുക്കുന്നതിനുവേണ്ടി ആരംഭിച്ച ഒരു സ്ഥാപനമാണിത്. അതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് പണം തരാമെന്ന് കൺസ്ട്രക്ഷൻ ബോർഡ് തീരു മാനിച്ചു. പക്ഷെ, ഈ ഗവൺമെന്റ് അത് അനുവദിച്ചില്ല. ബഹുമാനപ്പെട്ട ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 77 ഐ.ടി.ഐ. കളുണ്ടെന്നാണ്. 2008-2009, 2009-2010, 2010-2011 മൂന്ന് വർഷംകൊണ്ട് ഞങ്ങൾ 38 ഐ.ടി.ഐ.കൾ ആരംഭിച്ചു. ഇപ്പോൾ എത്രയെണ്ണം ആരംഭിച്ചു. ഈ കണക്കനുസരിച്ചാണെ

ങ്കിൽ മൂന്നെണ്ണം ആരംഭിച്ചു. ഐ.ടി.ഐ.കളുടെ പ്രവർത്തനത്തെ സംബന്ധിച്ച് നിങ്ങൾ പരിശോധിക്കുന്നുണ്ടോ? 34 ഐ.ടി.ഐ.കൾ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നു. 34 ഐ.ടി.ഐ.കളും അപ്ഗ്രേഡ് ചെയ്തു. മറ്റേതെങ്കിലും ഒരു ഐ.ടി.ഐ. അപ്ഗ്രേഡ് ചെയ്യാൻ നമ്മുടെ ഗവൺമെന്റിനോ ഈ ഗവൺമെന്റിനോ കഴിഞ്ഞിട്ടുണ്ടോ? സാധാരണഗതിയിൽ സ്കിൽ ഡവലപ്മെന്റിനുവേണ്ടി അനുവദിക്കുന്ന തുക തുച്ഛമാണ്. എല്ലാ ഗവൺമെന്റുകളും അങ്ങനെതന്നെയാണ്. 45 കോടി രൂപ അനുദിച്ചതിൽ 19 കോടി രൂപയും ലാപ്സാണ്. ഈ നിലയ്ക്ക് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം ഈ ഗവൺമെന്റിന്റെ കീഴിൽ പരിശോധിക്കപ്പെടുകതന്നെ വേണം. അതുപോലെ തന്നെ ആവശ്യത്തിന് ജീവനക്കാരില്ല. ജീവനക്കാരെ ഇപ്പോൾ കരാർ വ്യവസ്ഥയിൽ ഗസ്റ്റ് ലക്ചറർമാരായിട്ട് എടുക്കുകയാണ്. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റിനോട് യാതൊരു പ്രതിബദ്ധതയും ഈ ഗവൺമെന്റിനില്ല എന്നുള്ളതിന്റെ തെളിവാണ് അവിടെ നമുക്ക് കാണാൻ കഴിയുന്നത്. പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രി, നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡിസംബർ മാസത്തിൽ ഉദ്ഘാടനം ചെയ്തു. നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണെന്നാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട എ. എ. അസീസിന്റെ ചോദ്യത്തിന് തൊഴിൽവകുപ്പുമന്ത്രി മറുപടിയായി പറഞ്ഞത്. 300 ബെഡ്ഡുള്ള ആശുപത്രി 2008-ൽ അനുവദിച്ചതാണ്. പക്ഷേ അതിന്റെ നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടില്ല. 2011-2012 -ൽ ആരംഭിക്കുമെന്നാണ് പറഞ്ഞത്. 2009-2010, 2010-2011-കളിലായി മുക്കാൽ ഭാഗത്തോളം പ്രവർത്തനം പൂർത്തിയായതാണ്. മൂന്ന് വർഷം കഴിഞ്ഞിട്ടും അത് പൂർത്തിയാവുന്നില്ല. കേന്ദ്രമന്ത്രിമാർ വരുന്നെന്നാണ് പറയുന്ന

ത്. കേന്ദ്രമന്ത്രി വന്നിട്ട് എന്താണ് പ്രയോജനം; കേരളത്തിലെ തൊഴിൽ വകുപ്പുമന്ത്രിയല്ലേ അക്കാര്യങ്ങൾ നോക്കേണ്ടത്? പാരിപ്പള്ളിയിലെ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നില്ല. അതുപോലെതന്നെ അവിടെ കരാർ തൊഴിലാളികളെ എടുക്കുകയാണ്. കാരാർ തൊഴിലാളികളെ എടുത്ത് ഇ.എസ്.ഐ. മേഖലയെത്തന്നെ തകർക്കുകയാണ്. ഇ.എസ്.ഐ.യിൽ ഡോക്ടർമാരില്ലെന്ന് നേരത്തെ ശ്രീ. പി. സി. ജോർജ് പറഞ്ഞു. ഒരു ഡോക്ടറെയും പുതിയതായി നിയമിക്കുന്നില്ല. എഴുകോണിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഡെന്റൽ കോളേജ് ആരംഭിക്കുമെന്ന് പറഞ്ഞു. ശ്രീ. കൊടിക്കുന്നിൽ സുരേഷ് അവിടെപ്പോയി പ്രസംഗിച്ചു, അതിന് ഡെന്റൽ കൗൺസിലിന്റെ അംഗീകാരമില്ലെന്ന്. അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതിനുശേഷമേ ഡെന്റൽ കൗൺസിലിന്റെ അംഗീകാരത്തിന്റെ പ്രശ്നം വരുന്നുള്ളു. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന് ഇതുവരെ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം കിട്ടിയിട്ടില്ല. അവരുടെ പരിശോധന കഴിഞ്ഞതേയുള്ളു. അതിന്റെ പ്രവർത്തനം മരവിപ്പിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇ.എസ്.ഐ.യിൽ 3.5 ലക്ഷം ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനെ 7 ലക്ഷം ആക്കി. ഇപ്പോഴും അതേ സ്ഥിതിയിൽത്തന്നെയാണ് നിൽക്കുന്നത്. ഇ.എസ്.ഐ.യുടെ പ്രവർത്തനം പുതിയൊരു മേഖലയിലും ആരംഭിച്ചിട്ടില്ല. മാവേലിക്കരയിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന് തെരഞ്ഞെടുപ്പുകാലത്ത് പ്രഖ്യാപിച്ചു. പക്ഷേ ഒരു ചോദ്യത്തിനുള്ള മറുപടിയായി ലഭിച്ചത് ഇതുവരെ ആരംഭിച്ചിട്ടില്ല എന്നാണ്. എല്ലാം തെരഞ്ഞെടുപ്പ് പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും മാത്രമായിരുന്നു. ഇ.പി.

എഫ്.-ന്റെ കാര്യവും അതുപോലെതന്നെയാണ്. യാതൊരു പുരോഗ തിയുമില്ല.

അതുപോലെതന്നെയാണ് തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ കാര്യവും. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പെൻഷൻ കുടിശ്ശിക ഇട്ടിട്ടില്ലായിരുന്നു. ആ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 28 മാസത്തെ കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശിക തീർത്തു എന്നു മാത്രമല്ല, കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് അഡ്വാൻസും കൊടുത്തു. അപ്രകാരമുള്ള സ്ഥിതിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ചത്. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? എല്ലാം കുടിശ്ശികയാണ്. ഇപ്പോൾ കർഷകത്തൊഴിലാളികളുടെ അധിവർഷാനുകൂല്യത്തെപ്പറ്റി ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞു. 114 കോടി രൂപ ഞങ്ങളുടെ കാലത്താണ് കൊടുത്തത്. അതിനുശേഷം ഒരു പൈസയും കൊടുത്തിട്ടില്ല. ഒരു ക്ഷേമനിധി ബോർഡിലും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടില്ല. ആകെ വർദ്ധിപ്പി ച്ചത് 2 തവണയായി ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി ശ്രീ. കെ. എം. മാണി 100 രൂപ വീതം അധികമായിട്ട് പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ 1000 രൂപയായിരുന്നു കൊടുക്കേണ്ടിയിരുന്നത്. അതുതന്നെ കിട്ടിയിട്ടില്ല. ഈ തരത്തിൽ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ശരിക്കും ഈ ഗവൺമെന്റ് തകർത്തിരിക്കുകയാണ്. ഈ 3 വർഷക്കാലത്തി നകം പുതിയ ഒരു ആനുകൂല്യവും വർദ്ധിപ്പിച്ചിട്ടില്ല. പ്രസവകാലാനുകൂല്യം, മരണാനന്തര സഹായം, ചികിത്സാ സഹായം എന്നിവയൊന്നും വർദ്ധിപ്പിച്ചിട്ടി ല്ല. ഒരു ആനുകൂല്യവും വർദ്ധിപ്പിക്കാത്തൊരു ഗവൺമെന്റാണിത്. ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം ഇടതുപക്ഷ ജനാധിപത്യ

മുന്നണി ഗവൺമെന്റ് കൊണ്ടുവന്നതാണ്. അന്നത്തെ മെമ്പർഷിപ്പിൽ നിന്ന് ഇപ്പോൾ ഒന്നുപോലും അധികരിച്ചിട്ടില്ല. അന്ന് ഞങ്ങൾ ഇൻഡ്യയ്ക്കാകെ മാതൃകയായിട്ടുള്ളൊരു വ്യവസ്ഥ കൊണ്ടുവന്നു. കടകളിൽ പോയി ജോലി യെടുക്കുന്ന യുവതികൾക്ക് 3 മാസത്തെ മിനിമം വേജസിന് തുല്യമായ തുക പ്രസവ കാലാനുകൂല്യമായി നൽകാൻ തീരുമാനിച്ചു. ഈ ഗവൺമെന്റ് വന്നപ്പോൾ നിയമസഭ പാസ്സാക്കിയ ആ നിയമത്തിന് വിരുദ്ധമായിട്ട് 3 മാസത്തെ പെൻഷൻ എന്നത് 5000 രൂപയാക്കി ചുരുക്കി. നിയമവിരുദ്ധമായി ട്ടാണിത് ചെയ്തിരിക്കുന്നത്. ഇതുപോലെത്തന്നെ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സ്കാറ്റേർഡ് വിഭാഗത്തിൽ 1.50 ലക്ഷത്തിലധികം തൊഴിലാളികളുണ്ട്. ഒരു പൈസ അവർക്ക് കൊടുത്തിട്ടില്ല. എല്ലാ വിഭാഗം ജനങ്ങൾക്കും ക്ഷേമപെൻഷൻ പദ്ധതികൾ കൊടുത്തിരുന്ന സ്ഥാനത്ത് ഇപ്പോൾ എല്ലാ പെൻഷൻ പദ്ധതികളും തകർത്തിരിക്കുകയാണ്. ഇപ്പോൾ ഓരോന്നിനും 2012-13, 2013-14 വർഷങ്ങളിൽ 1000 രൂപയാണ് പെൻഷന് ബഡ്ജറ്റ് പ്രൊവിഷൻ വച്ചിട്ടുള്ളത്. 1000 രൂപ ബഡ്ജറ്റിൽ പ്രൊവിഷൻ കൊടുത്തിട്ടും ഒരു പൈസപോലും ചെലവഴിക്കുന്നില്ലല്ലോ. കൺസ്ട്രക്ഷൻ വർക്കേഴ്സിന്റെ വെൽഫെയർ ഫണ്ട് ബോർഡിന് സ്വന്തമായുള്ള പെൻഷൻ ഫണ്ടിൽ നിന്നാണ് 600 രൂപ പെൻഷൻ കൊടുക്കാൻ തീരുമാനിച്ചത്. ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ഇടപെട്ട് 500 രൂപയാക്കാൻ തീരുമാ നിച്ചു. അതിന് ഗവൺമെന്റിന് എന്ത് അവകാശമാണുള്ളത്? അതൊരു പ്രത്യേക ബോഡിയാണ്. ഈ നിലയ്ക്ക് ആ ക്ഷേമനിധിയുടെ കാര്യത്തിലും അങ്ങേയറ്റം നിരുത്തരവാദപരമായ നിലപാടാണ് സ്വീകരിച്ചത്. അന്യ

സംസ്ഥാന തൊഴിലാളികൾക്കായി പ്രാരംഭ ഘട്ടത്തിൽ നീക്കിവച്ച 10 കോടി രൂപയും ചെലവഴിച്ചതാണ്. ഇപ്പോൾ ഒരു പൈസയും ചെലവഴിച്ചിട്ടില്ല. അപ്പോൾ ഒരു ക്ഷേമ പദ്ധതി കൊണ്ടുവന്നുകഴിഞ്ഞാൽ അതിനെന്തെങ്കിലും പുരോഗതി വേണ്ടേ? അപ്രകാരം ഒരു പുരോഗതിയും ഏർപ്പെടുത്തുന്നതിന് ഈ ഗവൺമെന്റിന് കഴിയുന്നില്ല എന്നതാണ് സ്ഥിതി. ഡൊമസ്റ്റിക് വർക്കേഴ്സിന് ഈ കഴിഞ്ഞ സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചില്ല. ഡീസന്റ് വർക്ക്, ഡീസന്റ് ജോബ്, ഡീസന്റ് വേജസ് – അന്തസ്സുള്ള ജോലി, അന്തസ്സുള്ള വേതനം – ഡൊമസ്റ്റിക് വർക്കേഴ്സിനും അത് നടപ്പാക്കണം. വർഷത്തിൽ 50 രൂപ വീതം അംശാദായമടച്ചാൽ അവർക്ക് എല്ലാ ആനുകൂല്യവും കൊടുക്കേണ്ടതാണ്. പക്ഷേ ഒരു ആനുകൂല്യവും കൊടുക്കുന്നില്ല. ആ പദ്ധതി തകർത്തു. കമ്മിറ്റി മാത്രമുണ്ട്. അതുപോലെതന്നെ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കർഷകത്തൊഴിലാളികളുടെ പെൻഷന്റെ കാര്യത്തിൽ അങ്ങേയറ്റത്തെ നിഷേധാത്മകമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഗവൺമെന്റ് വർദ്ധിപ്പിച്ച പെൻഷൻ തന്നെ യഥാസമയം കൊടുക്കുന്നില്ല. തൊഴിലാളിക്ഷേമമെന്ന് പ്രഖ്യാപിക്കുകയല്ലാതെ ഒന്നും ചെയ്യുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ആരോഗ്യ ഇൻഷുറൻസ് പദ്ധതി റിലയൻസിനെ ഏൽപ്പിച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് അപ്രകാരമുള്ള സ്വകാര്യ ഇൻഷുറൻസ് കമ്പനികളെ ഏൽപ്പിച്ചിട്ടില്ല. പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളെയാണ് ഏൽപ്പിച്ചത്. ആ ഗവൺമെന്റ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി എന്നൊരു ഇൻഷുറൻസ് പദ്ധതി തന്നെ അതിനകത്ത് കൊണ്ടു വന്നു. ആ പദ്ധതി ഇപ്പോൾ റിലയൻസ് കമ്പനി എടുത്തുകളഞ്ഞു. സ്വകാര്യ ആശുപത്രിക

ളെല്ലാം ഒഴിവായി. ഗവൺമെന്റ് ആശുപത്രികളിൽ മാത്രമാണ് ഇപ്പോൾ ഇൻഷുറൻസ് സൗകര്യം ഉള്ളത്. എന്തുകൊണ്ടാണ് ഐ.എൻ.ടി.യു.സി–യൊക്കെ പ്രതികരിക്കാതിരിക്കുന്നത്? പാവപ്പെട്ട തൊഴിലാളികൾക്ക് വേണ്ടിയുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഗവൺമെന്റ് തകർത്തു. ആം ആദ്മി ബീമാ യോജന ഗവൺമെന്റ് തകർത്തു. ഞാൻ അതെല്ലാം വിശദമായിട്ട് പറയുന്നില്ല. ഇവിടെ 418 ബാറുകളിലെ തൊഴിലാളികൾക്ക് ജോലിയില്ലാതായതിന്റെ കാരണമെന്താണ്? ഗവൺമെന്റ് നയം മൂലമാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് അവർക്ക് ഇ.എസ്.ഐ, പി.എഫ്. എന്നിവയൊന്നുമില്ലാത്തതിനാൽ 599 എണ്ണം മാത്രമേ ഉള്ളൂവെന്നാണ്. ആറായിരം തൊഴിലാളികളേയുള്ളൂവെന്നാണ്. ഇവിടെ ലേബർ ഡിപ്പാർട്ടുമെന്റില്ലേ? ലേബർ ഡിപ്പാർട്ടുമെന്റുവഴി പരിശോധിച്ചുകൂടെ എത്ര തൊഴിലാളികളുണ്ടെന്ന്? ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരും എക്സൈസ് ഉദ്യോഗസ്ഥൻമാരും കൂടി പരിശോധിച്ചാൽ നിശ്ചയമായിട്ടും എത്ര തൊഴിലാളികളുണ്ടെന്ന് കണ്ടുപിടിക്കുന്നതിന് പ്രയാസമില്ല. അപ്രകാരമുള്ള തൊഴിലാളികൾക്ക് subsistence allowance കൊടുക്കണ്ടേ. 1957–ലെ റ്റി. വി. തോമസിന്റെ കാലത്ത് കൊണ്ടു വന്നതാണ് subsistence allowance. ആ നിയമം നടപ്പിലാക്കാൻ കേരളത്തിലെ തൊഴിൽ വകുപ്പിന് ബാധ്യതയില്ലേ. അത് നടപ്പിലാക്കുന്നില്ല. അതുപോലെതന്നെ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിന് മതിയായ ജീവനക്കാരില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് Personal and Administrative Reforms Department ഒരു സ്റ്റഡി നടത്തിയിട്ട് ഒരു ശുപാർശ കൊടുത്തു. ആ ശുപാർശ അനുസരിച്ച് ഒരു പൈസ ഗവൺമെന്റിന് അധിക

ബാധ്യതയില്ല. ജീവനക്കാരെ പുതുതായിട്ട് നിയമിക്കണ്ടേ? ആ ജീവനക്കാരെ നിയമിക്കുന്നില്ലെന്ന് മാത്രമല്ല നിലവിലുള്ള ജീവനക്കാരെ കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നുമില്ല.

ശ്രീ. വർക്കല കഹാർ: സർ, 1960-ൽ ഉള്ള ലേബർ സ്ട്രെങ്ത് ആണ് ഇന്നും ആ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഉള്ളത്. അതിനൊരു മാറ്റം വന്നത് ശ്രീ. ആര്യാടൻ മുഹമ്മദ് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന സമയത്തായിരുന്നു. അദ്ദേഹം അന്ന് 22 ഓളം പുതിയ പോസ്റ്റുകൾ സൃഷ്ടിച്ചു. അന്നത്തെ സംവിധാനങ്ങൾ കൊണ്ടാണ് ഈ ഡിപ്പാർട്ടുമെന്റ് ഇന്നും പോകുന്നത്. അങ്ങയുടെ ഗവൺമെന്റിനും ഇതിൽ കാര്യമായ മാറ്റം വരുത്താൻ പറ്റിയില്ല.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഞങ്ങളുടെ കാലത്ത് ഒരു സ്റ്റഡി നടത്തിയിട്ട് ശുപാർശ ചെയ്തു. ആ ശുപാർശ നടപ്പിലാക്കണ്ടേ? 1980-81 കാലഘട്ടത്തിൽ ഇ. കെ. നായനാർ മന്ത്രിസഭയിൽ ശ്രീ. ആര്യാടൻ മുഹമ്മദ് ആയിരുന്നു വകുപ്പുമന്ത്രി. അതിനുശേഷം ഒരു മാറ്റവും വന്നിട്ടില്ല. ആ മാറ്റം വരണ്ടേ? ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ കാലത്ത് സ്റ്റഡി നടത്തി റിപ്പോർട്ട് കൊടുക്കാനേ കഴിഞ്ഞിട്ടുള്ളൂ. നിശ്ചയമായും ഈ ഗവൺമെന്റാണ് അത് നടപ്പിലാക്കേണ്ടത്. അതുപോലെതന്നെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് - അവിടെയും ജീവനക്കാരില്ല. ഇപ്പോൾ കൊല്ലത്ത് ഒരു പുതിയ സ്ഥാപനം ആരംഭിക്കുന്നു. Occupational health-ന്റെ health disease ന് വേണ്ടിയുള്ള ഒരു റിസർച്ച് സെന്ററാണ്. ജീവനക്കാരില്ല. ജീവനക്കാരില്ലാതെ ആരംഭിച്ചിട്ട് എന്താണ് പ്രയോജനം. അപ്പോൾ ഈ നിലയ്ക്ക് ഈ സ്ഥാപനങ്ങളെ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള ഒരു കർമ്മ പദ്ധതി

ഗവൺമെന്റിനില്ല എന്നതാണ് യാഥാർത്ഥ്യം. അതുപോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 80 മേഖലകളിൽ മിനിമം വേജസ് ഏർപ്പെടുത്താൻ തീരുമാനിച്ചു. കേരളത്തിൽ 90 ലക്ഷം തൊഴിലാളി കളുള്ളതിൽ മിനിമം വേജസിന് അർഹതയുള്ളത് 80 ലക്ഷം പേർക്കാണ്. അതിൽ 78 ലക്ഷത്തിന് മിനിമം വേജസ് ഏർപ്പെടുത്തി. മിനിമം വേജസ് പുതു ക്കുന്നില്ല. പുതുക്കിയത് ഒന്നോ രണ്ടോ മേഖലയിൽ മാത്രമാണ്. അതിലൊന്ന് നഴ്സുമാർക്കുള്ളതാണ്. നഴ്സുമാർക്ക് യഥാർത്ഥത്തിൽ കൊടുക്കേണ്ടത് ബൽറാം കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള കൂലി നിരക്കാണ്. അത് കൊടുക്കുന്നില്ല. ചില മേഖലകളിൽ കഴിഞ്ഞ കാലങ്ങളിൽ കരട് തയ്യാറാ ക്കുകയും ഒന്നോ രണ്ടോ എണ്ണം പ്രഖ്യാപിക്കുകയും ചെയ്തതല്ലാതെ ഒരെ ണ്ണവും പുതുക്കുന്നില്ല. എല്ലാ ജീവനക്കാരുടെയും ജീവിതച്ചെലവ് വർദ്ധിച്ചിരി ക്കുകയാണ്. അതിരൂക്ഷമായ വിലക്കയറ്റമാണ്. ഈ പശ്ചാത്തലത്തിൽ മിനിമം വേജസ് പുതുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല.

മറ്റൊരു പ്രധാനപ്പെട്ട വിഷയം എന്താണെന്നുവച്ചാൽ, സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് തയ്യാറാക്കുന്ന കൺസ്യൂമർ പ്രൈസ് ഇൻഡക്സ് യഥാർത്ഥ ത്തിലുള്ള വിലനിരക്കുമായി പൊരുത്തപ്പെടുന്നതല്ല. അതിന്റെ അടിസ്ഥാന ത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയാക്കി രണ്ടരക്കൊല്ലം കഴിഞ്ഞിട്ടും ഇതുവരെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയോ ഇൻഡക്സ് പുതുക്കി നിശ്ചയിക്കുകയോ ചെയ്തി ട്ടില്ല. ഇത് കേരളത്തിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും അങ്ങേയറ്റം

നഷ്ടമാണ്. ഇതിലൂടെ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു ഗവൺമെന്റല്ല ഇതെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു നിയമസഭാ സമ്മേളനത്തിന് ശരാശരി ഒരു നിയമം എന്ന നിലയിൽ ലേബർ ഡിപ്പാർട്ടുമെന്റ് ആറ് പുതിയ നിയമങ്ങളും പത്ത് ഭേദഗതി നിയമങ്ങളുമുൾപ്പെടെ 16 നിയമങ്ങൾ പാസ്സാക്കി. പക്ഷെ ഞങ്ങൾക്ക് കഴിയാതിരുന്നൊരു കാര്യമുണ്ട്. അതിൽ ഒരു ഓർഡിനൻസ് ഈ ഗവൺമെന്റ് മൂന്നുകൊല്ലത്തിനകം പാസ്സാക്കി. ഈ വകുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് തയ്യാറാക്കി ക്യാബിനറ്റിൽ പാസ്സാക്കി വച്ച 13 നിയമങ്ങൾ വേറെയുമുണ്ട്. അതുപോലെ തന്നെ രാഷ്ട്രപതിക്ക് അയച്ച ഒരു ഓർഡിനൻസ് രാഷ്ട്രപതി തിരിച്ചയച്ചു. ഇങ്ങനെയൊരു ഓർഡിനൻസിന് ഇപ്പോൾ അർജൻസിയില്ലെന്നും ഇത് നിയമസഭയിൽ വച്ച് പാസ്സാക്കാനും പറഞ്ഞു. ഞങ്ങൾക്ക് അതിന് സമയം കിട്ടിയില്ല. ഐ.ഡി. ആക്ട് സെക്ഷൻ 2 (എസ്)-ന്റെ അമെന്റ്മെന്റാണ്. അതായത് കേരളത്തിലുള്ള ലക്ഷക്കണക്കിന് വരുന്ന സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിനെക്കൂടി 'വർക്ക്മെൻ'-ന്റെ ഡെഫിനിഷനിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ്. കേന്ദ്ര ഗവൺമെന്റിന് ഇതിനോട് യോജിപ്പാണ്. പിന്നെ, എന്തുകൊണ്ട് ആ നിയമം പാസ്സാക്കുന്നില്ല. ആ നിയമം നിയമസഭയിൽ അവതരിപ്പിച്ചാൽ ഐകകണ്ഠ്യേന പാസ്സാക്കാവുന്നതാണ്. എന്തുകൊണ്ട് അതിന് സമയം കണ്ടെത്തുന്നില്ല. അതുപോലെതന്നെ നാടിനാവശ്യമായ നിരവധി നിയമങ്ങൾ പാസ്സാക്കുന്നതിൽ നിന്ന് ഈ ഗവൺമെന്റ് മുഖം തിരിഞ്ഞു നിൽക്കുന്ന ഒരു നിലപാടാണ് സ്വീകരിക്കുന്നത്. ക്ഷേമനിധികൾ ഏകോപിപ്പിക്കുകയും വെൽഫെയർ വിംഗ് സ്ഥാപിക്കുകയും വേണം.

കേന്ദ്രഗവൺമെന്റിൽ അപ്രകാരം ഒരെണ്ണമുണ്ട്. ഈ നിലയ്ക്ക് കേരളത്തിലെ തൊഴിൽ വകുപ്പിനെ പുനഃസംവിധാനം ചെയ്യണം. ഇന്ത്യയിലാദ്യമായി പ്രവാസി കേരളീയർക്കായി ഒരു നിയമം കൊണ്ടുവന്നത് എൽ.ഡി.എഫ് ഗവൺമെന്റാണ്. വിദേശത്തു പണിയെടുക്കുന്നവരും കേരളത്തിനുപുറത്ത് സ്വദേശത്ത് പണിയെടുക്കുന്നവരുമായ 35 ലക്ഷം ആളുകൾക്കുവേണ്ടി ഒരു ബോർഡ് രൂപീകരിച്ചു. അതിന്റെ സ്ഥിതിയെന്തായി? ഇപ്പോഴും മരവിച്ചുകിട ക്കുകയാണ്. ഈ നിലയ്ക്ക് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥ നയെ അനുകൂലിക്കാൻ നിവൃത്തിയില്ല. ഇവിടെ തോട്ടം തൊഴിലാളികൾക്കു വേണ്ടി 2011–12 സാമ്പത്തിക വർഷത്തിൽ അഞ്ച് കോടി രൂപയും 2012–13 –സാമ്പത്തിക വർഷത്തിൽ 20 കോടി രൂപയും അനുവദിച്ചു. ആ തുക ഇപ്പോൾ എവിടെയാണ്; ആ തുക ലാപ്സായിപ്പോയില്ലേ; എവിടെയെങ്കിലും ഭൂമി ഏറ്റെടുത്തോ; എവിടെയെങ്കിലും വീട് നിർമ്മിച്ചോ? യഥാർത്ഥത്തിൽ തോട്ടം തൊഴിലാളികൾക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി പരാജയ പ്പെടുത്തി. ഈ ഗവൺമെന്റ് തൊഴിൽ രംഗത്ത് ദയനീയ പരാജയമാണ്. “സാമ്പത്തിക രംഗം തകർച്ചയിലാണ്. എല്ലാം നശിപ്പിക്കുകയാണ് കഴിഞ്ഞ കോൺഗ്രസ്സ് ഗവൺമെന്റ് ചെയ്തത്. രാജ്യത്തിന്റെ സാമ്പത്തിക അച്ചടക്കം വീണ്ടെടുക്കാൻ കടുത്ത നടപടി സ്വീകരിക്കാൻ ഞാൻ നിർബന്ധിതനാണ്. അപ്രകാരമുള്ള കടുത്ത നടപടികൾ സ്വീകരിക്കാൻ ഞങ്ങൾ ഒരുമ്പെടുക യാണ്.” ആരാണ് ഇങ്ങനെ പറഞ്ഞത്? പുതിയ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി. തൊഴിലാളി വർഗ്ഗത്തിനുനേരെയാണ് ഈ കടുത്ത ആക്രമണം വരാൻ പോകുന്നത്. ഇന്ത്യയിലെ 45 കോടിയോളം വരുന്ന സംഘടിതരും അസംഘടിതരുമായിട്ടുള്ള തൊഴിലാളികൾ കഴിഞ്ഞ നിരവധി വർഷക്കാല

മായി യു.പി.എ. ഗവൺമെന്റിനോട് ഉന്നയിക്കുന്ന പത്തിന ആവശ്യങ്ങളിൽ ഒരെണ്ണം പോലും ഗവൺമെന്റ് അംഗീകരിക്കാതെ തൊഴിലാളി വർഗ്ഗത്തിന്റെ ശത്രുവായിരിക്കുകയാണ്. തൊഴിലാളിവർഗ്ഗത്തിനോട് നിഷേധാത്മക നിലപാട് സ്വീകരിച്ച ഗവൺമെന്റിലാണ്, കോൺഗ്രസ്സിലാണ് പ്രിയപ്പെട്ട ആർ. എസ്.പി. സഖാക്കൾ ഇപ്പോൾ ഇടതുപക്ഷത്തിന്റെ ബദൽ കണ്ടെത്തിയിരിക്കുന്നത്. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റിൽ ആർ.എസ്.പി. സഖാക്കൾ ഇടതുപക്ഷ ബദൽ കണ്ടെത്തിയിരിക്കുകയാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഷിബു ബേബി ജോൺ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ആർ.എസ്.പിയുടെ ചരിത്രമറിയില്ല. 1980 മുതൽ ഞാൻ അതിനോടൊപ്പമുണ്ട്. 1980-ൽ ശ്രീകണ്ഠൻ നായർ മത്സരിച്ചു. അദ്ദേഹം തോറ്റു കോൺഗ്രസ്സിൽ ചേർന്നു. കടവൂർ ശിവദാസൻ മത്സരിച്ചു, ജയിച്ചു, കോൺഗ്രസ്സിൽ ചേർന്നു. ബാബു ദിവാകരൻ ജയിച്ചു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): അങ്ങയെപ്പോലൊരു നേതാവിൽ നിന്നും തെറ്റായൊരു വാർത്ത സഭയിൽ വരരുതെന്നുള്ളതുകൊണ്ട് ഓർമ്മിപ്പിക്കുകയാണ്. ശ്രീകണ്ഠൻ നായർ ഒരിക്കലും കോൺഗ്രസ്സിൽ ചേർന്നില്ല. അദ്ദേഹം ആർ.എസ്.പി.യുടെ തന്നെ ഒരു വിഭാഗമായിട്ടാണ് മരണം വരെ നിലകൊണ്ടിട്ടുള്ളത്.

ശ്രീ. പി. കെ. ഗുരുദാസൻ: കോൺഗ്രസ്സ് മുന്നണിയിലാണ്. കോൺഗ്രസ്സ് മുന്നണിയെന്നു പറഞ്ഞാൽ കോൺഗ്രസ്സിന്റെ നയമാണ്. കടവൂർ ശിവദാസൻ കോൺഗ്രസ്സിന്റെ, യു.ഡി.എഫിന്റെ മന്ത്രിയായി. ഞാൻ ചരിത്രം പറയുകയാണ്. ശ്രീകണ്ഠൻ നായർ തോറ്റുപോയി. ഞാൻ അന്ന് അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് കമ്മിറ്റി പ്രവർത്തകനായിരുന്നു. സെക്രട്ടേറിയ

റ്റിൽ നിന്നും സി.പി.ഐ.(എം)–ന്റെ ചുമതലക്കാരനായിരുന്നു. നിർഭാഗ്യവശാൽ അന്ന് തോറ്റുപോയി. 1984–ലും 1989–ലും 1991–ലും ആർ.എസ്.പി. തോറ്റുപോയി. എന്നാൽ 1996–ലും 1998–ലും അവരെ ജയിപ്പിച്ചു. 1998–കഴിഞ്ഞപ്പോൾ സാക്ഷാൽ ബേബി ജോൺ തന്നെ പുതിയ പാർട്ടിയുണ്ടാക്കി. ആ പാർട്ടി തകർന്ന പശ്ചാത്തലത്തിലാണ് അവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥിയായി സി.പി.ഐ(എം)ന്റെ പ്രതിനിധി മത്സരിക്കാൻ തീരുമാനിച്ചത്. അങ്ങനെ മത്സരിച്ചു. ഇപ്പോൾ പിന്നിൽ നിന്നും കുത്തി. ഇവിടെ ശ്രീ. എ. എ. അസീസ് വെസ്റ്റ് ബംഗാളിലെ പരാജയത്തിൽ ഊറ്റം കൊള്ളുകയാണ്. ആർ.എസ്.പി. അടക്കമുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പരാജയത്തിൽ ഊറ്റം കൊള്ളുകയാണ്. സിദ്ധാർഥ് ശങ്കർ റേയുടെ കാര്യത്തിൽ നടത്തിയ ആക്രമണം പോലെ ഇപ്പോൾ പതിനായിരം ബൂത്തുകളാണ് റദ്ദ് ചെയ്തത്. ആ സംഭവം നിങ്ങൾ മനസ്സിലാക്കുന്നില്ല. ഇടതുപക്ഷ പ്രസ്ഥാനത്തെ തലങ്ങും വിലങ്ങും ആക്രമിക്കുമ്പോൾ നിങ്ങൾ ആഹ്ലാദിക്കുകയാണ്. അതുകൊണ്ട് പ്രിയമുള്ള സുഹൃത്തുക്കളെ, 1970–കളിൽ പശ്ചിമബംഗാളിൽ കണ്ട സംഭവങ്ങൾ ഇവിടെ ആവർത്തിക്കുകയാണ്. യു.ഡി.എഫിന്റെ ആഭ്യന്തര രോഗത്തിന് താൽക്കാലിക ശമനമാണിത്. അതിന് ആർ.എസ്.പി.യിലെ പ്രിയപ്പെട്ട രണ്ട് സഖാക്കളെ അവർ ആയുധമാക്കുകയാണ് ചെയ്തത്. കഴിഞ്ഞ കാലങ്ങളിൽ തെറ്റ് തിരുത്താൻ പതിറ്റാണ്ടുകൾ എടുത്തെങ്കിൽ ഇപ്പോൾ തെറ്റു തിരുത്താൻ വർഷങ്ങളോ മാസങ്ങളോ മാത്രമേ എടുക്കുകയുള്ളൂ. അതുകൊണ്ട് ആർ.എസ്.പി. സഖാക്കൾ ബദലാണെന്ന് അവകാശപ്പെടുന്നതിൽ ഒരർത്ഥവുമില്ല എന്ന കാര്യം ആവർത്തിച്ചു പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഈ സഭയിൽ ആദ്യമായിട്ടാണ് പ്രവാസിക്ഷേമ കാര്യങ്ങൾ ഇത്ര സജീവമായി ചർച്ച ചെയ്യപ്പെടുന്നത്. പ്രവാസി ക്ഷേമമെന്ന വകുപ്പിനെപ്പറ്റിയുള്ള ചർച്ചകൾ മുൻകാലങ്ങളിൽ നാമമാത്രമായിരുന്നുവെങ്കിൽ ഇന്ന് ചർച്ചയിൽ പങ്കെടുത്ത പതിനഞ്ച് ആളുകളും പ്രവാസി ക്ഷേമകാര്യങ്ങളെപ്പറ്റിയാണ് പരാമർശിച്ചത്. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന പ്രവാസികളുടെ കാര്യത്തിലുള്ള ഈ സഭയുടെ താൽപ്പര്യമാണ് ഈ ചർച്ചയിൽ പ്രതിഫലിച്ചുകണ്ടത്. ചർച്ചയിൽ പങ്കെടുത്ത ഭരണ-പ്രതിപക്ഷാംഗങ്ങൾ നൽകിയ നിർദ്ദേശങ്ങൾ ഗവൺമെന്റ് ഗൗരവമായി കണക്കിലെടുക്കുകയും വിമർശനങ്ങളെ ഉൾക്കൊള്ളുകയും ചെയ്യുന്നു. അത് ഗൗരവത്തോടെ കണക്കിലെടുത്തുകൊണ്ട് നടപടി സ്വീകരിക്കാനുള്ള എല്ലാ ശ്രമങ്ങളും ഉണ്ടാകുന്നതാണ്. ഇവിടെ എല്ലാവരും പറഞ്ഞൊരു കാര്യമാണ് ഇറാഖിലെ പ്രശ്നം. ഇറാഖിലെ പ്രശ്നം നേരിടുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ചെയ്യാൻ കഴിയുന്ന സാദ്ധ്യമായ എല്ലാ കാര്യങ്ങളും സ്വീകരിച്ചിട്ടുണ്ട്. ഈ സംഭവത്തെപ്പറ്റി പത്രവാർത്ത വന്ന ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ വകുപ്പമന്ത്രി ശ്രീമതി സുഷമാ സ്വരാജിന് കത്തയയ്ക്കുകയും ഫോണിൽ ബന്ധപ്പെടുകയും ഇറാഖിൽ കഴിയുന്ന മലയാളികളുടെ പ്രത്യേകിച്ച് ഇന്ത്യാക്കാരുടെ സുരക്ഷയെപ്പറ്റിയുള്ള ഉത്കണ്ഠ പങ്കുവയ്ക്കുകയും ചെയ്തു. കൂടാതെ ഇറാഖിലെ ഇന്ത്യൻ അംബാസഡറോടും ഇറാഖിൽ കഴിയുന്ന മലയാളികളോടും സംസാരിച്ചു. അവിടത്തെ ഗവൺമെന്റിനെ കൊണ്ട് ഈ പ്രശ്നത്തിൽ ഇടപെടാനും പരിഹാരമുണ്ടാക്കാനും ഗവൺമെന്റ്

ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. ഇറാഖിലെ അംബാസഡർ ഒരു മലയാളി യാണ്. സാധാരണഗതിയിൽ ഉണ്ടാകാത്ത വിധത്തിൽ അദ്ദേഹം വളരെ സജീവമായി ഇക്കാര്യത്തിൽ ഇടപെട്ടു. അദ്ദേഹം ഞങ്ങളോട് പറഞ്ഞത്, ഈ എംബസിയിലുള്ള ഏക മലയാളി ഞാനാണ്, നിങ്ങൾ മലയാളി സമൂഹ ത്തിന് എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ എന്റെ മൊബൈൽ നമ്പർ കൊടുക്കൂ. അവർ എന്നെ വിളിക്കട്ടേയെന്ന് പറഞ്ഞു. ഒരു അംബാസഡറും ചെയ്യുന്ന കാര്യമല്ല. അങ്ങനെ ആദ്യാവസാനം ഈ കാര്യത്തിൽ ശ്രദ്ധിച്ചി ട്ടുണ്ട്. ഇപ്പോൾ തിക്രിത്ത് ജനറൽ ഹോസ്പിറ്റലിലുള്ള 46 നേഴ്സുമാരിൽ 44 പേരും മലയാളികളാണ്. ഇവർക്ക് മടങ്ങിവരാൻ ആഗ്രഹമുണ്ട്. ആറേഴ് മാസത്തെ ശമ്പളം കിട്ടിയിട്ടില്ലെന്നും ശമ്പളം കിട്ടാതെ വരില്ലെന്നുമാണ് ഇതിൽ എട്ടുപേർ പറയുന്നത്. പക്ഷേ, ബാക്കിയുള്ളവർക്കെല്ലാം വരാനുള്ള ആഗ്രഹമുണ്ട്. പക്ഷേ, അവിടെ ഹോസ്റ്റലിനുപുറത്ത് ഷെല്ലിംങ്ങും ബോംബേറും നടക്കുന്നതുകൊണ്ട് അവർക്ക് സുരക്ഷാ ഭീഷണിയുണ്ട്.

ബാഗ്ദാദിലെ അൽഖാദ്മിയ ഹോസ്പിറ്റലിലെ നേഴ്സുമാരും കേരള ത്തിലേയ്ക്ക് മടങ്ങിവരുന്നതിനുള്ള ആഗ്രഹം എംബസിയെ അറിയിച്ചിട്ടുണ്ട്. ഇൻഡ്യാ ഗവൺമെന്റ് അവരെ കൊണ്ടുവരാൻ തയ്യാറാണ്. തിക്രിത്തിലെ ഹോസ്പിറ്റലിൽ നിന്നും ഏതാണ്ട് 4 മണിക്കൂർ യാത്ര ചെയ്താലേ എയർപോർട്ടിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ഇറാഖിലെ ഗവൺമെന്റി നുപോലും നിയന്ത്രണമില്ലാത്ത അവസ്ഥയാണ്. തീവ്രവാദികളുടെ നിയന്ത്ര ണമാണ് അവിടെ പരക്കെയുള്ളത്. അവിടത്തെ റോഡിൽ കലാപങ്ങളും ബോംബിംഗുമുണ്ടാകുന്നു. ഇപ്പോൾ താരതമ്യേന സുരക്ഷിതമായിക്കഴിയുന്ന

നേഴ്സുമാരെ ഹോസ്പിറ്റലിൽ നിന്നിറക്കി റോഡിലൂടെ കൊണ്ടുവന്നാലുള്ള അപകടം കാണാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് സുരക്ഷയോടുകൂടി അവർക്ക് എന്ന് യാത്ര ചെയ്യാൻ സാധിക്കുമോ അന്ന് അവരെ മടക്കി ക്കൊണ്ടുവരും, അതിനാവശ്യമായ ചെലവ് ഒന്നുകിൽ കേന്ദ്രം വഹിക്കണം അല്ലെങ്കിൽ കേരളം വഹിക്കും, ഒരു പ്രശ്നവുമില്ല. ഇന്ന് മുഖ്യമന്ത്രി പ്രധാന മന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. ഇറാഖിൽ കഴിയുന്ന ഇൻഡ്യാക്കാരായ മലയാളികളെ സുരക്ഷിതമായി മടക്കിക്കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് അതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളിൽ ഒന്നാമ ത്തേത്. അവരുടെ യാത്രച്ചെലവ് കേന്ദ്രഗവൺമെന്റ് വഹിക്കണം. കേന്ദ്രം അതിന് തയ്യാറല്ലെങ്കിൽ മലയാളികളുടെ കാര്യത്തിൽ അത് കേരളാ ഗവൺമെന്റ് വഹിക്കും. ആവശ്യമെങ്കിൽ എയർ ഇൻഡ്യയുടെ ഒരു പ്രത്യേക ഫ്ളൈറ്റ് അയച്ച് അവരെ കൊണ്ടുവരണം. യുണൈറ്റഡ് നേഷൻസ്, റെഡ്ക്രോസ് തുടങ്ങിയ അന്തർദ്ദേശീയ സംഘടനകളുമായി ബന്ധപ്പെട്ടു കൊണ്ട് അവിടെക്കഴിയുന്ന മലയാളികളുടെ ഭക്ഷണം ഉൾപ്പെടെയുള്ള കാര്യങ്ങളിലുള്ള സുരക്ഷിതത്വം ഉറപ്പുവരുത്തണം. അവരുടെ കുടിശ്ശിക ശമ്പളം ലഭിക്കണം. ലേബർ കോൺട്രാക്റ്റ് ബോണ്ട് റദ്ദാക്കി മടങ്ങിവരുന്ന മലയാളികളോട് കോമ്പൻസേഷൻ ആവശ്യപ്പെടുന്നു. അത് കൊടുക്കാനുള്ള നിവൃത്തി അവർക്കില്ല, അവരുടെ കയ്യിൽ പണമില്ല. അതുകൊണ്ട് ഇൻഡ്യൻ എംബസി ഇടപെട്ട് അവരുടെ ബോണ്ടിനുള്ള ലയബിലിറ്റി ഒഴിവാക്കണം അല്ലെങ്കിൽ ഇൻഡ്യാ ഗവൺമെന്റ് ആ ലയബിലിറ്റി വഹിക്കണം.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: സർ, ഇത് അസാധാരണമായ ഒരു സാഹചര്യമാണ്. സാധാരണ ഒരു സന്ദർഭത്തിൽ ഉണ്ടാകുന്നതുപോലെയല്ല ഇവിടെ സംഭവിച്ചിരിക്കുന്നത്. പ്രത്യേകിച്ച് ഇന്ന് അവർക്ക് യാത്ര ചെയ്യാൻ

സാധിക്കാത്ത സ്ഥിതിയാണുള്ളത്. മുമ്പ്, കുവൈറ്റ് യുദ്ധകാലത്ത് ഇൻഡ്യാ ഗവൺമെന്റ് ചെയ്തതുപോലെ പ്രത്യേകമായ ഒരു ഫ്ളൈറ്റ് അറേഞ്ച് ചെയ്ത് അവരെ കൊണ്ടുവരണമായിരുന്നു എന്ന പ്രശ്നമാണ് ഞാൻ ഉന്നയിച്ചത്.

<u>ശ്രീ. കെ.സി. ജോസഫ്</u>: സർ, ഈ കാര്യം ഗവൺമെന്റ് ഗൗരവമായിത്തന്നെ കണക്കിലെടുക്കുന്നുണ്ട്. ബാഗ്ദാദിലുള്ള ഇൻഡ്യാക്കാരായ മലയാളികളെ ഇവാക്വേറ്റ് ചെയ്യണം. ഈ കാര്യത്തിൽ ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. ഇൻഡ്യാ ഗവൺമെന്റും ഇക്കാര്യം ഗൗരവമായി കണക്കിലെടുത്തിട്ടുണ്ട്. ഇൻഡ്യൻ എംബസി വളരെ സജീവമാണ്. അവിടത്തെ ഇപ്പോഴത്തെ situation അനുസരിച്ച് റോഡ് മാർഗ്ഗമുള്ള യാത്ര സുരക്ഷിതമാകാതെ അവരെ തിരിച്ചുകൊണ്ടുവരാൻ സാധിക്കില്ല. നോർക്കയുടെ ഹെൽപ്പ് ഡെസ്കിൽ ഇതിനോടകം 75 പേർ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ഏതായാലും നമ്മൾ സ്ഥിതിഗതികൾ നിരീക്ഷിക്കുന്നുണ്ട്. തീർച്ചയായും അവിടത്തെ മലയാളികളുടെ സുരക്ഷാകാര്യത്തിൽ കേരളാ ഗവൺമെന്റിനും അതുപോലെ നമുക്ക് എല്ലാവർക്കും ഉത്കണ്ഠയുണ്ട്. തീർച്ചയായും അത് പരിഹരിക്കാനായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത ചിലരെങ്കിലും കഴിഞ്ഞ ഗവൺമെന്റിലെ പ്രവാസികാര്യ മന്ത്രി ശ്രീ. വയലാർ രവിയേയും വിദേശകാര്യ വകുപ്പുമന്ത്രി അഹമ്മദ് സാഹിബിനേയും കുറ്റപ്പെടുത്തുകയുണ്ടായി. ഒന്നുമില്ലെങ്കിലും കഴിഞ്ഞ ഗവൺമെന്റിൽ ഒരു മലയാളി സാന്നിദ്ധ്യമുണ്ടായിരുന്നു. കണ്ണുള്ളപ്പോൾ നമുക്ക് കണ്ണിന്റെ കാഴ്ച മനസ്സിലാകില്ല. ഇനി മനസ്സിലാക്കുവാൻ പോകുകയാണ്. തീർച്ചയായും ശ്രീ. വയലാർ രവിയുടേയും ശ്രീ. അഹമ്മദ് സാഹിബിന്റേയും

സാന്നിദ്ധ്യംകൊണ്ട് പ്രവാസി കാര്യങ്ങളിൽ വലിയ ഇടപെടലുണ്ടായിട്ടുണ്ട്. ദയവായി അത് മറന്നുപോകരുത്. ഇവിടെ ശ്രീ. എം. ഹംസ ശ്രീ. എ.കെ. ആന്റണിയെപ്പറ്റി പറഞ്ഞു. ശ്രീ. എം. ഹംസ, ഇൻഡ്യാ ചരിത്രത്തിൽ ആദ്യ മായിട്ടാണ് ഡിഫൻസ് വകുപ്പിന് എസ്റ്റാബ്ലിഷ്മെന്റ്സ് കേരളത്തിലുണ്ടാ കുന്നത്. അതിന് സഹായിച്ച ശ്രീ. എ.കെ. ആന്റണിയെ ഇനിയും കുറ്റപ്പെടു ത്തണമോ? അത് കാണാതെ പോകരുത്. നിതാഖത്ത് പ്രശ്നമുണ്ടായപ്പോൾ എന്തെല്ലാം വാർത്തകളാണ് വന്നത്– 'ലക്ഷങ്ങൾ മടങ്ങാൻ പോകുന്നു', 'മലപ്പുറമാകെ മുങ്ങാൻ പോകുന്നു'. 20,000 പേരാണ് ആകെ മടങ്ങിവന്നത്. എന്തുകൊണ്ടാണ്? കേന്ദ്രം നന്നായി ഇക്കാര്യത്തിൽ ഇടപെട്ടു. ശ്രീ. വയ ലാർ രവിയും ശ്രീ. അഹമ്മദ് സാഹിബും സൗദിയിൽ പോയി, അവിടത്തെ ഗവൺമെന്റിനെ കണ്ടു. ആ ഇടപെടൽകൊണ്ട് ഫലപ്രദമായ നീക്കങ്ങ ളുണ്ടായി. കുറൂബായിൽ പോയ പാസ്പോർട്ട് ഇല്ലാത്ത ആളുകൾക്കെല്ലാം നിയമവിധേയമായി അവിടെ കഴിയാനുള്ള സാഹചര്യമുണ്ടായി.

ശ്രീ. ഇ.പി. ജയരാജൻ: സർ, അത്യന്തം ഗുരുതരമായ പ്രശ്നമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അത് എല്ലാവരും മനസ്സിലാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി തന്നെ ബാഗ്ദാദിൽ പോയി മലയാളി കളെ രക്ഷപ്പെടുത്തിക്കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.സി. ജോസഫ്: സർ, ഈ ചർച്ച തമാശയാക്കണമോ? അവിടെ കഴിയുന്ന മലയാളികളുടെ ജീവൻ, അവരുടെ മാതാപിതാക്കളുടെ വേദന, അത് ദയവായി നമ്മൾ മനസ്സിലാക്കണം. ഞാൻ പോയാൽ പ്രശ്നം തീരുമോ? ദയവായി അവിടെ കഴിയുന്ന മലയാളികളുടെ മാതാപിതാക്കളുടെ ഉത്ക്കണ്ഠയും വേദനയും അങ്ങ് അവഗണിക്കരുത്, പരിഹസിക്കരുത്.

നിതാഖത്ത് നിയമംമൂലം മടങ്ങിവന്നവരുടെ റീഹാബിലിറ്റേഷനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. മടക്കയാത്രാ ടിക്കറ്റ് ആവശ്യപ്പെട്ട വർക്കെല്ലാം ടിക്കറ്റ് കൊടുത്തു. ആകെ 266 പേർക്ക് ടിക്കറ്റ് കൊടുത്തതിൽ 206 പേർ മാത്രമാണ് അത് ഉപയോഗിച്ചത്. നിതാഖത്ത്മൂലം മടങ്ങിവന്ന വർക്ക് സ്വയംതൊഴിൽ കണ്ടെത്താനായി സമഗ്രമായ ഒരു പാക്കേജുണ്ടാക്കി. 20 ലക്ഷം രൂപവരെ വായ്പയെടുക്കുന്ന ആളുകൾക്ക് 2 ലക്ഷം രൂപയുടെ ക്യാപ്പിറ്റൽ സബ്സിഡി കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനകം ആകെ 20,130 അപേക്ഷകൾ ലഭിച്ചു. ടാക്സി സർവ്വീസിനായി 2,868 പേർ അപേക്ഷിച്ചതിൽ 855 പേരെ യോഗ്യരായി കണ്ടെത്തുകയും 210 പേർക്ക് വാഹനം കൊടുക്കുകയും ചെയ്തു. അവർക്ക് സബ്സിഡിയായി ഒന്നര ക്കോടി രൂപ ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാണ്. വ്യവസായ വകുപ്പുമായും കൃഷി വകുപ്പുമായും ഹോർട്ടികോർപ്പുമായും സഹകരിച്ചുകൊണ്ട് മടങ്ങി വന്ന പ്രവാസികൾക്ക് ആവശ്യമായ പരിശീലനം കൊടുത്ത് ഹൈടെക് നഴ്സറി, ഡയറി യൂണിറ്റുകൾ, മിനി സൂപ്പർ മാർക്കറ്റുകൾ എന്നിവ ആരംഭി ക്കാനുള്ള സംരംഭങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. റീഹാബിലിറ്റേഷൻ പാക്കേജിനുവേണ്ടി ആദ്യമായി ധനകാര്യ വകുപ്പ് 50 കോടി രൂപ അനുവദിച്ചു. കൂടാതെ, ഇനിയും പണം ആവശ്യമാണെങ്കിൽ അനുവദിക്കാൻ തയ്യാറാണെന്ന് പറയുകയുണ്ടായി. ഇക്കാര്യത്തിൽ എനിക്ക് മുഖ്യമന്ത്രി യോടും ധനകാര്യ വകുപ്പുമന്ത്രിയോടും വളരെയേറെ നന്ദിയുണ്ട്. ദേശസാൽകൃത ബാങ്കുകളെക്കുറിച്ചാണ് അടുത്തതായി പറയാനുള്ളത്. സഭയിലും അതിനെക്കുറിച്ച് പറഞ്ഞു. ഒരു ലക്ഷം കോടി രൂപയാണ് ഇന്ന്

വിദേശ മലയാളികളുടെ നിക്ഷേപങ്ങൾ. പ്രവാസി മലയാളികളുടെ നിക്ഷേപം മുഴുവൻ പോകുന്നത് ബാങ്കുകളിലേയ്ക്കാണ്. ബാങ്കുകൾ കണ്ണടയ്ക്കുന്നു. ഞങ്ങൾ ബാങ്കുകളുമായി ബന്ധപ്പെട്ടു. സഹായിക്കാൻ തയ്യാറായത് കാനറ ബാങ്ക് മാത്രമാണ്. മറ്റെല്ലാ ബാങ്കുകളും മുഖംതിരിഞ്ഞ് നിൽക്കുന്നു. അതുകൊണ്ടുതന്നെ മുഖ്യമന്ത്രി മുൻകൈയെടുത്തുകൊണ്ട് സ്റ്റേറ്റ് ലെവൽ ബാങ്കുകളുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ട്. കാരണം, പ്രവാസികളുടെ നിക്ഷേപംകൊണ്ട് തഴച്ചുവളരുന്ന കേരളത്തിലെ ബാങ്കുകൾക്ക് പ്രവാസി കൾക്ക് ഒരു പ്രയാസമുണ്ടാകുമ്പോൾ അവരെ സഹായിക്കാനുള്ള ഒരു പദ്ധതിയുണ്ടായാൽ അതിൽ സഹകരിക്കാനുള്ള ചുമതലയുണ്ട്. വിമാനക്കൂലിയെക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞു. പ്രവാസി ജീവിതം ആരംഭിക്കുന്ന കാലം മുതൽ ഗൾഫിൽ പോയ എല്ലാവരും എയർ ഇൻഡ്യ യെപ്പറ്റി പരാതിപറയാറുണ്ട്. എയർ ഇൻഡ്യയുടെ ചൂഷണം എന്നും മലയാളികൾക്ക് വലിയ വേദനയുള്ള കാര്യമാണ്. ഇവിടെ പറഞ്ഞതുപോലെ, വെക്കേഷൻ കാലമാകുമ്പോൾ വിമാനക്കൂലി പത്തും പതിനഞ്ചും ഇരട്ടി വർദ്ധിപ്പിച്ച് ഗൾഫ് മലയാളിയെ കൊള്ളയടിക്കാൻ ശ്രമിക്കുന്നു. ഈ സഭയുടെ വികാരം മാനിച്ചുകൊണ്ട്, നേരത്തെ മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതു പോലെ ഈ സമ്മേളനം കഴിഞ്ഞാൽ മന്ത്രിമാരുടെ സംഘം ഡൽഹിക്ക് പോകുമ്പോൾ ഉന്നയിക്കാൻപോകുന്ന ആവശ്യങ്ങളിൽ ഒന്ന്, എയർ ഇൻഡ്യ യുടേയും വിമാന സർവ്വീസുകളുടേയും ചൂഷണം അവസാനിപ്പിക്കണമെന്ന താണ്. ന്യായമായ ചാർജിന് ഗൾഫിലെ മലയാളിക്ക് കേരളത്തിൽ വരാനുള്ള അവസരമുണ്ടാക്കുന്ന കാര്യം തീർച്ചയായും ഗവൺമെന്റ് ഉന്നയിക്കുന്നതാണ്. നിയമസഭയുടെ പ്രവാസികാര്യം സംബന്ധിച്ച സമിതിയുടെ ചെയർമാനായ ശ്രീ. രണ്ടത്താണി ഇവിടെ ഒരു കാര്യം ഉന്നയിക്കുകയുണ്ടായി. അദ്ദേഹം

പറഞ്ഞതുപോലെ പി.ബി.ഡി.യുടെ മാതൃകയിൽ കേരളാ പ്രവാസി സമ്മേളനം 2015 ജനുവരിയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രവാസി ക്ഷേമ പദ്ധതികളുടെ കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. വിവാഹ സഹായം കൊടുത്തില്ലെന്ന് ഇവിടെ പറഞ്ഞു. ബഹുമാന്യനായ എം. ഹംസ ഒരു കാര്യം മനസ്സിലാക്കണം. സാന്ത്വനം പദ്ധതി, കാരുണ്യ പദ്ധതി, ചെയർമാൻ ഫണ്ട് തുടങ്ങിയ പദ്ധതികളിലൂടെ നിർലോഭമായ സഹായം ഞങ്ങൾ കൊടുത്തിട്ടുണ്ട്. 2010-2011-ൽ സാന്ത്വനം പദ്ധതിയിലൂടെ നിങ്ങൾ കൊടുത്തത് 55,98,000 രൂപ. 2013-2014-ൽ ഞങ്ങൾ കൊടുത്തത് 7,57,10,500 രൂപ. 2010-2011-ൽ കാരുണ്യം പദ്ധതിയിലൂടെ നിങ്ങൾ കൊടുത്തത് 1,05,000 രൂപ, 2013-2014-ൽ ഞങ്ങൾ കൊടുത്തത് 6,85,00,000 രൂപ. 2010-2011-ൽ ചെയർമാൻ ഫണ്ടിലൂടെ നിങ്ങൾ കൊടുത്തത് 9,75,000 രൂപ 2013-2014-ൽ ഞങ്ങൾ കൊടുത്തത് 32,41,500 രൂപ.

ശ്രീ. എം. ഹംസ: സർ, നടപടികൾ സ്വീകരിച്ചുകഴിഞ്ഞ് തീരുമാനമെടുക്കാനുള്ള എത്ര ഫയലുകളുണ്ട്; ഇനി എത്രപേർക്ക് കൊടുക്കാൻ അവശേഷിക്കുന്നുണ്ട്?

ശ്രീ. കെ. സി. ജോസഫ്: സർ, അതിനെ സംബന്ധിച്ച് പറയാൻ പ്രത്യേക നോട്ടീസ് വേണം. വിവാഹസഹായം കൊടുക്കുന്നില്ലെന്ന് അങ്ങ് പറഞ്ഞു. സാന്ത്വനം സ്കീംവഴി കഴിഞ്ഞ മൂന്നുവർഷമായി 308 പേർക്ക് 40,67,308 രൂപ വിവാഹ സഹായം കൊടുത്തു. പ്രവാസി ക്ഷേമനിധിയിൽ

നിന്ന് മരണാനന്തരസഹായം 59 ലക്ഷം രൂപ ഈ സർക്കാർ കൊടുത്തതാണ്. ചികിത്സിക്കാനുള്ള സഹായം 16 ലക്ഷം രൂപ, വിവാഹ സഹായം 4 ലക്ഷം രൂപ. നോർക്ക ഡിപ്പാർട്ടുമെന്റും നോർക്ക റൂട്ട്സും ക്ഷേമനിധിയും ഈ കഴിഞ്ഞ മൂന്നുവർഷക്കാലം സജീവമായിരുന്നു. ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാനായി ഞങ്ങൾ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. ഇതിനുപുറമേ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ മുഖേന എമർജിംഗ് കേരളയിൽ പങ്കെടുത്ത പ്രവാസി വ്യവസായ സംരംഭകരെ സഹായിക്കാനുള്ള ബിസിനസ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ചെന്നൈയിലും ബാംഗ്ലൂരിലും ബറോഡയിലും നോർക്കയുടെ സാറ്റലൈറ്റ് ഓഫീസ് ആരംഭിച്ചു. ബെഹ്റിനിൽ കേരള സമാജവുമായി സഹകരിച്ചുകൊണ്ട് നോർക്കയുടെ ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. സംസ്ഥാനത്ത് ഇപ്പോൾ കൊല്ലം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന നോർക്ക ഓഫീസുകൾ 14 ജില്ലകളിലും പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം, പ്രവാസികൾ എത്രയുണ്ടെന്ന് ചോദിച്ചാൽ നമുക്ക് ഉത്തരമില്ല, ഓരോരുത്തരും ഓരോ കണക്ക് പറയും. ആദ്യമായി ട്ടാണ് സംസ്ഥാന ഗവൺമെന്റ് പ്രവാസി മലയാളി സെൻസസ് 2013, കേരളത്തിലെ എല്ലാ വീടുകളിലും പോയി സർവ്വേ നടത്തി ഈ കണക്ക് ശേഖരിച്ചത്. അതനുസരിച്ച് 16,25,563 പ്രവാസി മലയാളികൾ ഇന്ത്യയ്ക്ക് പുറത്തുണ്ട്. കേരളത്തിൽ ഏകദേശം 50 ലക്ഷംപേർ പ്രവാസി മലയാളിയെ ആശ്രയിക്കുന്നവരാണ്. ആകെയുള്ള പ്രവാസികളിൽ 90 ശതമാനംപേരും ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരാണ്. ഏറ്റവും കൂടുതൽ പ്രവാസി മലയാളികളുള്ള രാജ്യം യു.എ.ഇ. – 35 ശതമാനം, രണ്ടാം സ്ഥാനം സൗദി

അറേബ്യ– 28 ശതമാനം. സംസ്ഥാനത്തെ ജില്ലകളിൽ വനിതാ പ്രവാസി മലയാളി സാന്നിദ്ധ്യമുള്ളതിൽ ഒന്നാം സ്ഥാനത്ത് ഇടുക്കിയും രണ്ടാം സ്ഥാനത്ത് കോട്ടയവുമാണ്. പ്രവാസി മലയാളികൾ ഏറ്റവും കൂടുതലുള്ളത് മലപ്പുറം ജില്ലയിലാണ് – 18 ശതമാനം. ഏറ്റവും കുറവ് ഇടുക്കിയിൽ – ഒരു ശതമാനം. ഏറ്റവും കൂടുതൽ കുടുംബങ്ങളിൽനിന്നും പ്രവാസികളുള്ളത് മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്കിലെ മുനിയൂർ പഞ്ചായത്തിലാണ്. പ്രവാസി മലയാളികളിൽ 59 ശതമാനംപേരും നേഴ്സുമാരാണ്. ഈ സമഗ്ര മായ വിവരങ്ങൾ ശേഖരിച്ചത് ഈ ഗവൺമെന്റാണ്. ഇവിടെ പ്രവാസികളുടെ വോട്ടവകാശ കാര്യം പറഞ്ഞു. ഇതിനുപുറമെ, ഇന്ന് നിലവിലുള്ള സാഹചര്യം കണക്കിലെടുത്തുകൊണ്ട് പ്രവാസികളുടെ സമഗ്ര വിവരം ശേഖരിക്കാൻവേണ്ടി ഓൺലൈനിലൂടെ ഒരു ഡാറ്റാ ബാങ്ക് ആരംഭിച്ച് ലോകത്തെമ്പാടുമുള്ള മലയാളികളുടെ വിവരങ്ങൾ ശേഖരിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇവിടെ പ്രവാസി വോട്ടവകാശം ഒരു വലിയ ചർച്ചാ വിഷയമാണ്. നിലവിലുള്ള നിയമമനുസരിച്ച് വോട്ടർ പട്ടികയിൽ പേരുണ്ടെങ്കിലും വോട്ടിംഗ് ദിവസം അവർ നാട്ടിലുണ്ടെങ്കിൽ മാത്രമേ വോട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതുസംബന്ധിച്ച് ഒരു പെറ്റീഷൻ സുപ്രീം കോടതിയിൽ പരിഗണിക്കുന്നതിനായി, സുപ്രീംകോടതി ആവശ്യപ്പെട്ട പ്രകാരം ഓൺലൈനിലൂടെയെങ്കിലും പ്രവാസി മലയാളികൾക്ക് വോട്ടിംഗ് ഏർപ്പെടുത്തുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് തീർച്ചയായും കേന്ദ്ര ത്തിൽ സമ്മർദ്ദം ചെലുത്തും. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല.

ശ്രീ. പി. കെ. ബഷീർ: സർ, പ്രവാസി ഭാരതീയ അവാർഡ് ലഭിച്ച ഡോ. ഷംസീറാണ് പ്രവാസികൾക്ക് വോട്ടവകാശത്തിനുവേണ്ടി സുപ്രീംകോടതി

യിൽ കേസ് ഫയൽ ചെയ്തത് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, പ്രവാസി മലയാളി അവാർഡ് ലഭിച്ച ഡോ. ഷംസീറാണ് കേസ് കൊടുത്തത്. പക്ഷേ ആ കേസ് തെരഞ്ഞെടുപ്പ് സമയമായതുകൊണ്ട് വിശദമായി പരിശോധിച്ചില്ല. ഏതായാലും അദ്ദേഹം ആ കാര്യം ഉന്നയിച്ചതുകൊണ്ട് സുപ്രീംകോടതി ഇടപെട്ടു. ഓൺലൈൻ വോട്ടിംഗിന്റെ കാര്യം പരിശോധിക്കാനായി അവർ ആവശ്യപ്പെട്ടിട്ടുണ്ട്. തീർച്ചയായും അത് അനുവദിച്ചുകിട്ടിയാൽ പ്രവാസി മലയാളികളുടെ കാര്യത്തിൽ വലിയൊരു മുന്നേറ്റമുണ്ടാക്കാൻ സാധിക്കും.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രവാസി മലയാളികൾക്ക് വോട്ടവകാശം നൽകുന്നതിനോടൊപ്പം വരാനിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിൽ വോട്ടവകാശം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.സി. ജോസഫ്: നിലവിലുള്ള നിയമത്തിനനുസരിച്ചുതന്നെ, സഭ പാസ്സാക്കിയതാണല്ലോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സബ്ജക്ട് കമ്മിറ്റിക്ക് അയച്ചിട്ടുള്ളതിൽ പ്രവാസികളുടെ വോട്ടുമുണ്ട്. അടുത്ത ഇലക്ഷനുമുമ്പ് ഓൺലൈൻ വോട്ടിംഗ് സ്റ്റേറ്റ് കമ്മീഷൻ അനുവദിക്കുകയാണെങ്കിൽ നമുക്ക് ഇതിലും ചേർക്കുന്നതിനെ ക്കുറിച്ച് ആലോചിക്കാം.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചൂണ്ടിക്കാണിച്ചതുപോലെ പ്രവാസി ക്ഷേമനിധിയുടെ പ്രായപരിധി 55 എന്നുള്ളത് 60 ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. എത്രയുംവേഗം ആക്ടിൽ മാറ്റം

വരുത്തി അത് നടപ്പിലാക്കുന്നതാണ്. അതുപോലെ ശ്രീ. പി. എ. മാധവൻ പറഞ്ഞ എൻ.ആർ.ഐ. ക്വാട്ടയുടെ കാര്യം, ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻ.ആർ.ഐ. ക്വാട്ടയുണ്ട്. പക്ഷേ എൻ.ആർ.ഐ. ക്വാട്ടകളുടെ ഫീസ് സാധാരണ മലയാളികളുടെ ഫീസിന്റെ 15, 20 ഇരട്ടിയാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ഒരു സാധാരണ ഗൾഫ് മലയാളിക്ക് സീറ്റ് കിട്ടുകയില്ല. എം.എ. യൂസഫലിയുടെയോ രവി പിള്ളയുടെയോ മക്കൾക്ക് കിട്ടുമായിരിക്കും. ആ നിയമത്തിൽ മാറ്റം വരുത്തണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. എൻ.ആർ.ഐ. ക്വാട്ടയ്ക്കുള്ള ഗണ്യമായ ഫീസ് കുറയ്ക്കണം. എൻ.ആർ.ഐ. ക്വാട്ടയ്ക്ക് സാധാരണ ഫീസ് മാത്രം ഈടാക്കണം അല്ലെങ്കിൽ അത് ഗൾഫിലെ സാധാരണ മലയാളികളോടുള്ള കടുത്ത അവഗണനയായിരിക്കും. ഏതായാലും പ്രവാസി മലയാളികളുടെ കാര്യത്തിൽ ഈ സഭ കാണിച്ച ഗൗരവമായ താൽപ്പര്യം വളരെയേറെ സന്തോഷകരമാണ്. തീർച്ചയായും ഇവിടെയുണ്ടായ വിമർശനങ്ങൾ ഗൗരവമായി കണക്കിലെടുക്കുന്നു. തെറ്റുകളുണ്ടെങ്കിൽ തിരുത്തി മുമ്പോട്ട് പോകാനും പ്രവാസിക്ഷേമം സജീവമാക്കാനുമുള്ള ശ്രമങ്ങൾ ഞാൻ ഇവിടെ വാഗ്ദാനം ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇവിടെ ചർച്ചയിൽ പങ്കെടുത്ത് അഭിനന്ദിക്കുകയും വിമർശിക്കുകയും വീഴ്ചകൾ ചൂണ്ടിക്കാണിക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദി ആദ്യമേ രേഖപ്പെടുത്തുന്നു. ആമുഖമായി എനിക്ക് പറയാനുള്ളത്, ഇനി മുതൽ തൊഴിലും പുനരധിവാസവും വകുപ്പ് എന്നുള്ളത് തൊഴിലും

നൈപുണ്യവും എന്ന വകുപ്പായി അറിയപ്പെടാനുള്ള പ്രക്രിയ ആരംഭിച്ചിരിക്കുകയാണ്. അത് ഗവർണ്ണറുടെ പെർമിഷനുവേണ്ടി കാത്തിരിക്കുകയാണ്. ഈ ചർച്ചകളിലൊക്കെ വിമർശനങ്ങളും അല്ലെങ്കിൽ ശ്ലാഘിച്ചുകൊണ്ട് കാര്യങ്ങൾ വന്നപ്പോഴും ഒരു കാര്യം പലരും ശ്രദ്ധിക്കാതെപോയി. ഈ കൊച്ചു കേരളത്തിൽ ഈ മൂന്നുവർഷത്തിനിടയിൽ ആരംഭിച്ച രണ്ട് പദ്ധതികൾ പാർലമെന്റിൽ ഇൻഡ്യൻ രാഷ്ട്രപതി പുതിയ ഗവൺമെന്റിനുവേണ്ടി നയപ്രഖ്യാപനം നടത്തിയപ്പോൾ അത് ഇൻഡ്യയിലൊട്ടാകെ നടപ്പിലാക്കാൻ തീരുമാനിച്ചുവെന്നുള്ള രണ്ട് വസ്തുകളുണ്ട്. ഒന്ന്, തൊഴിലില്ലായ്മയ്ക്ക് പരിഹാരമെന്നുള്ള നിലയിൽ ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഈ കാലമത്രയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഒരു പോസ്റ്റ് ഓഫീസിന്റെ ജോലിയാണ് ചെയ്തിരുന്നതെങ്കിൽ നമ്മൾ എംപ്ലോയ്ബിലിറ്റി സെന്റർ എന്നൊരു ആശയം ആരംഭിച്ചു. 5 ജില്ലകളിലേയ്ക്ക് അത് വ്യാപിപ്പിക്കുന്നു. അത് രാജ്യത്തൊട്ടാകെ നടപ്പിലാക്കുമെന്നാണ് പുതിയ ഗവൺമെന്റിനുവേണ്ടി രാഷ്ട്രപതി പാർലമെന്റിൽ പറഞ്ഞത്. അതുപോലെതന്നെ ഐ.ടി.ഐ. വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വെർച്വൽ ക്ലാസ് റൂം അല്ലെങ്കിൽ ഇന്നത്തെ പുരോഗതിക്കനുസൃതമായി നമ്മുടെ അദ്ധ്യാപകർക്കും ഇൻസ്ട്രക്റ്റേഴ്സിനും കോപ്പ് അപ്പ് ചെയ്യാൻ പറ്റാത്തതുകൊണ്ട് വെർച്വൽ ക്ലാസ് റൂം കേരളത്തിൽ ആരംഭിച്ചു. ഐ.ടി.ഐ. വിദ്യാഭ്യാസ രംഗത്ത് ഇൻഡ്യാ രാജ്യത്താകെ വെർച്വൽ ക്ലാസ് റൂം ആരംഭിക്കുമെന്നുംകൂടി പ്രഖ്യാപിക്കുകയുണ്ടായി. അതുകൊണ്ടുതന്നെ ഒരു അൽപ്പം സന്തോഷമുണ്ട്. ഗുജറാത്ത് മോഡൽ പഠിക്കാനായിരുന്നില്ല ഞാൻ പോയത്. മറിച്ച്, അവർ

കേരളത്തിന്റെ മോഡൽ പഠിച്ച് ഇന്ന് രാജ്യത്താകെ വ്യാപിപ്പിക്കുന്നുവെന്നു ള്ളതിൽ ഒരു സന്തോഷവും ഇക്കാര്യത്തിലുണ്ട്.

തൊഴിൽ മേഖലയിൽ വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ശ്രീ. പി. എ. മാധവൻ ചൂണ്ടികാണിച്ചതുപോലെ തൊഴിലാളികളുടെ നീതിനിഷേധത്തിനെതിരെയും അവരുടെ വിഷയങ്ങളെക്കുറിച്ചും പഴയതു പോലെ സമൂഹം ചർച്ച ചെയ്യുന്നില്ല. തൊഴിലാളികളുടെ പ്രൊഫൈൽ മാറി യിട്ടുണ്ട്. ശ്രീ. പി. കെ. ഗുരുദാസൻ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ ഗവൺമെന്റ് നിശ്ചയിച്ച കൺസ്യൂമർ പ്രൈസ് ഇൻഡക്സിന്റെ കമ്മിറ്റിയുടെ പഠനം പുറത്തുവന്നപ്പോൾ കഴിഞ്ഞകാലങ്ങളിൽ കേരളത്തിലെ ഒരു സാധാ രണ വർക്കിംഗ് ക്ലാസിന്റെ കുടുംബത്തിൽ വരുമാനത്തിന്റെ 60 ശതമാനം ഭക്ഷ്യ ആവശ്യങ്ങൾക്കുവേണ്ടി ചെലവാക്കിയതെങ്കിൽ ഇപ്പോൾ അത് 42 ശത മാനമായി ചുരുങ്ങിയിരിക്കുകയാണ്. ഫുഡിന്റെ റിക്വയർമെന്റ്സിനുവേണ്ടി കുറച്ച് വരുമാനം ചെലവാക്കുകയും ബാക്കി തുകകൾ ആഡംബരത്തിനും മദ്യത്തിനും കേബിൾ വി.വി.യിലേക്കും മൊബൈൽഫോൺ വാങ്ങുന്നതി ലേക്കും മാറുന്ന ഒരു സാമൂഹ്യ പശ്ചാത്തലത്തിൽനിന്നുകൊണ്ടാണ് ഇതിനെ ക്കുറിച്ചെല്ലാം നാം ചർച്ച ചെയ്യുന്നത്. വിമർശനങ്ങളും പ്രശ്നങ്ങളുമുണ്ടെ ങ്കിലും ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ചാരിതാർത്ഥ്യ ത്തോടുകൂടി സന്തോഷത്തോടുകൂടി കാണുന്ന ഒരു വിഷയം, നഴ്സിംഗ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഒരു പിരിധിവരെ സാധിച്ചു എ ന്നുള്ളതാണ്. ബഹുമാനപ്പെട്ട പി. കെ. ഗുരുദാസൻ സ്വാഭാവികമായും ഈ മേഖലയെ വിമർശിച്ചെങ്കിലും സി.ഐ.ടി.യു. അടക്കം ഉത്തരവാദിത്വപ്പെട്ട

എല്ലാ ട്രേഡ് യൂണിയനുകളും കൂടിയിരുന്ന് ഈ മേഖലയിലെ എല്ലാ പ്രശ്നങ്ങളും മാനേജുമെന്റുമായി ചർച്ച ചെയ്ത് ഒരു സമവായത്തിൽ എത്തുകയുണ്ടായി. ഇവിടെ ചിലർ പറഞ്ഞത് ബലരാമൻ കമ്മിറ്റി നടപ്പാക്കി യില്ല എന്നാണ്. ബലരാമൻ കമ്മിറ്റിയുമായും തൊഴിൽ വകുപ്പുമായും ബന്ധ പ്പെട്ടുള്ള 12 ശിപാർശകളിലും തീർപ്പ് കൽപ്പിക്കാനും സമവായമുണ്ടാക്കാനും ഈ ഗവൺമെന്റിന് സാധിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2011-12 വർഷത്തിൽ ആയിരത്തിലധികം ആശുപത്രികൾ പരിശോധി ച്ചപ്പോൾ അമ്പതോളം ആശുപത്രികൾ മാത്രമാണ് കഴിഞ്ഞ ഗവണമെന്റ് പ്രഖ്യാപിച്ച മിനിമം ഫീസ് കൊടുക്കുന്നത്. 2013-14-ൽ അഞ്ഞൂറിലധികം ആശുപത്രികൾ പരിശോധിച്ചപ്പോൾ 52 പേർക്കെതിരെ മാത്രമേ കേസെടുക്കേ ണ്ടിവന്നിട്ടുള്ളൂ. അങ്ങനെയുള്ള ഗുണകരമായ മാറ്റമാണ് ഈ സമൂഹത്തിലു ണ്ടായിട്ടുള്ളത്. ബാക്കിയുള്ളതിൽ നീതിനിഷേധം ഉണ്ടായിരിക്കാം. അതുപോലെ ഈ ഗവൺമെന്റ് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ദയനീയമായ സ്ഥിതി. ഈ വിഷയത്തിനും ഈ സഭയിൽ പലരും പ്രസ്തുത ആവശ്യം ഉന്നയിച്ചു. ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ച് പല പ്രാവശ്യം കത്ത് തന്നിട്ടുണ്ട്. പക്ഷേ, തൊഴിൽ വകുപ്പിന് ഈ വിഷയത്തിൽ നേരിട്ട് ഇടപെടാൻ ബുദ്ധിമുട്ടുണ്ട്. എന്തു കൊണ്ടെന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിപ്രകാരം ഇവർ ഒരു ഇൻഡസ്ട്രിയൽ അല്ലെങ്കിൽ വർക്കർ കാറ്റഗറിയിൽ വരുന്നില്ല. അദ്ധ്യാപകർ എന്നാൽ സേവനം അനുഷ്ഠി ക്കുന്നവരായതുകൊണ്ട് ഒരു വർക്കറിന്റെ ഡെഫിനിഷനിൽ വരുന്നില്ല എന്നതും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടിന്റെ കിഴിൽ വരില്ല എന്നതിന്റെ

മറവിലുമാണ് ഇന്ന് ഈ ചൂഷണമെല്ലാം നടക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഞാനും ചേർന്ന് ഇതിനൊരു ഡ്രാഫ്റ്റ് നിയമമുണ്ടാക്കിക്കഴിഞ്ഞു. അവർക്ക് മിനിമം കൂലി കൊടുക്കരുതെന്ന് ഒരു കോടതിയും പറഞ്ഞിട്ടില്ല എന്നുള്ളതുകൊണ്ടു തന്നെയാണ് ഒരു ഡ്രാഫ്റ്റ് നിയമം ഉണ്ടാക്കിയത്. വരും ദിവസങ്ങളിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റും ലേബർ ഡിപ്പാർട്ടുമെന്റും സംയുക്തമായി ആലോചിച്ചുകൊണ്ടുതന്നെ മുന്നോട്ടു കൊണ്ടു പോകുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളീയ സമൂഹത്തിൽ ഇത്രയും വിദ്യാഭ്യാസം നേടിയിട്ടും ഈ ദുരവസ്ഥയിൽ കഴിയുന്ന വിദ്യാഭ്യാസ സമൂഹത്തിന്റെ മോചനത്തിനും രക്ഷയ്ക്കും വേണ്ടി ചെയ്യാനുള്ള എല്ലാ കാര്യങ്ങൾക്കും ഗവൺമെന്റ് തയ്യാറാണ്, അതിന് നിയമസഭയിലുള്ള എല്ലാവരുടെയും പിന്തുണ ആവശ്യമാണ്. അന്യസംസ്ഥാന തൊഴിലാളികളുടെ വിഷയം ഗൗരവമേറിയതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ അതിനൊരു ക്ഷേമപദ്ധതി പ്രഖ്യാപിച്ചത് ഒരു വസ്തുത തന്നെയാണ്. അതിനായി മാറ്റിവച്ച പത്തു കോടി രൂപ ചെലവഴിച്ചില്ല എന്നു പറയുന്നതിനെ ഞാൻ പൂർണ്ണമായി ഉൾക്കൊള്ളുന്നു. അന്നത്തെ ഗവൺമെന്റിന് 450 അംഗങ്ങളെ മാത്രമേ ഈ ക്ഷേമനിധി പദ്ധതിയിൽ ചേർക്കാൻ സാധിച്ചിട്ടുള്ളൂ. ഇപ്പോൾ 42000 അംഗങ്ങൾ ക്ഷേമനിധിയിലുണ്ട്. പക്ഷേ, അവർക്ക് ഇതിനെക്കുറിച്ചുള്ള അവയർനസില്ല. 42000 പേർക്ക് തുടർന്നും ഇതിലേക്കുള്ള അംശാദായം അടയ്ക്കാൻ അവർ മുന്നോട്ടു വരുന്നില്ല. ഇത് ഓരോ കൺസ്ട്രക്ഷൻസ് സൈറ്റിൽ കൊണ്ടുവന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുമായി ഫോട്ടോ എടുത്തതിനുശേഷം അവർക്ക് ഒരു കാർഡ് കൊടുത്ത്

അവർ അവരുടെ വഴിയേ പോകും. ബോർഡ് പ്രവർത്തനക്ഷമമാകുന്നില്ല. പക്ഷേ, ഈ വിഷയം അഡ്രസ് ചെയ്യേണ്ടത് അത്യാവശ്യമാണ്. അതിനും ഒരു ഡ്രാഫ്റ്റ് നിയമം ലേബർ ഡിപ്പാർട്ടുമെന്റിൽ നിന്നും തയ്യാറാക്കിയിട്ടുണ്ട്. ഇതും നമ്മൾ ഒരുമിച്ച് ചർച്ച ചെയ്യേണ്ട വിഷയമാണ്. ഇതിനെക്കുറിച്ച് രണ്ട് അഭിപ്രായമുള്ളവരുമുണ്ട്. കാരണം, ഇവർക്ക് ഇങ്ങനെയുള്ള ആനുകൂല്യങ്ങളും കൊടുത്ത് വെൽഫയർ മെഷേഴ്സ് നടത്തി കേരളത്തിൽ ഒരു റെഡ് കാർപ്പറ്റ് റോൾഔട്ട് ചെയ്യരുതെന്ന അഭിപ്രായമുള്ളവരുമുണ്ട്. പക്ഷേ, നിയമപരമായി വരുന്ന ഒരു പ്രശ്നം, ഇൻഡ്യാരാജ്യത്ത് എവിടെയും ജോലി ചെയ്യാനുള്ള അവകാശം ഏതൊരു ഇൻഡ്യൻ പൗരനുമുണ്ട്. കേരള ത്തിൽ വന്നു ജോലി ചെയ്യണമെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യണമെന്ന് ഏത് നിയമപ്രകാരമാണ് പറയാൻ സാധിക്കുന്നത്? ഇവിടെ അങ്ങനെ പറയാൻ സാധിക്കില്ല. അങ്ങനെ ഒരു വെൽഫയർ മെഷറിന്റെ ഭാഗമായി ഗവൺമെന്റ് മുന്നോട്ടുകൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ലെജിസ്ലേഷനിൽ ഇവരെ വെൽഫയർ ബോർഡിൽ ചേർക്കേണ്ട ഉത്തരവാദിത്തം അവരെ എംപ്ലോയ് ചെയ്യുന്ന വർക്കാണെന്ന ഒരു നിയമ നിർമ്മാണം കൊണ്ടുവരണം. അതുവഴി ഇവരെ ക്കുറിച്ചുള്ള ഡീറ്റെയിൽസ് മനസ്സിലാക്കാനും ഇവർക്കുള്ള ഇന്നത്തെ ദയനീയ സ്ഥിതിക്കുള്ള ഒരു പരിഹാരമുണ്ടാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇത് വളരെ ശരിയായ കാര്യമാണ്. കഴിഞ്ഞ രണ്ടാഴ്ചകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റ് ക്യാമ്പുകളിൽ ഇൻസ്പെക്ഷൻ നടത്തികൊണ്ടിരിക്കുകയാണ്. നിരവധി ക്യാമ്പുകളിൽ മനുഷ്യത്വരഹിതമായ സാഹചര്യത്തിൽ ജീവിക്കേണ്ടിവരുന്ന സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. അതനുസരിച്ച് ഒട്ടനവധി കൺസ്ട്രക്ഷൻ സൈറ്റുകൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുത്തിരിക്കുകയാണ്. വളരെ കർശനമായിതന്നെ ഈ വിഷയത്തെ നേരിടണം. പൊതു സമൂഹത്തെ

സംബന്ധിച്ചിടത്തോളം ഇവർക്കുവേണ്ടി ഒരു ലേബർ അക്കോമഡേഷനെക്കുറിച്ച് ആരും ചിന്തിച്ചിട്ടില്ല. ഗവൺമെന്റ് മുൻകൈ എടുത്തുകൊണ്ട് ലേബർ അക്കോമഡേഷൻ നിർമ്മിക്കാൻ ശ്രമിച്ചിട്ടുപോലും അതിനനുയോജ്യമായ രീതിയിലുള്ള സ്ഥലം ലഭിക്കുന്നില്ല എന്നതാണ് വസ്തുത. ഇവരെ എവിടെ കൊണ്ടുപോയി താമസിപ്പിക്കാൻ ശ്രമിച്ചാലും നമ്മുടെ സഹോദരങ്ങളായ സമൂഹം കൂട്ടമായി എതിർക്കുകയും ഒരു ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും ഇങ്ങോട്ടു വരരുത് എന്നൊരു സമീപനവുമായി നിൽക്കുകയാണ്. ഇതിനെയൊക്കെ മാറ്റിയെടുക്കാൻ നമുക്ക് സാധിക്കണം. തുണിക്കടകളിലെ നമ്മുടെ സഹോദരിമാരുടെ വിഷയത്തെക്കുറിച്ച് പലരും ഇവിടെ പരാമർശിച്ചു. 2000–ത്തിൽപരം ടെക്സ്റ്റൈയിൽ ഷോപ്പുകളിൽ കഴിഞ്ഞ ഒരു മാസത്തിനകം ലേബർ ഡിപ്പാർട്ടുമെന്റ് പരിശോധന നടത്തി. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെ എക്സ്റ്റൻസീവായി ഒരു പരിശോധന നടത്തുന്നത് ആദ്യമായിട്ടാണ്. പരിശോധനയിൽ നിയമലംഘനമുണ്ട്. പക്ഷെ, ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം അവർക്കിരിക്കാനുള്ള ഇരിപ്പിടം കൊടുക്കണമെന്നുള്ളതാണ്. നിർഭാഗ്യവശാൽ നിലവിലുള്ള ഒരു നിയമപ്രകാരവും അങ്ങനെ ഒരു ഇരിപ്പിടം കൊടുക്കുവാൻ സാധിക്കുന്നില്ല. പക്ഷെ, നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കിയാൽ തന്നെ അവർക്ക് ആവശ്യത്തിനുള്ള വിശ്രമം ലഭിക്കും. നാലു മണിക്കൂർ ജോലി ചെയ്യുന്നവർക്ക് വിശ്രമം വേണമെന്നാണ് നിയമത്തിൽ പറഞ്ഞിട്ടുള്ളത്. അത് നടപ്പിലാക്കാനാണ് തടസ്സമുള്ളത്. കാലഹരണപ്പെട്ട നിയമ വ്യവസ്ഥകളെക്കുറിച്ച് ബഹുമാനപ്പെട്ട മുൻമന്ത്രിക്കറിയാം. ഏതെങ്കിലും ഒരു വയലേഷനുള്ള ഫൈൻ 50 രൂപ മാത്രമേയുള്ളൂ. ഞായറാഴ്ച ദിവസം തൊഴിലാളികളെകൊണ്ട് കട തുറന്ന് ജോലി

ചെയ്യിപ്പിച്ച് വച്ചാലും ഫൈൻ 50 രൂപ മാത്രമേയുള്ളു. എന്നാൽ ഇതുമാത്രമല്ല, പരിശോധന നടത്തിയതിനുശേഷം ആ പരിശോധനകൾ എന്തുകൊണ്ട് നമുക്ക് ഇഫക്ടീവാകാൻ പറ്റുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ നിയമനിർമ്മാണം, അതിന്റെ അമന്റ്മെന്റു തന്നെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ സഭയിൽ അത് പബ്ലിഷ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഈ സഭാ സമ്മേളനത്തിൽ തന്നെ അത് കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ട്. കർശനമായ വ്യസ്ഥകളോടുകൂടി ഈ മേഖലയിൽ നിയമനിഷേധം നടത്തുന്നവർക്കെതിരെ കർശനമായ വ്യവസ്ഥളോടുകൂടി യുള്ള ഭേദഗതി കൊണ്ടുള്ള ആക്ടിന്റെ അമന്റ്മെന്റ് സഭയുടെ ഫ്ളോറിൽ പബ്ലിഷ് ചെയ്തിട്ടുണ്ട്. ഇവിടെ വ്യാപകമായ വിമർശനം വന്നത് വെൽഫയർ ബോർഡുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചാണ്. ഞാനായിട്ട് ഒരു വെൽഫയർ ബോർഡും തകർക്കാൻവേണ്ടി ഒരു പ്രവർത്തിയും ചെയ്തിട്ടില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റ് വന്നതിനുശേഷം വെൽഫയർ ബോർഡിന്റെ പ്രവർത്തനം നിലച്ചു എന്നു പറയുന്നതും ശരിയല്ല. ഒന്നു രണ്ടു വെൽഫയർ ബോർഡുകളെക്കുറിച്ച് വിശദമാക്കാം. പരമ്പരാഗത മേഖലയായ കശുവണ്ടി തൊഴിലാളി മേഖലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അല്ലെങ്കിൽ 2009–10 വർഷം 14 ലക്ഷം രൂപയുടെ ആനുകൂല്യം വിതരണം നടത്തി. 2010–11–ൽ 27 ലക്ഷം രൂപയുടെ ആനുകൂല്യ ങ്ങൾ വിതരണം നടത്തി. ഞങ്ങൾ 34,63,000–ന്റെ ആനുകൂല്യങ്ങൾ വിതരണം നടത്തി. നിർമ്മാണ മേഖലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് അവസാന വർഷം നോക്കുകയാണെങ്കിൽ 73 കോടി 59 ലക്ഷ ത്തിന്റെ ആനുകൂല്യങ്ങളുടെ വിതരണമാണ് നടത്തിയത്. ഈ ഗവൺമെന്റ്

2013–14–ൽ 149 കോടി 27 ലക്ഷം രൂപയുടെ വിതരണം നടത്തി. ഇരട്ടിയിൽ കൂടുതൽ തുക വിതരണം ചെയ്തിട്ടുണ്ട്. അങ്ങനെ എല്ലാ ക്ഷേമനിധി ബോർഡുകളും പരിശോധിച്ചാലും മുമ്പ് കൊടുത്തിരുന്നതിനെക്കാൾ ഇരട്ടി തുകയുടെ ആനുകൂല്യങ്ങൾ ഇപ്പോൾ കൊടുക്കുന്നുണ്ട്. പക്ഷേ, ഇവിടെ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിനെക്കുറിച്ച് ഇവിടെ പറഞ്ഞിരുന്നു. അങ്ങ് സൂചിപ്പിച്ചതുപോലെ പട്ടിജാതി വിഭാഗത്തിപ്പെട്ടവർ കൂടുതലായി അംഗങ്ങളായിട്ടുള്ള ക്ഷേമനിധി ബോർഡിൽ 2000 മുതൽ 2010 വരെ കുടിശ്ശിക ഉണ്ടായിരുന്നപ്പോഴാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഒരു വർഷം ബാക്കിവച്ചുകൊണ്ട് 2009 വരെയുള്ള കുടിശ്ശികയ്ക്ക് 116 കോടി രൂപ കൊടുത്തത്. ഇപ്പോൾ ഏകേശം 200 കോടി രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. കാലാകാലങ്ങളിൽ വന്ന് കയ്യടി വാങ്ങാനായ നിയമനിർമ്മാണം നടത്തുന്നതിന്റെ ദൂഷ്യങ്ങളാണ് നമ്മൾ അനുഭവിക്കുന്നത്. 60 രൂപ പ്രതി വർഷം ഒരു തൊഴിലാളിയിൽ നിന്ന് പിരിച്ചതിനുശേഷം ആ തൊഴിലാളി വിരമിക്കുമ്പോൾ ഒരു വർഷത്തിൽ 650 രൂപയാണ് തിരിച്ചുകൊടുക്കേണ്ടത്. 60 രൂപ വച്ച് പിരിച്ചതിനുശേഷം ഒരു വർഷത്തെ ആനുകൂല്യമായി പിരിയുമ്പോൾ 650 രൂപ കൊടുക്കണം. ഇതാണ് ബോർഡുകൾക്ക് താങ്ങാൻ കഴിയാത്ത നിലയിലേക്ക് എത്തിയത്.

മാത്രവുമല്ല പ്രതിമാസം 20 രൂപ അംശദായം വാങ്ങുന്ന ക്ഷേമനിധി ബോർഡുകളുണ്ട്. ബഹുമാനപ്പെട്ട പി. കെ. ഗുരുദാസൻ പറഞ്ഞതുപോലെ ക്ഷേമനിധി ബോർഡുകൾ തന്നെയാണ് പെൻഷൻ കൊടുക്കുന്നത്. കൺസ്ട്രക്ഷൻ ബോർഡിലെ പെൻഷൻ ഞാൻ 500 രൂപയാക്കി എന്ന് അങ്ങ്

പറഞ്ഞു. 500 രൂപ ആക്കിയിട്ടില്ല. മിനിമം പെൻഷൻ 600 രൂപ തന്നെയാണ്. അതിന്റെ റൂൾസിൽ അമെന്റ്മെന്റ് വരുത്തുന്നതിനുള്ള പ്രൊപ്പോസൽ വന്നിരിക്കുകയാണ്. അതിലും പെൻഷൻ 600 രൂപ തന്നെയാണ്. 20 രൂപ പ്രതിമാസം അംശദായം വാങ്ങുകയും 600 രൂപ പെൻഷൻ കൊടുക്കുകയും ചെയ്യുന്ന സാഹചര്യം വന്നാൽ ഒരു ബോർഡും നിലനിൽക്കില്ല. ഞാനിപ്പോൾ കണക്കെടുത്തു. ഇന്ന് ഏറ്റവും സമ്പന്നമാണെന്ന് വിശേഷിപ്പിച്ചിരിക്കുന്നത് നിർമ്മാണത്തൊഴിലാളി ക്ഷേനിധി ബോർഡാണ്. 750 കോടി രൂപ പണമായിട്ടുണ്ട്. 2020 ആകുമ്പോൾ 500 കോടി രൂപ പ്രതിവർഷം ചെലവിന് വേണ്ടിവരും. ആ ബോർഡ് എങ്ങനെ നിലനില്ക്കും. ഞാൻ കുറ്റം പറയുകയല്ല, അങ്ങയുടെ കാലഘട്ടത്തിൽ 87 കോടി രൂപ വരെയായിരുന്നു സെസ്സ് പിരിച്ചിരുന്നത്. കഴിഞ്ഞ വർഷവും ഈ വർഷവും 145 കോടിരൂപ വച്ചാണ് സെസ്സ് പിരിച്ചിരിക്കുന്നത്. ഇത് ഇരട്ടിയോളമായിട്ടുണ്ട്. എത്ര സെസ്സ് പിരിച്ചാലും ആ ബോർഡടക്കം പരുങ്ങലിലേയ്ക്ക് പോകും. അതുകൊണ്ടുതന്നെ ബോർഡുകൾ സംയോജിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട ഗുരുദാസൻ പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. അതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ട്രേഡ് യൂണിയനുകളുമായി ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. എല്ലാവരുടേയും സഹകരണത്തോടുകൂടി ബോർഡുകളെ സംയോജിപ്പിച്ച് മുന്നോട്ടുകൊണ്ടുപോയി അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് കുറയ്ക്കണം. അതിനോടൊപ്പംതന്നെ സി.ഐ.റ്റി.യു.-വിന്റെ നേതാവായ സഖാവ് എളമരം കരീം അടക്കമുള്ള ആളുകളോട് എനിക്കഭ്യർത്ഥിക്കാനുള്ളത്, ഈ ബോർഡുകളുടെ ഏറ്റവും വലിയ ശാപം ഡ്യൂപ്ലിക്കേറ്റ് മെമ്പർഷിപ്പാണ്.

ഒന്നിൽക്കൂടുതൽ മെമ്പർഷിപ്പ് എടുക്കുന്നതും ഒന്നിൽക്കൂടുതൽ ആനുകൂല്യം വാങ്ങുന്നതും അനർഹരായിട്ടുള്ള, ഈ തൊഴിലുമായി കുലബന്ധം പോലുമില്ലാത്ത ആളുകൾ ഇതിൽ അംഗങ്ങളായി വന്നിട്ടുള്ളതാണ്.

ശ്രീ. സി. ദിവാകരൻ: സർ, അതിനൊരു സിസ്റ്റം കൊണ്ടുവരണം.

ശ്രീ. ഷിബു ബേബി ജോൺ: സർ, അതിനാണ് പല പരിഷ്ക്കാരങ്ങളും.... ഞാനൊരു രാഷ്ട്രീയ സംവാദത്തിനുവേണ്ടി പറയുന്നതല്ല. രാജ്യത്തിന് മാതൃകയായിട്ടുള്ള നിയമനിർമ്മാണം നടത്തിയ സഭ മനസ്സിലാക്കേണ്ട കാര്യമാണ്. നിർഭാഗ്യവശാൽ വെൽഫെയറിന്റെ കാര്യത്തിൽ ഈ ബോർഡുകളെല്ലാം പ്രശ്നത്തിലേയ്ക്ക് പോകുയാണ്. ഞാൻതന്നെ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ട്, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ പേരുകൾ പരിശോധിച്ചപ്പോൾ എഞ്ചിനീയർമാരുടെ ഭാര്യമാർ, കോളേജ് പ്രൊഫസർമാരുടെ ഭാര്യമാർ എന്നിവരെല്ലാം അംഗങ്ങളായിട്ടുണ്ട്. വീട്ടിലിരിക്കുന്നവരാണ് അംഗങ്ങളായിട്ടുള്ളത്. ഇവർ അറിഞ്ഞാണോ അറിയാതെയാണോ എന്നറിയില്ല. അതുകൊണ്ടാണ് ആധാർ ലിങ്ക്ഡായിട്ടുള്ള ബാങ്ക് അക്കൗണ്ട് എന്നുള്ള ആശയം കൊണ്ടുവന്നത്. അപ്പോൾ ആധാർ ലിങ്ക് ചെയ്യുന്നതിനോട് എതിർപ്പായി. അതിപ്പോൾ സ്തംഭനാവസ്ഥയിൽ നില്ക്കുകയാണ്. ഏകദേശം 20 ലക്ഷം തൊഴിലാളികൾ ആധാർ നമ്പർ തന്നു. ബാക്കിയുള്ളവരുടെ കാര്യത്തിൽ ആധാറിനോടുള്ള എതിർപ്പു കാരണം മുന്നോട്ടു പോകാൻ കഴിയുന്നില്ല. പക്ഷേ വേണമെന്നു വിചാരിച്ചാൽ നടക്കും. ബഹുമാനപ്പെട്ട കെ. ബാബു മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ബാങ്ക് അക്കൗണ്ട് നിഷ്ക്കർഷിച്ചു. 2,69,000 മത്സ്യത്തൊ

ഴിലാളികൾ ബാങ്ക് അക്കൗണ്ടെടുത്തു. അവരുടെ എല്ലാ ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുവഴിയാണ് നല്കുന്നത്. നമ്മൾ ബാങ്ക് അക്കൗണ്ട് വേണമെന്നുപറഞ്ഞാൽ എതിരുപറയും. ഞാൻ സഖാവ് എളമരം കരീമുമായി ഈ വിഷയം സംസാരിച്ചിട്ടുണ്ട്. അദ്ദേഹമുൾപ്പെടെയുള്ള സെൻട്രൽ ട്രേഡ് യൂണിയൻ ലീഡേഴ്സിനെയെല്ലാം വിളിച്ചുകൂട്ടി ബോർഡുകളുടെ ഇന്നത്തെ ദയനീയാവസ്ഥ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. നമുക്കെല്ലാവർക്കുംകൂടി ചർച്ച ചെയ്ത്, കാരണം ബോർഡുകളുടെ യഥാർത്ഥ ഉടമകൾ ഗവൺമെന്റുമാത്രമല്ല, ട്രേഡ് യൂണിയൻ നേതാക്കളടക്കമുള്ളവരാണ്. അതുകൊണ്ട് നമുക്കെല്ലാവർക്കും കൂടി ഈ വിഷയം പരിഹരിച്ച്.......

ശ്രീ. എം. ചന്ദ്രൻ: സർ, ആഭരണ നിർമ്മാണ ക്ഷേമനിധി ബോർഡിലെ വ്യാപാരികൾ അവരുടെ വിഹിതം കൊടുക്കാതിരിക്കുന്നതിനുവേണ്ടി ദിവസേന ഓരോരുത്തർ കേസ് കൊടുത്തുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഇടപെട്ടില്ലെങ്കിൽ എല്ലാവരും സ്റ്റേ വാങ്ങിക്കൊണ്ടിരിക്കും.

ശ്രീ. ഷിബു ബേബി ജോൺ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിലാണ് ആഭരണത്തിന്റേയും ടെക്സ്റ്റൈലിന്റേയും ഹാൻഡ്‌ലൂമിന്റേയും രണ്ട് ക്ഷേമനിധി ബിൽ പാസ്സാക്കിയത്. അതുപക്ഷേ കാര്യമായ പുരോഗതിയുണ്ടായില്ല. പക്ഷേ ഇപ്പോൾ നമ്മൾ എല്ലാവർക്കും നോട്ടീസ് ഇഷ്യൂ ചെയ്തു. നോട്ടീസ് ഇഷ്യൂ ചെയ്തപ്പോൾ അവർ കോടതിയെ സമീപിച്ചു. പക്ഷേ ഇന്നുവരെ ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു സ്റ്റേയും അനുവദിച്ചിട്ടില്ല. നമ്മുടെ പരിമിതമായ അധികാരംവച്ചുകൊണ്ട് മുന്നോട്ടുതന്നെ പോകുകയാണ്. ഞാനത് ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഇത് 0.25 ശതമാനം എന്നാണ് നിയമനിർമ്മാണംവഴി ഉദ്ദേശിച്ചതെങ്കിലും

ഡെഫിനിഷൻ വന്നപ്പോൾ 0.5 ശതമാനം എന്നുള്ള നിലയിലാണ് കാര്യങ്ങൾ നില്ക്കുന്നത്. എത്രയും വേഗത്തിൽത്തന്നെ നിയമത്തിൽ എന്താണോ അത് നടപ്പിലാക്കാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. അതനുസരിച്ച് നോട്ടീസുമായി മുന്നോട്ടുപോകുകയാണ്. ക്ഷേമനിധി ബോർഡുകളുടെ കാര്യത്തിൽ നമുക്ക് കൂട്ടായി ആലോചിച്ച് പരിഹാരം കാണാം. ഇവിടെ ഒരുപാട് വിമർശനങ്ങൾ വന്നു.

<u>ശ്രീ. രാജു എബ്രഹാം</u>; സർ, മോട്ടോർ തൊഴിലാളി ക്ഷേമനിധി കാലോചിതമായി പരിഷ്ക്കരിക്കണമെന്നു പറഞ്ഞുകൊണ്ടുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. ആര്യാടൻ മുഹമ്മദ് ഗതാഗത വുകുപ്പുമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹവും അങ്ങും ഉണ്ടായിരുന്നു. പ്രസ്തുത ക്ഷേമനിധി ബോർഡ് കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കുമെന്നും അതുസംബന്ധിച്ച് ഒരാളെയെങ്കിലും വച്ചു കൊണ്ട് ഒരു മാസത്തിനുള്ളിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമെന്നായി രുന്നു തീരുമാനമെടുത്തിരുന്നത്. നിരവധി മാസങ്ങളായിട്ടും ഒരാളേയും നിയമിച്ചിട്ടില്ല, നോട്ടിഫിക്കേഷനുമിറങ്ങിയില്ല.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് പുനസംഘടിപ്പിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നതിൽ ഏറ്റവും സുരക്ഷിതമെന്ന് കരുതാവുന്ന ബോർഡുകളിലൊന്ന് അതാണ്. പുതിയ ടാക്സേഷൻ പോളിസി വന്നപ്പോൾ ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച് ചില ആശങ്കകളുണ്ടായിരുന്നു. ഒരുമിച്ച് 15 വർഷത്തെ ടാക്സ് പിരിക്കുക തുടങ്ങിയ കാര്യങ്ങൾ ട്രേഡ് യൂണിയൻ നേതാക്കൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ തിങ്കളാഴ്ച ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്

വകുപ്പുമന്ത്രിയും ഞാനുംകൂടി ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യുകയാണ്. ക്ഷേമനിധി ബോർഡിനെക്കുറിച്ചായിരിക്കില്ല, മറ്റെന്തെങ്കിലും ആയിരിക്കും മുഖ്യമന്ത്രി ഇടപെട്ട് പറഞ്ഞത്. അതിനെക്കുറിച്ച് എനിക്കറിയില്ല. ഇവിടെ ഗവൺമെന്റ് ഏറ്റവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിച്ചത് സ്കിൽ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങളിലാണ്. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനം സദുദ്ദേശത്തിൽ തുടങ്ങിയതാണ്. പക്ഷേ ഞാൻ ചുമതലയേറ്റെ ടുത്തതിനുശേഷം ഇതൊരു ട്രെയിനിംഗ് സെന്ററായാണോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിയായാണോ ഉദ്ദേശിച്ചിരിക്കുന്നത് എന്നുചോദിച്ചപ്പോൾ ആർക്കും ഒരു മറുപടിയും പറയാൻ സാധിച്ചിട്ടില്ല. ഇത് ലോങ്ടേം കോഴ്സുകൾ പഠിപ്പിക്കുന്ന, യൂണിവേഴ്സിറ്റിക്ക് സമാനമായ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻപോലുള്ള ഒരു സ്ഥാപനമായാണ് തുടങ്ങാനുദ്ദേശിച്ചതെന്ന് പിന്നീടാണ് മനസ്സിലായത്. പരിമിതമായ ആളുകളെ വച്ചുകൊണ്ട് നടത്തിയാൽ ഈ സ്ഥാപനം നല്ല രീതിയിൽ പോകില്ല. ഇതിനെ ക്കുറിച്ച് മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഞാൻ ആദ്യമായി ഗുജറാത്തിൽ പോയത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി തെറ്റിപ്പിരിഞ്ഞ ഒരു വിഭാഗം കേരള ഗവൺമെന്റിനെ സമീപിച്ചു. അവരുമായി ചർച്ച ചെയ്തു. ഇതൊന്നും മുന്നോട്ടു പുരോഗമിക്കുന്ന ഒരു സാഹചര്യമുണ്ടായില്ല. അങ്ങ് പറഞ്ഞതുപോലെ അത് ചവറയിലേയ്ക്ക് മാറ്റിയിട്ടില്ല. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള കേരള അക്കാഡമി ഓഫ് സ്കിൽസ് എക്സലന്റ്സിന്റെ കീഴിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിനെ കൊണ്ടുവന്നു എന്നുമാത്രമേയുള്ളൂ. ഒരാളേയും അതിൽനിന്നും മാറ്റിയിട്ടില്ല, ആരേയും പിരിച്ചുവിട്ടിട്ടുമില്ല. ആ സ്ഥാപനം എങ്ങനേയും നല്ലരീതിയിൽ കൊണ്ടുവരുന്നതിനുവേണ്ടി

എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. അതുപോലെ ചാത്തന്നൂർ അക്കാഡമി, ഗവൺമെന്റിന്റെ പിന്തുടർച്ചയാണ്. പക്ഷേ പഴയ ഗവൺമെന്റ് ആണെങ്കിലും വീഴ്ചകളുണ്ടെങ്കിൽ അത് തിരുത്തണ്ടേ? മുൻ തൊഴിൽ വകുപ്പുമന്ത്രിയുടെ കാലഘട്ടത്തിൽ ആരംഭിക്കാനുദ്ദേശിച്ചിരുന്നത് ഹൈദരാബാദ് ആസ്പദമാക്കിയുള്ള നാഷണൽ അക്കാഡമി ഓഫ് കൺസ്ട്രക്ഷൻ ആയിരുന്നു. അതുതന്നെ ഇപ്പോൾ ഏകദേശം പൂട്ടിപ്പോയി. അത് മുന്നോട്ടുപോകാത്ത അവസ്ഥയാണ്. ഞാൻ മന്ത്രിയായപ്പോൾ ആദ്യം അവിടെ പോയി പരിശോധിച്ചിരുന്നു. അവിടെ പഠിപ്പിക്കുന്ന അതേ രീതി കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചാൽ ഇവിടെ മുന്നോട്ടുപോകില്ല. അവിടെ അടിസ്ഥാനപരമായി, ടോട്ടലി അൺസ്കിൽഡ് ആയിട്ടുള്ള വർക്കേഴ്സിനാണ് കാര്യങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇത് കേരളത്തിൽ നടക്കില്ല എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇന്റർനാഷണലി കോംപീറ്റന്റ് ആക്കുന്ന, കൺസ്ട്രക്ഷൻ മേഖലയിലെ ഏറ്റവും മോഡേണായിട്ടുള്ള ടെക്നിക്സ് പഠിപ്പിക്കുന്ന ഒരു സംവിധാനമുണ്ടാക്കുന്നതിനായി മുന്നോട്ടുപോയത്. കഴിഞ്ഞ വർഷംതന്നെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷമാണ് മുഖ്യമന്ത്രി കല്ലിട്ടത്. നിർഭാഗ്യവശാൽ ടെണ്ടർ എടുത്തയാൾ അതിൽനിന്നും പിന്മാറി. അവർക്ക് കോസ്റ്റ് എസ്കലേഷനുണ്ടാകും. ടെണ്ടർ എഴുതിത്തന്ന ആൾ ഒരബദ്ധം കാണിച്ചു, 15 ശതമാനം ടേൺഓവർ ഗവൺമെന്റിന് നല്കാമെന്നുപറഞ്ഞു. ഇതിന്റെ യഥാർത്ഥ മുതലാളിമാർ പരിശോധിച്ചപ്പോൾ അങ്ങനെ ചെയ്താൽ ഇത് മുന്നോട്ടുപോകില്ല എന്നുകണ്ട് അവർ ടെണ്ടറിൽ നിന്നും പിന്മാറി. വീണ്ടും ടെണ്ടർ പ്രൊസീഡ്യുവർ ആരംഭിക്കേണ്ടിവന്നു. രണ്ട് തവണ ടെണ്ടർ

ചെയ്തു. എന്തായാലും ഇപ്പോഴത് പൂർത്തീകരിച്ചു. അത് മുന്നോട്ടു പോകാൻ കഴിയും എന്ന അവസ്ഥയിലെത്തിയിരിക്കുകയാണ്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാലുങ്കൽ കൺസ്ട്രക്ഷൻസിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അവർ സാമാന്യം ഭേദപ്പെട്ട നിലയിൽ വേഗത്തിൽ പൂർത്തീകരിക്കും.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇവിടെ സൂചിപ്പിച്ച ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാഡമിക്കുവേണ്ടി 10 ഏക്കർ സ്ഥലം എടുത്തിട്ടുണ്ട്. 15 കോടി രൂപ മുതൽ മുടക്കിയാണ് അതെടുത്തത്. ആ സ്ഥലം പ്രയോജനപ്പെടുത്താൻവേണ്ട നടപടി ഉണ്ടാകുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇത് പല ആവർത്തി പറഞ്ഞതാണ്. ഇത് ഒരു വിദ്വേഷംകൊണ്ടോ, രാഷ്ട്രീയ പരിഗണനകൊണ്ടോ മാറ്റിയതല്ല എന്നുള്ളത് ആദ്യം മനസ്സിലാക്കണം. അതു കൊണ്ടുതന്നെ ഈ 10 ഏക്കർ സ്ഥലത്ത് ഇതിനേക്കാൾ മെച്ചപ്പെട്ട നിലയിൽ ആട്ടോമൊബൈലിന്റെ ഇന്റർനാഷണൽ സ്കില്ലിംഗ് സെന്റർ തുടങ്ങാനാണു ദ്ദേശിച്ചിരുന്നത്. അതും ഏകദേശമൊരു ധാരണയുടെ വക്കിലെത്തിയപ്പോൾ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റുമായി മുന്നോട്ടു വന്നവർ പിന്മാറിയിരിക്കുക യാണ്. അതുകൊണ്ട് വീണ്ടും ഒരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിക്കാൻ പോകുകയാണ്. തീർച്ചയായും ആ സ്ഥലം പ്രയോജനപ്പെടു ത്തുന്ന നിലയിൽ എന്തെങ്കിലും ഒരു പദ്ധതികൊണ്ടുവരും. ഇപ്പോൾ കേരളത്തിൽ സ്ഥലമാണില്ലാത്തത്. അതുകൊണ്ട് സ്ഥലം ഉണ്ടെന്നു പറഞ്ഞാൽ അവിടെ തീർച്ചയായും എന്തെങ്കിലും പദ്ധതികൊണ്ടുവരുന്നതി നെക്കുറിച്ച് ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എ. എം. ആരിഫ്: സർ, ഇതിനുമുമ്പ് അങ്ങയോട് പറഞ്ഞിരുന്നതാണ്. ഇ.എസ്.ഐ. ആശുപത്രി കെട്ടിടങ്ങൾ നിർമ്മിച്ചു നല്കാം എന്ന് ആദ്യം പറഞ്ഞിരുന്നു. പക്ഷേ ഇ.എസ്.ഐ. ആശുപത്രി പണിയുന്നതിന് സ്ഥലമില്ലാത്ത പ്രശ്നം പറഞ്ഞിരുന്നു. സ്ഥലം വാങ്ങാനടക്കം തുക നല്കുമെന്ന് ഒരു ഘട്ടത്തിൽ പറഞ്ഞിരുന്നു. അതിനെക്കുറിച്ച് എന്താണ് അഭിപ്രായം?

ശ്രീ. ഷിബു ബേബി ജോൺ: സർ, നമ്മൾ സ്ഥലം ചൂണ്ടിക്കാണിച്ചാൽ ഇ.എസ്.ഐ. കോർപ്പറേഷൻ സ്ഥലം വാങ്ങുകയും കെട്ടിടം നിർമ്മിക്കുകയും ചെയ്യും. ബഹുമാനപ്പെട്ട പി. കെ. ഗുരുദാസൻ പാരിപ്പള്ളി ആശുപത്രിയെ സംബന്ധിച്ച് പറഞ്ഞിരുന്നു. അവിടെ മെഡിക്കൽ കൗൺസിലിന്റെ എക്സാമിനേഷൻ കഴിഞ്ഞു; ഈ വർഷം തന്നെ അഡ്മിഷൻ ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അവിടെ കരാർ തൊഴിലാളികളെ നിയമിക്കുന്ന കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണല്ലോ? നമുക്ക് അതിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? ഇ.എസ്.ഐ. കോർപ്പറേഷന്റെ വ്യവസ്ഥയിൽ നമ്മളാണോ നിയമനങ്ങൾ നടത്തുന്നത്? ഇ.എസ്.ഐ.-യുടേത് പരിതാപകരമായ അവസ്ഥയാണെന്ന് പറഞ്ഞു. അങ്ങ് 2010-11-ൽ പോയപ്പോൾ 618000 ആയിരുന്നു ഇ.എസ്.ഐ.-യുടെ ഇൻഷ്വേർഡ് പേഴ്സൺസ്. ഇന്നിപ്പോൾ അത് 728000 ആയി വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കരയിൽ ഒരു ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനെക്കുറിച്ച് വാർത്ത കേട്ടിരുന്നു; അത്

ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. എ. മാധവൻ: സർ, വർക്ക്മെൻ കോമ്പൻസേഷൻ കേസുകൾ തീർപ്പ് കൽപ്പിക്കുന്നത് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറിൽനിന്നും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട ഒരു തീരുമാനം പറയാൻ സാധിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഞാൻ ഇക്കാര്യം നോട്ട് ചെയ്തു വച്ച് പറയാനിരുന്ന കാര്യമാണ്. ബഹുമാനപ്പെട്ട ആർ. രാജേഷ് പറഞ്ഞ കാര്യത്തിന് ഞാൻ ആദ്യം മറുപടി പറയാം. മുൻ കേന്ദ്ര തൊഴിൽ സഹമന്ത്രിയുടെ സമയത്ത് ഇക്കാര്യം പ്രഖ്യാപിച്ചതാണ്. അതുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ മുന്നോട്ടു പോകുമെന്നാണ് വിശ്വസിക്കുന്നത്. അതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പല ചർച്ചകൾ നടത്തിയിട്ടുണ്ട്. അത് മുന്നോട്ടു പോകുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേയ്ക്ക് മാറ്റിയ വിഷയം ശ്രീ. പി. എ. മാധവൻ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് അതിന്റെ ക്വാളിഫിക്കേഷനെ സംബന്ധിച്ച് ഒരു ക്ലാരിഫിക്കേഷൻ വരുത്തിയപ്പോൾ നമ്മുടെ ആൾക്കാർ ക്വാളിഫൈഡ് അല്ലാത്ത സാഹചര്യം വന്നപ്പോഴാണ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേയ്ക്ക് മാറ്റേണ്ടി വന്നത്. ശ്രീ. എം. ഹംസ സൂചിപ്പിച്ചതു പോലെ ആകെ നാല് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളാണ് കേരളത്തിലുള്ളത്. കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി കേരളത്തിൽ ആറ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾ കൂടി ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തുകയുണ്ടായി. അതിവിദൂരമല്ലാത്ത

ഭാവിയിലെങ്കിലും അത് യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷയുണ്ട്. അപ്പോൾ ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. കൺസ്യൂമർ പ്രൈസ് ഇൻഡക്സിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ ലിങ്കിംഗ് ഫാക്ടർ കണ്ടെത്താൻ വേണ്ടി സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് അതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. വരുന്ന വർഷാരംഭത്തിൽ അത് പ്രാബല്യത്തിൽ വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അൺ എയ്ഡഡ് മേഖലയിലെ ടീച്ചേഴ്സിനെ സംബന്ധിച്ച് ചില മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. അവരുടെ ഇപ്പോഴത്തെ സ്ഥിതി, ലേബേഴ്സ് ആണോ എന്ന് ചോദിച്ചാൽ ലേബേഴ്സ് അല്ല; കെ.എസ്.ആർ. പ്രകാരം ടീച്ചേഴ്സ് ആണോ എന്ന് ചോദിച്ചാൽ ടീച്ചേഴ്സുമല്ല. അതുകൊണ്ട് അവരുടെ തൊഴിൽ സുരക്ഷയ്ക്കുവേണ്ടി ഒരു പുതിയ നിയമനിർമ്മാണത്തിന് തൊഴിൽവകുപ്പ് എന്തൊക്കെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മെമ്പർ സഭയിൽ ഇല്ലായിരുന്നുവെന്നാണ് തോന്നുന്നത്. അവർ ലേബറാണോ എന്ന് ചോദിച്ചാൽ ലേബർ അല്ല; ടീച്ചേഴ്സ് ആണോ എന്ന് ചോദിച്ചാൽ ടീച്ചർ അല്ലാത്തതുകൊണ്ടാണ്. രണ്ടുവകുപ്പുകളുമായി കൂടി ആലോചിച്ച് അതിനൊരു പരിഹാരമുണ്ടാക്കാൻ തീരുമാനിച്ചു. അതിന് സഭയുടെ പിന്തുണ ആവശ്യമാണെന്നുള്ള അഭ്യർത്ഥന നടത്തുകയാണ്. ബാർ തൊഴിലാളികളുടെ കാര്യം ഇവിടെ പരാമർശിക്കുകയുണ്ടായി. സബ്സിസ്റ്റൻസ് അലവൻസിനെ സംബന്ധിച്ച് പരാമർശിച്ചതുകൊണ്ട് ഞാൻ പറയുകയാണ്. സബ്സിസ്റ്റൻസ് അലവൻസ് സസ്പെന്റ് ചെയ്യുന്ന തൊഴിലാളികൾക്ക് കൊടുക്കുന്നതാണ്.

ഗവൺമെന്റ് ഈ മാസം തീരുമാനമെടുത്തതിനുശേഷം അഞ്ഞൂറോ ആറായിരമോ, എത്രെയാണെന്നുവച്ചാൽ അതിനുള്ള സംവിധാനം ആലോചിക്കാം. ട്രേഡ് യൂണിയൻ നേതാക്കളുമായി ആലോചിച്ച് ഇക്കാര്യം തീരുമാനിക്കാവുന്നതാണ്. ആർ.എസ്.ബി.വൈ.-യെക്കുറിച്ചാണ് ഇവിടെ വ്യാപകമായി ആശങ്കകളുയർന്നത്. ബഹുമാനപ്പെട്ട പി. കെ. ഗുരുദാസൻ പ്രസംഗിച്ചപ്പോഴും അത് പറയുകയുണ്ടായി. അങ്ങയുടെ കാലഘട്ടത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഏറ്റവും കുറവ് ക്വാട്ട് ചെയ്തത് എന്നൊരു കാര്യം മാത്രമേ ഉണ്ടായുള്ളൂ. അന്നും ടെണ്ടറുകളിൽ ഐ.സി. ഐ.സി.ഐ.-യും സ്റ്റാർ ഇൻഷുറൻസും പോലുള്ള സ്വകാര്യ കമ്പനികൾ പങ്കെടുത്തിരുന്നു. പക്ഷെ ടെണ്ടർ കിട്ടിയത് പൊതുമേഖലാ സ്ഥാപനത്തിനായിരുന്നു. എന്റെ കാലഘട്ടത്തിൽ കഷ്ടകാലത്തിന് ടെണ്ടർ കിട്ടിയത് സ്വകാര്യ സ്ഥാപനത്തിനാണ്. അതും ചെറിയ വ്യത്യാസമാണോ; 1150 രൂപ പെർ ഫാമിലിക്ക് യുണൈറ്റഡ് ഇൻഷുറൻസ് ക്വാട്ട് ചെയ്തപ്പോൾ റിലയൻസ് ക്വാട്ട് ചെയ്തത് 738 രൂപയാണ്. 412 രൂപയുടെ വ്യത്യാസമെന്നു പറഞ്ഞാൽ ഏകദേശം 120 കോടി രൂപയുടെ ലാഭമാണ് സംസ്ഥാന ഗവൺമെന്റിനുണ്ടാകുന്നത്. ഒന്നര വർഷമായി ഈ പദ്ധതി നടന്നുകൊണ്ടിരിക്കുകയാണ്. യുണൈറ്റഡ് ഇൻഷുറൻസ് 2012-13-ൽ 181 കോടി രൂപയ്ക്കാണ് അവർ മൊത്തം കൊടുത്തത്. കഴിഞ്ഞ വർഷം റിലയൻസ് നടത്തിയപ്പോൾ 198 കോടി രൂപയുടെ ക്ലെയിമുകളാണ് ഉള്ളത്. 17 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എങ്കിലും വ്യാപകമായി പരാതി വരുന്നുണ്ട്. അങ്ങ് അടക്കം പരാതി ശ്രദ്ധയിൽപ്പെടുത്തിയതുകൊണ്ട് ഇതിന്റെ റിഡ്രസ്സൽ ഏജൻസി ശക്തമാക്കി. ഡിസ്ട്രിക്ട് കളക്ടർ ചെയർമാനായ റിഡ്രസ്സൽ

ഫോറമുണ്ടാക്കി; അതിന്റെ തീരുമാനത്തെ ക്വസ്റ്റ്യൻ ചെയ്യേണ്ട ആവശ്യമുണ്ടെങ്കിൽ അതിനായി സ്റ്റേറ്റ് റിഡ്രസ്സൽ ഫോറവുമുണ്ടാക്കി. സ്റ്റേറ്റ് റിഡ്രസ്സൽ ഫോറത്തിന്റെ തീരുമാനം അന്തിമമാണ്. അതുകൊണ്ടുതന്നെ ജെന്യുവിൻ ക്ലെയിംസ് ആയി വന്നിട്ടുള്ളതെല്ലാം അനുവദിക്കാനാണ് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. അതനുസരിച്ച് അനുവദിച്ചു കൊണ്ടിരിക്കുന്നു. ഈ മേഖലയിൽ പല തെറ്റായ പ്രവണതകളും, പ്രത്യേകിച്ച് ബില്ലുകളും സ്വകാര്യ ആശുപത്രികളുടെ ഭാഗത്തുനിന്ന് നിലനിന്നിരുന്നു എന്ന വസ്തുതയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിലയൻസ് ഇത് 738 രൂപക്ക് എടുത്തപ്പോൾ ഞാൻ ആശങ്കയോടുകൂടിയാണ് കണ്ടത്. ഇപ്പോൾ 15 മാസമായെങ്കിലും അവർ ഉപക്ഷിച്ച് പോയിട്ടില്ല. ഇക്കാര്യം വളരെ കർശനമായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഒരു തരത്തിലുള്ള തരികിടയും അനുവദിക്കാത്ത തരത്തിലുള്ള സംവിധാനത്തോടുകൂടിയാണ് നമ്മൾ മുന്നോട്ടു പോകുന്നത്.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് മിനിമം വേജസ് പുതുക്കി നിശ്ചയിക്കേണ്ട കുറേ മേഖലകളുണ്ട്. അതിൽ മൂന്നുനാലു വർഷം കാലാവധി കഴിഞ്ഞ മേഖലകളുണ്ട്; അതിനെ പുതുക്കി നിശ്ചയിക്കാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, അഞ്ചു വർഷം കാലാവധി കഴിഞ്ഞ എല്ലാ മിനിമം വേജസ്സും പുതുക്കാനായി മിനിമം വേജസ് അഡ്വൈസറി ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബാക്കി 3 വർഷം കഴിഞ്ഞ് 5 വർഷത്തിനിടയിലുള്ളതും, ഈ വർഷത്തിൽ അഞ്ചു വർഷം പൂർത്തിയാക്കുകയും ചെയ്യുന്ന വിവിധ സെക്ടറുകൾ ഐഡന്റിഫൈ

ചെയ്തതിനുശേഷം (കുറെയധികം മിനിമം വേജസ് അഡ്വൈസറി ബോർഡുകളുണ്ട്) ഞാനുംകൂടി പങ്കെടുത്തുകൊണ്ട് അവരുടെ കമ്മിറ്റി കൂടുകയും സബ് കമ്മിറ്റികൾ രൂപീകരിക്കുകയും പ്രസ്തുത സബ് കമ്മിറ്റികളെ ഓരോന്നും ചുമതലപ്പെടുത്തിയിരിക്കുകയുമാണ്. പരമ്പരാഗത മേഖലയിൽ മൂന്നു വർഷം തികയുന്ന ദിവസം തന്നെ അതിന്റെ മിനിമം വേജസ് പുതുക്കാൻ ഐ.ആർ.സി.–യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ച അതേ നയസമീപനമെന്നുള്ള നിലയിൽ തൊഴിലാളികളുടെ കാര്യത്തിൽ മിനിമം വേജസ് പുതുക്കാതിരിക്കുന്ന പ്രശ്നമില്ല. അത് സമയബന്ധിതമായി പുതുക്കും. പുതുക്കാൻ കാലതാമസമുണ്ടായാൽ, അങ്ങയുടെ കാലഘട്ടത്തിൽ ചെയ്തതുപോലെ, മുൻകാലപ്രാബല്യത്തോടുകൂടി തന്നെ നടപ്പിലാക്കും. അതുകൊണ്ട് അക്കാര്യത്തെക്കുറിച്ച് ഒരു ആശങ്കയും വേണ്ട. ഞാൻ ദീർഘമായി മറ്റു വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ പ്രസംഗിച്ചപ്പോൾ എന്റെ അച്ഛന്റെ പേര് ചീത്തയാക്കാതെ നോക്കണമെന്നു എനിക്കൊരു ഉപദേശം തന്നിരുന്നു. എന്റെ അച്ഛന്റെ പേര് ചീത്തയാകരുത് എന്ന ആഗ്രഹത്തിൽത്തന്നെയാണ് ഞാൻ പ്രവർത്തിക്കുന്നത്. ആർ.എസ്.പി. യോജിക്കാനൊരു സാഹചര്യമുണ്ടായ പ്പോൾ ഞാൻ മുന്നിട്ടിറങ്ങിയതും അതിന് കൈകൊടുത്തതും ആ അച്ഛന്റെ മകൻ എന്നുള്ള നിലയിൽ ആ ഉത്തരവാദിത്തം നിറവേറ്റാൻ വേണ്ടിയാണ്. ഞാൻ രാഷ്ട്രീയത്തിലേയ്ക്ക് കടക്കുന്നില്ല. ആർ.എസ്.പി. ഇടതുപക്ഷ പ്രസ്ഥാനം തന്നെയാണ്. ഞാൻ ആർ.എസ്.പി.–യുടെ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് ആർ.എസ്.പി. ഇടതുപക്ഷ പ്രസ്ഥാനമാണ്, യഥാർത്ഥ ഇടതുപക്ഷ പ്രസ്ഥാനമായി നിലകൊള്ളണമെന്ന് പറയുമ്പോൾ

അഭിമാനബോധത്തോടുകൂടിയും ആത്മാർത്ഥതയോടുകൂടിയും തന്നെയാണ് പറയുന്നത്. ഞങ്ങൾ പല കൊടി പിടിച്ചവരല്ല, ഒരേ പതാക പിടിച്ച് രണ്ടായി നിന്നവർ ഇന്ന് യോജിച്ച് ഒരു ശക്തിയായി മാറിയിരിക്കുകയാണ്. ആ നിലയിൽ മാത്രമേ അതിനെ കാണുന്നുള്ളു. ഞാൻ എന്നും ഒരു ഇടതുപക്ഷ വിശ്വാസിയാണ്. എന്നാൽ ഇടതുപക്ഷ മുന്നണിയുടെ ഭാഗമല്ല. ഇടതുപക്ഷ പ്രവർത്തകൻ എന്ന നിലയിൽ മാത്രമേ ഞാൻ അതിനെ വീക്ഷിച്ചിട്ടുള്ളൂ. ഇന്ന് നമ്മുടെ രാജ്യത്തെ ഇടതുപക്ഷത്തിന്റെ സ്ഥിതി എന്താണെന്ന് നമ്മൾ ആത്മപരിശോധന നടത്തണം. ഞാൻ ദീർഘമായി ഒരു രാഷ്ട്രീയ പ്രസംഗത്തിലേയ്ക്ക് കടക്കുന്നില്ല. തിരുവനന്തപുരത്ത് മൂന്നാം സ്ഥാനത്തേയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി പോയത് വരാനിരിക്കുന്ന വലിയ വിപത്തിന്റെ സൂചനയാണെന്നുള്ളകാര്യം നിങ്ങൾ വിസ്മരിക്കരുത് എന്നുമാത്രമാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നയസമീപനങ്ങളോടെല്ലാം യോജിച്ചുകൊണ്ടാണോ യു.പി.എ.-യിലെ എല്ലാ കക്ഷികളും നിൽക്കുന്നത്? നിങ്ങളോടൊപ്പം നിൽക്കുന്ന ജനതാദളിന്റെ നയസമീപനത്തോട് യോജിച്ചാണോ നിങ്ങൾ നിൽക്കുന്നത്? വ്യത്യസ്തമായ നയസമീപനങ്ങളു ണ്ടാകും. പക്ഷേ രാജ്യത്തോടുള്ള ഉത്തരവാദിത്വം, രാജ്യത്തെ മതേതര പ്രസ്ഥാനങ്ങൾ ഒന്നിച്ചുനിൽക്കേണ്ട ഉത്തരവാദിത്വം മുന്നിൽക്കണ്ടുവേണം ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഈ രാജ്യത്ത് പ്രവർത്തിക്കേണ്ടത്. എങ്കിൽ മാത്രമേ വർഗ്ഗീയ ശക്തികളെ അധികാരത്തിൽനിന്നും മാറ്റി നിർത്താൻ സാധിക്കുകയുള്ളൂ. ഇവിടെ നമുക്ക് അങ്ങോട്ടുമിങ്ങോട്ടും എതിർക്കാം. പക്ഷേ രാജ്യതാല്പര്യം വരുമ്പോൾ നമ്മൾ അതനുസരിച്ച് തീരുമാനമെടു

ക്കണം. ആർ.എസ്.പി. അതിന് അനുയോജ്യമായ തീരുമാനമെടുത്തു. അതിനെ മറ്റൊരു നിലയിലേയ്ക്ക്.............

ശ്രീ. എളമരം കരീം: സർ, ഇന്ന് ഇന്ത്യയിൽ ഏക പ്രതീക്ഷയുള്ളത് രാഷ്ട്രപതിയാണ്. ശ്രീ. പ്രണബ് മുഖർജിയെ രാഷ്ട്രപതിയായി കോൺഗ്രസ് നിർദ്ദേശിച്ചപ്പോൾ ഞങ്ങൾ പിന്തുണച്ചത് നിങ്ങൾ പറഞ്ഞ ഈ വികാരത്തിലാണ്. അതിനെതിരായിനിന്ന ചന്ദ്രചൂഢനാണ് നിങ്ങളുടെ കൂട്ടാളിയെന്ന് ഓർക്കണം.

ശ്രീ. ഷിബു ബേബി ജോൺ: സർ, സി.പി.ഐ(എം). പിന്തുണച്ചാൽ അത് പുരോഗമനപരം, ആർ.എസ്.പി. പിന്തുണച്ചാൽ അത് പിന്തിരിപ്പൻ. അത് എന്ത് ഇരട്ടത്താപ്പാണ്. അതുകൊണ്ട് കാലാകാലങ്ങളിൽ സാഹചര്യം മനസിലാക്കിതന്നെ നിലപാടെടുക്കണം. ആ ഉത്തരവാദിത്വം എല്ലാവരും നിറവേറ്റുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. ചന്ദ്രൻ, ശ്രീ. എ.കെ. ശശീന്ദ്രൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. എ.എ. അസീസ്
9. ശ്രീ. മഞ്ഞളാംകുഴി അലി
10. ശ്രീ. എ. പി. അനിൽകുമാർ
11. ശ്രീ. അനൂപ് ജേക്കബ്
12. ശ്രീ. അൻവർ സാദത്ത്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്
42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ

44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. റ്റി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. പാലോട് രവി
53. ശ്രീ. റോഷി അഗസ്റ്റിൻ
54. ശ്രീ. വി. പി. സജീന്ദ്രൻ
55. ശ്രീ. എൻ. ശക്തൻ
56. ശ്രീ. വി. ഡി സതീശൻ
57. ശ്രീ. ഷാഫി പറമ്പിൽ
58. ശ്രീ. കെ. എം. ഷാജി
59. ശ്രീ. എൻ. ഷംസുദ്ദീൻ
60. ശ്രീ. ആർ. സെൽവരാജ്
61. ശ്രീ. ഷിബു ബേബി ജോൺ
62. ശ്രീ. കെ. ശിവദാസൻ നായർ
63. ശ്രീ. വി. എസ്. ശിവകുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. പി. ഉബൈദുള്ള
67. ശ്രീ. എം. ഉമ്മർ
68. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
69. ശ്രീ. എം. എ. വാഹീദ്
70. ശ്രീ. എം. പി. വിൻസെന്റ്
71. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. അജിത്
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. പി. കെ. ഗുരുദാസൻ
18. ശ്രീ. എം. ഹംസ
19. ശ്രീമതി ജമീലാ പ്രകാശം
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോസ് തെറ്റയിൽ
24. ശ്രീ. എളമരം കരീം
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
28. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
29. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
30. ശ്രീമതി കെ. കെ. ലതിക

31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. സി. കെ. നാണു
33. ശ്രീ. കെ. കെ. നാരായണൻ
34. ശ്രീ. എ. പ്രദീപ്കുമാർ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. കെ. രാധാകൃഷ്ണൻ
37. ശ്രീ. പി. റ്റി. എ. റഹീം
38. ശ്രീ. ആർ. രാജേഷ്
39. ശ്രീ. റ്റി. വി. രാജേഷ്
40. ശ്രീ. കെ. രാജു
41. ശ്രീ. രാജു എബ്രഹാം
42. ശ്രീ. മുല്ലക്കര രത്നാകരൻ
43. പ്രൊഫ. സി. രവീന്ദ്രനാഥ്
44. ശ്രീ. സി. കെ. സദാശിവൻ
45. ശ്രീ. സാജു പോൾ
46. ശ്രീമതി കെ. എസ്. സലീഖ
47. ശ്രീ. എസ്. ശർമ്മ
48. ശ്രീ. വി. ശശി
49. ശ്രീ. എ. കെ. ശശീന്ദ്രൻ
50. ശ്രീ. വി. ശിവൻകുട്ടി
51. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
52. ശ്രീ. ജി. സുധാകരൻ
53. ശ്രീ. വി. എസ്. സുനിൽകുമാർ
54. ശ്രീ. കെ. സുരേഷ് കുറുപ്പ്
55. ശ്രീ. പി. തിലോത്തമൻ
56. ഡോ. ടി. എം. തോമസ് ഐസക്
57. ശ്രീ. ഇ. കെ. വിജയൻ
58. ശ്രീ. കെ. വി. വിജയദാസ്

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ : 71

പ്രതികൂലിക്കുന്നവർ : 58

നിക്ഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂൺ മാസം 20–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.25-ന് പിരിഞ്ഞു.)

*************